ജനകീയാസൂത്രണം

# സമഗ്ര വികസന രേഖ




## പ്രമാടം ഗ്രാമപഞ്ചായത്ത്


കേരളം
പത്തനംതിട്ട ജില്ല
പ്രമാടം
കോഴഞ്ചേരി
പത്തനംതിട്ട

31-3

# ഒൻപതാം പദ്ധതി
# പ്രമാടം ഗ്രാമപഞ്ചായത്ത്

അതിരുകൾ




# വികസന സെമിനാർ

നേതാജി ഹൈസ്കൂൾ പ്രമാടം

1997 ഫെബ്രുവരി 3 തിങ്കളാഴ്ച

Cover Design by CHITHRA AD' PTA ✆ 325756




I

1. വകയാർ
2. കരിംകുടുക്ക
3. വത്തിക്കാൻ
4. ഇളപ്പുപാറ
5. കോട്ടയംചന്ത
6. മേശരിമുരുപ്പ്കോളനി
7. മേശരിമുരുപ്പ്
8. ജനതാസൊസൈറ്റിപടി
9. ഗവ. എൽ. പി. സ്കൂൾ
10. തലയറകോളനി
11. അന്തിച്ചന്ത
12. പബ്ലിക് ഹെൽത്ത് സെന്റർ
13. എസ്. എൻ. ഡി. പി. കോട്ടയം
14. ചെമ്പിൽകുന്ന്
15. ചരക്കുഴി
16. തട്ടക്കുന്നിൽ
17. പടപ്പുപാറ
18. മാരാക്കുഴി
19. വിലങ്ങുപാറപ്പടി
20. ഐരേത്തുവിള
21. ഐരേത്തുവിള ടാങ്ക്
22. കൊട്ടിപ്പള്ളിയേത്ത്പടി
23. പുങ്കാവ്
24. പ്രമാടം
25. വലഞ്ചുഴിക്ഷേത്രം

II

1. വകയാർ
2. കരിംകുടുക്ക
3. വത്തിക്കാൻ
4. പൂവള്ളിമുരുപ്പ്
5. പേരൂർക്കുളം
6. കുളത്തുങ്കൽ
7. പറയൻപാറ
8. പുലയളളുങ്കൽ
9. മാരാക്കുഴി
10. വെള്ളപ്പാറ
11. ളാക്കൂർ
12. പുങ്കാവ്
13. മുണ്ടയ്ക്കാമുരുപ്പ്
14. ഞക്കുകാവ്
15. വട്ടക്കാവ്
16. ഇളകൊള്ളൂർ
17. പാലമറൂർ



# പ്രമാടം ഗ്രാമപഞ്ചായത്ത് സാരഥികൾ



മേരി ജോൺ
(പ്രസിഡന്റ്)



ടി.എം.സലിം
(വൈസ് പ്രസിഡന്റ്)



എം.കെ. കുമാരൻ നായർ
(സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ)



കെ.കെ കനകമ്മ



റോബിൻ പീറ്റർ



എം.എസ് പ്രകാശ്



ജോർജ്ജുകുട്ടി തോമസ്



റോസമ്മ ജോർജ്



സരസമ്മ തങ്കപ്പൻ



...സുന്ദരേശൻ



പി.എസ്സ് കമലാസനൻ



എം.വി.ഫിലിപ്പ്

## പ്രമാടം ഗ്രാമ പഞ്ചായത്ത് മുൻ സാരഥികൾ



എം.രവീന്ദ്രനാഥ്
1953_63



ആക്ലേത്ത്
എം.ചെല്ലപ്പൻ പിള്ള
1963_1979



എൻ.ജെ ശമുവേൽ
1979_84



ബി. രാജപ്പൻ പിള്ള
1988_95
(ഇപ്പോൾ കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്)



കൊടുമൺ ഗോപിനാഥൻ നായർ
ജില്ലാ പഞ്ചായത്ത്
വൈസ് പ്രസിഡന്റ്



ശിവാനന്ദൻ സി.എ
ബ്ലോക്ക് മെമ്പർ



പഞ്ചായത്ത് സെക്രട്ടറി
ശാന്തകുമാരിയമ്മ കെ.പി

വികസനരേഖ തയ്യാറാക്കിയ
കോർ ഗ്രൂപ്പ് കൺവീനറന്മാർ



യശോധരൻ കെ.കെ



വി.എസ്.സുകുമാരൻ

# പ്രമാടം പഞ്ചായത്ത്




1 കെ. കെ. കനകമ്മ

2 റോബിൻ പീറ്റർ

3 എം. ബിജു പ്രകാശ്

4 ജോർജ്ജ്കുട്ടി തോമസ്

5 എം. കെ. കുമാരൻനായർ

6 റോസമ്മ ജോർജ്ജ്

7 മേരി ജോൺ

8 സരസമ്മ തങ്കപ്പൻ

9 സി. കെ. സുന്ദരേശൻ

10 ടി. എം. സലിം

11 പി. എസ്. കമലാസനൻ

12 എം. വി. ഫിലിപ്പ്

# ഉള്ളടക്കം

1. ആമുഖം
2. പൊതുവിവരണം
3. സാമൂഹിക സാംസ്കാരികചരിത്രം
4. ഭൂപ്രകൃതിയും വിഭവങ്ങളും
5. വികസനമേഖലകളുടെ അവലോകനം

5.1 പ്രാഥമികമേഖല
- കൃഷിയും ജലസേചനവും
- മൃഗസംരക്ഷണവും മത്സ്യബന്ധനവും

5.2 ദ്വിതീയമേഖല
- വ്യവസായം
- ഊർജ്ജം
- ഗതാഗതം
- മാർക്കറ്റ്
- പാർപ്പിടം

5.3 തൃതീയമേഖല
- പൊതുജനാരോഗ്യം
- കുടിവെള്ളം
- വിദ്യാഭ്യാസം
- സംസ്കാരം
- പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം
- വനിത
- സാമൂഹ്യക്ഷേമമേഖല
- സഹകരണമേഖല
- വനം
- വിഭവസമാഹരണം

പുനരർപ്പണദിനം
ജനകീയാസൂത്രണം, പരിപാടികൾ-തീയതികൾ
ഉപസംഹാരം

Computer Typesetted at: Arabian DTP and IMAGE Laser Graphics Pathanamthitta, Printed at-VIDYA Offset Printers Pathanamthitta.

അധികാരം ജനങ്ങളിലേക്ക്



# ആമുഖം

# 1

# ആമുഖം

"സ്വാതന്ത്ര്യം" ഭാരതീയ ജനതയ്ക്കു പിറന്ന ഈ കൈക്കുഞ്ഞിന്റെ 49 ജന്മ ദിനങ്ങൾ നാം കൊണ്ടാടിക്കഴിഞ്ഞു.

19-ാംനൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ഭാരതം പട്ടിണിക്കാരുടെ നാടായിരുന്നു. സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ബ്രിട്ടീഷുകർ ഉപേക്ഷിച്ച കരിമ്പിൻചണ്ടി. വിഭജനത്തിന്റെ ബാക്കിപത്രമായ വർഗീയലഹള ചൈന പാകിസ്ഥാൻ ആക്രമണങ്ങൾ ഇവയൊക്കെയും സ്ഥിതിഗതികൾ കൂടുതൽ സങ്കീർണ്ണമാക്കി.

രാഷ്ട്രശില്പിയായ ജവഹർലാൽ നെഹ്റു ദീർഘവീക്ഷണത്തോടെ സോവിയറ്റ് മാതൃകയിലുള്ള പഞ്ചവത്സരപദ്ധതികൾ നടപ്പിലാക്കി. തൽഫലമായി ഭക്ഷ്യകാർഷീക മേഖലകളിൽ ഭാരതം സ്വയംപര്യാപ്തമായി. പ്രതിരോധരംഗത്തും ശാസ്ത്രസാങ്കേതിക രംഗത്തും നാം മുന്നേറി. കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം, ഊർജ്ജം എന്നുവേണ്ട നാനാതുറകളിലും രാജ്യം ഒരു കുതിച്ചുകയറ്റം തന്നെ നടത്തി. വികസനപ്രക്രിയയിൽ ഭാരതത്തിന് വികസ്വരരാജ്യങ്ങളിൽ ഒന്നാമത്തെ സ്ഥാനമുണ്ട്. ജനാധിപത്യവ്യവസ്ഥിതി യിലുള്ള ഭരണസ്ഥിരത നിലനിർത്തുവാനും നമുക്കു കഴിഞ്ഞു.

എന്നാൽ രാഷ്ട്രപിതാവ് ഭാവനചെയ്ത ഗ്രാമസ്വരാജ് അർത്ഥപൂർണ്ണമാക്കാൻ നമുക്ക് കഴിഞ്ഞില്ല.പുരോഗതിയുടെ ഗുണഫലങ്ങൾ വേണ്ടവിധം ദുർബല ജനവിഭാഗങ്ങളിൽ എത്തിയില്ല ധനികനും ദരിദ്രനും തമ്മിലുള്ള അന്തരം വർദ്ധിച്ചു. ഇരുപതിന പരിപാടി ഇവിടെ വിസ്മരിക്കുന്നില്ല. അവികസിത മേഖലകൾക്കും താഴേ തട്ടിലുള്ള ജന വിഭാഗങ്ങൾക്കും ഊന്നൽ കൊടുത്തു കൊണ്ട് പദ്ധതികൾ നടപ്പാക്കുവാൻ രാജ്യം പാകമായിരിക്കുന്നു. ഈ സാഹചര്യത്തിലാണ് വികസന പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുവാൻ വേണ്ടി ഒൻപതാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയായി കേരളാ സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്.

ആസൂത്രണം പ്ലാനിംഗ് ബോർഡിലെ ഉദ്യോഗസ്ഥന്മാർ നടത്തുന്ന പതിവു രീതിക്ക് മാറ്റം വന്നിരിക്കുന്നു. ഓരോ പ്രദേശത്തേയും ജനങ്ങൾ കൂട്ടായിരുന്നാലോചിച്ച് പഞ്ചാ യത്തിൽ നടപ്പാക്കേണ്ടുന്ന വികസന പ്രവർത്തനങ്ങൾ എന്തായിരിക്കണമെന്ന് തീരുമാ നിക്കുക എന്നതാണ് ജനകീയ ആസൂത്രണപരിപാടികൊണ്ട് ലക്ഷ്യമാക്കുന്നത്.

പ്രമാടം ഗ്രാമ പഞ്ചായത്ത് ഉത്തര അക്ഷാംശം $9^0$ക്കും$11'$നും $9^0$ $16'$ നും രേഖാംശം $76^0$ $47'$നും$76^0$ $50'$ നും ഉള്ളിലുമാണ്. പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി താലൂക്കിന്റെ തെക്കേ അതിർത്തിയിൽ മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്നു. വടക്കേ അതിർത്തി അച്ചൻകോവിലാറാണ് പടിഞ്ഞാറുഭാഗത്ത് പത്തനംതിട്ട മുൻസിപ്പാലിറ്റിയും വള്ളിക്കോട്ട് പഞ്ചായത്തും അച്ചൻ കോവിലാറിനോടു് ചേർന്ന് കിടക്കുന്നു. തെക്കുഭാഗത്ത് കൊടുമൺ പഞ്ചായത്താണ്. കിഴക്കുഭാഗങ്ങളിൽ കോന്നി, അരുവാപ്പുലം,കലഞ്ഞൂർ എന്നീ പഞ്ചായത്തുകളാണ്.

ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 37.1 ചതുരശ്ര കിലോമീറ്ററാണ്. ജനസംഖ്യ 32171 ആണെങ്കിൽ സ്ത്രീകളുടെ എണ്ണം 17645 ആണ്.

വള്ളിക്കോടു കോട്ടയം, പ്രമാടം എന്നീ രണ്ടു വില്ലേജുകൾ കൂടി ചേർന്നതാണ് പ്രമാടം ഗ്രാമപഞ്ചായത്ത് കോന്നി അസംബ്ലി മണ്ഡലത്തിലും അടൂർ പാർലമെന്റ് മണ്ഡത്തിലും ഉൾപ്പെടുന്നു. ഈ പ്രദേശം കോന്നി കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് ബ്ലോക്കിന്റെ പരിധിയിലാണ്.

സമതല പ്രദേശം ഏതാണ്ട് 20% ത്തോളം മാത്രമേയുള്ളൂ. വെള്ളപ്പൊക്കമുണ്ടായാൽ അത് അധികവും തീരപ്രദേശങ്ങളെ മാത്രമേ ബാധിക്കാറുള്ളൂ. ജില്ലാ ആസ്ഥാനമായ പത്തനംതിട്ടയുടെയും താരതമ്യേന വികസിത പ്രദേശമായ കോന്നി പഞ്ചായത്തിന്റെ പ്രാന്തപ്രദേശമാണ്. ജില്ല ആസ്ഥാനത്തിന്റെ വികസനത്തിനൊപ്പം സമീപപ്രദേശമായ നമ്മുടെ പഞ്ചായത്തിന്റെ ഗതി വേഗം വർദ്ധിക്കേണ്ടതാണ്.

ഒരു പുതിയ യജ്ഞത്തിന് തുടക്കം കുറിക്കുന്ന വെല്ലുവിളി ധൈര്യ പൂർവ്വം ഏറ്റെടുത്തുകൊണ്ട് പ്രമാടം പഞ്ചായത്തിന്റെ സമഗ്ര വികസന രേഖ ചരിത്രത്തിന്റെ ഒരേടായിമാറ്റുവാനുള്ള മഹാ സംരഭത്തിൽ നമുക്കും സസന്തോഷം പങ്കുചേരാം!!

*നിങ്ങൾക്കറിയാമോ ??*

*നാം ഭാരതീയർ. ഒരാഴ്ചയിൽ ഒരു ദിവസം*

*ഒരു നേരത്തെ ഭക്ഷണം ഉപേക്ഷിച്ചാൽ*

*നാം മിച്ചം പിടിക്കുന്നതെത്രയാണ്??.*

*ഇരുനൂറു കോടിയിലേറെ*

# 2

# പ്രമാടം ഗ്രാമപഞ്ചായത്ത് പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | — | പ്രമാടം ഗ്രാമ പഞ്ചായത്ത്. |
| റവന്യു വില്ലേജുകൾ | — | പ്രമാടം വള്ളിക്കോടു കോട്ടയം |
| ബ്ലോക്കുപഞ്ചായത്ത് | — | കോന്നി ബ്ലോക്ക് |
| താലൂക്ക് | — | കോഴഞ്ചേരി |
| ജില്ല | — | പത്തനംതിട്ട |
| അസംബ്ലിമണ്ഡലം | — | (113) കോന്നി |
| വിസ്തീർണ്ണം | — | 37.1 ച. കി. മീറ്റർ |
| ജനസംഖ്യ | — | 32171 |
| പുരുഷന്മാർ | — | 14526 |
| സ്ത്രീകൾ | — | 17645 |
| പട്ടിക ജാതി | — | 3867 |
| പട്ടിക വർഗ്ഗം | — | 124 |
| തൊഴിലുള്ളവർ | — | 8588 |
| ഭാഗീകമായി തൊഴിലുള്ളവർ | — | 1177 |
| തൊഴിലില്ലാത്തവർ | — | 20215 |
| സാക്ഷരതർ | — | 84% |
| പഞ്ചായത്ത് നിലവിൽ വന്നത് | — | 1953-54ൽ |
| ആദ്യ കമ്മറ്റി | — | 15-8-1953. |
| പൊതു കിണറുകൾ | — | 31എണ്ണം |

| | | |
|---|---|---|
| കുഴൽ കിണറുകൾ | — | 17 |
| റോഡുകൾ | — | **170.840 Km.** |
| റോഡുകൾ ടാർ ചെയ്യാത്തത്. | — | **135.840 Km** |
| മൃഗാശുപത്രി | — | 1 |
| മൃഗാശുപത്രി സബ്സെന്റർ | — | 1 |
| കൃഷിഭവൻ | — | 1 |
| വി. ഇ. ഓ. | — | 2 |
| ആശുപത്രികൾ | — | 3 |
| അലോപ്പതി ഡിസ്പെൻസറി | — | 1 |
| ഹോമിയോ | — | 4 |
| ആയുർ വേദം | — | 4 |
| റേഷൻ കടകൾ | — | 17 |
| കടത്തുകൾ (പി. ഡബ്ല്യി.യു ഡി) | — | 4 |

## വിദ്യാഭ്യാസം

| | | |
|---|---|---|
| അംഗൻവാടികൾ | — | 36 |
| പ്രീ പ്രൈമറി സ്ക്കുൾ | — | 2 |
| എൽ. പി സ്ക്കുൾ | — | 9 |
| യു. പി. സ്ക്കൂൾ | — | 2 |
| ഹൈസ്ക്കൂൾ | — | 4 |
| സാങ്കേതിക വിദ്യഭ്യാസകേന്ദ്രം | — | 2 |
| ലൈബ്രറികൾ | — | 7 |
| ധനകാര്യ സ്ഥാപനങ്ങൾ | — | 9 |
| വാണിജ്യ ബാങ്കുകൾ | — | 3 |
| സഹകരണ സംഘങ്ങൾ | — | 5 |
| വായ്പാ സഹകരണ സംഘം | — | 1 |
| മാർക്കറ്റുകൾ | — | 3 |



# ചരിത്ര പശ്ചാത്തലം

# 3

# സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

മറ്റേതൊരു പ്രദേശത്തിനുമെന്ന പോലെ പ്രമാടം പഞ്ചായത്തിനും അതിന്റേതായ ഒരു ചരിത്രം പറയുവാനുണ്ട്. പുരാതന കാലം മുതൽ ഇവിടെ ഒരു ബ്രാഹ്മണ കുടുംബം താമസിച്ചിരുന്നു. 'ഉണ്ണി' പിറന്ന മഠം 'പിറ മഠ' മായെന്നും ക്രമേണ പ്രമാടമായെന്നും പഴമക്കാർ. ഒരു പക്ഷേ ഇതൊരു പഴമ മാത്രമായിരിക്കാം. കുലശേഖരപ്പേട്ട എന്ന സ്ഥലം പണ്ട് രാജ സ്ഥാനമായിരുന്നു. കുലശേഖരപതി യുടെ മല്ലന്മാർ താമസിച്ചിരുന്നയിടം മല്ലശ്ശേരിയായി. ശിവൻ ഇളകൊണ്ടിരുന്നിടം ഇളകൊള്ളൂർ ആയി എന്നും പറയപ്പെടുന്നു. മലകളാലും കോട്ടകളാലും ചുറ്റപ്പെട്ട മലങ്കോട്ടയം (വള്ളിക്കാട് രൂപാന്തരം പ്രാപിച്ചതുമാകാം) ഇന്ന് വള്ളിക്കോട് കോട്ടയം വില്ലേജായി പ്രമാടം പഞ്ചായത്തിലുൾപ്പെട്ടിരിക്കുന്നു.

സമദ്ര നിരപ്പിൽ നിന്ന് 530' ഉയരത്തിൽ സ്ഥിതി ചെയ്യുന്ന തിടിയുരുളിപ്പാറ, 710 ഉയരത്തിൽ സ്ഥിതിചെയ്യുന്ന പടപ്പുപാറ, 730 ഉയരത്തിൽ സ്ഥിതി ചെയ്യുന്ന നെടുമ്പാറ എന്നിവ ശാന്ത ഗംഭീരമായി നിലകൊള്ളുന്നു ചരിത്രത്തിന്റെ മൂകസാക്ഷികളായി.

ആദ്യകാല കുടുംബങ്ങളിൽ ചിലതെങ്കിലും അന്യം നിന്നുപോയിട്ടുണ്ട്. പഴയ തലമുറയിൽപ്പെട്ട ചിലരൊക്കെ ഇന്നും ജീവിച്ചിരിപ്പുണ്ട്. പഴമയുടെ ഗംഭീര്യവുമായി- പഴമയുടെ തുടിപ്പുകൾ ഇവർ തങ്ങളിൽ കൂടി പ്രതിഫലിപ്പിക്കുന്നു.

കൊല്ലിനും, കൊലയ്ക്കും അധികാരമുണ്ടായിരുന്ന ജന്മിമാരുടെ കാലത്ത് വധശിക്ഷ നടപ്പാക്കിയിരുന്ന കൊലപ്പാറ, ഇന്നും അവിടം ഒറ്റപ്പെട്ടു കിടക്കുന്നു. സർപ്പങ്ങളുടെ വിഹാരരംഗമായ ഈ സ്ഥലം ഇന്നും നാട്ടുകാരുടെ പേടി സ്വപ്നമാണ്.

പനമൂട്ടിൽ ശ്രീമാൻ നാരായണൻ നായർ (85) അദ്ദേഹത്തിന്റെ തനതു ഭാഷയിൽ ഈ ഗ്രാമത്തിന്റെ പഴമയെപ്പറ്റി സംസാരിച്ചു.

50 വർഷം മുൻപു വരെ യാതൊരു ശാസ്ത്രീയ സമീപനവും കൃഷിക്കാര്യങ്ങളിൽ ഇല്ലായിരുന്നു. മണ്ണിന്റെ മക്കളുടെ അറിവുകൾ ഉപയോഗിച്ചാണ് കൃഷി ചെയ്തിരുന്നത്. ചാണകവും ചാമ്പലും ആണ് വളമായി ഉപയോഗിച്ചിരുന്നത് . ഏലാമുഖത്തുള്ള കുളങ്ങളിൽ നിന്നും വെള്ളം യഥേഷ്ടം ലഭിച്ചിരുന്നു.

കീടനാശിനി അന്ന് ഇല്ലായിരുന്നു. കടമരത്തിൽ നിന്നും ലഭിക്കുന്ന സമ്പുഷ്ട ചാരം വിതറി മുറം കൊണ്ടു തട്ടി കീടനശീകരണം നടത്തിയിരുന്നു. അന്നത്തെ നെല്ലിനങ്ങളായിരുന്ന കിളിക്കുറുവയുടെയും, പടന വെള്ളയുടേയും, ചേറാടിയുടേയും വിളവും രുചിയും അദ്ദേഹം ഓർക്കുന്നു.

മാർത്താണ്ഡവർമ്മ മഹാരാജാവ് ഇവിടെ വന്നു പാർത്തിരുന്നതായി പറഞ്ഞറിവുണ്ട്. എന്നാൽ വേലുത്തമ്പി ദളവ കുണ്ടറ വിളംബരത്തിനുശേഷം ഇംഗ്ലീഷുകാർക്ക് പിടികൊടുക്കാതെ സഞ്ചരിച്ചിരുന്ന കാലത്ത് ഈ പഞ്ചായത്തിലെ നേന്ത്രപ്പള്ളിൽ വീട്ടിൽ വന്നു താമസിച്ചിരുന്നതായി രേഖകളുണ്ട്.

അദ്ദേഹത്തിന്റേതെന്ന് വിശ്വസിക്കുന്ന ഒരുവാൾ ഇവിടെയുണ്ട്.

ചരിത്രപരമായും സാംസ്ക്കാരികമായും വളരെ പ്രാധാന്യമുള്ള ഇന്നാട്ടിൽ ഒരു പാരമ്പര്യ വിഷ വൈദ്യനുണ്ടായിരുന്നു. മാമ്പാറത്തറവാട്ടിലെ പ്രസിദ്ധ വിഷചികിത്സാ വിദഗ്ദ്ധനായിരുന്ന ഗോവിന്ദൻ നായരായിരുന്നു ഇവരിൽ ഏറ്റവും അവസാനത്തെയാൾ. അദ്ദേഹം 1984-85- ൽ ഉണ്ടാക്കിവച്ച മരുന്നുകൾ കൊണ്ടു ചികിത്സ നടത്തി അദ്ദേഹത്തിന്റെ സഹധർമ്മിണി മറയാത്ത ഓർമ്മകളുമായി ഈ പാരമ്പര്യം നിലനിർത്തുന്നു. ഈ സേവനം തികച്ചും സൗജന്യമാണ്. ഈ അമ്മയോടൊപ്പം ഈ വിഷ ചികിത്സാപാരമ്പര്യവും അന്യം നിന്നുപോകാനുള്ള സാധ്യതകളേറെയാണ്.

പ്രസിദ്ധന്മാരായ ആയുർ വേദാചാര്യന്മാരും അവരുടെ ജന്മം കൊണ്ട് ഈ നാടിനെ അനുഗ്രഹിച്ചിട്ടുണ്ട്. മുരുപ്പേൽ വൈദ്യൻ എന്നറിയപ്പെടുന്ന ഉതിനിൽക്കുന്നതിൽ നാരായണൻ ഇവരിലൊരാളായിരുന്നു. ജില്ലാ ആശുപത്രിയിൽനിന്ന് മരിച്ചെന്ന് വിധിയെഴുതി നാട്ടിൽ കൊണ്ടുവന്ന ഒരു സ്ത്രീയെ രക്ഷിച്ചകഥ ഇന്നാട്ടുകാർ പറയുന്നു. (ആ സ്ത്രീ ഇന്നും ജീവിച്ചിരിപ്പുണ്ട്.) ഇദ്ദേഹത്തിന്റെ പിൻ തലമുറക്കാർ എന്തുകൊണ്ടോ ഈ പാരമ്പര്യ സിദ്ധി നിലനിർത്തിയില്ല. മോഴുത്തറയിൽ കൃഷ്ണൻ, കുഞ്ഞുപിള്ള തുടങ്ങിയ സ്വാതന്ത്ര്യസമര സേനാനികൾ ഇന്നും ജീവിച്ചിരിക്കുന്നു.

പ്രമാടം പഞ്ചായത്തിന്റെ ചരിത്ര പശ്ചാലത്തിൽ സ്മരണീയനായ ഒരു വ്യക്തിയാണ് ശ്രീമാൻ കല്ലറ കൃഷ്ണൻ നായർ, സ്വാതന്ത്ര്യ ലബ്ധിക്കു മുൻപുതന്നെ അറുനൂറ് ഏക്കർ (600) ഭൂമിയുടെ ഉടമയായിരുന്ന ആദ്ദേഹം ബ്രിട്ടീഷ് ഭരണ കാലത്ത് റേഞ്ച് ഓഫീസർ ആയിരുന്നു.

കൃഷി ഭൂമിയില്ലാത്തവർക്ക് നാമമാത്രമായപാട്ടത്തിന് കൃഷി ഭൂമി നൽകിയും നാട്ടുകാരോടൊപ്പം അവരിലൊരാളായി അവരുടെ സുഖ: ദു:ഖങ്ങൾ പങ്കിട്ടും ജീവിച്ച ബഹുമാന്യ വ്യക്തിയായിരുന്നു അദ്ദേഹം. കുതിരപ്പുറത്തുകയറി കൃഷിപ്പാടങ്ങളും മറ്റും സന്ദർശിച്ചതിനുശേഷം അദ്ദേഹം വന്ന് വിശ്രമിച്ചിരുന്നിടം കുതിരപ്പാറയെന്ന് ഇന്നും അറിയപ്പെടുന്നു. അദ്ദേഹം ധാരാളം സ്ഥാപനങ്ങൾ ഇവിടെ സ്ഥാപിച്ചിരുന്നു. രാജ ഭരണ കാലത്തു നിലവിലുണ്ടായിരുന്ന ഗ്രാമോദ്ധാരണ പദ്ധതി ( C.P. ഷഷ്ഠ്യബ്ദിഗ്രാമ പുനരുദ്ധാരണം) പ്രകാരം, വായനാശാല, നെയ്ത്തു ശാല, കോഴിവളർത്തൽ കേന്ദ്രം തേനീച്ചവളർത്തൽ, പുൽവാറ്റു കേന്ദ്രം, സ്ക്കൂളുകൾ മുതലായവ അദ്ദേഹം സ്ഥാപിച്ചിരുന്നു. അവയിൽ ഒരു എൽ.പി.സ്ക്കൂൾ മാത്രം(വെള്ളപ്പാറ) ഇന്നും നിലനിൽക്കുന്നു. ശ്രീമാൻ കല്ലറ കൃഷ്ണൻ നായരുടെ ഓർമ്മ നിലനിർത്തുന്ന ഒരു ഹൈസ്ക്കൂൾ (Kallara Krishnan Nair Memmorial High School) കോന്നി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നുണ്ട്.

പുതിയ ഭൂപരിഷ്ക്കരണ നിയമം ഇവിടുത്തെ ഭൂരിപക്ഷം കൂടി കിടപ്പുകാരേയും ഭൂവുടമകളാക്കി. ഭൂബന്ധങ്ങളിൽ വന്ന മാറ്റം സാധാരണ ജനങ്ങളിലും മാറ്റങ്ങളുണ്ടാക്കി. ദൂര ദേശങ്ങളിൽ നിന്നുംപോലും ജനങ്ങൾ തങ്ങളുടെ കിടക്കാടം വിറ്റ് ഇവിടെ കൃഷി ഭൂമി സ്വന്തമാക്കി.

ഭൂപരിഷ്ക്കരണ നിയമത്തിലൂടെ ദുർബല ജന വിഭാഗങ്ങൾക്ക് ഭൂമിലഭിച്ചത് ജീവിത പുരോഗതിയുടെ ( വികസനത്തിന്റെ) ഒരു പ്രധാന ഘടകമായി വിദ്യാഭ്യാസസ്ഥാപനങ്ങൾ അടുത്തടുത്ത് സ്ഥാപിതമായ തോടെ ഗ്രാമീണർ കുട്ടികളെ സ്ക്കൂളിലയയ്ക്കുകയും, കുട്ടികളുടെ ക്രമമായ ദിനചര്യകൾക്കനുസരിച്ച് മാതാപിതാക്കളുടെ ശീലങ്ങൾക്കു മാറ്റം വരുകയും ചെയ്തു. തങ്ങളുടെ മക്കൾ പഠിത്തത്തിൽ മുമ്പന്മാരാകുന്നതുകണ്ട് ഗ്രാമവാസികൾ സന്തോഷിക്കുയും, ഇതിൽ നിന്നും പ്രചോദനമുൾക്കൊണ്ട് മത-സാമുദായിക ബന്ധങ്ങൾ അരക്കിട്ടുറപ്പിക്കുകയും ചെയ്തു. നാട്ടിലെ സാമൂഹ്യ സാംസ്ക്കാരിക പരിഷ്ക്കരണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുകയായിരുന്നു തങ്ങളെന്ന് ഗ്രാമീണർ അറിഞ്ഞിരുന്നില്ല.

ളാക്കൂർ പ്രദേശത്ത് ആദ്യമായി ഒരു നിലത്തെഴുത്തു പള്ളിക്കൂടം സ്ഥാപിച്ചത് രാമൻ കുഴി മേലേതിൽ കൊച്ചു കുഞ്ഞു കൈമൾ ആയിരുന്നു. ഈ സ്ഥാപനം ളാക്കൂരിന് ഒരഭിമാനമായി ഇന്നും നിലനിൽക്കുന്നു. ഇപ്പോഴത്തെ നിലത്തെഴുത്താശാൻ കൊല്ലുശ്ശേരിൽ നാരായണി (ആശാനമ്മ) V-കോട്ടയം ആണ്.

1950 കളുടെ ആദ്യകാലംവരെ ഇവിടെ എല്ലാ ഭക്ഷ്യ വിളകളും, നാണ്യവിളകളായ കുരുമുളക്, ഇഞ്ചി, കമുക് മുതലായവയും, മാവ്,പ്ലാവ്,തെങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ മുതലായവയും കൃഷിചെയ്തിരുന്നു. 1950-കളിൽ ആണ് ഇന്നത്തെ സമ്പന്നനായ റബ്ബർ ഇവിടെ കുടിയേറിയത്.

## പഞ്ചായത്ത് ആഫീസ്

ഈ പഞ്ചായത്ത് രൂപം കൊണ്ടത് 1953-ൽ ആണ്. ഇന്നത്തെ ആറാം വാർഡായ ളാക്കൂരിൽ, രാമൻ കുഴിയിൽ വീട്ടിൽ പരേതനായ ശ്രീമാൻ കേശവൻ അവർകളുടെ വീടിന്റെ രണ്ടുമുറികളിലാണ് അന്നു പഞ്ചായത്താഫീസ് പ്രവർത്തനം ആരംഭിച്ചത്. രണ്ടുവർഷത്തിനുശേഷം അത് ഗോവിന്ദൻ നായർ അവർകളുടെ കെട്ടിടത്തിൽ പ്രവർത്തിച്ചു.

ഗോവിന്ദസദനത്തിൽ ശ്രീമാൻ ഗോവിന്ദൻനായരും മകൻ രാഘവൻ നായരും ചേർന്ന് പഞ്ചായത്താഫീസിനു വേണ്ടി പത്തു സെന്റ് സ്ഥലം ദാനമായി നൽകി. ആ സ്ഥലത്ത് ജനപങ്കാളിത്തത്തോടെ നിർമ്മിച്ച കെട്ടിടത്തിലാണ് ഇന്നും പഞ്ചായത്താഫീസ് പ്രവർത്തിക്കുന്നത്.

## പഞ്ചായത്തു ഭരണസമിതികൾ

1953-ൽ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു ഭരണസമിതി നിലവിൽ വന്നു. പഞ്ചായത്തിന്റെ ആദ്യത്തെ കമ്മറ്റി യോഗം 15-8-1953 ലാണു നടന്നത്.

| | | |
|---|---|---|
| പഞ്ചായത്താരംഭിച്ചത് | - | 1953-54 |
| 15-8-53 | - | ആദ്യകമ്മറ്റി |

**( 53-63)**

| | | |
|---|---|---|
| ആദ്യപ്രസിഡന്റ് | - | എം രവീന്ദ്രനാഥ് ( ഇളകൊള്ളൂർ) |
| വൈസ്പ്രസിഡന്റ് | - | C.K. നാരായണൻ നായർ (കോട്ടയം B) |
| മെമ്പർ | - | ജോൺ തോമസ് (പ്രമാടം A ) |
| " | - | ചെല്ലപ്പൻ പിള്ള (പ്രമാടം B ) |
| " | - | പികെ നാരായണൻ നായർ (വെട്ടൂർ ) |
| " | - | എ. കുഞ്ഞുപിള്ള നായർ (കോട്ടയം A) |
| " | - | ടി.എം. സാഹിബ് (കോട്ടയം C ) |
| " | - | കെ. ഗോവിന്ദൻ (Sc നോമിനേൻ) |

1-1-63- 31-12-63 വരെ Special Officer.

**(63-79)**

രണ്ടാം കമ്മറ്റിയുടെ ആദ്യ മീറ്റിംഗ്- 17-12-1963

| | | |
|---|---|---|
| പ്രസിഡന്റ് | - | M. ചെല്ലപ്പൻ പിള്ള (പ്രമാടം B ). |
| വൈസ് പ്രസിഡന്റ് | - | N.J. ശാമുവേൽ (കോട്ടയം B ) |
| മെമ്പർ | - | K.M. ജോൺ (പ്രമാടം A ) |
| " | - | T.K. കോശി (കോട്ടയം A ) |
| " | - | K.R. ശിവരാമൻ നായർ (കോട്ടയം C ) |

| | | |
|---|---|---|
| മെമ്പർ | - | T.K. കമലാസനൻ (കോട്ടയം D) |
| " | - | G. കൃഷ്ണൻ നായർ (ഇളകൊള്ളൂർ A) |
| " | - | G. പീറ്റർ (ഇളകൊള്ളൂർ B) |
| " | - | എംഗോപാലകൃഷ്ണൻ നായർ (വെട്ടൂർ) |
| " | - | എം. അയ്യപ്പൻ (Sc) (കോട്ടയം C) |

17-2-64 P.K. കുഞ്ഞമ്മ കോശി (വനിതാനോമിനേഷൻ) കുഞ്ഞമ്മ കോശി രാജിവച്ച ഒഴിവിലേക്ക് 18-8-65 മുതൽ P.N. കുഞ്ഞിപ്പെണ്ണ് (വനിതാ റിസർവേഷൻ) M. ഗോപാലകൃഷ്ണൻ നായർ രാജി വച്ച ഒഴിവിൽ 30-10-65 മുതൽ തോമസ് ഫിലിപ്പ് 13-8-79 മുതൽ Special Officer H. സൈനുദ്ദീൻ റാവു ത്തർ (കോന്നി ബ്ലോക്കിലെ പഞ്ചായത്ത് ഇൻസ്പെക്ടർ).

**(79-84)**

മൂന്നാം കമ്മറ്റിയുടെ ആദ്യ മീറ്റിംഗ് - 20-9-79 1-10-79 ൽ N.J. ശാമുവേൽ Special Officer-ൽ നിന്നും ചാർജെടുത്തു.

| | | |
|---|---|---|
| പ്രസിഡന്റ് | - | N.J. ശമുവേൽ |
| വൈസ് പ്രസിഡന്റ് | - | M.K. കുമാരൻ നായർ |
| മെമ്പർ | - | B.. രാജപ്പൻ പിള്ള |
| " | - | K.N പ്രഭാകരൻ |
| " | - | V.K.ഉത്തമൻ |
| " | - | K. ഗോമതിയമ്മ |
| " | - | K.N. പദ്മനാഭൻ നായർ |
| " | - | G. പീറ്റർ |
| " | - | V. K. പുരുഷോത്തമൻ |
| " | - | K. ദാമോദരൻ കർത്താവ് |
| " | - | ജോൺ തോമസ്. |

27-10-1984- താലൂക്കു പഞ്ചായത്ത് ഓഫീസർ P. George അധികാരമേറ്റു.

23-1-98- പഞ്ചായത്ത് തെരഞ്ഞെടുപ്പ് നാലാമതു കമ്മറ്റിയുടെ ആദ്യ മീറ്റിംഗ്- 8-2-88.

**(88-95)**

| | | |
|---|---|---|
| പ്രസിഡന്റ് | - | B. രാജപ്പൻ പിള്ള ( വാർഡ് II) |
| വൈസ് പ്രസിഡന്റ് | - | തോമസ് കോശി (IV) |
| | - | തോമസ് ജോൺ (I) |
| | - | കെ.പി തങ്കമ്മ (III) |

| | | |
|---|---|---|
| | - | M.K. കുമാരൻ നായർ (V) |
| | - | N.K. കരുണാകരൻ പിള്ള. (VI) |
| | - | കുഞ്ഞമ്മ വർഗീസ് (VII) |
| | - | V.K. പുരുഷോത്തമൻ (VIII) |
| മെമ്പർ | - | സി.കെ സുന്ദരേശൻ (IX) |
| " | - | T.M. സലിം (X) |
| " | - | M.G. കുഞ്ഞുകുഞ്ഞ് (XI) |

23-9-95 ൽ പഞ്ചായത്തു തെരഞ്ഞെടുപ്പ് 30-9-95 ൽ അഞ്ചാമതു കമ്മറ്റി.

ഈ പഞ്ചായത്തു കമ്മറ്റി 1953 മുതൽ 1963 വരെ ഭരണംനടത്തി 1-1-1963 വരെ സ്പെഷ്യൽ ഓഫീസറായിരുന്നു ഭരണത്തിന്റെ ചുക്കാൻ പിടിച്ചത്.

ഏറ്റവും കൂടുതൽ കാലം ഈ പഞ്ചായത്തു ഭരിച്ചത് രണ്ടാം പഞ്ചായത്തു സമിതിയാണ്. (1963 മുതൽ 1979 വരെ ).

പഞ്ചായത്തു ഭരണ സമിതികളുടെ ലിസ്റ്റ് ഇതിൽ ചേർത്തിട്ടുണ്ട്

ഈ പഞ്ചായത്ത് ഇന്നുവരെ ഭരിച്ചിട്ടുള്ളത് ഐക്യജനാതിപത്യ മുന്നണിയാണ്. പഞ്ചായത്തിന്റെ ഉറച്ചഭരണം മൂലവും, മറ്റു മേഖലകളിൽ നിന്നുള്ള ബോധവൽക്കരണത്തിന്റെ ഫലമായും ഇവിടെ ധാരാളം പുരോഗതി ഉണ്ടായിട്ടുണ്ട്. എന്നാൽ ഉത്പാദന മേഖലകളിൽ മാന്ദ്യം അനുഭവപ്പെടുന്നന്നുണ്ട്. ഇന്ന് ജനങ്ങളെ സമ്പന്നരാക്കി നിർത്തുന്ന റബ്ബറിന്- തെങ്ങിനു സംഭവിച്ചതുപോലെ -എന്തെങ്കിലും സംഭവിച്ചാൽ? (അങ്ങനെ സംഭവിക്കരുതേ എന്നു പ്രാർത്ഥിക്കുന്നു). വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയ്ക്കു പരിഹാരം കാണുവാനും ജനജീവിതം കൂടുതൽ മെച്ചപ്പെട്ടതാക്കാനും വേണ്ടി ഇന്നത്തെ രീതിക്ക് മാറ്റം വരുത്തിയേമതിയാകൂ. ഈ പഞ്ചായത്തിന്റെ അതിർത്തിയിൽ കൂടി ഒഴുകുന്ന അച്ചൻകോവിലാറ് വികസനം പത്തനംതിട്ടയിൽ മാത്രം ഒതുങ്ങി നിൽക്കാൻ കാരണമായി. പ്രമാടം പഞ്ചായത്തിൽ ഒരു ടെലഫോൺ എക്സേഞ്ച് സ്ഥാപിതമായതു തന്നെ 1995- ലാണ്.

സമ്പന്നമായിരുന്ന കഴിഞ്ഞ കാലങ്ങളെ സ്മരിച്ചുകൊണ്ട്, ഇപ്പോഴത്തെ പ്രശനങ്ങൾ പരിഹരിച്ച് ഒരു നല്ല നാളേയ്ക്കുവേണ്ടി പ്രയത്നിക്കുവാൻ- അതിനായി അവർനയിക്കുന്ന പാതയിലൂടെ മുന്നേറി പഞ്ചായത്തിലെ ജനകീയാസൂത്രണ പരിപാടികൾ വൻ വിജയമാക്കിത്തീർക്കാൻ പ്രമാടം പഞ്ചായത്തിലെ ജനങ്ങളും തയ്യാറെടുക്കുകയാണ്.

**നിങ്ങൾക്കറിയാമോ ? കേരളത്തിന്റെ .**

| | | | |
|---|---|---|---|
| *1.* | *ദേശീയ മൃഗം* | = | *ആന* |
| *2.* | *" പക്ഷി* | = | *വേഴാമ്പൽ* |
| *3.* | *" വൃക്ഷം* | = | *തെങ്ങ്* |
| *4.* | *" പുഷ്പം* | = | *കണിക്കൊന്ന* |

# 4



# ഭൂപ്രകൃതി

# ഭൂപ്രകൃതിയും വിഭവങ്ങളും

മലകളും കുന്നുകളും, ഉയർന്നപാറക്കെട്ടുകളും നിമ്നോന്നതങ്ങളായ ഭൂ പ്രദേശങ്ങളും കൊണ്ടു നിറഞ്ഞ പ്രമാടം പഞ്ചായത്ത് ചരിത്ര പ്രസിദ്ധമായ അച്ചൻകോവിലാറിന്റെ തെക്കും കിഴക്കുമായി സ്ഥിതിചെയ്യുന്നു. ഈ പുണ്യ നദി ഈ പഞ്ചായത്തിന്റെ അതിർത്തിയിൽ 12 കിലോമീറ്റർ ചുറ്റി ഒഴുകുന്നു.

പഞ്ചായത്തിന്റെ പൊതുവായ കിടപ്പ് കിഴക്കുനിന്ന് പടിഞ്ഞാറോട്ടെന്നു പറയാം. രണ്ടു തോടുകളൊഴിച്ച് ബാക്കിയെല്ലാം കിഴക്കുനിന്ന് പടിഞ്ഞാറോട്ടൊഴുകുന്നു ഫലഭൂയിഷ്ഠമായ പശിമരാശി മണ്ണാണ് ഈ പ്രദേശത്ത് പൊതുവെകാണപ്പെടുന്നത് എങ്കിലും മണ്ണിന്റെ ഘടന പല സ്ഥലങ്ങളിലും വ്യത്യസ്തമാണ്. മണൽ കലർന്ന കളി മണ്ണ്, കറുത്ത പശിമരാശി മണ്ണ്, ചരൽ കലർന്ന ചെമ്മണ്ണ്, ചരൽ മണ്ണ്, പാറപ്രദേശം എന്നിങ്ങനെയാണ് ഘടന. പ്രകൃതിയുടെ ഈ വികൃതി പഞ്ചായത്തിലെ ഏതാണ്ട് എല്ലാ വാർഡുകളിലും കാണാം. ഇതിൽ നിന്ന് അല്പം വ്യത്യാസമുള്ളത് പഞ്ചായത്തിന്റെ ഒന്നും, രണ്ടും വാർഡുകളിൽ മാത്രമാണ്.

## പ്രധാന ഭൂവിഭാഗങ്ങൾ.

1. താഴ്വരകൾ
2. വയലുകൾ
3. കുന്നിൻ ചരിവുകൾ
4. തട്ടു പ്രദേശങ്ങൾ
5. കുന്നിൻപുറ സമതലങ്ങൾ

### താഴ്വരകൾ

^ 12 കിലോമീറ്റർ ദൂരം വരുന്ന അച്ചൻകോവിലാറിന്റെ തിട്ടകളും, വയലോര പ്രദേശങ്ങളും ഉൾപ്പെടുന്ന താഴ്വരകൾ പഞ്ചായത്തിന്റെ 12 ശതമാനത്തോളം വരും. മണൽ കലർന്ന എക്കൽ മണ്ണാണ് ഈ പ്രദേശങ്ങളിൽ ഉള്ളത്. ഈ ഭൂവിഭാഗവും പഞ്ചായത്തിന്റെ 1,2,3,4,5, വാർഡുകളിലാണുൾപ്പെടുന്നത്. 7,8 വാർഡുകളിലെ വയലുകളോടു ചേർന്നു കിടക്കുന്ന തിട്ടകളിലും എക്കൽ മണ്ണാണ്. ഈ പ്രദേശങ്ങളിൽ താരതമ്യേന ആളുകൾ തിങ്ങിപ്പാർക്കുന്നു. മാവ്,പ്ലാവ്,തെങ്ങ്, കുരുമുളക്, കമുക്, എന്നിവയും, വാഴ, കപ്പ മുതലായ

കൃഷികളും ഇവിടെ കാണാം, കൈവശഭൂമിയുടെ ഒരറ്റത്തെങ്കിലും കുറെ റബ്ബർ മരങ്ങൾ വച്ചു പിടിപ്പിക്കാൻ ജനങ്ങൾ മറന്നിട്ടില്ല. പ്രമാടം ,വലഞ്ചുഴി, കുമ്പഴ കിഴക്ക്, മല്ലശ്ശേരി, കോട്ടയം ചന്തഭാഗം, കോട്ടയം വടക്കേക്കര തെങ്ങുംകാവ്, ഇളകൊള്ളൂരിന്റെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിൽ റബ്ബർ കൃഷി വ്യാപകമായുണ്ട്.

## വയലുകൾ

പ്രമാടം പഞ്ചായത്തിന്റെ വിസ്തൃതിയിൽ 7.5 ശതമാനം മാത്രമാണ് വയലുകൾ കൃത്യമായി പറഞ്ഞാൽ 246.8 ഹെക്ടർ. ഈ വയലുകൾ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലുമായി വ്യാപിച്ചു കിടക്കുന്നു. ആദ്യകാലങ്ങളിൽ ജല ദൗർലഭ്യം ഒട്ടും ഇല്ലാതിരുന്നതിനാൽ ഇവിടങ്ങളിൽ നെൽകൃഷി നടത്തിയിരുന്നു. ഇപ്പോൾ ഈ നിലങ്ങൾ പലതിലും വർഷത്തിൽ ഒന്നോ രണ്ടോ തവണ കൃഷിയിറക്കുന്നു. നിലങ്ങളിൽ നല്ലൊരു ശതമാനം വാഴകൃഷിക്കും, പച്ചക്കറി കൃഷിക്കുമായി മാറിക്കഴിഞ്ഞു. നിലങ്ങൾ നികത്തി വീടുവയ്ക്കുന്ന പ്രവണതയും ഇന്ന് ഏറിവരുന്നുണ്ട്. കഴിഞ്ഞ കാലവർഷക്കെടുതിയിൽ തോടുകൾ മുറിഞ്ഞും മണൽ കയറിയും നല്ലൊരു ഭാഗം വയലുകൾ കൃഷിയ്ക്കനുയോജ്യമല്ലാതായിതീർന്നിട്ടുണ്ട്. വയലുകളിൽ കമുകിൻ തൈകൾ നട്ടുപിടിപ്പിക്കുന്നതും സാധാരണമാണ്.

## കുന്നിൻ ചരിവുകൾ

കുന്നിൽ ചരിവുകൾ ഉൾപ്പെട്ട ഭൂവിഭാഗം പഞ്ചായത്തിന്റെ 5,6,7,8,9,10,11,12, വാർഡുകളിലാണ്. കുന്നിൻ ചരിവുകളുടെ അടിവാരത്ത് വീടുകൾ വച്ച് താമസിക്കുകയും ബാക്കിഭാഗം റബ്ബർ കൃഷിക്ക് ഉപയോഗിക്കുകയും ചെയ്യുന്നു. പണ്ട് ഓരോ പുരയിടത്തിന്റേയും തെക്കു പടിഞ്ഞാറേമൂലയിൽ നട്ടിരുന്ന ഈ റകളും മുളകളും ഇന്നു കാണ്മാനില്ല . റബ്ബർ മരങ്ങൾക്കിടവിളയെന്നോണം അങ്ങിങ്ങായി തെങ്ങ്, മാവ്, പ്ലാവ്, കമുക്, എന്നിവ കാണാം. റബ്ബർ തൈകൾക്കിടയിൽ എല്ലാവിധകൃഷികളും നടത്താൻ ജനങ്ങൾ താല്പര്യം കാട്ടുന്നു.

ചരിവുകൾ മിക്കതും കുത്തനേയുള്ളതാണ്. മഴക്കാലത്ത് ഈടി കയ്യാലകൾ ഇടിഞ്ഞും മറ്റും മണ്ണൊലിച്ചു പോകുന്നു. കുന്നിൻമുകളിൽ നുന്ന് ഒഴുകിവരുന്ന മണ്ണ് താഴ്വരയിലെ തൊടുകൾ നികത്തുന്നു. പനനിൽക്കും മുകൾ, പുത്തൂർ മുരുപ്പ്, നെല്ലിക്കുഴി മുരുപ്പ്, പൂവള്ളി മുരുപ്പ്, തട്ടക്കുന്ന്, ളാക്കൂർ തെക്കേക്കര, ളാക്കൂർ വടക്കേക്കര മേശരി മുരുപ്പ്, എഴുമൺ കോളനി. തലയറ, മാരാക്കുഴി, താന്നിക്കുഴി, കുളിക്കുന്നപാറ, നെടുംപാറ ഇളകൊള്ളൂർ എന്നിവിടങ്ങളിൽ ഇതുകാണാം.

## തട്ടുപ്രദേശങ്ങൾ

കുന്നുകളും, തിട്ടകളും അല്ലാത്ത വയലുകളോടു ചേർന്നു കിടക്കുന്ന തട്ടുപ്രദേശങ്ങളും അങ്ങിങ്ങായി ക്കാണാം ഈ പഞ്ചായത്തിന്റെ 3,4,5,6,7,8, എന്നീ വാർഡുകളിലാണ് ഇമ്മാതിരിയുള്ള തട്ടുപ്രദേശങ്ങൾ കാണാനുള്ള ത്. മണ്ണൊലിപ്പ് ഇവുടുത്തെ ഒരു പ്രധാന പ്രശ്നമാണ്. വയലിനോടു ചേർന്നുവരുന്ന ഈ പ്രദേശങ്ങളിൽ താരതമ്യേന റബ്ബർ കൃഷി കുറവാണ്. ഇങ്ങനെയുള്ള പ്രദേശങ്ങളിൽ ക്കൂടിയാണ് പ്രധാന റോഡുകൾ കടന്നു പോകുന്നത്. മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് ജല ദൗർലഭ്യം കുറവായതിനാലും, വാഹനസൗകര്യം കൂടുതലുള്ളതിനാലും ഈ സ്ഥലങ്ങളിൽ ജനവാസം കൂടുതലാണ്.

## മണ്ണ്

കളിമണ്ണ്, കരിമണ്ണ്, മണൽ കലർന്ന പശിമരാശി മണ്ണ്, എന്നിവയാണ് പ്രധാനമായി ഇവിടങ്ങളിൽ വെട്ടുകൽ മണ്ണുംചെമ്മണ്ണും കാണാൻ സാധിക്കും പാറക്കെട്ടുകളും നിരവധിയാണ്. കരിം കടുക്ക, വകയാർ. കൈതക്കര, വള്ളിക്കോടു കോട്ടയ ത്തെ താണ പ്രദേശങ്ങൾ, ളാക്കൂർ, വെള്ളപ്പാറ, പ്രമാടം, ഇളകൊള്ളൂർ എന്നിവിടങ്ങളിൽ മണൽ കലർന്ന പശിമരാശി മണ്ണാണ്.

കുന്നിൻ മുകൾ പ്രദേശങ്ങളായ മേശരി മുരുപ്പ്, പടപ്പുപാറ, മാരാക്കുഴി, വിലങ്ങുപാറ, ഞെക്കുകാവ്, ഐരേത്തുവിള, കുളപ്പാറ, തലയറയുടെ ചില ഭാഗങ്ങൾ മുതലായവ കരിമണ്ണാണ്.

വയലുകളിലെല്ലാം തന്നെ മണൽ കലർന്ന കളിമണ്ണാണ് കാണാവുന്നത്.

വെള്ളപ്പാറ, ഉാക്കൂർ, ഞെക്കുകാവ്, ചൂതുപാറ, കരിങ്കുടുക്കയുടെ ചിലഭാഘങ്ങളിൽ വെട്ടുകൽ മണ്ണും, ചെമണ്ണും, കാണാം. ആദ്യകാലങ്ങളിൽ ഈ മൺകല്ലുകൾ (വെട്ടുകല്ല്) കെട്ടിടങ്ങൾ പണിയാനുപയോഗിച്ചിരുന്നു.

## കാലാവസ്ഥ.

താരതമ്യേന കൂടുതൽ ചൂടും, കൂടുതൽ തണുപ്പും ഇല്ലാത്ത കാലാവസ്ഥയാണിവിടെ അനുഭവപ്പെടാറുള്ളത്. പകൽ മുഴുവൻ വീശുന്ന പടിഞ്ഞാറൻ കാറ്റ് വെയിലിന്റെ ചൂടിനെ കുറയ്ക്കുന്നു. സമുദ്രനിരപ്പിൽനിന്ന് 710 അടി ഉയരത്തിൽ സ്ഥതിചെയ്യുന്ന പടപ്പുപാറ മുതലായ സ്ഥലങ്ങളിൽ പോലും ജനങ്ങൾ താമസിക്കുന്നു. ജൂൺ ജൂലൈ മാസങ്ങളിൽ ലഭിക്കുന്ന ഇടവപ്പാതിയും ഒക്ടോബർ, നവംബർ, മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷവും പ്രധാന മഴകളാണ്. കൂടാതെ ഇടമഴകളും ലഭിക്കാറുണ്ട്. മഴശക്തി പ്രാപിയ്ക്കുമ്പോൾ അച്ചൻകോവിലാറ് അതിന്റെ അതിർത്തിയും വിലക്കും ഭേദിച്ച് ഇരുകരകളിലേക്കും കയറി വെള്ള പ്പൊക്കം സൃഷ്ടിക്കുകയും കൃഷികളെ നശിപ്പിക്കുകയും ചെയ്യാറുണ്ട്. കൂടുതൽ തണുപ്പനുഭവപ്പെടാറുള്ളത് ഒക്ടോബർ, നവംബർ ഡിസംബർ, മാസങ്ങളിലാണ്. അതും രാത്രിയിൽ മാത്രം മഴകൂടുതൽ ലഭിക്കുന്നത് ഇടവപ്പാതിയിലാണ്. ഇടമഴകൾ ചിലപ്പോൾ ജനുവരി, ഫെബ്രുവരി വരെ ലഭിക്കാറുണ്ട്. ഏപ്രിൽ മെയ് മാസങ്ങളിലും ചിലപ്പോൾ ഇടമഴ പെയ്യാറുണ്ട്.

<u>കാലാവസ്ഥയെ സംബന്ധിച്ച വിവരങ്ങൾ</u>

| *ഇടവപ്പാതി* | *തുലാവർഷം* | *തണുപ്പ്* | *ചൂട്* | *ഇടമഴകൾ* | *മിതമായ കാലാവസ്ഥ* |
|---|---|---|---|---|---|
| ജൂൺ | ഒക്ടോബർ | നവംബർ | മാർച്ച് | ഡിസംബർ | ഡിസംബർ |
| ജൂലൈ | നവംബർ | ഡിസംബർ | ഏപ്രിൽ | ഫെബ്രുവരി | ജനുവരി |
| ആഗസ്റ്റ് | | | മെയ് | മാർച്ച് | ഫെബ്രുവരി |

## ജലലഭ്യത

താരതമ്യേന സാധാരണ നിലയിൽ കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമാണ് പ്രമാടം പഞ്ചായത്ത്. ഈ പഞ്ചായത്തന്റെ ഒരതിർത്തിയിൽ കൂടി 12 കിലോമീറ്റർ ദൂരം അച്ചൻകോവിലാറൊഴുകുന്നു. അതായത് പഞ്ചായത്തിന്റെ 1,2,3, 4,5 എന്നീ വാർഡുകളെ തൊട്ടാണ് നദിയൊഴുകുന്നത് നദീ ജലത്തിന്റെ ചെറിയ ഒരു ശതമാനം മാത്രമാണ് ഇന്നുപയോഗിക്കുന്നത്. പ്രധാനപ്പെട്ട ഒൻപതു തോടുകൾ ഈ പഞ്ചായത്തിൽ കൂടി ഒഴുകുന്നു. ഇത്രയും ജല സ്രോതസ്സുകൾ ഉണ്ടെങ്കിലും വേനൽക്കാലത്ത് ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. കുടി വെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. രുചിയുള്ള വെള്ളം എന്നാണ് അന്യ നാട്ടുകാർ പോലും ഇവിടെ നിന്നു കിട്ടുന്ന ശുദ്ധജലത്തെ വിശേഷിപ്പിക്കുന്നത്. കുടിവെള്ള ത്തിനോ കൃഷിക്കോ ഇന്നുവരെ രണ്ടാം തട്ട് ജലത്തെ ( Second Layer of water ) ഉപയോഗിച്ചിട്ടില്ല. ശുദ്ധജല സ്രോതസ്സുകൾ ധാരാളം ഉണ്ടെങ്കിലും സംരക്ഷിക്കപ്പെട്ടിട്ടില്ല. ഗ്രാമ പഞ്ചായത്തു വക പത്തു സെന്റിൽ താഴെ വിസ്തീർണ്ണമുള്ള ഏഴ് കുളങ്ങളും 31 കിണറുകളും ഉണ്ട്. Kallada Irrigation Project ന്റെ കനാൽ എല്ലാ വാർഡുകളിലൂടെയും കടന്നു പോകുന്നുണ്ടെങ്കിലും അതിന്റെ പ്രയോജനം ലഭ്യമല്ല.

## മഴയുടെ ലഭ്യത -1993

| മാസം | PTA | M.M. Kerala | 1993 PTA | 94 | 1993 Kerala | 94 |
|---|---|---|---|---|---|---|
| ജനുവരി | 28 | 15.64 | 0.00 | 34.3 | 0.00 | 32.45 |
| ഫെബ്രുവരി | 41 | 16.21 | 29.3 | 68.2 | 18.10 | 30.96 |
| മാർച്ച് | 99 | 37.14 | 41.3 | 45.5 | 21. | 20.28 |
| ഏപ്രിൽ | 202 | 109.78 | 161.2 | 142.3 | 70.60 | 145.69 |
| മെയ് | 306 | 252.43 | 287.5 | 281.1 | 169.5 | 157.9 |
| ജൂൺ | 585 | 711.35 | 630.9 | 507.3 | 688.8 | 836.2 |
| ജൂലൈ | 550 | 720.71 | 718.5 | 593.0 | 804.6 | 940.99 |
| ആഗസ്റ്റ് | 372 | 433.31 | 193.9 | 404.4 | 293.2 | 478.91 |
| സെപ്റ്റം. | 272 | 248.57 | 85.9 | 168.4 | 91.7 | 205.84 |
| ഒക്ടോ. | 339 | 297.28 | 549.2 | 664.7 | 442.7 | 448.47 |
| നവം. | 242 | 162.71 | 242.2 | 242.3 | 169.3 | 163.73 |
| ഡിസം. | 062 | 42.35 | 47.6 | 62.0 | 49.3 | 42.47 |

### ഭൂവിനിയോഗം

ഭൂവിനിയോഗത്തെക്കുറിച്ച് ഈ പഞ്ചായത്തിലെ ജനങ്ങൾ തികച്ചും ബോധവാന്മാരാണ്. ഒരിഞ്ചു ഭൂമിപോലും തരിശിടാനിഷ്ടമില്ലാത്തവർ ഭൂമിക്കനുയോജ്യമായഅവിടുത്തെ മണ്ണിനനുസൃതമായകൃഷികൾ നടത്തുന്നു. ഈ പഞ്ചായത്തിലുള്ള പ്രമാടം, വള്ളിക്കോട് കോട്ടയം എന്നീ വില്ലേജുകളിലായി 6361 ഏക്കർ പുരയിടവും 678 ഏക്കർ നിലവും ഉണ്ട് കൃഷിയോഗ്യമല്ലാത്ത പാറയും മറ്റും മാത്രമുൾപ്പെട്ട പുറമ്പോക്ക് 2004 ഏക്കർ, തരിശ് വെറും 121 ഏക്കർ മാത്രമാണ്. ഇതിൽ റോഡ് തോട്, കുളം, പുഴ ഇവയും ഉൾപ്പെടും. ആദ്യകാലത്ത് മുന്നുപൂ കൃഷിചെയ്തിരുന്ന നിലങ്ങൾ ഉല്പാദന ക്ഷമത കുറയുന്നു എന്ന കാരണത്താൽ ഇരുപ്പൂ നിലങ്ങളായും പിന്നീട് ഒരുപ്പൂനിലങ്ങളായും മാറിക്കൊണ്ടിരിക്കുന്നു. കൃഷിയിൽ നിന്നുള്ള വരുമാനം കണക്കാക്കിയാൽ ഏറ്റവും കുറവ് നെല്ലിനായതിനാൽ നിലങ്ങൾ മറ്റു കൃഷികൾക്കും, ഭവനനിർമ്മാണത്തിനും വഴിമാറിക്കൊണ്ടിരിക്കുന്നു.

നിലങ്ങളിലും അവയോടു ചേർന്ന തട്ട്പ്രദേശങ്ങളിലും നെല്ല്, പച്ചക്കറികൾ, കിഴങ്ങു വർഗ്ഗങ്ങൾ, വാഴത്തൈങ്ങ് മുതലായവ കൃഷിചെയ്യുമ്പോൾ അടുത്തതട്ടായ കുന്നിൻ ചരിവുകളിൽ റബർ, തെങ്ങ്, കുരുമുളക്, കമുക്, എന്നിവ കൂടുതൽ കൃഷിചെയ്യുന്നു. ജല ദൗർലഭ്യം കൂടുതലുള്ള കുന്നിൻ മുകളിലും , പാറയോടുചേർന്ന കിടക്കുന്ന പ്രദേശങ്ങളിലും , പറങ്കിമാവ്, പ്ലാവ്, തേക്ക്, ആഞ്ഞിലി, മരുത്, എന്നിവനട്ടു വളർത്തുന്നു. അങ്ങനെ മണ്ണിനും നാടിനും യോജിച്ച വിധത്തിൽ കൃഷിചെയ്യുന്നണ്ട്. പഴയ കാലത്ത് ഓരോ പുരയിടത്തിന്റേയും തെക്കുപടിഞ്ഞാറെ കോണിൽ ഈറയും മുളയും വച്ചുപിടിപ്പിച്ചിരുന്നു.പുരയിടത്തിൽ യക്ഷികയറിയാൽ അവളുടെ നീണ്ടുതിർന്ന മുടിയിഴകൾ ഈ മുളകളിൽ ഉടക്കുവാനെന്നാണ് പഴമക്കാർ പറയുന്നു. അതേ ഇതൊരു ചരിത്ര സത്യമാണ്. കൊടുങ്കാറ്റെന്ന യക്ഷി പുരയിടങ്ങളിൽ സംഹാര താണ്ഡവമാടാതിരിക്കാൻ ഈ മുള ഇല്ലിക്കൂട്ടങ്ങൾ സഹായിച്ചിരുന്നു. പുരയിടങ്ങളുടെ അതിരുകളിലെങ്കിലും

തേക്ക് ആഞ്ഞിലി, പ്ലാവ്, നാടൻ മാവുകൾ മുതലായവ വളർത്തി മണ്ണിന്റെ ജല പുഷ്ടിയും, സന്തുലിതാവസ്ഥയും നിലനിർത്തേണ്ടിയിരിക്കുന്നു.

## ജൈവസമ്പത്ത്

ഒരു പ്രദേശത്തെ ജൈവസമ്പത്ത് അവിടേയ്ക്കു കിട്ടിയിരിക്കുന്ന ഒരു വരദാനമാണ്. അത് യഥാർത്ഥ സമ്പത്തു തന്നെയാണ് ഈ സമ്പത്തിനെ ആശാസ്ത്രീയ മായ രീതിയിൽ ചൂഷണം ചെയ്യരുത് ഭൂമിയുടെ സന്തുലനാവസ്ഥ നിലനിർത്താൻ ( മനുഷ്യൻ എത്തിയിട്ടുള്ള ഒരു മേഖലയിലും ഇത് ഇന്നു നില നിൽക്കുന്നില്ല) ഈ ജൈവസമ്പത്ത് അത്യന്താപേക്ഷിതമാണ്. ഇത് പ്രകൃതിയുടെ നിലനിൽപ്പിനെ ബാധിക്കുന്നതാണ്.

ഈ പഞ്ചായത്തിൽ ഇന്നുള്ള ഇരുപതോളം കാവുകളും അപൂർവ്വമായി കാണുന്ന വൻ മരങ്ങളും ഇവുടുത്തെ ഭൂഗർഭ ജല സമ്പത്ത് നിലനിർത്തുന്നു. കാവുകളും വൃക്ഷങ്ങളും പക്ഷികളുടെ ആവാസകേന്ദ്രങ്ങളാണ്. ഓലത്തുമ്പത്തുവരെ സുരക്ഷിതമായി വീടുകെട്ടിവിഹരിക്കുന്ന കുഞ്ഞാറ്റകുരുവികളെ ഇപ്പോഴും അപൂർവ്വമായിക്കാണാം.

അപൂർവ്വ സസ്യങ്ങളായ കരിനൊച്ചി, വള്ളിപ്പാല, ചിറ്റരത്ത, കുറുന്തോട്ടി, സർപ്പഗന്ധി,ഓരില, മൂവില, കീഴാൻ നെല്ലി, തുളസി, കച്ചോലം, നറുനീണ്ടി, മുത്തങ്ങ,ശതാവരി എന്നിവയെല്ലാം ഇവിടെ സുലഭമായിരുന്നു. കുമ്പിൾ കൂവളം എന്നിവയും ധാരാളമായി വളർന്നിരുന്നു.

പശുക്കളും ആടുകളും ധാരാളമായി വളർത്തപ്പെടുന്നു. ഇവയിൽ ഉല്പാദനക്ഷമത കൂടിയവ വളരെ കുറവാണ്. ഉല്പാദനക്ഷമത കൂടിയവയെ വളർത്താനുള്ള സാങ്കേതികബുദ്ധിമുട്ടാണ് പ്രധാന കാരണം. മൃഗസംരക്ഷണ വകുപ്പിലുള്ളവരുടെ സേവനം യഥാസമയം ലഭിക്കാത്തതാണ് ഈ സാങ്കേതിക ബുദ്ധിമുട്ടിനു കാരണം. നാടൻ ഇനങ്ങൾ താരതമ്യേന രോഗപ്രതിരോധശക്തി കൂടുതലുള്ളവയാണ്. ഉല്പാദനക്ഷമത കുറഞ്ഞാലും ജനങ്ങൾ ഇവയെക്കൊണ്ടു തൃപ്തരാകുന്നു. മെച്ചപ്പെട്ട ഇനം മുട്ടക്കോഴികൾ ഇറച്ചിക്കോഴികൾ എന്നിവയുടെ എണ്ണം കുറവാണ്. കാട്ടുമുയൽ മുതൽ കാട്ടുപന്നികൾ വരെ ഇവിടെ ഉണ്ടായിരുന്നെങ്കിലും ഇന്നവ കേട്ടുകേഴ്വി മാത്രമാണ്. തെരുവ്നായ്ക്കൾ വർദ്ധിച്ചുവരുന്നു. ഇവയ്ക്ക് പേ വിഷബാധയ്ക്കെതിരേയുള്ള കുത്തിവയ്പുകൾ നടത്താൻ ഈ വകുപ്പുമായി ബന്ധപ്പെട്ടവർ ശുഷ്ക്കാന്തി കാണിക്കുന്നില്ല.

## മനുഷ്യവിഭവം

ഏതൊരു നാടിന്റേയും ഏറ്റവും വലിയ വിഭവമാണ് അവിടുത്തെ മനുഷ്യസമ്പത്ത്. 1991 ലെ ജനസംഖ്യാ കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ 29980 ജനങ്ങൾ ഉണ്ടായിരുന്നു. 14350 പുരുഷന്മാരും 15630 സ്ത്രീകളും. ഇതിൽ തൊഴിലുള്ളവർ 8588. ഭാഗികമായി തൊഴിലുള്ളവർ 1177 മാത്രം. തൊഴിലില്ലാത്തവർ 20215. ആകെ ജനസംഖ്യയിൽ 94.86% വും സാക്ഷരരാണ്. സ്റ്റേറ്റ് ആവറേജ് സാക്ഷരത 89.81% മാത്രമാണ്. തൊഴിൽരഹിതരായ 20215 പേരിൽ സാങ്കേതിക വിദ്ഗധരും ഉൾപ്പെടുന്നു. ഇവർ മറ്റുള്ളവരെ ആശ്രയിച്ചും, താല്ക്കാലികമായ തൊഴിലുകളേർപ്പെട്ടും ജീവിതം നയിക്കുന്നു. ഇത്രയും പേർക്ക് തൊഴിൽ നൽകാൻ സാധിച്ചാൽ ഈ പഞ്ചായത്തിലേക്ക് ഒഴുകിയെത്താവുന്നത് 20215 x 300 x 70 = 42,45,15,000/- രൂപയാണ്. ഇത്രയും പേരുടെ അദ്ധ്വാനശേഷി വിനിയോഗിക്കാനാവാതെ നഷ്ടപ്പെടുന്നു.

ഏറ്റവും ഒടുവിൽ ലഭിച്ച കണക്കനുസരിച്ച് പ്രമാടം പഞ്ചായത്തിൽ 32171 ആണു ജനസംഖ്യ. ഇതിൽ പുരുഷന്മാർ 14526, സ്ത്രീകൾ 17645, വാർഷീക ജനസംഖ്യാവർദ്ധനവ് 1% മാത്രം, മരണനിരക്കും കുറവാണ്.

കാർഷികമേഖലയിലും മറ്റുതുറകളിലും പ്രമാടം പഞ്ചായത്തിലെ അഭ്യസ്തവിദ്യരും, വിജ്ഞാന സമ്പന്നരുമായ ആളുകൾക്കെങ്കിലും തൊഴിൽ ലഭ്യമാക്കാൻ സാധിച്ചിരുന്നെങ്കിൽ. !!!

# ഭൂമി സംബന്ധിച്ച വിവരങ്ങൾ

| വില്ലേജിന്റെ പേര് | ഭൂമിയുടെ വിസ്തീർണ്ണം ഏക്കറിൽ | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | പുരയിടം | നിലം | തരിശ് | പുറമ്പോക്ക് | ആകെ | 1-10 സെന്റ് | 11-25 സെന്റ് | 26-50 സെന്റ് | 51-99 സെന്റ് | 1-2 ഏക്കർ | 2-5 ഏക്കർ | 5ഏക്കറിനു മുകളിൽ |
| പ്രമാടം | 3011 | 480 | 97 | 676 | 4264 | 3407 | 2810 | 2004 | 1290 | 550 | 269 | 9 |
| വള്ളിക്കോട്-കോട്ടയം | 3350 | 198 | 24 | 1328 | 4900 | 1567 | 1295 | 1493 | 3350 | 251 | 206 | 60 |
| ആകെ | 6361 | 678 | 121 | 2004 | 9164 | 4974 | 4105 | 3497 | 4640 | 801 | 675 | 69 |



# കൃഷിയും ജലസേചനവും

# 5.I

## വികസന മേഖലകളുടെ അവലോകനം

## പ്രാഥമിക മേഖല

# കൃഷിയും ജലസേചനവും

പ്രമാടം ഗ്രാമപഞ്ചായത്ത് തികച്ചും ഒരു കാർഷികമേഖലയാണ്. ജനസംഖ്യയുടെ 80%വും, കൃഷിയും കാർഷികാനുബന്ധമായ തൊഴിലും ചെയ്യുന്നവരാണ്. വൻകിടകൃഷിക്കാർ നാമമാത്രമാണ്. ആകെയുള്ള 18761 ഭൂവുടമകളിൽ 12576 പേരും 50 സെന്റിൽ താഴെ കൈവശഭൂമിയുള്ളവരാണ്. ആകെയുള്ള വിസ്തീർണ്ണത്തിന്റെ $7^1/_2$% മാത്രമാണ് വയലുകൾ.

ചരിത്ര പ്രസിദ്ധമായ അച്ചൻകോവിലാറ് ഈ പഞ്ചായത്തിന്റെ വടക്കും പടിഞ്ഞാറും അതിർത്തിയിൽകൂടി കടന്നു പോകുന്നു. (12K.M.). ആറിനോടു ചേർന്നു കിടക്കുന്ന പ്രമാടം, ഇളകൊള്ളൂർ, വെട്ടൂർ എന്നീ പ്രദേശങ്ങൾ തീരസമതലങ്ങളാണ്. ഉയർന്ന ചരിവുകളും, പാറക്കെട്ടുകളും ഉൾപ്പെടുന്ന ഈ പഞ്ചായത്തിൽ ചതുപ്പുനിലങ്ങളോ, വനമോ ഇല്ല. മൊത്തം ഭൂമിയുടെ 20% മാത്രമാണ് സമതലപ്രദേശം. പാറയും തരിശും ചേർന്ന് ഉപയോഗശൂന്യമായ 1000 ഏക്കറോളം സ്ഥലം ഉണ്ട്. മണലും ചരലും ചേർന്ന ഫലപുഷ്ടിയുള്ള പശിമരാശി മണ്ണാണ് ഏറെ പ്രദേശങ്ങളിലും. 1930 കൾ വരെ ഈ പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ ഭൂരിഭാഗവും സർക്കാർ തരിശായിരുന്നു. പിന്നീടെ പല സ്ഥലങ്ങളിൽ നിന്നും വന്ന ആളുകൾ ഭൂമി കൈവശപ്പെടുത്തി പട്ടയം വാങ്ങി കൃഷി ചെയ്യുകയായിരുന്നു. നാമമാത്രകർഷകർ തങ്ങളുടെ കൃഷിഭൂമിയിലെ വരുമാനം കുറഞ്ഞപ്പോൾ ആകർഷകങ്ങളായി മറ്റു മേഖലകളിലേക്ക് ചേക്കേറി. ഈ സാഹചര്യത്തിൽ കാർഷിക വിളകളിലും മാറ്റമുണ്ടായി.

മുമ്പ് നെല്ല്, തെങ്ങ്, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ, എന്നിവയും കുരുമുളക്, കശുമാവ്, ഇഞ്ചി, അടയ്ക്കാ, മഞ്ഞൾ മുതലായ നാണ്യവിളകളും കൃഷിചെയ്തിരുന്നു. എല്ലാ പുരയിടങ്ങളിലും പ്ലാവ്, മാവ് മുതലായ ഫലവൃക്ഷങ്ങൾ ധാരാളം ഉണ്ടായിരുന്നു. ഏതാണ്ട് കുറെ വർഷം മുമ്പുവരെ ചക്കയും, മരച്ചീനിയും ഇന്നാട്ടുകാരുടെ കാർഷീക വിളകളായിരുന്നു. എന്നാൽ ഇവയെല്ലാം ഇന്ന് ധനികനായ റബ്ബറിന് വഴിമാറികൊടുത്തിരിക്കുകയാണ്. സാധാരണകൃഷികൾ ലാഭകരമല്ലാതായതും അഭ്യസ്തവിദ്യർക്ക് കാർഷികവൃത്തിയോടുള്ള വിമുഖതയും ഈ മേഖലയുടെ അപചയത്തിന് കാരണമായി. പഴയകാലത്തുണ്ടായിരുന്ന ജൈവവളപ്രയോഗം ഇന്നസാധ്യമായി വന്നു. ജൈവവളത്തിന്റെ ലഭ്യത ഇല്ലായ്മയും തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ടുമാണ് ഇതിന് പ്രധാന കാരണം. അമിതരാസവള പ്രയോഗം മണ്ണിന്റെ തനിമയും സന്തുലിതാവസ്ഥയും ഉൽപ്പാദനക്ഷമതയും കുറച്ചതുവഴിയായി കൃഷി നഷ്ടമായിക്കൊണ്ടിരിക്കുകയാണ്.

കൃഷിക്ക് ഉപയുക്തമായിരുന്ന പലകുളങ്ങളും, തോടുകളും ഇല്ലാതാകുകയും ആഴവും വീതിയും കുറയുകയും ചെയ്തതുവഴി കൃഷിഭൂമികൾ കൃഷിക്ക് ഉപയുക്തമല്ലാതായി.

# വിള വിസ്തീർണ്ണവും ഉല്പാദനവും.

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദന ക്ഷമത ഹെക്ടറിൽ |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 230 ഹെക്ടർ | 334 ടൺ | 1.8 ടൺ |
| നെല്ല് (രണ്ടാം വിള) | 246 ഹെക്ടർ | 418 | 1.7 ടൺ |
| നെല്ല് (മൂന്നാം വിള) | ഇല്ല | - | - |
| പയർ | 25 ഹെക്ടർ | | |
| എളള് | 2 ഹെക്ടർ | | |
| പച്ചക്കറികൾ | 11 ഹെക്ടർ | | |
| തെങ്ങ് | 700 ഹെക്ടർ | 140000 തേങ്ങ | 2000 തേങ്ങ |
| വാഴ | 100 ഹെക്ടർ | ലഭ്യമല്ല | ലഭ്യമല്ല |
| മരച്ചീനി | 300 ഹെക്ടർ | ലഭ്യമല്ല | ലഭ്യമല്ല |
| കുരുമുളക് | 200 ഹെക്ടർ | ലഭ്യമല്ല | ലഭ്യമല്ല |
| പ്ലാവ് | 10 ഹെക്ടർ | ലഭ്യമല്ല | ലഭ്യമല്ല |
| കശുമാവ് | 90 ഹെക്ടർ | ലഭ്യമല്ല | ലഭ്യമല്ല |
| മാവ് | 01 ഹെക്ടർ | ലഭ്യമല്ല | ലഭ്യമല്ല |
| റബ്ബർ | 1250 ഹെക്ടർ | ലഭ്യമല്ല | ലഭ്യമല്ല |
| കമുക് | 12 ഹെക്ടർ | ലഭ്യമല്ല | ലഭ്യമല്ല |
| സുഗന്ധദ്രവ്യം | 10 ഹെക്ടർ | ലഭ്യമല്ല | ലഭ്യമല്ല |
| കൊക്കോ | 15 ഹെക്ടർ | ലഭ്യമല്ല | ലഭ്യമല്ല |
| വെറ്റില | 3 ഹെക്ടർ | ലഭ്യമല്ല | ലഭ്യമല്ല |

# പ്രധാന കൃഷികൾ

## നെൽകൃഷി

റിക്കോർഡനുസരിച്ച് ഈ പഞ്ചായത്തിൽ 274.35 ഹെക്ടർ നിലമാണുള്ളത് (ആകെയുള്ള വിസ്തീർണ്ണത്തിന്റെ 7.5%) ഇതിൽ 230 ഹെക്ടർ സ്ഥലത്ത് ഒന്നാം വിളയും 246 ഹെക്ടറിൽ രണ്ടാം വിളയും കൃഷി ചെയ്യുന്നു. ഇന്നത്തെ സാഹചര്യത്തിൽ നെൽകൃഷി ലാഭകരമല്ലാത്തതിനാൽ കൃഷിക്കാർ മറ്റു കൃഷികളെ ആശ്രയിക്കുന്നു. പുതിയ വിത്തിനങ്ങളിൽ പലതും നമ്മുടെ മണ്ണിനും, കാലാവസ്ഥയ്ക്കും പറ്റാതാകയാൽ ഒരാവർത്തന കൃഷിക്കുശേഷം കർഷകർ ഉപേക്ഷിക്കുകയാണ് പതിവ്. ഇതിന്റെ കാരണം കർഷകന്റെ സ്വന്തം പാടത്തുനിന്നും ശേഖരിക്കുന്ന വിത്തിന് ഓരോ ആവർത്തനകൃഷിക്കും ഉല്പാദനക്ഷമത കുറഞ്ഞുകൊണ്ടിരിക്കുന്നതാണ്. ഏകദേശം ഹെക്ടറിന് 1800 കിലോ നെല്ലുമാത്രമാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം കുറെക്കൂടി കാര്യക്ഷമമാക്കിയാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും

# നിർദ്ദേശങ്ങൾ

1. ഗുണമേന്മ സാക്ഷ്യപ്പെടുത്തിയ വിത്തിനങ്ങൾ (Certified seeds) ഓരോ വിളകൾക്കും കൃഷിഭവൻ മുഖാന്തിരം കുറഞ്ഞനിരക്കിൽ കൃത്യസമയത്തുതന്നെ വിതരണം ചെയ്യുക.

2. വളരെയധികം മനുഷ്യാദ്ധ്വാനം ആവശ്യമുള്ളത് നെൽകൃഷിക്കായതിനാൽ ആനുപാതികമായ പ്രതിഫലം നെൽകൃഷിയിൽ നിന്നും ലഭിക്കുന്നില്ല. ഈ കാരണത്താൽ ഈ മേഖലയിൽ യന്ത്രവൽക്കരണം അനിവാര്യമാണ്. സർവ്വീസ് സഹകരണസംഘങ്ങൾ വഴിയും, പാടശേഖരസമിതികൾ വഴിയും ഈ കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങൾ സൗജന്യനിരക്കിൽ വിതരണം ചെയ്യേണ്ടതാണ്.

3. കാർഷികരംഗത്തെ മണ്ണു പരിശോധനപോലെയുള്ള ഗവേഷണഫലങ്ങൾ കാർഷകർക്ക് കർശനമായും കൃത്യസമയത്തുതന്നെ ലഭ്യമാക്കണം. ഇങ്ങനെ ലഭ്യമാക്കിയാൽ കർഷകന് വളരെയധികം ലാഭം ഉണ്ടാവുന്നതാണ്.

4. പാടശേഖര സമിതികളുടെ പ്രവർത്തനവും ഗ്രൂപ്പുഫാമിംഗ് സമ്പ്രദായവും കൂടുതൽ കാര്യക്ഷമമാക്കണം.

5. ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും, വിത്ത്, വളം, കീടനാശിനികൾ മുതലായവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയും ചെയ്താൽ ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും

6. കാർഷികവിദഗ്ധരുടെ സേവനവും, നിർദ്ദേശങ്ങളും, ബോധവൽക്കരണവും പഞ്ചായത്തുടനീളം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി വർഡുതലത്തിൽ സമിതികൾ മുഖേന ക്ലാസുകൾ സംഘടിപ്പിക്കണം.

7. കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുമെന്ന് കർഷകന് ഉറപ്പു നൽകണം. ഇതിന് സഹകരണസംഘങ്ങൾ രൂപീകരിച്ച് സംഭരണം, വിപണനം മുതലായവ സംഘം വഴി നടത്തുകയും, കാർഷികവായ്പ കുറെക്കൂടി ഉദാരവൽക്കരിക്കുകയും ചെയ്യണം.
ഉദാ: വായ്പയുടെ തോത് വർദ്ധിപ്പിക്കുക, പലിശനിരക്ക് കുറയ്ക്കുക.

8. കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷനുകൾ യുദ്ധകാലാടിസ്ഥാനത്തിൽ നൽകുകയും, ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള പരിപൂർണ്ണ സൗജന്യം ഉടനടി നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

9. എല്ലാ കർഷകർക്കും, കർഷകത്തൊഴിലാളികൾക്കും പെൻഷൻ അനുവദിക്കുക

10. അടഞ്ഞുപോയ (ജലസ്രോതസ്സുകൾ) തോടുകൾ പുനഃസ്ഥാപിക്കുക.

## റബ്ബർ കൃഷി.

നാണ്യവിളകളുടെ കൂട്ടത്തിൽ മറ്റെല്ലായിടങ്ങളിലെയുംപോലെ ഇവിടെയും പ്രമുഖൻ റബ്ബർ തന്നെയാണ്. ഈ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ $^1/_3$ൽ കൂടുതൽ (1250ഹെക്ടർ) റബ്ബർ കൃഷി ചെയ്യുന്നു. വൻകിട റബ്ബർ എസ്റ്റേറ്റുകൾ ഇവിടെ നാമമാത്രമാണ്. കൊടുമൺ പ്ലാന്റേഷന്റെ 11, 12 എന്നീ ഡിവിഷനുകൾ ഈ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. റബ്ബർ കൃഷിയെക്കുറിച്ചുള്ള അജ്ഞതമൂലവും, ഏതാണ്ട് ഇടവിള കൃഷിമാതിരി റബ്ബർ കൃഷി ചെയ്യുന്നതുകൊണ്ടും ഉൽപ്പാദനം കുറയാൻ ഒരു കാരണമാണ്.

### നിർദ്ദേശങ്ങൾ

1. നാമമാത്ര, ചെറുകിടട കർഷകരെ റബ്ബർ ബോർഡിന്റെ ആഭിമുഖ്യത്തിൽ ശരിയായി ബോധവൽക്കരിക്കുക.

2. റബ്ബറിന് ന്യായമായ വില ഉറപ്പു വരുത്തണം. വിലയുടെ വ്യതിയാനം 5% ത്തിൽ കൂടുതലാവരുത്.

3. പുതുകൃഷിക്കും, ആവർത്തനകൃഷിക്കും നാമമാത്ര കർഷകർക്ക് കൂടുതൽ ആനുകൂല്യം നൽകുകയും, റബ്ബർ റോളറുകൾക്ക് സബ്സിഡി ഏർപ്പെടുത്തുകയും ചെയ്യുക.

## തെങ്ങുകൃഷി

തെങ്ങുകൃഷിയുടെ ഇന്നത്തെ ശോചനീയാവസ്ഥയ്ക്കു കാരണം റബ്ബറാണ്. തെങ്ങിന്റെ പരിചരണക്കുറവും, അതിനു വരുന്ന രോഗങ്ങളെ ശാസ്ത്രീയമായ രീതിയിൽ തടയാനുള്ള ബുദ്ധിമുട്ടും കാരണം തെങ്ങുകൃഷി നാൾക്കുനാൾ കുറഞ്ഞുവരികയാണ്. നബാഡിന്റെ നിലവിലുള്ള സ്കീം കർഷകന് ഒരുപ്രയോജനവും ചെയ്യുന്നില്ല. ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ താഴെപ്പറയുന്നു.

1. രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റുകയും അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകൾ സൗജന്യമായി വിതരണം ചെയ്യുകയും വെട്ടിമാറ്റുന്ന തെങ്ങുകൾക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്യണം.

2. കീടനാശിനികൾ, തുരിശ്, സ്പ്രയറുകൾ മുതലായവ സൗജന്യമായി ലഭ്യമാക്കുകയും, സമഗ്രകേരവികസന പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കുകയും ചെയ്യണം.

3. സഹകരണാടിസ്ഥാനത്തിൽ സംഭരിച്ച കശുവണ്ടി കേരളത്തിലെവിടെയും വില്ക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടാവണം.

## കമുക് കൃഷി

അടയ്ക്കാ കേരളത്തിൽ അധികമായി ഉപയോഗിക്കുന്നില്ലെങ്കിലും ഇവിടുത്തെ നാണ്യവിളകളിൽ ഒരു മുഖ്യപങ്ക് ഇതിനുണ്ട്. മറ്റേതൊരു വിളയേക്കാളും കുറച്ചു സംരക്ഷണം മതിയാവുന്നതും, ഏതിനും ഇടവിളയായി കൃഷിചെയ്യാവുന്നതുമാണ്. ഇതിൽ നിന്നുള്ള എന്തുല്പന്നവും (തടി, പാള, തണുങ്ങ്, അടയ്ക്കാതൊണ്ട്) ഉപയോഗപ്രദമായതുമാണ്.

### നിർദ്ദേശങ്ങൾ

1. മംഗള, ശ്രീമംഗള മുതലായ രോഗപ്രതിരോധ ശക്തിയുള്ള മുന്തിയ ഇനങ്ങളുടെ തൈകൾ ലഭ്യമാക്കുക.
2. ശാസ്ത്രീയ ബോധവൽക്കരണം ഉറപ്പുവരുത്തുക
3. ഇതിന്റെ വിപണന സൗകര്യം കുറ്റമറ്റതാക്കുക

## വാഴകൃഷി

നമ്മുടെ മണ്ണും കാലാവസ്ഥയും വാഴകൃഷിക്ക് വളരെ അനുയോജ്യമാണ്. ഏറെ ബുദ്ധിമുട്ടില്ലാത്ത ഹ്രസ്വകാല വിള, വർഷത്തിലുടനീളം ഫലം, നാട്ടിൽ തന്നെ നല്ല വിപണി, കയറ്റുമതി സാദ്ധ്യത ഇവയെല്ലാം വാഴകൃഷിക്ക് അനുകൂല സാഹചര്യങ്ങളാണ്. വളരെ ആദായകരമായ ഒരു കൃഷിയാണിത്. അതിനാൽ ജനങ്ങളെ ഈ കൃഷിയിലേക്ക് വളരെയധികം ആകർഷിക്കുന്നു.

ഓണക്കാലത്തെ ആദായത്തെ ഉദ്ദേശിച്ചാണ് പ്രധാനമായും ഏത്തവാഴകൃഷിചെയ്യുന്നത്. ഏത്തവാഴ കൂടാതെ പാളയംകോടൻ, കണ്ണൻ, കൂമ്പില്ലാക്കണ്ണൻ, പൂവൻ, ഞാലിപൂവൻ, ചെങ്കദളി, മൈസൂർഏത്തൻ എന്നിവയും കൃഷിചെയ്യുന്നുണ്ട്.

### നിർദ്ദേശങ്ങൾ.

1. നല്ലയിനം വിത്തിനങ്ങൾ ഒക്ടോബർ, നവംബർ മാസങ്ങളിൽ ആവശ്യാനുസരണം ലഭ്യമാക്കണം.
2. സൗജന്യനിരക്കിൽ രാസവളവും, കീടനാശിനിയും വിതരണം ചെയ്യണം.
3. ഏത്തവാഴകൾക്ക് ഏറ്റവുമധികം ഭീഷണിയായിക്കൊണ്ടിരിക്കുന്ന ചെല്ലിയെ നശിപ്പിക്കുന്നതിന് ശാശ്വതമായ മാർഗ്ഗം കണ്ടെത്തുവാൻ കാർഷിക സർവകലാശാലയ്ക്കോ മറ്റേതെങ്കിലും ഏജൻസിക്കോ നിർദ്ദേശം നൽകുക.

## കുരുമുളക്

ഒരു പ്രധാന നാണ്യവിളയായ കുരുമുളകിന്റെ കൃഷി ഇപ്പോൾ നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. ഈ രീതി തുടർന്നാൽ ഏതാനും വർഷത്തിനകം കുരുമുളക് നാം ഇറക്കുമതി ചെയ്യേണ്ട സ്ഥിതി വിശേഷമുണ്ടാകും. ഏകദേശം 30 വർഷം മുമ്പ് ഇവിടെയുള്ള ഏതൊരു മരത്തിലും ഒരു കുരുമുളക് ചെടി കാണുവാൻ കഴിയുമായിരുന്നു. വെള്ളിയറമുണ്ട ഈ പ്രദേശത്തിന്റെ സാഹചര്യങ്ങൾക്ക് വളരെ അനുയോജ്യമായ ഒരിനമാണ്. ഇവിടെത്തന്ന വികസിപ്പിച്ചെടുത്തതുമായ ളാക്കൂർ മുണ്ട, നാരായക്കൊടി മുതലായവയാണിവിടെ കൃഷി ചെയ്തിരുന്നത്. ദ്രുതവാട്ടം, മൂടുചീയൽ മുതലായ രോഗങ്ങൾ കുരുമുളകുകൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്.

### നിർദ്ദേശങ്ങൾ

1. ശാസ്ത്രീയമായ പരിചരണവും, വളപ്രയോഗവും നടത്തുന്നതിന് കൃഷിക്കാരെ കൂടുതൽ ബോധവാന്മാരാക്കേണ്ടതുണ്ട്.

2. കൂടുതൽ ആനുകൂല്യങ്ങൾ നൽകി കുരുമുളകുകൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

3. ദ്രുതവാട്ടം, മൂടുചീയൽ ആദിയായ രോഗങ്ങൾക്ക് ഫലപ്രദമായ പ്രതിവിധി കണ്ടുപിടിക്കുകയും, വിളഇൻഷുറൻസിൽ ഈ രോഗം വന്ന ചെടിക്കുകൂടി ആനുകൂല്യം നൽകാനുള്ള സംവിധാനം ഉണ്ടാവുകയും വേണം.

4. ബുഷ്പെപ്പർ കൃഷിഭവനിലൂടെ വിതരണം ചെയ്യുകയ

## കശുമാവ്

കേരളത്തിന് വിദേശനാണ്യം നേടിത്തരുന്നതും നല്ല ഒരു വിഭാഗം ആളുകൾക്ക് തൊഴിൽ നേടിക്കൊടുക്കുന്നതുമായ കശുമാവ് കൃഷിയും നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. വരൾച്ചയെ ഇത്രയധികം അതിജീവിക്കുവാൻ കഴിവുള്ള വൃക്ഷം വേറെയില്ലെന്നുതന്നെ പറയാം. പഴമക്കാരുടെ ഭാഷയിൽ "മറ്റൊരു കൃഷിയും ചെയ്യാൻ പറ്റാത്തിടത്ത് പത്തു പറങ്കിമാവ് വച്ചു പിടിപ്പിക്കുക". എന്നാണു പറയാറ്. പ്രത്യേകസംരക്ഷകളൊന്നും ഇല്ലാതെ വർഷത്തിലൊരിക്കൽ നല്ല വരുമാനം നൽകുന്ന ഒരു വൃക്ഷമാണിത്. ഇതിന്റെ കൃഷി അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്.

### നിർദ്ദേശങ്ങൾ

1. നല്ലയിനം നടീൽ വസ്തുക്കൾ അംഗീകൃതഫാമുകളിൽ നിന്നും ലഭ്യമാക്കുകയും, കശുമാവ് കൃഷി കൂടുതൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

2. കശുവണ്ടിക്ക് ന്യായമായ വില സമയാസമയം പ്രഖ്യാപിക്കേണ്ടതാണ്. വ്യക്തികൾക്ക് അവരുടെ ഉൽപ്പന്നം സംഭരിച്ച് വയ്ക്കുന്നതിനുള്ള നിയന്ത്രണം എടുത്ത് കളയേണ്ടതാണ്.

3. സഹകരണസ്ഥാപനത്തിൽ സംഭരിച്ച കശുവണ്ടി കേരളത്തിലെവിടെയും വിൽക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടാവണം.

## കിഴങ്ങുവർഗ്ഗങ്ങൾ

ഏതാണ്ട് നാമാവശേഷമായിക്കൊണ്ടിരിക്കുന്ന കൃഷികളാണ് കിഴങ്ങുവർഗ്ഗങ്ങൾ. മരച്ചീനി, ചേന, ചേമ്പ് മുതലായ കൃഷികൾ ഇന്നു തകർച്ചയെ നേരിടുകയാണ്. ഈ കൃഷികളെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

### നിർദ്ദേശങ്ങൾ

1. ഈ വിളകൾക്ക് ഇന്നു നേരിടുന്ന പ്രതിസന്ധി എലികളാണ്. സാധാരണ മനുഷ്യരെക്കാൾ ബുദ്ധിമാന്മാരായ എലികളെ നശിപ്പിക്കാൻ ഫലപ്രദമായ മാർഗ്ഗം ഇനിയും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

2. കിഴങ്ങുവർഗ്ഗങ്ങളുടെ പോഷകഗുണത്തെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുകയും, വിത്തുകളും വളവും ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുകയും വേണം.

## പച്ചക്കറി കൃഷി

നമ്മുടെ ആഹാരത്തിന്റെ അവിഭാജ്യഘടകമായ പച്ചക്കറിക്ക് അയൽ സംസ്ഥാനമായ തമിഴ്നാടിനെയാണ് നാം ആശ്രയിക്കുന്നത്. കോടിക്കണക്കിനു രൂപാ ഈ രീതിയിൽ അന്യസംസ്ഥാനത്തിലേക്ക് ഒഴുകുകയാണ്. അധിക സാമ്പത്തിക ബാധ്യതകളൊന്നുമില്ലാതെ ഓരോ കർഷകനും ആവശ്യമായ പച്ചക്കറികൾ ഓരോ വീട്ടുവളപ്പിലും കൃഷിചെയ്യാവുന്നതാണ്.

### നിർദ്ദേശങ്ങൾ

1. ജലസേചനസൗകര്യം ലഭ്യമായാൽ പാടശേഖരങ്ങളിൽ മൂന്നാം വിളയായി പച്ചക്കറി വാണിജ്യാടിസ്ഥാനത്തിൽ തന്നെ ഉല്പാദിപ്പിക്കുവാൻ കഴിയും.

2. ഗുണമേന്മ ഉറപ്പുവരുത്തിയ പച്ചക്കറികിറ്റ് പഞ്ചായത്തിലെ എല്ലാ വീടുകളിലും എത്തിക്കുകയും അടുക്കളത്തോട്ടം എല്ലാ വീടുകളിലും ഉണ്ടാക്കുകയും ചെയ്യുക.

3. ശാസ്ത്രീയ ബോധവൽക്കരണവും മറ്റും കൂടുതൽ ലഭ്യമാക്കുക.

4 പച്ചക്കറി സംഭരണകേന്ദ്രങ്ങൾ പഞ്ചായത്തിന്റേതായി ഉണ്ടാക്കി വിപണനസൗകര്യം ഉറപ്പുവരുത്തുക.

## സുഗന്ധദ്രവ്യങ്ങൾ

ഇഞ്ചി, മഞ്ഞൾ, കോലിഞ്ചി, കച്ചോലം മുതലായ സുഗന്ധദ്രവ്യങ്ങൾ ഇവിടെ ധാരാളം കൃഷി ചെയ്തിരുന്നു. ഇതിൽ അന്യം നിന്നു പോകാത്തത് ഇഞ്ചി മാത്രമാണ്. ഇവയ്ക്ക് അനുയോജ്യമായ മണ്ണും, കാലാവസ്ഥയുമാണിവിടെയുള്ളത്. എല്ലാ സുഗന്ധദ്രവ്യങ്ങളുടെയും സത്ത് എടുക്കുന്ന ഒരു ഫാക്ടറി നമ്മുടെ പഞ്ചായത്തിന്റെ അതിർത്തിയിലുണ്ട്. അതിനാൽ സുഗന്ധദ്രവ്യങ്ങൾക്കു വിപണികണ്ടെത്തുന്നതിന് യാതൊരു ബുദ്ധിമുട്ടും ഇവിടെയുണ്ടാവില്ല.

### നിർദ്ദേശങ്ങൾ

1. ഗുണമേന്മയുള്ള വിത്തിനങ്ങൾ കൃഷിഭവൻ വഴി ലഭ്യമാക്കുക
2. ഇഞ്ചിയുടെ മൂടുചീയൽ രോഗത്തിന് ശാശ്വതമായ പരിഹാരം കണ്ടെത്തുക
3. ഈ രോഗം മൂലം കൃഷിനഷ്ടം വന്നാൽ ഇൻഷുറൻസ് കവറേജ് ലഭ്യമാക്കുക
4. നല്ല വില ലഭിക്കുന്ന മഞ്ഞൾകൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

## വെറ്റില കൃഷി

വളരെയധികം പരിചരണവും ശ്രദ്ധയും ആവശ്യമായ ഒരു കൃഷിയാണ് വെറ്റില. പലകുടുംബങ്ങളുടെയും ഉപജീവനമാർഗ്ഗമാണ് ഈ കൃഷി. ജലസേചനസൗകര്യം തുടർച്ചയായി ലഭിക്കുകയാണെങ്കിൽ പത്തോ അതിലധികമോ വർഷം തുടർച്ചയായി വരുമാനം ലഭിക്കുന്ന ഒരു കൃഷിയാണിത്.

### നിർദ്ദേശങ്ങൾ

1. ഇതിന്റെ രോഗങ്ങൾക്കുള്ള പ്രതിരോധമാർഗ്ഗങ്ങൾ ലഭ്യമാക്കുകയും ഇതിന് ആവശ്യമുള്ള ഈറ്റ, മുള തുടങ്ങിയവ ആവശ്യാനുസരണം ലഭ്യമാക്കുകയും ചെയ്താൽ ഈ കൃഷി അഭിവൃദ്ധിപ്പെടും.
2. വിപണന സംവിധാനം വിപുലപ്പെടുത്തണം

## മൾബറി കൃഷി

ഖാദിബോർഡിന്റെ പ്രത്യേകാനുകൂല്യങ്ങൾ ലഭ്യമാക്കുന്ന ഈ കൃഷിയെപ്പറ്റി ബോധവൽക്കരണം അത്യാവശ്യമാണ്.

മുകളിൽ പറഞ്ഞവകൂടാതെ പ്ലാവ്, മാവ്, കൊക്കോ, മുള, മറ്റു പാഴ്‌വൃക്ഷങ്ങൾ, ആഞ്ഞിലി, തേക്ക്, മാഞ്ചിയം എന്നിവയും പഞ്ചായത്തിൽ വ്യാപകമായി നട്ടുപിടിപ്പിച്ചിട്ടുണ്ട്. തടിക്കു വിലകൂടിയതുമൂലം പഴയവൃഷങ്ങൾ പലതും പുരയിടങ്ങളിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

## പ്രോത്സാഹനമർഹിക്കുന്ന കൃഷികൾ

നമ്മുടെ പഞ്ചായത്തിന്റെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും അനുയോജ്യമായ കൃഷിയാണെങ്കിലും ശരിയായ ബോധവല്ക്കരണത്തിന്റെ അഭാവം മൂലം താഴെപ്പറയുന്ന കൃഷിവിളകൾ വ്യാപകമായിട്ടില്ല. കൈതച്ചക്ക, ചിപ്പിക്കൂൺ, കുറ്റിമുല്ല, ഓർക്കിഡ്, അന്തൂറിയം മുതലായവ.

ഇവയുടെ ശാസ്ത്രീയ കൃഷിരീതികളെപ്പറ്റി ബോധവൽക്കരണം നടത്തുകയും, വിത്ത്, തൈകൾ എന്നിവ ലഭ്യമാക്കുകയും ചെയ്താൽ അഭ്യസ്ഥവിദ്യരായ അനേകം തഴിൽരഹിതരെ ഈ മേഖലയിൽ പിടിച്ചു നിർത്തുവാനാകും. STED മുതലായ സംഘടനകൾ വഴി സൗജന്യമായി വിതരണം ചെയ്യുന്ന കുറ്റിമുല്ല തൈകൾ പോലയുള്ളവ പഞ്ചായത്ത് നേരിട്ട് ഇടപെട്ട് ആവശ്യക്കാർക്ക് മുഴുവൻ എത്തിക്കുവാനുള്ള സംവിധാനം ഉണ്ടാകണം.

## കാർഷിക വായ്പ വിതരണം സംബന്ധിച്ച്

| നമ്പർ | ബാങ്കിന്റെ പേര് | വിതരണംചെയ്ത തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1. | പ്രമാടം സർവ്വീസ് സഹകരണ ബാങ്ക് | 819690.00 | ലഭ്യമല്ല |
| 2. | വകയാർ സർവ്വീസ് സഹകരണ ബാങ്ക് | 1995185.00 | ലഭ്യമല്ല |
| 3. | ജനതാ സർവ്വീസ് സഹകരണ ബാങ്ക്വി.കോട്ടയം | 1282428.00 | |
| 4. | ഇളകൊള്ളൂർ സർവ്വീസ് സഹകരണ ബാങ്ക് | 2153309.00 | |
| 5. | എസ്.ബി.റ്റി. മല്ലശ്ശേരി | 3024056 | 427 |
| 6. | ഐ.ഒ.ബി. മല്ലശ്ശേരി | 1838600 | 103 |

## രാസവള കീടനാശിനി വിപണനം

| നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993 - 94 | | | 1994 -1995 | | | 1995 - 1996 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസ വളം | കീടനാശിനി | | രാസ വളം | കീടനാശിനി | | രാസ വളം | കീടനാശിനി | |
| | | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| I | വകയാർ സർവ്വിസ് സഹ: ബാങ്ക് | 304 MT | 15 LTR | 335 | 565 MT | 35 LTR | 370 Kg. | 348 MT. | 7 LTR. | 162 KG. |
| II | പ്രമാടം സർവ്വീസ് സഹ: ബാങ്ക് | 94.17 MT. | - | - | 60.65 MT. | - | - | 51.05 MT. | - | - |
| III | ജനതാ സർവ്വീസ് സഹ: ബാങ്ക് | 150.66 MT. | | | 161.00 MT. | | | 98.351 MT. | | |
| IV | ഇളകൊള്ളൂർ സർവ്വിസ് സഹ: ബാങ്ക് | 185 MT | | | 150 MT. | | | 169 MT. | | |
| V | സ്വകാര്യ മേഖല | 244 MT. | 156 LTR. | 385 KG. | 267 MT. | 150 LTR. | 425 KG. | 283 MT. | 180 LTR. | 470 KG. |

## RAINFALL IN PATHANAMTHITTA DISTRICT IN 1993-1994 (IN M.M.)

| MONTH | NORMAL RAINFALL | | AVARAGE RAINFALL | | DURING 1993-1994 | |
|---|---|---|---|---|---|---|
| | | | PTA | | KERALA | |
| | PTA | KERALA | 1993 | 1994 | 1993 | 1994 |
| JANUARY | 28 | 15.54 | 00 | 34.3 | 0.00 | 32.45 |
| FEBRUVARY | 41 | 16.21 | 29.3 | 68.0 | 18.10 | 30.96 |
| MARCH | 99 | 37.14 | 41.3 | 45.5 | 21.00 | 20.28 |
| APRIL | 202 | 109.78 | 161.2 | 142.3 | 70.60 | 145.69 |
| MAY | 306 | 252.42 | 287.5 | 281.1 | 169.5 | 157.90 |
| JUNE | 585 | 711.35 | 630.9 | 507.3 | 688.8 | 836.2 |
| JULY | 550 | 720.71 | 718.5 | 593.0 | 804.6 | 940.99 |
| AUGUST | 372 | 438.31 | 193.9 | 404.4 | 293.2 | 478.91 |
| SEPTEMBER | 272 | 248.57 | 85.9 | 168.4 | 91.7 | 205.84 |
| OCTOBER | 339 | 297.28 | 549.2 | 664.7 | 442.7 | 448.47 |
| NOVEMBER | 242 | 162.71 | 242.2 | 242.3 | 169.3 | 163.73 |
| DECEMBER | 62 | 42.5 | 47.6 | 62.0 | 49.3 | 42.47 |
| | TOTAL | | 2992.5 | 3213.3 | 2818.6 | 3497.86 |

## ഈ ഗ്രാമത്തിൽ കൂടി ഒഴുകുന്ന പ്രധാന തോടുകൾ

| ക്രമ ന: | പേര് | കടന്നു പോകുന്ന വാർഡ് | ഏകദേശ രൂപം | ചെയ്യേണ്ട വികസന പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1. | കാഞ്ഞിരവയൽ തോട് | I | 1.5 Km. | വശങ്ങൾകെട്ടിയുറപ്പിച്ച് ആഴവും വീതിയും കൂട്ടേണ്ടതാണ് |
| 2. | പൂവക്കാട് തോട് | I | .6 | " |
| 3. | കുതിരവട്ടം ഏലാതോട് | I | .8 | " |
| 4. | കണിയാൻ ചാലിൽ വ്യാഴി തോട് | I&II | 1.1 | " |
| 5. | മാരാക്കുഴി വട്ടക്കാവ് തോട്. | 11&5 | 4.2 | " |
| 6. | V-കോട്ടയം വാളു വേലിൽ മണക്കപ്പതോട്. | 7&8 | 3 | " |
| 7. | കമുകിനാരക്കുഴി രണ്ടാം തറ പടി | 6,3&2 | 3 | " |
| 8. | പന്നിക്കണ്ടം പടി പ്പുരേത്ത് റോഡ് | 5 | | " |
| 9. | താന്നിക്കുഴി വാഴവിള വെള്ളാവൂർ പടി | 7&8 | 2 | " |
| 10. | വല്ലൂർ പടി ആഴക്കൂട്ടം | 8 | | " |
| 11. | കരിംകുടുക്ക വകയാർ | 10,12 | 1 | " |
| 12. | വലിയ വിള പടി മുട്ടത്ത് പടി | 10 12 | 1 | " |

# ജലസേചനം.

മഴയെ ആശ്രയിച്ചാണ് പ്രധാനമായും നമ്മുടെ കൃഷി രീതികൾ നടന്നുവരുന്നത്. ഒരു നദിയും ധാരാളം തോടുകളും ഉണ്ടെങ്കിലും അവ ഗുണത്തേക്കാളേറെ ദോഷമാണുണ്ടാകുന്നത്.

### അച്ചൻകോവിലാറ്.

നമ്മുടെ. പഞ്ചായത്തിന്റെ വടക്കേഅതിർത്തിയിൽക്കൂടി കടന്നുപോകുന്ന അച്ചൻകോവിലാറാണ് ഈ പ്രദേശത്തെ ഏറ്റവും വലിയ ജലസ്രോതസ്സ്. 12 Km ദൂരം ഈ പഞ്ചായത്തിന്റെ അതിർത്തിയിൽ ക്കൂടി ഒഴുകുന്നുണ്ടെങ്കിലും ഈ ആറ്റിലെ വെള്ളം നാമമാത്രമായെ ജലസേചനത്തിനുപയോഗിക്കുന്നുള്ളൂ.

## നിർദ്ദേശങ്ങൾ

1. ഈ 12Km. ന് ഉള്ളിൽ രണ്ടോ മൂന്നോ ഭാഗത്ത് തടയണ (chech dam) നിർമ്മിച്ച് ജലം കൃഷി ക്കുപയോഗിക്കാനുള്ള സംവിധാനം ഉണ്ടാവേണ്ടതാണ്. (Lift Irrigation) തടയണ സ്ഥാപിക്കുന്നതി നൊ് പറ്റിയ സ്ഥലങ്ങൾ നിർദ്ദേശിക്കുന്നു. 1. വേലൻ കടവ് ഭാഗം 2. കുമ്പഴ പാലത്തിലടിവശം. 3. പാല മറൂർ ഭാഗം. 4. ഇളകൊള്ളൂർ ഭാഗം.

2. ആറ്റുതിട്ടയിടിഞ്ഞ് ഉണ്ടാകുന്ന നാശനഷ്ടം ഒഴിവാക്കാൻ സംരക്ഷണ ഭിത്തികെട്ടി തീരം സംരക്ഷി ക്കേണ്ടതാണ്.

### കല്ലട ഇറിഗേഷൻ പ്രോജക്ട് കനാൽ (കെ. ഐ. പി കനാൽ)

മനുഷ്യനിർമ്മിതമായ ഈ കനാൽ ഈ പഞ്ചായത്തിന്റെ എല്ലാ വാർഡുകളേയും തൊട്ടും തലോടിയും പോകുന്നു (15 Km.). ഈ കനാലിന്റെ പ്രയോജനം ഇന്നുവരെ ഈ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. വെള്ളം ഇല്ലാത്തതു നിമിത്തം ) ആവശ്യമുള്ള സമയത്ത് അറ്റകുറ്റ പണികൾ ചെയ്യുകയും, ജലം യഥേഷ്ടം ലഭ്യമാക്കുകയും ചെയ്താൽ ജലസേചനത്തിനും ഒരുപരിധിവരെ കുടിവെള്ളക്ഷാമത്തിനും പരിഹാരമുണ്ടാക്കാം.

### പ്രധാന തോടുകൾ

1. മാരാക്കുഴിയിൽ നിന്നുത്ഭവിച്ച് വെള്ളപ്പാറ, വട്ടക്കാവ് ഭാഗങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന പല തോടുകളും വട്ടക്കാവുവഴിയുള്ള കൈവഴികളും ചേർന്ന് ഉളകൊള്ളൂർ ഭാഗത്തുകൂടി അച്ചൻകോവിലാ

റ്റിൽ പതിക്കുന്നു ( 11,5 വാർഡുകൾ).

2. കരിംക്കുടുക്ക ഭാഗത്തുകൂടു ഒഴുകിവരിന്ന തോട് വകയാർ ഏലായിൽ കൂടി അച്ചൻകോവിലാറ്റിൽ പതിക്കുന്നു.

3. വിലങ്ങുപാറ കവിങ്ങിനാം കുഴി ഭാഗത്തുനിന്നും ഉത്ഭവിച്ച് ളാക്കൂർ മല്ലശ്ശേരി ഏല വഴി മറൂർ ഭാഗത്ത് അച്ചൻകോവിലാറ്റിൽ പതിക്കുന്നു.

4. വി. കോട്ടയം ഭാഗത്തുനിന്നും ഉത്ഭവിച്ച് ഈക്കൂട്ടം, തിടിയുരുളി ഏലാ മുതലായ സ്ഥലങ്ങളിൽ കൂടി ഒഴുകി ചെമ്പകത്തോടിനോട് ചേരുന്നു.

### മററു തോടുകൾ

1. ളാക്കൂർ-തീയർ കുളങ്ങര മുണ്ടത്തോട്

2. വാളുവേലിൽ-മണക്കുപ്പ വാഴമുട്ടംതോട്.

3. താന്നിക്കുഴി-വാഴവിളപ്പടി മണക്കുപ്പ തോട്.

4. പ്ലാന്റേഷൻ- വകയാർ തോട്

ഈ തോടുകളിൽ മഴക്കാലത്ത് ജലം സുലഭമാണെങ്കിലും വേനൽക്കാലാരംഭത്തോടുകൂടി വരൾച്ച ഉണ്ടാവുന്നു. കൂടാതെ അടുത്ത കാലത്ത് റബ്ബർ കൃഷി വ്യാപകമായതോടുകൂടി ജലനിരപ്പ് താഴുകയും തോടുകൾ വേഗം വറ്റുകയും ചെയ്യുന്ന രീതിയാണുള്ളത്.

## നിർദ്ദേശങ്ങൾ

1. വർഷകാലത്ത് തോടുകളുടെ തിട്ടയിടിഞ്ഞ് കൃഷിനശിക്കുകയും മണൽ കയറി നിലം ഉപയോഗസൂന്യമാകുകയും ചെയ്യുന്നത് തടയാൻ തോടുകളുടെ തിട്ട കെട്ടി ബലപ്പെടുത്തണം.

2. എല്ലാ ഏലാകളുടേയും ഉയർന്നഭാഗത്ത് കുളംകുഴിച്ച് ലിഫ്റ്റ് ഇറിഗേഷൻ മുഖേന വെള്ളം ലഭ്യമാണം.

3. പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി. ചരിവുതല പ്രദേശങ്ങളിൽ മഴ വെള്ളം തടഞ്ഞു നിർത്തി ഭൂമിയുടെ ജലനിരപ്പ് ഉയർത്തുന്നതിന് പദ്ധതി നടപ്പാക്കണം.

### നഴ്സറികൾ

രണ്ട് അംഗീകൃത നഴ്സറികൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് അംഗീകൃത ഫാമുകളിൽ നിന്നോ ഗവ: സ്ഥാപനങ്ങളിൽ നിന്നോ ഗുണമേന്മയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും കൃത്യ സമയത്തുതന്നെ ലഭ്യമാക്കിയാൽ മാത്രമേ ഇവയുടെ പ്രയോജനം പൂർണ്ണമായും ഉപയോഗപ്പെടുത്താനാകുകയുള്ളൂ.

1. മുട്ടത്ത് നഴ്സറി

2. ളാക്കൂർ നഴ്സറി

## വിപണികൾ

കർഷകർ തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് മൂന്ന് ചന്തകൾ( വിപണി) ഈ പഞ്ചായത്തിലുണ്ട്. പൂങ്കാവ് വള്ളിക്കോട്-കോട്ടയം, വകയാർ എന്നിവിടങ്ങളിലാണ് ഈ ചന്തകൾ. എന്നാൽ ഇവയിൽ മൂന്നിലും പച്ചക്കറി, മത്സ്യ, മാത്സ വിപണനം മാത്രമേ നടക്കുന്നുള്ളൂ. കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ വിദൂര മാർക്കറ്റുകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഇടത്തട്ടുകാരെ ഒഴുവാക്കി ന്യായമായ വില ലഭ്യമാക്കുവാൻ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾക്ക് സാധിക്കും. പ്രമാടം പഞ്ചായത്തിൽ ഇവരുടെ പ്രവർത്തനം ഇല്ല എന്നു തന്നെ പറയാം. മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ പ്രമാടം പഞ്ചായത്തിൽ തുടങ്ങേണ്ടതാണ്.

## കൃഷി ഭവൻ

പഞ്ചായത്തിൽ ആകെയുള്ള ഒരു കൃഷിഭവനിൽ മൂന്ന് കൃഷി അസിസ്റ്റന്റുമാരും ഒരു കൃഷി ആഫീസറുമുണ്ട്. ഈ കൃഷി ഭവൻ പ്രമാടം വില്ലേജിന്റെ ഒരറ്റത്താണ് സ്ഥിതിചെയ്യുന്നത്. ഇതിന്റെ പ്രയോജനം ഇവിടെനിന്നും 13 കിലോമീറ്റർ ദൂരെയുള്ള വകയാർ , കരിക്കുടുക്ക, കൈതക്കര ഭാഗത്തുള്ളവർക്ക് വേണ്ടത്ര ലഭിക്കുന്നില്ല. ഇവിടെ നിന്നും കഴിഞ്ഞ കാലയളവിൽ ഏഴ് പവർ ടില്ലറുകൾ വിതരണം ചെയ്തു. (90.50% സബ്സിഡിയോടെ).

### 1996-97 കാലയളവിലെ പദ്ധതികൾ സമഗ്ര നാളികേര പദ്ധതി

| നംമ്പർ | ഇനം | എണ്ണം | സബ്സിഡി<br>രൂ പൈ |
|---|---|---|---|
| 1. | പമ്പ്സെറ്റ് | 35 | 2500.00 |
| 2. | കിണർ | 30 | 250.00 |
| 3. | റോക്കർ സ്പ്രേയർ | 3 | 1000.00 |
| 4. | ക്ലൈംബിംഗ് ഡിവൈസ് | 3 | 500.00 |
| 5. | രാസവള കിറ്റ് | 580 കിറ്റ് | 50% വില |

യുവജനങ്ങൾക്കുള്ള തൊഴിൽ ദാന പദ്ധതിയിൽ 100 പേർ രജിസ്റ്റർ ചെയ്തു. 30,000 രൂപ അനുവ

ദിച്ചു. റബ്ബർ റോളർ, പശു തൊഴുത്ത് നിർമ്മാണം മുതലായവയ്ക്കായി ഈ തുക വിനിയോഗിച്ചു.

പാടശേഖര സമിതികൾക്കും സമിതി നിർദ്ദേശിക്കുന്ന ഒരേക്കർ നിലമുള്ള ആൾക്കും 50% സബ്സിഡിയോടു കൂടി പവർ ടില്ലർ ലഭ്യമാക്കും.

രജിസ്റ്റർ ചെയ്ത 12 പാടശേഖര സമിതികൾ ഉണ്ട്. അടിസ്ഥാന വിവര രജിസ്റ്ററനുസരിച്ച് 246.8 ഹെക്ടർ നിലമാണുള്ളത് സെന്റ് ഒന്നിന് ഒരു രൂപ നിരക്കിൽ ഉൽപ്പാദന ബോണസ് ലഭിക്കുന്നതാണ്.

## പ്രശ്നങ്ങൾ, പരിഹാരങ്ങൾ, നിർദ്ദേശങ്ങൾ.

- ഇപ്പോൾ പ്രമാടം പഞ്ചായത്തിൽ പ്രമാടം വില്ലേജിന്റെ ഒരറ്റത്തു സ്ഥിതിചെയ്യുന്ന കൃഷിഭവനിലേക്ക് എത്തിച്ചേരാനുള്ള ബുദ്ധിമുട്ടും ദൂരവും പരിഗണിച്ച് വള്ളിക്കോട് കോട്ടയം വില്ലേജിൽ കൂടി ഒരു കൃഷിഭവൻ ആരംഭിക്കുക. അതിന്റെ പ്രയോജനം വകയാർ കരിംകുടുക്ക എന്നീ ഭാഗത്തു കൂടി ലഭ്യമാകത്തക്ക രീതിയാലായിരിക്കണം കൃഷിഭവൻ സ്ഥാപിക്കേണ്ടത്.

- 1-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കൃഷിഭവന്റെ കെട്ടിടം മെയിന്റൻസ് നടത്തി പ്രവർത്തനം ഇതിലേക്ക് മാറ്റേണ്ടതാണ്.

- ടില്ലർ ഷെഡുകൾ എല്ലാ ഏലായിലും ഉണ്ടാക്കുന്നതിന് കൃഷിഭവൻ വഴി ധനസഹായം നൽകേണ്ടതാണ്.

- ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്. ഉത്പാദന ബോണസ് നിറുത്തലാക്കി പകരം സൗജന്യ നിരക്കിൽ കീടനാശിനി, വിത്ത്, വളം ഇവ യഥാസമയം ലഭ്യമാക്കേണ്ടതാണ്.

- മണ്ണു പരിശോധന കുറ്റമറ്റതും യഥാസമയത്തു നടത്തി കർഷകരെ മണ്ണിന്റെ ഘടന വളപ്രയോഗരീതി എന്നിവയെക്കുറിച്ച് ബോധവാന്മാരാക്കേണ്ടതാണ്. അതുപോലെ കാർഷികമേഖലയിലെ ഗവേഷണ ഫലങ്ങൾ കർഷകർക്ക് യഥാസമയം ലഭ്യമാക്കേണ്ടതാണ്.

- കൃഷിഭവനിലെ ഫീൽഡ് സ്റ്റാഫ് മാസത്തിലൊരിക്കൽ എല്ലാ വാർഡിലും കർഷകരുടെ യോഗം വിളിച്ചുകൂട്ടി അവരവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യണം. യോഗത്തിൽ വാർഡു മെമ്പറും പങ്കെടുക്കണം.

- മൊബൈൽ ക്ലീനിക്കിന്റെ സേവനം ജില്ലാതലത്തിലെങ്കിലും ലഭ്യമാക്കണം.

## നടപ്പിലാക്കേണ്ട പൊതു / വാർഡ് അടിസ്ഥാന നിർദ്ദേശങ്ങൾ

- K.I.P കനാലിന്റെ പുറമ്പോക്കു ഭൂമി പലരും കൈവശപ്പെടുത്തുകയും ദുർവിനിയോഗം ചെയ്യുകയും വീടുവെച്ചു താമസിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി പഞ്ചായത്ത് ഏറ്റെടുത്ത് തീറ്റപ്പുൽ, ഗ്ലയറിസീസിയ മുതലായവ കൃഷി ചെയ്യാൻ പാട്ട വ്യവസ്ഥയിൽ നൽകി പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

- ഇവിടെ ഉത്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് സംസ്ക്കരിച്ച് വിപണനം ചെയ്യുന്നതിനുളള സംവിധാനം ഉണ്ടാകേണ്ടതാണ്.

- എഴുമൺ തോട്, പറമ്പിപ്പടിക്കൽ, താന്നിക്കുഴിതോട്. മാരാക്കുഴി, പുല്ലുയള്ളുകാൽ എന്നീ ഭാഗങ്ഹളിലുള്ള തോടുകളിൽ തടയണകൾ നിയർമ്മിച്ച് ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

- കാഞ്ഞിരം വയൽ, പൂവക്കാട്, കന്യാകുളങ്ങര, ഊട്ടുപാറ തിടിയുരുളി, പൂഴിക്കുളം, പറമ്പിപ്പടി, വാളുവേലിപ്പടി, ആഴക്കൂട്ടം, പനനിൽക്കും മുകൾ, മലയകം, ആശാരിമുരുപ്പ്, പുത്തൂർ മുരുപ്പ് എന്നിവടങ്ങളിൽ കുളങ്ങൾ നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്.

  അടിയിൽ പറയുന്ന തോടുകൾ വശങ്ങൾ കെട്ടി ഉറപ്പിച്ച് ആഴവും വീതിയും കൂട്ടി മടവീഴ്ച തടഞ്ഞ് കൃഷിയേസംരക്ഷിക്കേണ്ടതാണ്.

  - കാഞ്ഞിര വയൽ തോട്
  - തണുങ്ങാട് ഏലാ
  - പൂവക്കാട് ഏലാ
  - കുതിരവട്ടം ഏലാ
  - കണിയാൻ ചാലിൽ-വ്യാഴിത്തോട്
  - പന്നിക്കണ്ടം പടിപ്പുരേത്ത് തോട്
  - മാരാക്കുഴി-വടക്കാവ്-തെങ്ങുകാവ് തോട്
  - കമുകിനാം കുഴി-രണ്ടാം തരപ്പടി തോട്
  - വള്ളിക്കോടു കോട്ടയം വാളുവേലിൽ മന്നക്കുപ്പ തോട്
  - വാഴവിള-വെള്ളാവൂർപ്പടി തോട്.
  - വല്ലൂർപ്പടി ആഴക്കൂട്ടം തോട്
  - കരിംകുടുക്ക വകയാർ തോട്
  - വലിയ വിളയിൽ പടി-മുട്ടത്ത് പടി തോട്.
  - വട്ടക്കാവ് കിഴക്കേവഞ്ഞൂർ ചണലാടി. ഏല.

- I-ാം വാർഡിൽ കാഞ്ഞിരം വയൽ ഏലായുടെ മുകൾ ഭാഗത്ത് ഏതാണ്ട് 68 സെന്റ് വിസ്തീർണ്ണമുള്ള കുളം നികന്ന് അന്യാധീനപെട്ടുപോയിരിക്കുന്നു. ഈ കുളം പുനസ്ഥാപികക്കേണ്ടതാണ്.

- നിലങ്ങൾ നികത്തി കെട്ടിടം വെയ്ക്കുന്നത് കർശനമായും തടയേണ്ടതാണ്. മല്ലശ്ശേരി ഏലായിലും ളാക്കൂർ ഏലായിലും കൃഷിചെയ്യാതെ തരിശിട്ടിരിക്കുന്ന നിലങ്ങളിൽ മട വീഴ്ച ഉണ്ടായ സ്ഥലങ്ങൾ കെട്ടി ഉറപ്പാക്കി കൃഷിക്ക് ഉപയുക്തമാക്കണം.

- II-ാം വാർഡിൽ ഇപ്പോൾ നിലവിലുള്ള ജലസേചന പദ്ധതിയിലെ 40 H.P. മോട്ടർ 100 H.P. ആക്കുകയും തണുങ്ങാട്ട് ഏലായിൽ മത്സ്യ വളർത്തൽ കേന്ദ്രം ആരംഭിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യണം.

- റബ്ബർ ബോർഡിന്റെ ഒരു ആഫീസ് ഈ പഞ്ചായത്തിൽ സ്ഥാപിച്ച് ബോർഡിന്റെ സേവനം ലഭ്യമാക്കണം.

- കുന്നുകളും ചരിവു പ്രദേശങ്ങളും നിറഞ്ഞ സ്ഥലമായതിനാൽ മണ്ണൊലിപ്പു തടയുന്നതിനു വേണ്ടി നീർ തട പദ്ധതികൾ, പശ്ചിമഘട്ട വികസനപദ്ധതി എന്നിവ നടപ്പാക്കേണ്ടതാണ്. വടക്കേമല്ലശ്ശേരി ഏലായിൽ നെടിയകാലാ പടി റോഡിലൂടെ മഴക്കാലങ്ങളിൽ ഒഴുകിവരുന്ന ശക്തമായ വെള്ളപ്പാച്ചലിൽ വെള്ളവും മണ്ണും കയറി നശിക്കുന്നു. വരമ്പുകൾ കെട്ടിയുറപ്പിച്ച് നിലം കൃഷിക്ക് ഉപയോഗിക്കത്തക്കരീതിയിൽ സംരക്ഷിക്കണം.

- കർഷകർക്ക് ക്ഷേമനിധി പെൻഷൻ എന്നിവ നൽകി ജീവിത ഭദ്രത ഉറപ്പുവരുത്തേണ്ടതും വിള ഇൻഷ്വറൻസ് കുറേക്കൂടി ഉദാരവൽക്കരിക്കുകയും ചെയ്യേണ്ടതാണ്.

- 5,6,11 വാർഡുകൾ കേന്ദ്രീകരിച്ച് റബ്ബർ ഉൽപ്പാദക സഹകരണ സംഘം തുടങ്ങേണ്ടതാണ്.

- കർഷകന്റെ കൃഷി ഭൂമിയിൽ 20% കുറയാത്ത ഭാഗത്ത് റബ്ബറേതര കൃഷികൾ നിർബന്ധമാക്കേണ്ടതാണ്.

- അഞ്ചാം വാർഡിൽ കോയിക്കണ്ടം ഏലായിൽ തകർന്ന ബണ്ടുകൾ കെട്ടി സംരക്ഷിക്കേണ്ടതാണ്.

- K.I.P.കനാലിന്റെ പ്രയോജനം 6-ാം വാർഡിൽ ളാക്കൂർ ഏലായിലെ കർഷകർക്കു കൂടി ലഭിക്കത്തക്കവണ്ണം കൈവഴി നിർമ്മിക്കേണ്ടതാണ്.

- 5,6,11 എന്നീ വാർഡുകൾ കേന്ദ്രീകരിച്ച് ഒരു മാർക്കറ്റ് സ്ഥാപിക്കേണ്ടതാണ്

- 7,8,9,11 എന്നീ വാർഡുകളിലെ ചിർപ്പുകൾ സംരക്ഷിച്ച് ഇവ നിയന്ത്രിക്കുന്നയാൾക്ക് ഗ്രാന്റ് നൽകി ചുമതല ഏല്പിക്കേണ്ടതുമാണ്. ഈ വാർഡുകളിൽ K.I.P കനാലിലെ ജലം എത്തിക്കേണ്ടതുമാണ്.

- 10-ാം വാർഡിൽ കൈതച്ചക്ക, ഇഞ്ചി, ഏത്തവാഴ എന്നിവ കൃഷിചെയ്യാനുള്ള സൗകര്യം വർദ്ധിപ്പിക്കുകയും അവിടെ ഒരു ചീർപ്പ് നിർമ്മിക്കുകയും ചെയ്യേണ്ടതാണ്.

- 12,11,6 വാർഡുകളിലെ കർഷകരുടെ സൗകര്യാർത്ഥം വെള്ളപ്പാറയിൽ ഒരു ഗ്രാമസേവകന്റെ ഓഫീസ് സ്ഥാപിക്കേണ്ടതാണ്.

- KIP കനാൽ ഡിസംബർ-മെയ് കാലയളവിൽ തുറന്നു വിട്ട് ജല ദൗർലഭ്യം പരിഹരിക്കേണ്ടതാണ്.

- കർഷകത്തൊഴിലാളികളുടെ കൂലിനിരക്കിന് ഒരു ഏകീകൃത സ്വഭാവം ഉണ്ടാകേണ്ടതാണ്.

- വിളവെടുപ്പ് സമയത്ത് കർഷകന്റെ ഉല്പന്നങ്ങൾ ശേഖരിച്ചുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ ലോൺ കൊടുക്കുന്ന ഒരു സംവിധാനം ഉണ്ടാക്കണം (സഹകരണാടിസ്ഥാനത്തിൽ).



# മൃഗസംരക്ഷണം

# മൃഗസംരക്ഷണം

മൃഗസംരക്ഷണത്തിന്റെ ചരിത്രം മനുഷ്യന്റെ പുരോഗതിയുടെ ചരിത്രം തന്നെയാണ്. ആദികാലത്ത് എല്ലാ ജന സമൂഹങ്ങളുടേയും സമ്പത്ത് നിർണ്ണയിച്ചിരുന്നതും,. നാണയ വ്യവസ്ഥ ഉണ്ടാകുന്നതിനു മുമ്പ് സ്വത്തുകൈമാറ്റം വളർത്തു മൃഗങ്ങൾ വഴി ആയിരുന്നു എന്നതും ചരിത്ര സത്യമാണല്ലോ.

തികച്ചും കർഷക ഗ്രാമങ്ങൾ ഉൾപ്പെടുന്ന ഈ പഞ്ചായത്തിലെ ജനതയ്ക്ക് ഏതാണ്ട് മൂന്നു ദശാബ്ദം മുമ്പു വരെ കൃഷിയോടൊപ്പം മൃഗസംരക്ഷണവും പ്രധാനപ്പെട്ട തൊഴിലും ജീവിതമാർഗ്ഗവും ആയിരുന്നു. പ്രധാനപ്പെട്ട കൃഷി നെല്ലായിരുന്ന അക്കാലത്ത് കൃഷിഭൂമി സ്വന്തമായുണ്ടായിരുന്ന എല്ലാ കുടുംബങ്ങളിലും ഉഴവു കാളകളുണ്ടായിരുന്നു. അതുപോലെ കർഷകത്തൊഴിലാളി കുടുംബങ്ങൾ ഉൾപ്പെട്ട എല്ലാ വീടുകളിലും പശുക്കളേയും ആടുകളേയും കോഴികളേയും വളർത്തിയിരുന്നു. ഗതാഗതസൗകര്യം കുറവായിരുന്ന അക്കാലത്ത് വണ്ടിക്കാളകളെയും ധാരാളമായി വളർത്തുകയും അതുമൂലം ഉപജീവനം കഴിക്കുകയും ചെയ്തിരുന്നവരും അനേകമുണ്ടായിരുന്നു. അന്ന് കന്നുകാലികളെ പോറ്റുന്നത് ചിലവേറിയകാര്യമായിരുന്നില്ല.

പഴയകാലത്ത് ഉത്പാദിപ്പിച്ചിരുന്ന പാല് മിക്കവാറും നാട്ടിൽതന്നെ ചിലവായിരുന്നു. അപൂർവ്വം ചിലർ പത്തനംതിട്ട, കുമ്പഴ, കോന്നി എന്നീ ടൗണുകളിൽ എത്തിച്ചു വിറ്റിരുന്നു. ഈ പഞ്ചായത്തിൽ അന്നും ഇന്നും കന്നുകാലി ചന്തകളില്ല. പത്തനാപുരം, പറക്കോട്, ചാരുംമൂട്, ഓമല്ലൂർ മുതലായി വളരെ അകലെയുള്ള ചന്തകളിലാണ് ആദ്യകാലത്ത് ഈ പ്രദേശത്തെ കർഷകർ കന്നുകാലി വിപണനം നടത്തിയിരുന്നത്. ഇപ്പോൾ എല്ലാ മലയാളമാസവും 18, 28തീയതികളിൽ നടത്തുന്നതും ഈ പഞ്ചായത്തിന്റെ അതിർത്തിയിൽ നിന്നും 200 മീറ്റർ മാത്രം ദൂരമുള്ളതുമായ കുമ്പഴ കന്നുകാലിചന്തയിലും 1958 ൽ ആരംഭിച്ച് എല്ലാ മലയാളമാസത്തിലേയും ആദ്യത്തെ തിങ്കളാഴ്ച നടത്തുന്ന കോന്നി കന്നുകാലി ചന്തയിലുമാണ് കൂടുതൽ പേരും കന്നുകാലികളെ വില്പനക്ക് കൊണ്ടുപോകുന്നത്.

നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം അടിക്കടി കുറഞ്ഞുവരികയും നെൽകൃഷിയും കാലിവളർത്തലും ആദായകരമല്ലാതായിത്തീരുകയും ചെയ്തപ്പോൾ ഉഴവുകാളകൾ ഇല്ലാതെയായി എന്നുപറയാം. ഉഴവ് ഒരു തൊഴിലായി ചെയ്യുന്ന അപൂർവ്വം പേർ ഇല്ലാതില്ല. അതുപോലെ സാധനങ്ങൾ കൊണ്ടുപോകുന്നതിന് ലോറിയും ജീപ്പും സർവ്വസാധാരണമായപ്പോൾ കാളവണ്ടിയും അപ്രത്യക്ഷമായി. എന്നാൽ പശു, ആട്, കോഴി ഇവ ഇപ്പോഴും മിക്കവീടുകളിലും സാധാരണമാണ്.

6878 കുടുംബങ്ങൾ താമസിക്കുന്ന ഈ പഞ്ചായത്തിൽ 5900 പശുക്കൾ 1996 ലെ കണക്കു പ്രകാരം കാണുന്നു. ഇതിൽ 1905 മാത്രമാണ് (32%) സങ്കര ഇനങ്ങൾ ഉള്ളത്. നാടൻ പശുക്കൾക്ക് പാലുൽപാദനം താരതമ്യേന കുറവാണെങ്കിലും രോഗപ്രതിരോധ ശക്തി പാലിന്റെ കൊഴുപ്പ് എന്നീ ഗുണങ്ങളുണ്ട്. സങ്കരയിനങ്ങളിൽ തന്നെ ഉത്പാദനശേഷിയുള്ളതാണ് കൂടുതലും ഈ പഞ്ചായത്തിൽ കാണുന്നത്. പഴയകാലത്ത് സ്വന്തം ഉപയോഗത്തിനായി എല്ലാ വീടുകളിലും പശുക്കളെ വളർത്തിയിരുന്ന സ്ഥിതിയിൽ നിന്നും ക്രമേണ കാലിവളർത്തൽ ഒരു ഉപജീവനമാർഗമായി സ്വീകരിച്ചിട്ടുള്ളവരിലേക്ക് ചുരുങ്ങിവരുന്ന കാഴ്ചയാണ് ഇന്നുള്ളത്.

പാലിന്റെ വിലക്കുറവ് കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധന മറ്റു സംരക്ഷണ ചിലവുകൾ ഇവമൂലം പശുവളർത്തൽ ഇന്ന് ആദായകരമല്ലാത്ത സ്ഥിതിയാണ്. ഈ പഞ്ചായത്തിൽ അഞ്ച് ക്ഷീരസഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എങ്കിലും രണ്ടെണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. മാത്രമല്ല സഹകരണസംഘങ്ങളിൽ പാലുല്പാദകരല്ലാത്തവരേയും അംഗങ്ങളാക്കുന്നുവെന്നും പാലിന് മതിയായ വില നൽകുന്നില്ല എന്നും കർഷകർക്ക് പരാതിയുണ്ട്.

അപൂർവ്വമായി എരുമകളെയും പോത്തുകളെയും വളർത്തുന്നവരും ഈ പഞ്ചായത്തിലുണ്ട്.

1996 ലെ സെൻസസ് ഈ പഞ്ചായത്തിൽ 2568 ആടുകൾമാത്രമാണുള്ളത്. താരതമ്യേന ചിലവു കുറവും ആദായകരവുമായ ഈ തൊഴിൽ ഈ പഞ്ചായത്തിൽ ശരിയായ പ്രോത്സാഹനം നൽകി വികസിപ്പിക്കാവുന്നതാണ്.

കണക്കുകൾ പരിശോധിച്ചാൽ കോഴിവളർത്തൽ ഈ പഞ്ചായത്തിൽ കുറവാണെന്നു കാണാം. എല്ലാ വീടുകളിലും ഏതാനും കോഴികളെ വീതം വളർത്തുന്നു. എന്നല്ലാതെ വ്യവസായികാടിസ്ഥാനത്തിൽ വളർത്തുന്ന കേന്ദ്രങ്ങൾ കുറവാണ്. 1996 ലെ സെൻസസ് പ്രകാരം 20000ത്തോളം മുട്ടക്കോഴികളും 5000 ത്തോളം ഇറച്ചിക്കോഴികളുമാണ് ഉള്ളത്. ഈ പഞ്ചായത്തിന്റെ ആവശ്യത്തിന് ഇവിടെ ഉല്പാദിപ്പിക്കുന്ന കോഴിമുട്ടയും കോഴിയിറച്ചിയും മതിയാവുന്നില്ല. താറാവിന്റെ എണ്ണം ആകെ 121 മാത്രമാണ്. കോഴികളെയും താറാവുകളെയും തുറന്നു വിട്ടു വളർത്തുന്ന പതിവാണ് അധികവും. അതുമൂലം അയൽക്കാരന്റെ കൃഷി നശിപ്പിക്കുന്നതായി പരാതികളും വഴക്കുകളും ഉണ്ടാകാറുണ്ട്.

ചെലവുകുറഞ്ഞതും ആദായകരവുമായ മുയൽവളർത്തൽ വളരെ കുറച്ചുമാത്രമാണുള്ളത്.

വളരെ ആദായകരമായ പന്നിവളർത്തൽ ഈ പഞ്ചായത്തിലില്ലാത്തത് പന്നിയുടെ രൂപവും ഭാവവും ഇണങ്ങാത്ത പ്രകൃതവും ഇന്നാട്ടുകാർക്ക് ഇഷ്ടപ്പെടാത്തതും പന്നി വളർത്തലിന്റെ ആദായത്തെ സംബന്ധിച്ച് അറിവില്ലാത്തതുമൂലവുമാകാം.

അനധികൃതമായി ഇറച്ചിക്കച്ചവടം നടത്തുന്നവരും ഈ പഞ്ചായത്തിലുണ്ട്. മറ്റെല്ലാ പഞ്ചായത്തുകളിലെ പ്പോലെ തമിഴ്നാട്ടിൽ നിന്നും വരുന്ന ഉരുക്കളെയുമാണ് ഇവിടെയും കൂടുതൽ ഉപയോഗിക്കുന്നത്.

## മൃഗസംരക്ഷണവകുപ്പിന്റെ പ്രവർത്തനങ്ങൾ

വിസ്തൃതമായ ഈ പഞ്ചായത്തിൽ പ്രമാടത്ത് ഒരു ഡിസ്പൻസറിയും വള്ളിക്കോട് കോട്ടയത്തൊരു സബ്സെന്ററും മാത്രമാണുള്ളത്. സർക്കാരിന്റെ ഇതരവകുപ്പുകളിലെ ഉദ്യോഗസ്ഥരെ അപേക്ഷിച്ച് മൃഗസംരക്ഷണ വകുപ്പിലെ ഡോക്ടർമാരും മറ്റുദ്യോഗസ്ഥരും നാട്ടുകാരോട് വളരെ നല്ലരീതിയിലാണ് പെരുമാറുന്നത്. രോഗചികത്സ, ബീജസങ്കലനം തുടങ്ങിയ ദൈനംദിന പ്രവർത്തികൾക്കു പുറമെ വന്ധ്യതപരിശോധനാ ക്യാമ്പ് രോഗരക്ഷാക്യാമ്പ് സെമിനാറുകൾ മുതലായ പ്രവർത്തനങ്ങളും മൃഗസംരക്ഷണവകുപ്പ് നടത്തുന്നുണ്ട്.

## ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ

കോന്നി കേന്ദ്രമാക്കി 1991ൽ പ്രവത്തനമാരംഭിച്ച ക്ഷീരവികസനയൂണിറ്റ് ആഫീസിന്റെ പ്രവർത്തനമേഖലയിൽ വരുന്ന പഞ്ചായത്താണ് നമ്മുടേത്. കോന്നി ബ്ലോക്കിന്റെ പരിധിയിലുള്ള ഏഴു പഞ്ചായത്തും ഈ ആഫീസിന്റെ പരിധിയിലാണ്. ക്ഷീരോല്പാദന രംഗത്ത് ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ലാഭകരമായി ക്ഷീരോത്പാദനം നടത്തുന്നതിനു സഹായകമായി അനേകം പദ്ധതികൾ ഈ വകുപ്പ് നടപ്പാക്കിവരുന്നു. എന്നാൽ ഈ പദ്ധതികളെപ്പറ്റി യഥാർത്ഥ ഉപഭോക്താക്കളായ കർഷകർ അജ്ഞരാണെന്നു തന്നെ പറയാം. അതുകൊണ്ട് ഈ പദ്ധതികളെപ്പറ്റി ചുരുക്കത്തിൽ വിവരിക്കുന്നു.

## ബ്ലോക്കുതല കന്നുകാലി പ്രദർശനം

മാതൃകാപരമായ ക്ഷീരോല്പാദന രീതികൾ അവലംബിക്കുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും മറ്റുള്ള കർഷകർക്ക് അവ നേരിൽകണ്ട് മനസ്സിലാക്കുന്നതിനും സഹായിക്കുന്നതിന് വിവിധ ക്ഷീരോല്പാദന സഹ. സംഘങ്ങളുടെ സഹകരണത്തോടെ ബ്ലോക്കുതലത്തിൽ ഓരോ വർഷവും കന്നുകാലി പ്രദർശനവും ക്ഷീരവികസനസെമിനാറും സംഘടിപ്പിക്കുന്നു.

## മാതൃകാ ഡയറി യൂണിറ്റുകൾ

രണ്ടിലധികം കറവപ്പശുക്കളെയും കിടാക്കളെയും മാതൃകാപരമായി സംരക്ഷിക്കുന്ന കർഷകന് പ്രോത്സാഹനമായ 7000/- രൂപാ ധനസഹായം നൽകുന്നു.

## കർഷകസമ്പർക്ക പരിപാടിയും
## നാടൻ ക്ഷീരോല്പന്ന നിർമ്മാണ പ്രദർശനവും.

പാലിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഈ രംഗത്തുള്ള സാങ്കേതികവിദ്യകർഷരിൽ എത്തിക്കുന്നതിനുമായി ക്ഷീരോല്പാദകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള കർഷക സമ്പർക്ക പരിപാടി പ്രതിമാസം രണ്ടുവീതം നടത്തുന്നു.

ഈ കർഷക സമ്പർക്ക പരിപാടിയിൽ വച്ച് ക്ഷീരോല്പന്നങ്ങളുടെ നിർമ്മാണ പ്രക്രിയയിലുള്ള സാങ്കേതിക വിദ്യ ജനങ്ങളിൽ എത്തിക്കുന്നതിനായി ക്ഷീരോല്പന്ന നിർമ്മാണ പ്രദർശനങ്ങൾ നടപ്പാക്കുന്നു.

## കാലിത്തൊഴുത്തു നിർമ്മാണം

ശുദ്ധമായ പാലുല്പാദനത്തിന് വൃത്തിയുള്ള തൊഴുത്ത് അത്യന്താപേക്ഷിതമാണ്. തൊഴുത്തൊന്നിന് ക്ഷീരകർഷകർക്ക് 1250 രൂപാ ധനസഹായം നൽകുന്നു.

## ധാതുലവണ മിശ്രിതം

അത്യുല്പാദനശേഷിയുള്ള പശുക്കളിൽ ധാതുലവണങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് കർഷകർക്ക് ധാതുലവണ മിശ്രിതം പകുതി വിലക്ക് വിതരണം ചെയ്യുന്നു.

## മീനെണ്ണ (വിറ്റാമിൻ ഏ സപ്ലിമെന്റ്)

വരൾച്ച കാലത്ത് പച്ചപുല്ലിന്റെ ദൗർലഭ്യം മൂലം വിറ്റാമൻ ഏ യുടെ അപര്യാപ്തത അനുഭവപ്പെടുന്ന കന്നുകുട്ടികൾക്കും കിടാരികൾക്കും 50% സബ്സിഡിയോടുകൂടി മീനെണ്ണ വിതരണം ചെയ്യുന്നു.

## ശുദ്ധമായ പാലുല്പാദന കിറ്റ്

ശുദ്ധമായ പാലുല്പാദനത്തിന് സഹായിക്കുന്ന പൊട്ടാസ്യം പെർമാംഗനേറ്റ്, തൊഴുത്തിൽ തളിക്കുവാനുള്ള ലോഷൻ,കയർ, ബ്രഷ് എന്നിവ അടങ്ങിയ കിറ്റ് 80% സബ്സിഡിയോടുകൂടി നൽകി വരുന്നു.

### പുൽകൃഷി വികസന പദ്ധതി

ഒരു ഹെക്ടർ സ്ഥലത്ത് എങ്കിലും ദീർഘ കാല പുല്ലിനങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്ന കർഷകർക്ക് ഹെക്ടർ ഒന്നിന് 15000/- രൂപ ധന സഹായം നൽകുന്നു.

ദീർഘകാല പുല്ലിനങ്ങളായ കോംഗോസിഗ്നൽ, ഗിനി, സങ്കരനേപ്പിയർ, സ്റ്റൈലോ തുടങ്ങിയവയുടെ വിത്തുകൾ 50% സബ്സിഡിയോടെ സൽകുന്നതിനു പുറമേ ഹെകടർ ഒന്നിന് 500/- രൂപാ വളത്തിന് സബ്സിഡിനൽകുന്നു.

### മക്കച്ചോളം, വൻപയർ

ഹൃസ്വകാല വിളവുകളായ മക്കച്ചോളം, വൻപയർ എന്നിവ ഹെക്ടർ ഒന്നിന് 200 രൂപയും 300 രൂപയും യഥാക്രമം വളം സബ്സിഡിനൽകുന്നു. ഇവയ്ക്കാവശ്യമായ വിത്ത് പകുതി വിലയ്ക്ക് നൽകുന്നു.

### ഹേ നിർമ്മാണ പദ്ധതി.

ഒരു ടൺ പച്ചപ്പുല്ല് ഉണങ്ങി ഹേ ആക്കുന്നതിന് 200 രൂപ സബ്സിഡി നൽകുന്നു. കൂടാതെ പച്ചപ്പുല്ല് കേടുകൂടാതെ സംസ്ക്കരിച്ച് സൂക്ഷിക്കുന്നതിനുള്ള പദ്ധതിയായ സൈലേജ് നിർമ്മാണത്തിന് ടൺ ഒന്നിന് 125 രൂപാ സബ്സിഡി നൽകുന്നു.

### പുൽക്കട ഉപയോഗിച്ചുള്ള കൃഷി

ഗിനി, സങ്കരനേപ്പിയർ തുടങ്ങിയ പുല്ലിനങ്ങൾ പുൽക്കട ഉപയോഗിച്ച് കൃഷി ചെയ്യുന്ന കർഷകന് രാസവളം സബ്സിഡിയായി ഹെക്ടർ ഒന്നിന് 500 രൂപയും നടീൽ വസ്തു (പുൽക്കട) വിന്റെ വില വാഹന ക്കൂലി എന്നീ ഇനത്തിൽ 500 രൂപയും ഹെക്ടർ ഒന്നിന് സബ്സിഡി നല്കുന്നു.

### വൈക്കോൽ സംപുഷ്ഠീകരണം

വൈക്കോൽ യൂറിയ ലായനി തളിച്ച് സംപൂഷ്ഠമാക്കി പശുക്കൾക്ക് നൽകുന്നതു പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 500 രൂപാ സബ്സിഡി നൽകുന്നു.

### ക്ഷീരോല്പാദന നിർമ്മാണ വിപണന യൂണിറ്റുകൾ

വനിതകൾക്കുള്ള തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും പാലുല്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനു മായി ക്ഷീരോല്പന്ന നിർമമാണ വിപണന യൂണിറ്റുകൾക്ക് ധനസഹായം നൽകിവരുന്നു. ഒരു യൂണിറ്റിൽ 4 വനിതകളാണ് പ്രവർത്തി എടുക്കുന്നത് യൂണിറ്റ് ഒന്നിന് 22000/- രൂപാ ധനസഹായം നൽകുന്നതിനു പുറമേ സാങ്കേതിക പരിശീലനവും ക്ഷീര വികസനവകുപ്പു നൽകുന്നു.

### ക്ഷീര സഹകരണ സംഘങ്ങൾക്ക് ധനസഹായം

പാലിനുള്ള വിപണി ഉറപ്പാക്കുന്നതിന് പാൽ ലഭ്യതയ്ക്ക് സാധ്യതയുള്ള മേഖലകളിൽ ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നു. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 20000/- രൂപയും പരുഷാഹാരം സംഭരിക്കുന്നതിനുള്ള സംഭരണ ശാലയുടെ നിർമ്മാണ

ത്തിന് 10000/- രൂപയും ആഫീസ് ഉപകരണങ്ങൾക്ക് 5000 രൂപയും പ്രവർത്തന മൂലധനമായി 10000/- രൂപയും ഗ്രാന്റ് അനുവദിക്കുന്നു.

കൂടാതെ യോഗ്യതയുള്ള ക്ഷീര സംഘം സെക്രട്ടറിമാർക്ക് ശമ്പളം നൽകുന്നതിനായി മാനേജിരിയൽ സബ്സിഡി ഇനത്തിൽ 5400/- രൂപാ ധന സഹായം നൽകുന്നു. ഫ്രിഡ്ജ്, കൂളർ, ക്രീം സെപ്പറേറ്റർ ഇവ വാങ്ങുന്നതിന് പരമാവധി 10000/- രൂപാ വരെ ഗ്രാന്റ് അനുവദിക്കുന്നു. പരിശോധനാഉപകരണങ്ങളും പാൽപാത്രങ്ങളും വാങ്ങുന്നതിനും കാലിത്തീറ്റ ഫാക്ടറികൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകിവരുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കു പുറമേ പശ്ചിമ ഘട്ടവികസനം, ദേശിയ നീർമറി പദ്ധതി പട്ടികജാതി പട്ടികവർഗ്ഗ പദ്ധതികൾക്കും തുടങ്ങിയ സംയോജിത പദ്ധതികളിലെ ക്ഷീരവികസന പദ്ധതികൾക്കും ഈ ആഫീസ് നേതൃത്വം നൽകുന്നു.

## നിർദ്ദേശങ്ങൾ

- 37.10 ച: കി: മീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിന്റെ ഓന്നാം വാർഡിൽ സ്ഥാപിച്ചിരിക്കുന്ന ഡിസ്പെൻസറിയുടെ പ്രയോജനം പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും എത്തുന്നില്ല 5,11,12 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു മൃഗാശുപത്രി കൂടി അനുവദിക്കം. ഇപ്പോഴുള്ള ആശുപത്രി അപ്ഗ്രേഡ് ചെയ്യുകയും വേണം. സഞ്ചരിക്കുന്ന മൃഗ ചികിത്സാ യൂണിറ്റ് ആരംഭിക്കണം.

- കന്നുകാലി തീറ്റയുടെ അമിതമായ വിലവർദ്ധന മൂലം പാലുല്പാദനം ലാഭകരമല്ലാതായിരിക്കുന്നു. പ്രദേശികമായി കിട്ടുന്ന സാധനങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ കാലിത്തീറ്റ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനം കർഷകർക്കു നൽകണം.

- ഉഴവുമാടുകളെ വാങ്ങുന്നതിനു സബ്സിഡി നൽകണം.

- പാലുല്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. പാലുല്പാദകരെ മാത്രം അംഗങ്ങളായി ചേർക്കുക. പാലിന് ന്യായമായ വില ലഭ്യമാക്കുക.

- ആടുകളെ വളർത്തുന്നവർക്ക് സബ്സിഡി നൽകുക. ( കൂട്, തീറ്റ ഇവയ്ക്ക്)

- ആദിയകരമായി പന്നി, മുയൽ ഇവകളെ വളർത്തുന്നതിന് കർഷകർക്ക് പരിശീലനം നൽകുക.

- കോഴികുഞ്ഞുങ്ങളെ ആവശ്യാനുസുണം ലഭ്യമാക്കുന്നതിന് പഞ്ചായത്തിൽ ഒരു ഹാച്ചറി തുടങ്ങണം. വ്യാവസായികാടിസ്ഥാനത്തിൽ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്കു പരിശീലനം നൽകണം.

- കന്നുകാലി ഇൻഷ്വറൻസ് വ്യാപകമാക്കണം.

- നിലവിലുള്ള മാർഗ്ഗ നിർദ്ദേശപ്രകാരം ഡോക്ടർമാർ ഓരോ ദിവസവും ഉച്ചകഴിഞ്ഞുള്ള പ്രവർത്തി സമയം ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ സന്ദർശിച്ച് ക്ഷീര കർഷകർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ഈ പ്രവർത്തി ഊർജ്ജിതപ്പെടുത്തി മൃഗഡോക്ടറുടെ സേവനം എല്ലാ മേഖലകളിലും ലഭ്യമാക്കാവുന്നതാണ്.

- മൃഗാശുപത്രിയുടേയും ക്ഷീര സഹകരണ സംഘങ്ങളുടേയും പ്രവർത്തനത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ഉപദേശക സമിതി രൂപികരിക്കാവുന്നതാണ്.

- പഞ്ചായത്തിന്റെ വകയായി ആധുനിക സൗകര്യങ്ങളോടുകൂടിയ അറവുശാലകൾ സ്ഥാപിക്കേണ്ടതാണ്.

- സംഘം ജീവനക്കാരേയോ, അഭ്യസ്തവിദ്യരായ യുവാക്കളേയോ തെരഞ്ഞെടുപ്പ് സാങ്കേതിക പരിശീലനം നൽകി സ്വയം തൊഴിൽ പദ്ധതി പ്രകാരം കർഷകരുടെ ഭവനങ്ങളിൽ പ്പോയി പശുക്കളെ കുത്തിവെയ്ക്കുന്നതിന് ക്ഷീര സഹകരണ സംഘം കേന്ദ്രമാക്കി "സഞ്ചരിക്കുന്ന കൃത്രിമ ബീജദാനയൂണിറ്റ്" തുടങ്ങുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുക..

- നിലവിലുള്ള കാലി തൊഴുത്തുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന്നും പുതുയായി തൊഴുത്തകൾ നിർമ്മിക്കുന്നതിനും ആവശ്യമായ ധനസഹായവും, വാങ്ക്വായ്പകളും ലഭ്യകേണ്ടതാണ്.

- പാലുല്പാദനത്തിനനുസൃതമായി, ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകന് കാലിത്തീറ്റ ലഭിക്കുന്നതിന് ധനസഹായം നൽകേണ്ടതാണ്.

- പുൽകൃഷി വിപുലപ്പെടുത്തുകയും ഇവയ്ക്കാവശ്യമായ നടീൽവസ്തുകൾ, വളം, കൃഷിച്ചെലവ് എന്നിവ കണക്കിലെടുത്ത് ധനസഹായം അനുവദിക്കേണ്ടതുമാണ് പ്രദേശികമായി പുൽക്കടകൾ ലഭിക്കുന്നതിന് പുൽക്കട നേഴ്സറികൾ സ്ഥാപിക്കുന്നതിന് ധന സഹയം നൽകേണ്ടതുമാണ്.

- രണ്ടാം വിളനെൽകൃഷിയ്ക്കുശേഷം വയലുകളിൽ ഹൃസ്വകാല വിളകൾ കൃഷി ചെയ്യുന്നതിന് വിത്തും വിളവും സൗജന്യമായി നൽകേണ്ടതാണ്.

- വിജ്ഞാനബോധനപരിപാടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് പഞ്ചായത്തുതലത്തിൽ കന്നുകാലി പ്രദർശനവും ക്ഷീരസെമിനാറുകളും സംഘടിപ്പിക്കുകയും, ക്ഷീരോല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്നമാതൃകാ കർഷകന് അവാർഡുകൾ ഏർപ്പെടുത്തകും ചെയ്യാവുന്നതാണ്.

- സംഘങ്ങൾ ഇല്ലാത്ത രണ്ടോ മുന്നോ വാർഡുകൾ കേന്ദ്രീകരിച്ച് ക്ഷീരോല്പാദക സഹകരണ സംഘം രൂപികരിക്കണം.

- വനിതാക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി നിരാലംബരായ സ്ത്രീകൾക്കും വിധവകൾക്കും വേണ്ടി നല്ലയിനം കറവപ്പശുക്കളേയും കന്നുകുട്ടികളേയും വാങ്ങിവളർത്തുന്നതിന് പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്.

## കൃത്രിമ ബീജാധാന വിവരങ്ങൾ

പ്രമാടം മൃഗാശുപത്രി **(1-1-95 മുതൽ 31-12-1995 വരെ)**

| കാലയളവ് | കൃത്രിമ ബീജാധാനം | | | ആകെ |
|---|---|---|---|---|
| | കുത്തിവയ്പ് I | കുത്തിവയ്പ് II | കുത്തിവയ്പ് III | |
| 1/95 | 109 | 24 | 3 | 136 |
| 2/95 | 90 | 11 | 1 | 102 |
| 3/95 | 125 | 30 | 5 | 160 |
| 4/95 | 84 | 19 | 1 | 104 |
| 5/95 | 132 | 23 | 7 | 162 |
| 6/95 | 79 | 11 | 8 | 98 |
| 7/95 | 88 | 21 | 3 | 112 |
| 8/95 | 69 | 8 | 2 | 79 |
| 9/95 | 69 | 20 | 1 | 90 |
| 10/95 | 101 | 17 | 2 | 120 |
| 11/95 | 85 | 11 | 10 | 106 |
| 12/95 | 112 | 23 | 5 | 140 |
| ആകെ | 1143 | 218 | 48 | 1409 |

## പഞ്ചായത്തിലെ ക്ഷീരസംഘങ്ങൾ വിവരം

| ക്രമ നം | സംഘത്തിന്റെ പേരുംനമ്പരും | പ്രവർത്തനമേഖല വാർഡുകൾ | പ്രതിദിന പാൽ സംഭരണം | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|---|
| 1. | പ്രമാടം ക്ഷീര സഹ: സംഘം നം:പി. റ്റി 85 (ഡി) അപ്കോസ് | 1,2, | 218 ലി: | തൃപ്തികരം |
| 2. | ഇളകൊള്ളൂർ ക്ഷീര സഹ സംഘം: നം. പി.റ്റി 80 (ഡി) അപ്കോസ് | 3,4,5 | | പ്രവർത്തനമില്ല |
| 3. | വി.കോട്ടയം ക്ഷീര സഹ: സംഘം നം. പി .റ്റി. 93(ഡി) അപ്കോസ് | 7,8,9 | 245 | തൃപ്തികരം |
| 4. | വകയാർക്ഷീര സഹ: സംഘം നം.പി. റ്റി 72 (ഡി) അപ്കോസ് | 9,10,12 | 88 | മെച്ചപ്പെടു ത്തേണ്ടതാണ് |
| 5. | പൂവൻപാറ ക്ഷീരസഹ: സംഘം നം പി.റ്റി 103 (ഡി) അപ്കോസ് | 11, | | പ്രവർത്തനമില്ല |

## വളർത്തുമൃഗ സംഖ്യ (1996 സെൻസസ്)

| No. | പശുക്കൾ | | ആട് | കോഴികൾ | | താറാവ് | | പട്ടികൾ |
|---|---|---|---|---|---|---|---|---|
| | സങ്കരിനം | നാടൻ | | മുട്ടയിടുന്നവ | മാംസത്തിനുള്ളവ | മുട്ട | ഇറച്ചി | |
| I | 39 | 447 | 79 | 1990 | 621 | 18 | 3 | 40 |
| II | 184 | 484 | 228 | 1558 | 642 | 3 | 7 | 191 |
| III | 490 | 591 | 460 | 2350 | 577 | 2 | Nil | 511 |
| IV | 59 | 306 | 92 | 1765 | 232 | 1 | 2 | 30 |
| V | 196 | 154 | 118 | 1253 | 178 | 15 | 5 | 121 |
| VI | 42 | 457 | 333 | 1960 | 350 | 5 | 2 | 166 |
| VII | 161 | 535 | 397 | 2124 | 577 | 2 | Nil | 276 |
| VIII | 27 | 658 | 156 | 2265 | 364 | 5 | 7 | 106 |
| IX | 193 | 199 | 242 | 898 | 146 | 5 | 5 | 121 |
| X | 78 | 114 | 103 | 847 | 227 | 13 | 4 | 105 |
| XI | 140 | 142 | 158 | 1623 | 260 | 8 | Nil | 160 |
| XII | 80 | 195 | 202 | 1033 | 197 | 4 | 5 | 118 |
| ആകെ | 1905 | 3995 | 2568 | 19666 | 4371 | 81 | 40 | 1945 |

## മത്സ്യബന്ധനം

നമ്മുടെ പഞ്ചായത്തിന്റെ സമീപ പ്രദേശത്തെങ്ങും കടലോ കായലോ ഇല്ലാത്തതിനാൽ മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ ഇവിടെ ഇല്ല.

ചിലകാലങ്ങളിൽ അച്ചൻകോവിലാറ്റിൽ നിന്നും മീൻപിടിക്കുന്നുണ്ട്. വ്യാപകമായിട്ടുണ്ട് എന്നു പറയാൻ പറ്റില്ല. മത്സ്യകൃഷിയും ഇവിടെ ഇല്ലായിരുന്നു. ഇപ്പോൾ അപൂർവ്വം ചിലർ മത്സ്യം വളർത്താൻ തുടങ്ങിയിട്ടുണ്ട്.

മറ്റെല്ലാപ്രദേശങ്ങളിലേതു പോലെ ഈ പഞ്ചായത്തിലേയും 99 % ജനങ്ങൾക്കും മത്സ്യം ഒഴിച്ചുകൂടാൻ പാടില്ലാത്ത ആഹാര സാധനമാണ്.

ഈ പഞ്ചായത്തിൽ മൂന്നു മത്സ്യ ചന്തകൾ നടത്തുന്നു. (V-കോട്ടയം, വകയാർ, പൂങ്കാവ്) എങ്കിലും കൂടുതൽ പേരും മത്സ്യം വാങ്ങുന്നത് കുമ്പഴ കോന്നി എന്നീ പ്രധാന ചന്തകളിൽ നിന്നാണ്.

ഈ പഞ്ചായത്തിൽ ഐരേത്തുവിള വാട്ടർ ടാങ്കിനടുത്ത് കരിങ്കൽ പൊട്ടിച്ചുമാറ്റിയ പത്തു സെന്റ് സ്ഥലത്തുമാത്രം മത്സ്യകൃഷി നടത്തുന്നുണ്ട്.

## നിർദ്ദേശങ്ങൾ.

1. വെള്ളം കിട്ടുന്ന പാടശേഖരങ്ങൾ, കുളങ്ങൾ, പാറപൊട്ടിച്ച കുഴികൾ മുതലായ സ്ഥലങ്ങളിൽ മത്സ്യം

വളർത്തുന്നതിന് പരിശീലനവും സഹായവും നൽകുക. KIP കനാലിൽ വേനൽക്കാലത്ത് ജലം ലഭ്യമാക്കുകയാണെങ്കിൽ സമീപ പ്രദേശങ്ങളിലെ കുളങ്ങളും പാടവും വറ്റാതിരിക്കും.

2. ഉപയോഗ്യശ്യൂന്യമായതും അന്യാധീനപ്പെട്ടുപോയതുമായ പഞ്ചായത്തുകുളങ്ങൾ വീണ്ടെടുത്ത് മത്സ്യകൃഷിക്കുപയോഗിക്കണം.

3. സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ താല്പര്യവുമുള്ള ആളുകൾക്ക് നിർദ്ദേശങ്ങളും സാമ്പത്തിക സഹായവുമുൾപ്പെടെയുള്ള ആനുകൂല്യം നൽകി മത്സ്യകൃഷി പ്രോത്സാഹിക്കുക.

4. പ്ലാക്കൽ പ്രദേശത്ത് പാറപൊട്ടിച്ചു മാറ്റിയ സ്ഥലങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള സാദ്ധ്യതകൾ ആരായേണ്ടതാണ്.

മത്സ്യകൃഷിയും മത്സ്യ ബന്ധനവും നടത്തുന്നില്ലെങ്കിലും ഇതുമായി ബന്ധപ്പെട്ട പലരും ഇവിടെയുണ്ട്. ഈ പഞ്ചായത്തിലേക്ക് ആവശ്യമായ മത്സ്യം സമീപ പ്രദേശമായ കുമ്പഴ പത്തനംതിട്ട എന്നിവിടങ്ങളിൽ നിന്നും ആവശ്യക്കാർക്കൊക്കെ എത്തിച്ചു കൊടുക്കുന്നതും ഈ പഞ്ചായത്തിലുള്ള 3 ചന്തകളിലേക്കും 7-ാം വാർഡിലുള്ള അന്തി ചന്തയിലേക്കും ആവശ്യമുള്ളത്രയും മത്സ്യം കൊണ്ടുവന്ന് വിൽക്കുന്നതും ഇന്നാട്ടിലെ കുറേആളുകളാണ്. ഏതാണ്ട് പരമ്പരാഗതമായി തന്നെ ഇവർ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. ഇവരെക്കൂടി മത്സ്യത്തൊഴിലാളികളായി കണക്കാക്കി മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യം ലഭ്യമാക്കണം.



# വ്യവസായം

5.II

# ദ്വിതീയ മേഖല

# വ്യവസായം

പ്രമാടം പഞ്ചായത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന മേഖലകളിൽ ഒന്നാണ് വ്യാവസായിക മേഖല. ചുരുക്കം ചില ഓയിൽമില്ലുകൾ, ഫർണീച്ചർ വ്യവസായം എന്നിവയും പട്ടികജാതി/വർഗ്ഗ കോളനികളിൽ പരമ്പരാഗതമായി തുടരുനന ഈറ്റകൊണ്ടുള്ള നിർമ്മാണപ്രവർത്തനങ്ങളും നടന്നുവരുന്നു. ഈ അടുത്തകാലത്ത് ഭവനനിർമ്മാണരംഗത്ത് ഹോളോ ബ്രിക്സ് നിർമ്മിക്കുന്ന മൂന്ന് യൂണിറ്റുകളും ഒരു ടയർ റീട്രേഡിംഗ് യൂണിറ്റും ആരംഭിച്ചിട്ടുണ്ട്. പലവ്യവസായങ്ങളും തുടങ്ങുവാൻ ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങളും മറ്റും ഇവിടെ ലഭിക്കുമെങ്കിലും വ്യവസാരംഗത്തേക്ക് കടന്നുവരുവാൻ ഇന്നും ആളുകൾ അറച്ചുനിൽക്കുകയാണ്. വർഷങ്ങൾക്കുമുമ്പ് പ്രവർത്തിച്ചിരുന്ന പല ചെറിയ ഫർണീച്ചർ യൂണിറ്റുകളും വിദഗ്ധതൊഴിലാളികളുടെ അഭാവവും, വിപണനസൗകര്യത്തിന്റെ കുറവും, സാമ്പത്തിക പരാധീനതയും, ഔദ്യോഗിക തലങ്ങളിൽ നിന്നുമുണ്ടാകുന്ന ബുദ്ധിമുട്ടുകളും നിമിത്തം ഇന്ന് ഇല്ലാതെയായിട്ടുണ്ട്. പരമ്പരാഗത വ്യാവസായങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലത്ത് വനിതാ വ്യാവസായിക യൂണിറ്റ് വിരലിലെണ്ണാവുന്നതു മാത്രമേയുള്ളു. കാർഷികോത്പന്നങ്ങളെ അടിസ്ഥാനമാക്കി വ്യവസായങ്ങൾ നടത്തുവാനുള്ള സാധ്യതകളുണ്ടെങ്കിലും ആരും ആ രംഗത്തേക്ക് ശ്രദ്ധകേന്ദ്രീകരിച്ചിട്ടില്ല. തൊഴിലാളികളിൽ കൂടുതൽ പേരും താരതമ്യേന കൂടുതൽ വേതനം ലഭിക്കുന്ന പാർപ്പിടനിർമ്മാണരംഗത്തേക്കും, ലോഡിംഗ്-അൺലോഡിംഗ് രംഗത്തേക്കും തിരിഞ്ഞിരിക്കുകയാണ്. ഈ പ്രദേശങ്ങളിലെ സാധാരണ ഉൽപ്പന്നങ്ങൾ പോലും വിറ്റഴിക്കുവാൻ മൂന്നു മുതൽ പത്തു കിലോമീറ്റർ വരെ ദൂരെയുള്ള മാർക്കറ്റുകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഒരുവിധം ഭേദപ്പെട്ട ഒരു വ്യവസായൂണിറ്റ് തൊട്ടടുത്ത വള്ളിക്കോട് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. (ENJAYES) നിർഭാഗ്യവശാൽ സഹകരണമേഖലയിൽ പോലും ഒരു വ്യവസായിക യൂണിറ്റ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ താല്പര്യവും, ആത്മധൈര്യവും, സാങ്കേതികപരിജ്ഞാനവുമുള്ള യുവതീയുവാക്കന്മാർ ഈ നാട്ടിലുണ്ടെങ്കിലും ആരും ഈ രംഗത്തേക്ക് കടന്നുവരുന്നില്ല എന്നത് ഒരു വലിയ സത്യമാണ്.

## ലളിതമായ സാങ്കേതിവിദ്യ ഉപയോഗിച്ചു തുടങ്ങാവുന്ന വ്യവസായങ്ങൾ.

1. കൊപ്രാ സംസ്കരണ യൂണിറ്റ്

   പിണ്ണാക്കും മറ്റും ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മാണം

2. വനിതാ വ്യവസായ യൂണിറ്റുകൾ

   അച്ചാർ നിർമ്മാണം, കയ്യുറ, ബലൂൺ. റബ്ബർ ബാന്റ്, വള മുതലായവയുടെ നിർമ്മാണം, പപ്പട നിർമ്മാണം

3. റബ്ബർ തടി സംസ്കരണ യൂണിറ്റ്
ഈ തടി ഉപയോഗിച്ച് വീട്ടുപകരണങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ്
4. കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന യൂണിറ്റ്
5. സോപ്പ്, മെഴുകുതിരി, സാമ്പ്രാണിത്തിരി മുതലയാവയുടെ യൂണിറ്റുകൾ
6. കുടനിർമ്മാണ യൂണിറ്റ്
7. പൊതുസ്ഥലത്തെ മാലിന്യങ്ങൾ ഉപയോഗിച്ച് ജൈവവളം നിർമ്മിക്കുന്ന യൂണിറ്റ്
8. ബീഡി തെറുപ്പ് വ്യവസായം
9. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്.
10. കോൺക്രീറ്റ് കട്ടിള, ജനൽ മുതലായവയുടെ നിർമ്മാണ യൂണിറ്റ്
11. ഏത്തവാഴനാരുപയോഗിച്ചുള്ള ഹാൻഡി ക്രാഫ്റ്റ് യൂണിറ്റ്
12. റബ്ബർ പാൽ സംസ്കരണയൂണിറ്റുകൾ
13. മണൽ ഇഷ്ടിക നിർമ്മാണ യൂണിറ്റ്
14. ചപ്പൽ നിർമ്മാണ യൂണിറ്റ്
15. കറിപൗഡർ നിർമ്മാണ യൂണിറ്റ്
16. കാൽസിയം പൗഡർ നിർമ്മാണ യൂണിറ്റ്
17. ഏത്തയ്ക്ക ഉപയോഗിച്ച് ബേബി ഫുഡ്, ഉപ്പേരി മുതലായവ നിർമ്മിക്കുന്ന യൂണിറ്റ്.
18. ഫോം റബ്ബർ നിർമ്മാണ യൂണിറ്റ്
19. പഴവർഗ്ഗ സംസ്കരണ യൂണിറ്റ്

***കൂടുതൽ മെച്ചപ്പെട്ട സാങ്കേതികവിദ്യയും മറ്റും ആവശ്യമായി വരുന്ന വ്യവസായങ്ങൾ***

1. കൂൺകൃഷി - വ്യാവസായികാടിസ്ഥാനത്തിൽ കൂൺ ഉൽപ്പാദിപ്പിച്ച് കയറ്റി അയയ്ക്കുന്ന പദ്ധതി
2. തുരിശു നിർമ്മാണം
3. കർപ്പൂര നിർമ്മാണം
4. ക്രഷർ യൂണിറ്റും അതിനോടനുബന്ധിച്ചുള്ള മറ്റു പല യൂണിറ്റുകളും.
5. ഇവിടെ പാഴാക്കിക്കളയുന്ന ചക്ക, മാങ്ങാ, പപ്പായ, പറങ്കിമാമ്പഴം മുതലായവ ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് കയറ്റി അയയ്ക്കൽ.

## പ്രശ്നങ്ങൾ

പ്രാദേശികതലത്തിൽ വ്യാവസായികയൂണിറ്റുകൾ തുടങ്ങുന്നതിന് ഇവിടെ പലവിധ പ്രശ്നങ്ങൾ ഉണ്ട്.

| | പ്രശ്നങ്ങൾ | നിർദ്ദേശങ്ങൾ |
|---|---|---|
| 1. | ഗതാഗതസൗകര്യം ഏറ്റവും ആവശ്യമായിട്ടുള്ളത്. അസംസ്കൃത സാധനങ്ങൾ, സംസ്കരിച്ചവ ഇവയെ പുറം ലോകവുമായി ബന്ധിപ്പിക്കൽ | നിലമ്പൂർ മലയോര റെയിൽവേ സാക്ഷാത്കരിക്കുക. |
| 2. | അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ് | സഹകരണാടിസ്ഥാനത്തിൽ അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുക. |
| 3. | സാമ്പത്തിക സഹായം നൽകാൻ ബാങ്കിംഗ് സംവിധാനം ബാങ്കുകൾ വിസമ്മതിക്കുന്നു. | കുറ്റമറ്റതാക്കണം |
| 4 | പാറയുമായി ബന്ധപ്പെട്ട ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർ പലപ്പോഴും അപകടങ്ങൾക്കിരയാകുന്നു. | ഇൻഷുറൻസ് നിർബന്ധിതമാക്കണം |
| 5. | തൊഴിലാളികൾക്ക് വേണ്ടത്ര സാങ്കേതിക പരിജ്ഞാനമില്ല | വിദഗ്ധ സാങ്കേതിക പരിശീലനം ലഭ്യമാക്കണം |
| 6. | വ്യവസാസംരംഭകർ ഈ മേഖലയിലേക്ക് വരാൻ അറച്ചുനിൽക്കുന്നു. | വ്യവസായ രംഗത്തെ തൊഴിലാളികളുടെയും യൂണിയനുകളുടെയും ഏകപക്ഷീയവും അശാസ്ത്രീയവുമായ സമീപനം മാറ്റണം |
| 7. | കുടിൽ വ്യവസായങ്ങൾ ഇന്നനുഭവിക്കുന്ന പരാധീനതകൾ | ജപ്പാൻ രീതിയിൽ കുടിൽ വ്യവസായങ്ങളെ ഒരേ കുടക്കീഴിൽപരാധീനതകൾഅണിനിരത്തിവൻവ്യവസായങ്ങളുമായി ബന്ധിപ്പിക്കുക |
| 8. | വ്യവസായ മേഖലയിലുള്ള സമ്പർക്കക്കുറവ് | കൂടുതൽ ബോധവൽക്കരണവും സമ്പർക്കപരിപാടികളും ആവിഷ്ക്കരിക്കുക |
| 9. | വൈദ്യുതിയുടെ അഭാവം | വ്യവസായ സംരംഭകർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ സൗജന്യനിരക്കിൽ വൈദ്യുതി എത്തിക്കണം |

ഈ ഗ്രാമത്തിൽ ഉണ്ടായിരുന്ന പലവ്യവസായ യൂണിറ്റുകളും കാലക്രമത്തിൽ ക്ഷയിച്ചു പോയിട്ടുണ്ട്. ചുരുക്കം ചിലത് ഇന്നും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള വിമുഖത ഇന്നും കാണാം.

ഇവിടെ ഉല്പാദിപ്പിക്കുന്ന എല്ലാ ഉൽപ്പന്നങ്ങളും പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും സഹകരണാടിസ്ഥാനത്തിൽ "ചിന്താമണി മോഡലിൽ" ജില്ലാ അടിസ്ഥാനത്തിൽ അധുനിക സംവിധാനങ്ങളുള്ള ഒരു സൂപ്പർ മാർക്കറ്റുണ്ടാക്കിയാൽ ഇത് ഇന്നാട്ടിലെ എല്ലാ വ്യവസായ സംരംഭകർക്കും ഒരനുഗ്രഹമായിരിക്കും.

### ചിന്താമണി

തമിഴ്നാട്ടിൽ നിലവിലുള്ള ഒരു സൂപ്പർ മാർക്കറ്റ് സംവിധാനം. സാധാരണ ജനങ്ങൾക്കാവശ്യമായ എല്ലാ നിത്യോപയോഗ സാധനങ്ങളും ആഡംബരവസ്തുക്കളും (നാടൻ ഭാഷയിൽ ഉപ്പുതൊട്ട് കർപ്പൂരംവരെ) ന്യായവിലയ്ക്ക് ലഭ്യമാകുന്ന പരിപൂർണ്ണമായും ഗവൺമെന്റ് ഉടമയിൽ ജനപങ്കാളിത്തത്തോടെ നടത്തുന്ന ഒരു സ്ഥാപനം. ഇവിടെ പോയിവരുവാൻ വാഹനസൗകര്യംപോലും ഒരുക്കികൊടുക്കാറുണ്ട്.

# വ്യവസായം, വാർഡ്തല നിർദ്ദേശങ്ങൾ

| വാർഡ് നമ്പർ | ഇപ്പോഴുള്ള വ്യവസായ യൂണിറ്റുകൾ | ആകെ യൂണിറ്റ് | അസംസ്കൃതസാധനങ്ങളുടെ ലഭ്യത | തൊഴിലാളികളുടെഎണ്ണം | കൂലിനിരക്ക് പു. സ്ത്രീ | പുതിയതായി തുടങ്ങാൻ സാദ്ധ്യതയുള്ള വ്യവസായ യൂണിറ്റുകൾ | പ്രശ്നങ്ങൾ/ നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|
| 1. | കൊപ്രാ സംസ്കരണയൂണിറ്റ്, മില്ലുകൾ, അരിയാട്ട്, തടി | 6 | ലഭ്യമാണ് | 10 | ലഭ്യമല്ല | കാലിത്തീറ്റ നിർമ്മാണം, ജൈവവളം നിർമ്മാണം | മൂലധനം,വൈദ്യുതി സാങ്കേതികവിദ്യ |
| 2. | ഓയിൽ മിൽ സിമിന്റ് കട്ട നിർമ്മാണം | 2 | ലഭ്യമാണ് | 8 | ലഭ്യമല്ല | റബർ അധിഷ്ഠിത വ്യവസായം, ബീഡി നിർമ്മാണം റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ് | സാങ്കേതികവിദ്യ വൈദ്യുതി |
| 3. | യൂണിയൻ റബർമിൽ ബോഡിനിർമ്മാണം, സ്റ്റീൽ ഇൻഡസ്ട്രി, കുട നിർമ്മാണം, റബർതടികട്ട നിർമ്മാണം | 5 | ലഭ്യമാണ് | 15 | ലഭ്യമല്ല | റബർ അധിഷ്ഠിത വ്യവസായം, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ സിമിന്റ്കട്ട നിർമ്മാണം | സാങ്കേതികവിദ്യ നിയമതടസം |
| 4. | ഓയിൽ മിൽ വർക്ഷോപ്പ് സിമിന്റ് കട്ട വ്യവസായം പാറ വ്യവസായം | 4 | ലഭ്യമാണ് | 18 | ലഭ്യമല്ല | പാറ അധിഷ്ഠിതമായ വ്യവസായം, സോപ്പ് നിർമ്മാണം മുതലായവ | വൈദ്യുതി |
| 5. | നെല്ല് ധാന്യങ്ങൾ ഇവ പൊടിക്കുന്ന യൂണിറ്റ് | 1 | ലഭ്യമാണ് | 2 | ലഭ്യമല്ല | ഈറ്റ, പ്ലാസ്റ്റിക് അധിഷ്ഠിത യൂണിറ്റ് റബർതടി സംസ്കരണയൂണിറ്റ് | സാങ്കേതികവിദ്യ വൈദ്യുതി |
| 6. | നെല്ല് ധാന്യങ്ങൾ ഇവ പൊടിക്കുന്ന യൂണിറ്റ് | 1 | ലഭ്യമാണ് | 2 | ലഭ്യമല്ല | മണൽ, ഇഷ്ടിക, കാൽസ്യപ്പൊടി നിർമ്മാണം റബർ അധിഷ്ഠിത വ്യവസായം, | സാങ്കേതികവിദ്യ വൈദ്യുതി |
| 7. | കറിപൗഡർ യൂണിറ്റ് കരിങ്കൽ വ്യവസായം | 3 | ലഭ്യമാണ് | 8 | ലഭ്യമല്ല | റെഡിമെയ്ഡ് ഗാർമെന്റ് തുരിശു നിർമ്മാണം, ആയുർവേദ മരുന്ന് നിർമ്മാണം റബർ പാറ അധിഷ്ഠിത വ്യവസായം, | സാങ്കേതികവിദ്യ വൈദ്യുതി |
| 8. | ധാന്യങ്ങൾ പൊടിക്കുന്ന മിൽ സിമിന്റ് കട്ട വ്യവസായം കരിങ്കൽ വ്യവസായം | 7 | ലഭ്യമാണ് | 16 | ലഭ്യമല്ല | റബർ അധിഷ്ഠിത വ്യവസായം, | സാങ്കേതികവിദ്യ വൈദ്യുതി |
| 9. | ക്രഷർ യൂണിറ്റ് | 1 | ലഭ്യമാണ് | 20 | ലഭ്യമല്ല | ഖാദിബോർഡുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ | സാങ്കേതികവിദ്യ,വൈദ്യുതി |
| 10. | റബ്ബർബാന്റ് നിർമ്മാണം ബുക്ക് ബയന്റിംഗ് എൻജി. വർക്ഷോപ്പ് | 3 | ലഭ്യമാണ് | 9 | ലഭ്യമല്ല | ഏത്തയ്ക്ക സംസ്കരണം, ചിപ്സ്, ബേബി ഫുഡ്, ഫർണിച്ചർ വ്യവസായം, പട്ടുനൂൽപുഴു വളർത്തൽ | സാങ്കേതികവിദ്യ വൈദ്യുതി |
| 11. | ടയർ റീട്രേഡിംഗ് യൂണിറ്റ് കരിങ്കൽ വ്യവസായം | 7 | ലഭ്യമാണ് | 27 | ലഭ്യമല്ല | ഖാദിബോർഡ് സ്കീം റബർ ഫോം നിർമ്മാണ യൂണിറ്റ് | സാങ്കേതികവിദ്യ വൈദ്യുതി |
| 12. | സിമിന്റ് ഇഷ്ടിക നിർമ്മാണം | 1 | ലഭ്യമാണ് | 4 | ലഭ്യമല്ല | ഹാൻഡിക്രാഫ്റ്റ്സ്, വാഴനാരുപയോഗിച്ച് ഖാദി ബോർഡ് വ്യവസായങ്ങൾ, റഡിമെയ്ഡ് ഗാർമെന്റ്സ് റബർ അധിഷ്ഠിത വ്യവസായം | സാങ്കേതികവിദ്യ വൈദ്യുതി |

# ഗതാഗതം

ഏതൊരു നാടിന്റേയും ഭാവി നിശ്ചയിക്കുന്നത് അവിടത്തെ ജനശക്തിയാണ്. നാടിന്റെ വികസനത്തിൽ റോഡുകൾ വഹിക്കുന്ന പങ്ക് തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ പൂർവ്വികർ. ഇന്നാട്ടിലെ എല്ലാ പഴയറോഡുകളും നിലവിൽ വന്നത് ഇവിടുത്തെ എല്ലാ നല്ല ആൾക്കാരുടേയും ദേശിയ ബോധത്തിന്റെയും പുരോഗമന ചിന്താഗതിയുടേയും ഫലമായിട്ടാണ്.

റോഡുകൾ മാത്രമാണ് പ്രമാടം പഞ്ചായത്തിലെ ഗതാഗത മാർഗ്ഗം. ഇവിടുത്തെ 80% പ്രദേശങ്ങളും കുന്നുകളും തട്ടുപ്രദേശങ്ങളുമാണ്. റോഡുകൾ ധാരാളമുണ്ടെങ്കിലും ഈ പ്രദേശത്തിന്റെ പ്രത്യേകത മൂലം ഇവയിൽ പലതും സഞ്ചാരയോഗ്യമല്ല. കുന്നിൻ പ്രദേശങ്ങൾ കൂടുതൽ ഉൾപ്പെട്ട സ്ഥലമായതിനാൽ റോഡുകൾക്ക് കയറ്റിറക്കങ്ങൾ കൂടുതലാണ്. മലവെള്ളപ്പാച്ചിൽ കാരണവും ഈ റോഡുകൾക്കൊന്നും ഓടകൾ ഇല്ലാത്തതിനാലുമാണ് ശോചനീയാവസ്ഥ മാറാത്തത്.

പഞ്ചായത്തിലെ ഗതാഗത സൗകര്യങ്ങൾക്ക് പ്രധാന തടസ്സമായി നിൽക്കുന്നത് അച്ചൻകോവിലാറാണ്. താരതമ്യേന വികസിത പ്രദേശങ്ങളായ കുമ്പഴ,പത്തനംതിട്ട എന്നീ സ്ഥലങ്ങളെ ഈ പഞ്ചായത്തിൽ നിന്ന് വേർതിരിച്ചുനിർത്തുന്നു. 12 കിലോമീറ്റർ ചുറ്റിയൊഴുകുന്ന ഈ ആറുകടക്കാൻ ഒരു പാലവും(കുമ്പഴ) നാല് P.W.D കടത്തുകളുമാണുള്ളത്. ഈ പാലം 1958 ൽ നിർമ്മിച്ചതാണ്. പ്രമാടം പാറക്കടവിൽ പണിതുടങ്ങിയ പാലത്തിന്റെ പണികൾ പത്തുവർഷം കഴിഞ്ഞിട്ടും പൂർത്തിയായിട്ടില്ല. റോഡുകളുടെ മരാമത്തു പണികൾ യഥാസമയം നടത്താതിരിക്കുന്നതിനാലും വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

ഈ പഞ്ചായത്തിലെ പല പ്രദേശങ്ങളിൽ നിന്നും വാഹന സൗകര്യമുള്ള റോഡിലെത്താൻ ഒന്നു മുതൽ മൂന്നു വരെ കിലോമീറ്റർ സഞ്ചരിക്കേണ്ടിവരുന്നു. ഉദാ: ഞക്കുകാവ് വട്ടക്കാവ്, മാരൂക്കുഴി, പടപ്പുപാറ, വിലങ്ങുപാറ, നെടുംപാറ, തലയറ, ചൂതുപാറ, മുതലായവ.

## പ്രധാന റോഡുകൾ

1. **S.H.8-പുനലൂർ- മൂവാറ്റുപുഴ**

   നമ്മുടെ പഞ്ചായത്തിൽകൂടി കടന്നുപോകുന്ന ഏറ്റവും പ്രധാന റോഡാണിത്. പുനലൂരിൽ നിന്നും മൂവാറ്റുപുഴക്കു പോകുന്ന ഈ റോഡിന്റെ 6 കി.മി ദുരം നമ്മുടെ പഞ്ചായത്തിൽകൂടിയാണ്.

2. കോന്നി - ചന്ദനപ്പള്ളി റോഡ്

   പ്രധാന്യത്തിലും പഴക്കത്തിലും രണ്ടാം സ്ഥാനം കോന്നി - ചന്ദനപള്ളി റോഡിനാണ്. ഈ റോഡ് $4^1/_2$ കി.മീറ്റർ ദൂരം നമ്മുടെ പഞ്ചായത്തിൽ കൂടിയാണ് കടന്നുപോകുന്നത്. ഇതിന്റെ സ്ഥിതി വളരെ മോശമാണ്.

3. വകയാർ-വള്ളിക്കോട് റോഡ്

നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട മറ്റൊരു റോഡാണിത്. പടിഞ്ഞാറൻ പ്രദേശങ്ങളിലേക്ക് കുറഞ്ഞ ദൂരത്തിൽ യാത്ര ചെയ്യാൻ ഈ റോഡ് ഉപകരിക്കുന്നു.

4. കോന്നി-ളാക്കൂർ-മല്ലശ്ശേരി റോഡ്.

നമ്മുടെ പഞ്ചായത്തിന്റെ മദ്ധ്യഭാഗവും പഞ്ചായത്തിന്റെ ആസ്ഥാനമായ ളാക്കൂർ പ്രദേശത്തുകൂടി കടന്നുപോകുന്നു. 7 കിലോമീറ്റർ നീളമുള്ള ഈ റോഡ് വളരെ വർഷത്തെ പരിശ്രമഫലമായി 8കി.മീ. വീതിയിൽ പൊതുജനങ്ങൾ വെട്ടി P.W.D. യെ ഏൽപ്പിച്ചതാണ്. 20 വർഷം മുൻപ് ടാർ ചെയ്ത ഈ റോഡിന്റെ പലഭാഗവും തകർന്ന് അപകടസ്ഥിതിയിലാണ്.

5. കോട്ടയം-പൂങ്കാവ് റോഡ്.

നമ്മുടെ പഞ്ചായത്തിന്റെ വടക്കുഭാഗത്തുകൂടി കടന്നു പോകുന്ന കോന്നി, ചന്ദനപള്ളി റോഡിനേയും, വകയാർ വള്ളിക്കോട് റോഡിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പ്രധാനപ്പെട്ട റോഡാണിത്.

6. പൂങ്കാവ്- വേലൻകടവ് റോഡ്

താരതമ്യേന സമതല പ്രദേശത്തുകൂടി കടന്നു പോകുന്ന ഈ റോഡിൽ കൂടി അല്പ മാത്രമായ ഗതാഗതസൗകര്യം ഉള്ളതാണ്.

# നിർദ്ദേശങ്ങൾ

1. കുമ്പഴപ്പാലത്തിന്റെ താഴെയായി തടയണ കെട്ടിയും സൈഡ് കെട്ടിയും പാലത്തിനു ബലക്ഷയം ഉണ്ടാകാതെ സൂക്ഷിക്കണം.

2. പാറക്കടവു പാലത്തിന്റെ പണി എത്രയും വേഗം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നു കൊടുക്കണം.

3. S.H. 8 ഈ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ടറോഡാണ്. ശബരിമലയിലേക്കുള്ള ഈ റോഡ് നമ്മുടെ പഞ്ചായത്തിൽ കൂടികടന്നു പോകുന്നു. ഇതിന്റെ വീതി 12 മീറ്റർ ആക്കി രണ്ടു ലൈനിൽ കൂടി ഗതാഗതം നടപ്പാക്കണം. ഇത് സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തണം.

4. എല്ലാ P.W.D റോഡുകളുടെയും ഓട തീർത്ത്, സൈഡ്കെട്ടി സംരക്ഷിക്കണം. കാലാകാലങ്ങളിൽ റീ ടാറിംഗ് നടത്തണം.

5. ആവശ്യമായ സ്ഥലങ്ങളിൽ കലുങ്ക് നിർമ്മിച്ച് റോഡു സംരക്ഷിക്കണം.
J.R.Y, Flood, MP scheme, മുതലായ പദ്ധതികളിലൂടെ ടാർചെയ്ത റോഡുകൾ ഈ പഞ്ചായത്തിലുണ്ട് ഈ റോഡുകൾ സംരക്ഷിക്കാൻ നടപടി ഉണ്ടാകണം.

### നടപ്പാലം നിർമ്മിക്കേണ്ട സ്ഥലങ്ങൾ

1. വലഞ്ചുഴിയും, പത്തനംതിട്ടയുമായി ബന്ധിപ്പിക്കാൻ നടപ്പാലം വേണം. വലഞ്ചുഴി ദേവീക്ഷേത്രത്തിലെത്താൻ പത്തനംതിട്ടയിൽനിന്നും പത്തു കിലോമീറ്റർ ദൂരം സഞ്ചരിക്കണം. ഈ നടപ്പാലം നിർമ്മിച്ചാൽ ആ ബുദ്ധിമുട്ട് പരിഹരിക്കാം.

2. പ്രമാടം പഞ്ചായത്തും പത്തനംതിട്ട മുൻസിപ്പാലിറ്റിയിലെ പ്രധാന സ്ഥലമായ കൊടുംന്തറയുമായി ബന്ധിപ്പിച്ച് മുട്ടത്തുകടവിൽ നടപ്പാലം പണിയണം.

3. പ്രമാടം പഞ്ചായത്തിനേയും, മലയാലപ്പുഴ പഞ്ചായത്തിനേയും ബന്ധിപ്പിക്കാൻ മാളിയേയ്ക്കൽ കടവിൽ നടപ്പാലം നിർമ്മിക്കണം.

4. കൈതക്കര ഇന്ദിരാ ജംഗ്ഷനിൽ നിന്നും കൈതക്കര മലവേടർ കോളനിയിലോട്ടുള്ള ഇടവഴിയിൽ നടപ്പാലം നിർമ്മിക്കണം.

5. വകയാർ, കരിംകുടുക്ക തോടിന്റെ ഇരു കരകളേയും ബന്ധിപ്പിക്കാൻ വേണ്ടി പാലനിൽക്കുന്നതിൽ പടി, ജെ.വി. ബംഗ്ലാവ് പടി, മേക്കാട്ട് പടി തോട്ടരികിൽ പടി എന്നിവിടങ്ങളിൽ നടപ്പാലം വേണം.

## വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കണം.

നമ്മുടെ പഞ്ചായത്ത് അവികിസിത പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാകയാൽ അല്പ മാത്രമായ ഗതാഗത സൗകര്യം മാത്രമാണുള്ളത്. പല ജംഗ്ഷനുകളിലും ബസ്സ് സ്റ്റോപ്പുകളും വെയറ്റിംഗ് ഷെഡ് ഇല്ല. ആയതിനാൽ അടിയിൽ വിവരിക്കുന്ന സ്ഥാനങ്ങളിൽ വെയറ്റിംഗ് ഷെഡ്ഡുകൾ സ്ഥാപിക്കണം.

1. വകയാർ മാർക്കറ്റ് ജംഗ്ഷൻ
2. ളാക്കൂർ പഞ്ചായത്ത് ആഫീസ് പടി
3. കോട്ടയം ജംഗ്ഷൻ
4. വി. കോട്ടയം മാർക്കറ്റ് ജംഗ്ഷൻ
5. വി. കോട്ടയം അന്തിച്ചന്ത
6. ഇളകൊള്ളൂർ ക്ഷേത്രപ്പടി.
7. ളാക്കൂർ പള്ളി ജംഗ്ഷൻ
8. ഇളകൊള്ളൂർ പള്ളിപ്പടി.
9. പുളിമുക്ക് ജംഗ്ഷൻ. വാർഡ് 3.
   പൂങ്കാവ് ജംഗ്ഷൻ, വകയാർ കോട്ടയം ജംഗ്ഷൻ, എന്നിവിടങ്ങളിൽ പാർക്കിംഗ് ഗ്രൗണ്ട് നിർമ്മിക്കണം.

## നടപ്പാതകൾ.

ചില വീടുകളിലേക്ക് പോകുന്നതിന് റോഡുകൾ ഇല്ല. ഇവിടെ റോഡുകൾ നിർമ്മിക്കാനുള്ള ബുദ്ധിമുട്ടുകൾ കാരണം വഴിക്കു വേണ്ടി പ്രയാസപ്പെടുന്നു. ഇത്തരം വഴി പ്രശ്നങ്ങൾ പരിഹരുക്കാൻ സ്ഥിരമായ നിയമസംവിധാനം നടപ്പിലാക്കണം.

പുളിമുക്ക് ജംഗ്ഷനും ഈട്ടിമൂട്ടിപ്പടി ജംഗ്ഷനും മദ്ധ്യേ റോഡരികിലുള്ള പുളിക്ക വയൽ പ്രദേശം പഞ്ചായത്ത് ഏറ്റെടുത്ത് പാർക്കിംഗ് ഗ്രൗണ്ട് സ്ഥാപിച്ചാൽ ശബരിമല തീർത്ഥാടകർക്ക് വിശ്രമ കേന്ദ്രമാവും

പ്രമാടം ഗ്രാമ പഞ്ചായത്തിലെ റോഡുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

1. പുങ്കാവ്-കൊട്ടയ്ക്കാട്ടേത്തുപടി റോഡ്
2. ആശാരിപ്പടി-ചാമക്കാലാ പടി (via) മരുതേത്തുപടി റോഡ്
3. കോട്ടപ്പിള്ളേത്തുപടി-കെ.എം.യു.പി. സ്ക്കൂൾ റോഡ്
4. S.N.D.P. പടി-പുത്തൻകണ്ടത്തിൽ റോഡ്
5. S.N.D.P. പടി-വാലുപറമ്പിൽ റോഡ്
6. കാട്ടാത്തിപാറ- കുഴിക്കാലാ പടി (Via) ലക്ഷം വീട് റോഡ്.
7. അമ്മുമ്മത്തോട്-ലക്ഷംവീട് റോഡ്
8. ദേവർകുന്ന് പരുവേലിപ്പടി-കൊടുന്തറക്കടവ് റോഡ്
9. കുമ്മാളിൽ പടി-കാട്ടൂർ പടി റോഡ്
10. കോടൻ പുരയിടത്തിൽ പടി-മണലാടി തെക്കേക്കര പടി റോഡ്
11. തകിടിയത്തു പടി-ഇറിഗേഷൻ സൈറ്റ് റോഡ്
12. നേതാജി ഹൈസ്ക്കൂൾ- ആക്ലേത്തുപടി റോഡ്
13. കൊട്ടയ്ക്കാട്ടേത്തു പടി-ആക്ലേത്തുപടി (Via) പുത്താടത്തേത്തുപടി റോഡ്
14. ദേവർകുന്ന്-പാതിരുവേലിൽ പടി റോഡ്
15 മല്ലശ്ശേരി -മറൂർ (Via) ഇറിഗേഷൻ സൈറ്റ് റോഡ്
16. വട്ടക്കുളഞ്ഞി- വലഞ്ചുഴി റോഡ്
17. വെട്ടിക്കാലിൽ പടി-പമ്പു ഹൗസ് റോഡ്
18. നേതാജി ഹൈസ്ക്കൂൾപടി - മങ്ങാട്ടു പടി റോഡ്
19. വട്ടക്കുളഞ്ഞി- തെങ്ങും കാവ് (Via) കിഴക്കേക്കര പടി റോഡ്
20. പാലമറൂർ- വലഞ്ചുഴി റോഡ്
21. വട്ടക്കുളഞ്ഞി-ആലക്കോട്ടു പടി റോഡ്
22. ചക്കിട്ടപ്പടി-വൈപ്പുമഠം റോഡ്
23. തുണ്ടുമുരുപ്പേൽ പടി-ചാരുപാറ റോഡ്
24. പുളിമുക്ക്-നെടിയകാലാമുക്ക് റോഡ്
25. പുതുക്ക് വയൽ-വാലങ്കൽ റോഡ്
26. ഈട്ടിമൂട്ടിൽ പടി- തെങ്ങുംകാവ് റോഡ്.
27. ഈട്ടിമൂട്ടിൽ പടി-വ്യാളിക്കടവ് റോഡ്
28. പാലമൂട്-ഇല്ലത്തുക്കടവ് റോഡ്
29. അഞ്ചുമുറി പടി-വട്ടപ്പാറക്കടവ് റോഡ്
30. ബ്ലോക്കോഫീസ് പടി-തെങ്ങും കാവ് (Via) പാറയ്ക്കാട്ടുപടി റോഡ്
31. തെങ്ങും കാവ്-അർത്തകണ്ടം കുഴി റോഡ്

32. ഇളകൊള്ളൂർ റൈസ് മിൽപടി - പൂതക്കുഴി റോഡ്
33. ഇളകൊള്ളൂർ കരിമ്പനയ്ക്കൽ പടി-മേലൂട്ട് പടി റോഡ്
34. ഇളകൊള്ളൂർ പള്ളി പടി-അമ്പലപടി റോഡ്
35. ഇളകൊള്ളൂർ കുന്നുംപുറത്തു പടി-മുരുപ്പേൽ പടി റോഡ്
36. ഗൂർഖണ്ഡസാരി- കൈപ്പറയിൽ റോഡ്.
37. ഇളകൊള്ളൂർ പടി-മാളിയേക്കൽ കടവ് റോഡ്
38. ഇളകൊള്ളൂർ അമ്പലപ്പടി-വലിയപറമ്പിൽ പടി റോഡ്
39. ഇളകൊള്ളൂർ മംഗലപ്പള്ളിൽ പടി-മാളിയേയ്ക്കൽ പടി റോഡ് (Via) മണ്ണും ഭാഗം റോഡ്
40. ഇളകൊള്ളൂർ-വെള്ളപ്പാറ റോഡ്
41. വട്ടക്കാവ്പതാലിൽ പടി-പന്നിക്കണ്ടം റോഡ്
42. ഞക്കുകാവ്-പന്നിക്കണ്ടം റോഡ്
43. ഇളകൊള്ളൂർ സെന്റ് ജോർജ്ജ് സ്ക്കൂൾ-ചരണയ്ക്കൽ കടവ് റോഡ്
44. ഇളകൊള്ളൂർ കോയിക്കലേത്തു. പടി-പുതുപറമ്പിൽ പടി റോഡ്
45. വട്ടക്കാവ് റേഷൻകട-പന്നിക്കണ്ടം (Via) മേലൂട്ട് പടി റോഡ്
46. വട്ടക്കാവ് കുരിശിൽ മൂട് - വട്ടക്കാവ് പള്ളി റോഡ്.
47. മേലൂട്ട് പടി-ചിറ്റൂർ മുക്ക് റോഡ്
48. I.T.I പടി - ചാരുംകുഴി റോഡ്
49. പരുത്തിപ്പടി-മടുക്കമൂട്ടിൽ പടി റോഡ്
50. വട്ടക്കാവ് പള്ളി ജംഗ്ഷൻ-ഞക്കുക്കാവ് റോഡ്
51. വട്ടക്കാവ് കുരിശിൽ മൂട് - മങ്ങാട്ടുമുരുപ്പ് റോഡ്.
52. തെങ്ങുംകാവ് കല്ലുർപ്പടി- പുവണ്ണുനിൽക്കുന്നതിൽപടി റോഡ്
53. ളാക്കുർപള്ളിപടി - വെൽഫെയർ സ്ക്കുൾ റോഡ്
54. ളാക്കൂർ വടക്കേക്കരപ്പടി- വൻപിലാവിൻപടി റോഡ്
55. പഞ്ചായത്താഫീസ് പടി- കൊട്ടുപ്പിള്ളേത്തുപ്പടി റോഡ്
56. കൊട്ടുപ്പിള്ളേത്തുപ്പടി - വിലങ്ങുപാറ (Via)ഐരേത്തുവിള റോഡ്
57. ളാക്കൂർ തുണ്ടുമുരുപ്പേൽപടി- കൊല്ലൻപടിറോഡ്
58. ളാക്കൂർ പള്ളിപ്പടി-പുത്തേത്തുപടി റോഡ്
59. പ്ലാക്കൽമുക്ക്- ഐരേത്തുവിളറോഡ്
60. ളാക്കുർ ഐരേത്തുവിളപ്പടി- നെടുമുരുപ്പ്റോഡ്
61 ഞക്കുക്കാവ് കുരിശുംമൂട്- വിലങ്ങുപ്പാറ (Via) കമുകിനാംകുഴിറോഡ്
62. ളാക്കുർ നെടിയമണ്ണിൽ- ഓലിക്കുഴി പ്ലാക്കൽമുക്ക് റോഡ്
63. ളാക്കുർ നെടുവേലിപടി- നെടിയമണ്ണിൽ ഓലിക്കുഴിറോഡ്

64. ളാക്കുർ കുഴിക്കാലപ്പടി- അയത്തിൽപടി റോഡ്
65. കോട്ടയം പുതുശ്ശേരിപടി- കോടിയാട്ടുപടി റോഡ്
66. കോട്ടയം പള്ളി പടി- നെടിയമണ്ണിൽ കാഞ്ഞിരപ്പാറ റോഡ്
67. കോട്ടയം നെല്ലിക്കാട്ടിൽ പടി- പാട്ടത്തിമുകൾ റോഡ്
68. കോട്ടയം തലയറ ഹരിജൻ കോളനി റോഡ്
69. വി. കോട്ടയം റീത്തു പള്ളിപ്പടി- മംഗലശ്ശേരിപ്പടി റോഡ്.
70. ചൂതുപാറ- കല്ലേലിക്കുഴി റോഡ്
71. കാഞ്ഞിരപ്പാറ-തലയറ ഹരിജൻ കോളനി റോഡ്.
72. വി. കോട്ടയം ഗവ:എൽ.പി.എസ്. - കണിയാം കാലാ റോഡ്
73. വി. കോട്ടയം അന്തിചന്ത- മാറുകാട് ജംഗ്ഷൻ-കണിയാംകാലാറോഡ്.
74. വി. കോട്ടയം മണ്ണിൽ പടി. - തലയറ ഹരിജൻ കോളനി റോഡ്
75. കൊച്ചുമല - ചരയ്ക്കുഴിക്കൽ റോഡ്
76. കുഴിക്കാലാ പ്പടി - മേലേമണ്ണിൽ പടി റോഡ്
77. വി. കോട്ടയം ആശുപത്രി പടി - ളാക്കൂർ (Via) നെടുംമ്പാറ- കുളിക്കുന്ന പാറ റോഡ്
78. തുണ്ടിൽപ്പടി - നെടുമുരുപ്പ് റോഡ്
79. പുതുപറമ്പിൽപ്പടി - കോട്ടയം ചന്ത റോഡ്
80. കുന്നത്തുപടി - നെടുംപാറ റോഡ്
81. കമുംകും തറപടി - വിലങ്ങുപാറ റോഡ്
82. കോട്ടയം ചെമ്പികുന്ന് റോഡ് - ഇളപ്പു പാറ റോഡ് (Via) തട്ടക്കുന്ന് റോഡ്.
83. കുളത്തുങ്കൽ - കൈതക്കര റോഡ്
84. കോട്ടയം മുപ്രമൺ - (Via) മുക്കൻ വിള റോഡ്
85. കോട്ടയം - ഏഴുമണ്ണ് റോഡ്
86 കോട്ടയംചന്തമുക്ക് - കൊടുമൺ പ്ലാന്റേഷൻ റോഡ്
87. കോട്ടയം ചരിവുകാവ് - ചൊറിയാൻ കാവ് റോഡ്
88. കുളത്തുങ്കൽ- കാരൂത്തറപടി റോഡ്
89. മുരുക്കോലിപടി- തലയിറ കോളനി റോഡ്
90. പുളിമുക്ക് - ഓർത്തഡോക്സ് പള്ളി റോഡ്
91. പ്ലാന്റേഷൻ മുക്ക് - ഏഴുമൺ കോളനി റോഡ്
92. കോങ്ങാട്ടുപടി - മേശ്ശരി മുരുപ്പ് റോഡ്
93. വകയാർ - കരിംകുട്ടുക്ക റോഡ്
94. വകയാർ - പുത്തൂർ മുരുപ്പ് റോഡ്
95. വകയാർ കൊല്ലൻപടി - പനനിൽക്കുമുകൾ റോഡ്

96. വകയാർ തേമ്പാവുനിൽക്കുന്നതിൽ പടി- പുത്തൂർ മുരുപ്പ്- (Via) പുതുമനപ്പടി റോഡ്.

97. വകയാർ ആര്യപള്ളി പടി- പ്ലാന്റേഷൻ (Via) നീളാത്തിൽ പടി റോഡ്

98. വകയാർ കോട്ടപ്പുറം പടി- വാലു തുണ്ടിൽ പടി റോഡ്

99. കരിംകുടുക്ക തൈക്കാവു ജംഗ്ഷൻ - പനനിൽക്കുമുകൾ റോഡ്

100. ഈട്ടിനിൽക്കുന്നതിൽ പടി -വിളയിൽ പടി റോഡ്

101. കരിംകുടുക്ക - മലയകം റോഡ്

102. തിനവിള പടി - തേയിലത്തോട്ടം റോഡ്

103. പ്ലാന്റേഷൻ ജംഗ്ഷൻ - കളീലിൽ പടി റോഡ്

104. വെള്ളപ്പാറ - തേരകത്തുകാലാപ്പടി-വെള്ളപ്പാറ അയത്തിൽ റോഡ്

105. കുളത്തിങ്കൽ - പൂവൻപാറ റോഡ്

106. കോട്ടയം വെള്ളപ്പാറ - (Via) കൊച്ചുമല റോഡ്

107. വെള്ളപ്പാറ- വട്ടക്കാവ് പതാലിൽ പടി (Via) കിങ്കിരേത്ത് മുരുപ്പ് റോഡ്

108. ചാക്കിലേത്തുപടി- കൊച്ചുമല റോഡ്

109. പൂവൻപാറ കോടത്തുപടി- പറയൻപാറ (Via) പുലിയള്ളുങ്കൽ റോഡ്

110. തോട്ടരുകിൽ പടി- മുരുപ്പേൽ പടി (via) കിങ്കിരേത്ത് മുരുപ്പ് റോഡ്

111. കിങ്കിരേത്ത് മുരുപ്പ്-ക്രോസ് ബാർ റോഡ്.

112. മാരാക്കുഴി-പുലിയള്ളുങ്കൽ റോഡ്

113. പൂവണ്ണാൽ പടി-പശുതൊട്ടിൽ പടി (Via) പുലിയള്ളുങ്കൽ റോഡ്

114. മുക്കരണത്തുപടി- ഇടയാടിപാറ (Via) കോടത്തുപടി റോഡ്

115. മാരാക്കുഴി-പടപ്പുപാറ റോഡ്

116. ചള്ളയ്ക്കൽ പ്പടി-തോട്ടത്തിൽ പടി റോഡ്

117. വട്ടപ്പാറ കോളനി-കൊച്ചുമല റോഡ്

118. V. കോട്ടക്കൽ ചിഞ്ചന്ത - മണ്ണുംപാ റോഡ്.

## വാർഡുതല നിർദ്ദേശങ്ങൾ

(അടിയന്തിരമായി അറ്റകുറ്റ പണികൾ നടത്തേണ്ട റോഡുകൾ മുൻഗണനാക്രമത്തിൽ).

### Ward I

1 പൂങ്കാവ് കൊട്ടക്കാട്ടേത്തുപടി റോഡ്

2 മണലാടിപ്പടി, പൂവക്കാട് (Via) കൂവക്കര റോഡ്

3. മുണ്ടുവേലക്കൽ പടി മുട്ടത്തു റോഡ്

4. മുണ്ടയ്ക്കാ മുരുപ്പ് കൊട്ടുപ്പിള്ളേത്തുകനാൽ റോഡ്

5. വേലങ്കടവ്, പൂങ്കാവ് റോഡിൽ കിടങ്ങിൽ ഭാഗം മണ്ണിട്ട് നികത്തി ചപ്പാത്ത് നിർമ്മിക്കണം.
6. പ്രമാടം കരയും കൊടുന്തറയുമായി ബന്ധിപ്പിക്കുന്ന നടപ്പാലം നിർമിക്കണം.
7. പൂങ്കാവ് റോഡിലെ പാർക്കിംഗ് ഒഴിവാക്കി പാർക്കിംഗ് സംവിധാനം ഉണ്ടാക്കണം.

## Ward II

1. വലഞ്ചുഴി പാലമറ്റൂർ റോഡിന്റെ മെറ്റലിംഗും ടാറിംഗും നടത്തുക.
2. വലഞ്ചുഴിയിൽ ആറിനു കുറുകേ നടപ്പാലം നിർമ്മിക്കുക.
3. നേതാജി ഹൈസ്ക്കൂൾ ജംഗ്ഷൻ ആക്ലേത്തുപടി റോഡ് ടാർ ചെയ്യണം.
4. വട്ടക്കുളഞ്ഞി തെങ്ങും കാവ് റോഡ് - ടാർ ചെയ്യണം.
5. നേതാജി ഹൈസ്ക്കൂൾ ജംഗ്ഷൻ മങ്ങാട്ടു പടി റോഡ് - ടാർ ചെയ്യണം.
6. തകിടിയേൽ ജംഗ്ഷൻ - മുരുപ്പേൽ ഭാഗത്തേക്കുള്ള റോഡ് പനയ്ക്കാക്കുഴി ഭാഗത്തേക്ക് നീട്ടി സഞ്ചാരയോഗ്യമാക്കണം.
7. പ്രമാടം വേലങ്കടവ് റോഡിൽ നിന്നും മേലേ കിഴക്കേതിൽ പുരയിടം ചുറ്റി പാറയിൽ പടിക്കൽ എത്തുന്ന പഴയ റോഡ് പുനർനിർമ്മിക്കുക.
8. പൂങ്കാവ് കുമ്പഴ റോഡിൽ നിന്നും ചുട്ടിപ്പാറക്കൽ കോളനിയിലേക്കുള്ള റോഡ് സഞ്ചാരയോഗ്യമാക്കണം.
9. മറവൂർ റോഡിൽ ആനിയാട്ട് പടി മുതൽ തുണ്ടിയേത്തു പടി വരെ ഒരു ക്രോസ് റോഡ് നിർമ്മിക്കുക.
10. കുമമാളിൽ പടി, കാട്ടൂർ പടി റോഡ് മെറ്റലിംഗ് ടാറിംഗ് നടത്തുക.
11. ചെറുകുന്നത്തു പടി. പ്രമാടം അമ്പല ജംഗ്ഷൻ റോഡ് പുനർനിർമിക്കുക.

## Ward III

1 പാലമറൂർ- വലഞ്ചുഴി റോഡ്, വട്ടക്കുളഞ്ഞി- തെങ്ങുംകാവ് റോഡ് (Via) കിഴക്കേക്കര, വട്ടക്കുളഞ്ഞി- ആലക്കോട്ടു പടി റോഡ്, ഈട്ടിമൂട്ടി പടി-തെങ്ങുംകാവ് റോഡ്, ഈട്ടിമൂട്ടി പടി-വാളിയിൽ കടവ് റോഡ് എന്നീ റോഡുകൾ ആവശ്യമായ അറ്റകുറ്റ പണികൾ നടത്തി ടാർ ചെയ്യണം.

2 പുതിയതായി ഏറ്റെടുത്ത വട്ടക്കുളഞ്ഞി-വലഞ്ചുഴി വഞ്ചിപ്പടി റോഡ്, പുളിമുക്ക് - നെടിയകാലാമുക്ക് റോഡ്, (Via) റോയൽ ജംഗ്ഷൻ റോഡ്, പുളിമുക്ക് വയൽ- വാലുങ്കൽ റോഡ് എന്നീ റോഡുകളും ആവശ്യമായ അറ്റകുറ്റ പണികൾ നടത്തി ടാർ ചെയ്യണം.

3 മുണ്ടക്കൽ മുരുപ്പ്- ആർത്തകണ്ഠൻ കുഴി റോഡ്/ കുളത്തിങ്കൽപ്പടി -ഇടത്തുരുത്ത് റോഡ്, ഈട്ടിമൂട്ടി പടി- പൂവണ്ണും മുട്ടിൽ കടവ് റോഡ്, തറയിൽ പടി- കോളോത്തു മണ്ണിൽ പടി റോഡ്, ആലക്കോട്ടു പടി- തൊക്കേതുണ്ടിൽ പടി വഴി- വട്ടക്കുളഞ്ഞി St: തോമസ് നഗർ റോഡ് എന്നിവ പഞ്ചായത്ത് ഏറ്റെടുത്ത് അറ്റകുറ്റ പണികൾ നടത്തി ടാർ ചെയ്യണം.

## Ward IV

1. അഞ്ചുമുറിപ്പടി വട്ടപ്പാറ കടവു റോഡ്. ഇതിന്റെ സൈഡുകെട്ടി ടാർചെയ്യണം.
2. I.T.C പടി ചാരുംകുഴി റോഡ് ടാർ ചെയ്യണം.
3. ഈട്ടിമൂട്ടിൽ പടി വ്യാളിക്കടവ് റോഡ്.
4. ഈട്ടിമൂട്ടിൽ പടി തെങ്ങും കാവ് റോഡ്.
5. തെങ്ങും കാവ് അർത്തകണ്ഠൻ കുഴി റോഡ്

6. ഇളകൊള്ളൂർ-റൈസ്മിൽ പടി- പൂതക്കുഴി റോഡ്.
7. ഇളകൊള്ളൂർ കരിമ്പനക്കൽ പടി മേലൂട്ട് റോഡ്. മേൽപ്പറഞ്ഞ റോഡുകളുടെ ഇന്നത്തെ ശോച്യനാവസ്ഥ മാറ്റിയെടുക്കണം.
8. ഇല്ലത്തുകടവ് ഭാഗത്ത് ഒരു Ferry അനുവദിക്കണം.

## Ward V

1. വെള്ളപ്പാറ ഞക്കുകാവ് ചപ്പാത്ത് ജംഗ്ഷൻ റോഡ് ടാർചെയ്യണം.
2. കോന്നി ചന്ദനപ്പള്ളി റോഡിന്റെ അറ്റകുറ്റ പണികൾ നടത്തണം.
3. കോയിക്കലേത്തുപടി- പുതുപ്പറമ്പിൽ റോഡ്.
4. വലിയ പറമ്പിൽ പടി- മാളിയേയ്ക്കൽ കടവ് റോഡ്.
5. ഹൈസ്ക്കൂൾ ജംഗ്ഷൻ- ചരണയ്ക്കൽ കടവ് റോഡ്.
6. അമ്പലപടി- വലിയ പറമ്പിൽ പടി.
7. മേലൂട്ട് പടി- ചിറ്റൂർ മുക്ക് റോഡ്.

ഇവയുടെ അറ്റകുറ്റ പണികൾ നടത്തണം.

8. അച്ചൻ കോവിലാറ്റിൽ ചരണയ്ക്കൽ കടവിലും കാവുംമുറിക്കടവിലും കടത്തുവളം ഏർപ്പെടുത്തണം.

## Ward VI

1. വിലങ്ങുപാറപ്പടി-ഐരേത്തുവിളപ്പടി റോഡ്. ഈ വാർഡിലെ ഏറ്റവും നീളം കൂടിയ റോഡാണ്. ഇതിന്റെ മെറ്റലിംഗ് ടാറിംഗ് നടത്തണം.
2. പൂങ്കാവ്- ളാക്കൂർ-കോന്നി (PWD) റോഡിന്റെ മുഴുവൻ ഭാഗത്തും ഓട, കലുങ്ക്, ഇവ ആവശ്യാമുസരണം നിർമ്മിച്ച് റീ ടാറിംഗ് നടത്തണം.
3. ളാക്കൂർ ജോളി ജംഗ്ഷൻ മൂലപ്പറമ്പ് മുരുപ്പ് കോളനി, മുണ്ടയ്ക്കാ മുരുപ്പ് കോളനി എന്നിവയെ ബന്ധിപ്പിക്കുന്ന റോഡ്, മെറ്റലിംഗ് ടാറിംഗ്, ഓടനിർമ്മാണം.
4. ളാക്കൂർ പഞ്ചായത്തുപടി-കൊട്ടുപിള്ളേത്തു പടി റോഡ്, മെറ്റലിംഗ്, ടാറിംഗ്.
5. പ്ലാക്കൽ ഐരേത്തുവിളപ്പടി-തുരുത്തിവിളപ്പടി, റോഡ്, മെറ്റലിംഗ് ടാറിംഗ്.
6. ളാക്കൂർ പള്ളിപ്പടി- വെൽഫെയർ സ്ക്കൂൾ പടി റോഡ് സൈഡ് കെട്ടി, ഓടകെട്ടി സഞ്ചാരയോഗ്യമാക്കണം.
7. ളാക്കൂർ വടക്കേക്കരപ്പടി - വൻപിലാവിൽ പടിറോഡ് മെറ്റലിംഗ്, ടാറിംഗ്.
8. പ്ലാം കൂട്ടത്തിൽ പടി- ഐരേത്തു വിളപ്പടി-കുളിക്കുന്ന പാറവഴി P.H.C റോഡ് - അറ്റകുറ്റപ്പണികൾ തീർത്ത് സഞ്ചാര്യ യോഗ്യമാക്കണം.
9. രണ്ടാം തറപ്പടി. ചെളിക്കുഴി റോഡ് റോഡ്, മെറ്റലിംഗ് ടാറിംഗ് നടത്തണം.
10. ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ റോഡ് - ടാർ ചെയ്തതിന്റെ ബാക്കി ഭാഗം കൂടി ടാർ ചെയ്യണം.
11. ഞക്കുകാവ് വിലങ്ങുപാറ റോഡ്- വീതികൂട്ടി ടാർചെയ്യണം.
12. തൊണ്ടു മുരുപ്പേൽപടി-കൊല്ലൻ പടി റോഡ് വീതി കൂട്ടി ടാർ ചെയ്യണം.

## Ward VII

1. മുപ്രമൺ താഴൂർക്കടവ് റോഡ്, ചൂതുപാറ മംഗലശ്ശേരി റോഡ് എന്നിവ സഞ്ചാര്യയോഗ്യമാക്കണം.
2. തലയറ കോളനി-മേശ്ശരി മുരുപ്പ് റോഡ് സഞ്ചാര്യയോഗ്യമാക്കണം.

3. അന്തിച്ചന്ത-മണക്കുപ്പറോഡ് മെറ്റലിംഗും, ടാറിംഗും നടത്തണം.
4. കാഞ്ഞിരപ്പാറ- കണിയാൻ പാറ റോഡ് - മെറ്റലിംഗ്, ടാറിംഗ്.
5. ചൂതുപാറ-കല്ലേലിക്കുഴി റോഡ്. മെറ്റലിംഗ്-ടാറിംഗ്
6. പത്തനംതിട്ടനിന്നും താഴൂർക്കടവുവഴി- 7-8-9-12 വാർഡുകൾ വഴി കോന്നിയിൽകൂടി 11,6,3,2 എനനീവാർഡുകൾ സർക്കുലർ ബസ്സ് സർവ്വീസ് നടപ്പാക്കണം.

## Ward VIII

1. കുഴിക്കാലാ- മേലേമണ്ണ് റോഡ് മെറ്റലിംഗ്, ടാറിംഗ് നടത്തണം.
2. കുന്നത്തുപടി- നെടുമ്പാറപ്പടി റോഡ് മെറ്റലിംഗ്, ടാറിംഗ്.
3. ആശുപത്രിപ്പടി. (P.H.C) കുളിക്കുന്ന പാറ-ളാക്കൂർ റോഡ്.
4. തുണ്ടിൽപടി- നെടുമുരുപ്പു റോഡ് മെറ്റലിംഗ്, ടാറിംഗ്.
5. കമുകും തറപടി-വിലങ്ങുപാറപ്പടി മെറ്റലിംഗ്, ടാറിംഗ്.
6. വള്ളിക്കോട്കോട്ടയം- താന്നിക്കുഴി റോഡ്- മെറ്റലിംഗ്, ടാറിംഗ്.
7. പുതുപറമ്പിൽപടി വി. കോട്ടയം റോഡ്- മെറ്റലിംഗ്, ടാറിംഗ്.
8. കൊച്ചുമല-ചരക്കുഴിക്കൽപടി റോഡ് മെറ്റലിംഗ്, ടാറിംഗ്.

## Ward IX

1. വി.കോട്ടയം മുപ്രമണ്‍ റോഡ്. മെറ്റലിംഗ്, ടാറിംഗ് നടത്തണം. രണ്ട് കലുങ്കുകൾ നിർമ്മിക്കണം. റോഡിന്റെ സൈഡ് കെട്ടി ഓടകൾ നിർമ്മിക്കണം.
2. വി.കോട്ടയം ചാവരുകാവ് റോഡ്-ചെറിയകുന്ന് കാവ് റോഡ്. ഓടകൾ തീർത്ത് കയറ്റം കുറച്ച് കോളനിയുമായി ബന്ധപ്പെടുത്തി നടപ്പാലം നിർമ്മിക്കണം. റോഡ് മെറ്റലിംഗ്, ടാറിംഗ് നടത്തണം.
3. കോട്ടയം ചന്തമുക്ക്- കൊടുമൺ പ്ലാന്റേഷൻ റോഡ് ഓടകൾ നിർമ്മിച്ച് മെറ്റലിംഗ്, ടാറിംഗ് നടത്തണം.
4. കോട്ടയം ചെമ്പികുന്ന് ഇളപ്പുപാറ റോഡ് സൈഡ് കെട്ടി ഓടകൾ നിർമ്മിച്ച് മെറ്റലിംഗ്, ടാറിംഗ് നടത്തണം.
5. വി. കോട്ടയം എഴുമൺ റോഡ് ഓടകെട്ടി കയറ്റം കുറച്ച് മെറ്റലിംഗ്, ടാറിംഗ് നടത്തണം.
6. പ്ലാന്റേഷൻ എഴുമൺ റോഡ് ഓടകൾ തീർത്ത് സൈഡ് കെട്ടി മെറ്റലിംഗ്, ടാറിംഗ് നടത്തേണ്ടതാണ്.
7. എഴുമൺ തലയിറ കോളനി റോഡ് ഓടകൾ തീർത്ത് സൈഡ് കെട്ടി മെറ്റലിംഗ്, ടാറിംഗ് നടത്തേണ്ടതാണ്.
8. ചാവരുകാവ്- ചെറിയകുന്നുകാവ് റോഡ് കൈതക്കര പ്ലാന്റേഷൻ ജംഗ്ഷൻ വരെ നീട്ടണം.

## Ward X

1. വകയാർ ആര്യപള്ളിപടി- പ്ലാന്റേഷൻ റോഡ് (വത്തിക്കാൻ വഴി) പണി പൂർത്തിയാക്കി ടാറിംഗ് നടത്തേണ്ടതാണ്.
2. വകയാർ കരിംകുടുക്ക വഴി മുറിഞ്ഞകൽ റോഡ് റിംഗ് റോഡാണ്. ഇത് KIP ഏറ്റെടുത്ത് മെറ്റലിംഗ് നടത്തിയിട്ടുണ്ട്. അടിയന്തിരമായി ടാറിംഗ് നടത്തണം.
3. വകയാർ കൊല്ലൻ പടി- പനനിൽക്കും മുകൾ റോഡ് കയറ്റം കുറച്ച് കോൺക്രീറ്റ് ചെയ്യണം.
4. വകയാർ മാക്കറ്റ്-പുത്തൂർ മുരുപ്പ് റോഡ് സൈഡ് കെട്ടി ടാറിംഗ് നടത്തണം
5. വകയാർ തേമ്പാവു നിൽക്കുന്നതിൽ പടി പുത്തൂർ മുരുപ്പ് റോഡ് സൈഡ് കെട്ടി ടാറിംഗ് നടത്തണം

6. വകയാർ തെക്കാവ് ജംഗ്ഷൻ-പനനിൽക്കും മുകൾ റോഡ് പണിപൂർത്തിയാക്കണം.
7. കൊല്ലൻ പടി ഓലിക്കൽ റോഡ് സൈഡ് കെട്ടണം.
8. തിനവിളപ്പടി-തേയിലത്തോട്ടം റോഡ് ഓടനിർമ്മിച്ച് കോൺക്രീറ്റ് ചെയ്യണം.
9. കരിംകുടുക്കയിൽ നിന്നും പ്ലാന്റേഷൻ വരെ 750 മീറ്റർ പുതിയ റോഡ് നിർമ്മിക്കണം.
10. വകയാർ കരിംകുടുക്കയിൽ നിന്നും തേമ്പാവുനിൽക്കുന്നതിൽ പുത്തൂർ മുരുപ്പ് റോഡിലോട്ടുള്ള പുതുമനപ്പടി ഭാഗത്ത് പാലം നിർമ്മിച്ച് സൈഡ് കെട്ടി ഉയർത്തണം.

## Ward XI

1. ഈ വാർഡിൽ കൂടി കടന്നുപോകുന്ന മല്ലശ്ശേരി കോന്നി റോഡിന്റെ സൈഡ് കെട്ടി ഓടകൾ തീർത്ത് റീ ടാറിംഗ് നടത്തണം.
2. വെള്ളപ്പാറ, വി.കോട്ടയം റോഡ്, സൈഡ് കെട്ട്, ഓട, ടാറിംഗ്.
3. മാരാക്കുഴി- പൂവൻ പാറ റോഡ്
4. മുക്കരണത്തുപടി- ഇടയാടിപ്പടി റോഡ്
5. വെള്ളപ്പാറ-പതാലിൽ പടി റോഡ്
6. കലുകിനാം ക്കുഴി- കൊച്ചുമല റോഡ്
7. ചാക്കിലേത്തു പടി കൊച്ചുമല റോഡ്
8. പൂവണ്ണാൽ പടി-പശുത്ത്ട്ടിൽ- പലിയള്ളുങ്കൽ റോഡ്.
9. വട്ടപ്പാറ പതാലിൽ പടി റോഡ്.
10. വെള്ളപ്പാറ കിടങ്ങിൽ പടി റോഡ്

(3–10) ഈ റോഡുകളുടെ എല്ലാം സൈഡ് കെട്ടി-ഓടതീർത്ത് ടാറിംഗ് നടത്തണം.

## Ward XII

1. പ്രമാടം പഞ്ചായത്തിനേയും കോന്നി പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന കൈതക്കര- കുളത്തുങ്കൽ റോഡ്, കുളത്തുങ്കൽ ചേരീമുക്ക് റോഡ്, കൈതക്കരകളീലിൽ പടി റോഡ്, ചള്ളയ്ക്കൽ പടി-തോട്ടത്തിൽ പടി റോഡ് എന്നിവ റിംഗ് റോഡുകളായി പരിഗണിച്ച് സൈഡ് കെട്ടി ടാറിംഗ് നടത്തണം.
2. പരമേശ്വരത്തു പടി- കനാലിൽ പടി
3. കനാലിൽ പടി-തച്ചരമണ്ണിൽ
4. വെട്ടിമുട്ടിൽ പടി-മരുതത്തു പടി
5. കോട്ടപ്പുറം പടി- വത്തിക്കാൻ
6. കൊറ്റോടിപ്പടി - തുണ്ടിൽ പടി
7. പുളിക്കപ്പതാലിൽ പടി- മൂക്കന്നൂർ പടി
8. ചിറമുഖത്തു പടി - പൂവണ്ണാൽ പടി
9. മണ്ണിൽ പടി-നെല്ലിക്കുഴി മുരുപ്പ് കോളനി

(3–8) ഈ റോഡുകൾ സൈഡ് കെട്ടി-ടാറിംഗ് നടത്തണം.

10. മഠത്തിങ്കൽ പടി-പ്ലന്റേഷൻ ഗിരിജൻ കോളനി
11. കൈതക്കര-മലവേടർ കോളനി റോഡ്
12. കൈതക്കര- പൂവള്ളി മുരുപ്പ് പട്ടികജാതി കോളനി റോഡ്.

(10–12) ഇവ പട്ടിക ജാതി പട്ടികവർഗ്ഗ കോളനി റോഡുകളായി പരിഗണിച്ച് സൈഡ് കെട്ടി- ഓട നിർമ്മിച്ച് ടാറിംഗ് നടത്തണം.

# ഊർജ്ജം

ആഹാരവും വസ്ത്രവും പോലെതന്നെ മനുഷ്യന് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് ഊർജ്ജം. തീ എന്ന ഊർജ്ജസ്രോതസ് കൈവശമായതോടെ മനുഷ്യന്റെ വികസനഘട്ടം ആരംഭിക്കുകയായി. ആദ്യകാലങ്ങളിൽ ആഹാരം പാചകം ചെയ്യാനും തണുപ്പിൽ നിന്നു രക്ഷകിട്ടാനായി ഊർജ്ജത്തെ ഉപയോഗിച്ചിരുന്നെങ്കിൽ ഇന്ന് ഊർജജമില്ലാത്ത ഒരവസ്ഥയെ പറ്റി ചിന്തിക്കാൻ പോലും മനുഷ്യന് സാധിക്കുകയില്ല. ഈ ഗ്രാമത്തിലേക്ക് വൈദ്യുതി എത്തിയിട്ട് ഏതാണ്ട് നാല്പത് വർഷക്കാലം മാത്രമേ ആയിട്ടുള്ളു. അനിനു മുമ്പ് വിറകടുപ്പുകൾ മാത്രമാണ് നിലവിലുണ്ടായിരുന്നത്. മണ്ണെണ്ണ വിളക്കുകൾ വെളിച്ചത്തിനുവേണ്ടി ഉപയോഗിച്ചിരുന്നതായി കാണാം. ഇന്ന് നിലവിളക്കുകൾ കത്തിക്കുന്നത് പൂജാദികാര്യങ്ങൾക്കുമാത്രമാണെങ്കിൽ ആദ്യകാലങ്ങളിൽ ഈ വിളക്കുകൾ പ്രകാശത്തിനുവേണ്ടി ഉപയോഗിച്ചിരുന്നു എന്നനുമാനിക്കാം. നമ്മുടെ നാടൻ കലകളായ കഥകളി, ഓട്ടൻതുള്ളൽ, മുതലായവ നിലവിളക്കിന്റെ വെളിച്ചത്തിലായിരുന്നുവല്ലോ അരങ്ങേറിയത്. എണ്ണവർഗ്ഗങ്ങൾക്ക് കടുത്തക്ഷാമം അനുഭവപ്പെട്ട രണ്ടാം ലോകമാഹയുദ്ധകാലത്ത് ചക്കയുടെ അരക്കുകൊണ്ട് പന്തം ഉണ്ടാക്കി വെളിച്ചത്തിനായി ഉപയോഗിച്ചിരുന്നതായി അറിയാൻ സാധിച്ചു (പഠനസംഘം).

ഈയടുത്തകാലം വരെ പാചക ആവശ്യങ്ങൾക്ക് വിറകും, വെളിച്ചത്തിനുവേണ്ടി മണ്ണെണ്ണവിളക്കുകളും ആണ് ഉപയോഗിച്ചിരുന്നത്. ഈയടുത്തകാലം വരെ ഇന്നാട്ടുകാർ ഉപയോഗിച്ചിരുന്ന കാളവണ്ടികളിൽ വെളിച്ചത്തിനായി റാന്തൽ വിളക്കുകളാണ് ഉപയോഗിച്ചിരുന്നത്. റാന്തൽ വിളക്കുകൾ ഈ ഗ്രാമത്തിൽ ഇപ്പോഴും അപ്രത്യക്ഷമായിട്ടില്ല.

കാലഘട്ടത്തിന്റെ അത്യാന്താധുനികനായ L.P.G. (പാചകവാതകം) ഇന്നാട്ടിലെ സമ്പന്നരുടെ വീടുകളിലെത്തിനോക്കാൻ തുടങ്ങിയിട്ട് കാലമധികമായിട്ടില്ല. ഗവൺമെന്റ് ഉടമയിലോ, മറ്റേജൻസികളിലൂടയോ ഒരു ഗ്യാസ് ഏജൻസി ഇപ്പോഴും ഈ ഗ്രാമത്തിലില്ല. കൂടുതൽ കാര്യക്ഷമതയുള്ള ഉപകരണങ്ങളും ഇപ്പോൾ പ്രചാരത്തിലായിവരുന്നതേയുള്ളു.

വൈദ്യുതിയും , വൈദ്യുതേതര ഊർജ്ജസ്രോതസ്സുകളായ വിറക്, മണ്ണെണ്ണ, പാചകവാതകം, സൗരോർജ്ജം മുതലായവ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ഗ്രാമതല ഊർജാസൂത്രണം അടിയന്തരശ്രദ്ധ ആവശ്യമായ ഒന്നാണ്, വികേന്ദ്രീകൃത ഊർജ്ജാസൂത്രണം കൂടുതൽ കാര്യക്ഷമവും ഈടുറ്റതുമായിരിക്കും. അടുത്ത അഞ്ചു വർഷംകൊണ്ട് സമഗ്രമായ ബോധവൽക്കരണം വഴി ഊർജ്ജ ഉപയോഗം പരമാവധി കുറയ്ക്കുന്ന ഒരു കർമ്മപരിപാടിക്ക് രൂപം നൽകണം.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ഭാഗത്തും വൈദ്യുതി എത്തിയിട്ടുണ്ട്. എന്നാൽ പന്നിക്കണ്ടം മുരുപ്പ്, പനനിൽക്കുംമുകൾ, മാരാക്കുഴി ആശാരിമുരുപ്പ്, മലയകം, മുപ്രമൺ എന്നീ പ്രദേശങ്ങൾ ഇന്നും വൈദ്യുതി കടന്നു ചെന്നിട്ടില്ലാത്ത ഭാഗങ്ങളായി അവശേഷിക്കുന്നു. വൈദ്യുതി എത്തിയിട്ടുള്ള പലഭാഗത്തും മതിയായ വോൾട്ടേജ് ഇല്ലാതെ ജനങ്ങൾ ബുദ്ധിമുട്ടുന്നു.

പത്തു വർഷം മുമ്പുവരെ നമ്മുടെ പഞ്ചായത്തിൽ വിറക് ഉപയോഗിച്ചാണ് പാചകം ചെയ്തിരുന്നത്. ഇന്ന് ഉദ്ദേശം പത്തു ശതമാനം വീടുകളിൽ പാചകവാതകം ഉപയോഗിക്കുന്നു. വിറകിന്റെ ലഭ്യതകുറയുന്നതിനാൽ പാചകവാതകത്തെ കൂടുതൽ ആശ്രയിക്കാൻ ഇടയായി. കോന്നിയിലുള്ള പാചകവാതക

വിതരണ ഏജൻസി പത്തനംതിട്ട പാചക വാതക ഏജൻസള ഓന്നീ ഏജൻസികൾ മുഖാന്തിരം നമ്മുടെ പഞ്ചായത്തിലെ ആവശ്യക്കാർക്ക് പചകവാതകം ലഭിച്ചിരുന്നു. എന്നാൽ ഒരുവർഷമായി പ്രമാടം ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് പ്രസ്തുത ഏജൻസി കണക്ഷൻ അനുവദിക്കുന്നില്ല. ഇതിന് പരിഹാരമായി ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ വക ഒരു ഗ്യാസം എജൻസി ഈ പഞ്ചായത്തിൽ അനുവദിക്കണം.

പുകയില്ലാത്ത അടുപ്പുകളുടെ പ്രാധാന്യം പൊതുജനങ്ങളെ മനസിലാക്കിക്കൊടുക്കുകയും അത് ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം.

അല്പം ചിലവീടുകളിൽ ബയോഗ്യാസ് ഉണ്ട്. പുകയില്ലാത്ത അടുപ്പുകളും അപൂർവമാണ്. മണ്ണെണ്ണയോ, വൈദ്യുതിയോ പാചകത്തിനായി ഉപയോഗിക്കുന്നവരുമുണ്ട്.

## നിർദ്ദേശങ്ങൾ

- നമ്മുടെ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളായ പ്ലാന്റേഷൻ കോർപ്പറേഷനിലെ കൊമ്പൻപാറ, മാരാക്കുഴിക്കു സമീപം പടപ്പുപാറ (സമുദ്രനിരപ്പിൽ നിന്നും 710 അടി) എന്നിവിടങ്ങളിൽ കാറ്റുകൊണ്ടോ, സൂര്യപ്രകാശം കൊണ്ടോ വൈദ്യുതി നിർമ്മിക്കാനുള്ള സാദ്ധ്യതകൾ ആരായേണ്ടതാണ്.
- പൂങ്കാവ്, വി.കോട്ടയം, വകയാർ എന്നീ പഞ്ചായത്തു മാർക്കറ്റുകളിലെ വേസ്റ്റ് ഉപയോഗപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ച് വഴിവിളക്കുകൾ കത്തിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം.
- വോൾട്ടേജ്ക്ഷാമം പരിഹരിക്കാൻ വേണ്ടി ളാക്കൂർ, മാറാക്കുഴി, പ്രമാടം, പടിഞ്ഞാറ്, വട്ടക്കുളഞ്ഞി, ഇളപ്പുപാറ, വകയാർ, കരിംകുടുക്ക, കൊല്ലൻപടി, കൈതക്കര, പുളിമുക്ക് എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം. (നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കണം)
- വഴിവിളക്കുകൾ എല്ലാം റോഡുകളിലും സ്ഥാപിക്കുകയും, അവ ശരിയായി കത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.
- പ്രധാന ജംഗ്ഷനുകളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുകയും രാത്രി മുഴുവൻ കത്തിയ്ക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.
- പാചകവാതക വിതരണ ഏജൻസി ഈ പഞ്ചായത്തിൽ ആരംഭിക്കുക.
- പുകയില്ലാത്ത അടുപ്പ്, പ്രഷർകുക്കർ, കോംപാക്ട് ഫ്ലൂറസെന്റ് ലാംപ് എന്നിവ സബ്സിഡിയോടുകൂടി ലഭിക്കുന്നതിന്, അനേർട്ടിന്റെ ഊർജ്ജ ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തണം.

→ റോഡുകളുടെ ചിലതിന്റെ മധ്യഭാഗത്ത് നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ സൈഡിലേക്കു മാറ്റേണ്ടതുണ്ട്.

## വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

നിലവിലുള്ള ഉപഭോക്താക്കൾ

| ഗാർഹികം | വ്യാപാരം | വ്യവസായം | കാർഷികം | ആകെ |
|---|---|---|---|---|
| 4600 | 170 | 55 | 25 | 4840 |

## സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം.

| സാധാരണ ബൾബുകൾ | ട്യൂബുകൾ | മെർക്കുറിവേപ്പർ | സോഡിയംവേപ്പർ | ആകെ |
|---|---|---|---|---|
| 560 | 22 | Nil | Nil | 582 |

# സാദ്ധ്യതകൾ

- പുകയില്ലാത്ത അടുപ്പുകൾ ഉപയോഗം വ്യാപകമാക്കുക
- വനവൽക്കരണം ഉർജിതപ്പെടുത്തുക
- ബയോഗ്യാസ് പ്ലാന്റുകൾ നിർമിക്കുന്നതിനും, ഉപയോഗിക്കുന്നതിനും വേണ്ട ബോധവൽക്കരണം നടത്തുകയും ഇവ നിർമ്മിക്കുന്നതിന് കുടുതൽ സാമ്പത്തികസഹായം നൽകുകയും ചെയ്യുക.
- വൈദ്യുതിലൈനുകളിലെ അറ്റകുറ്റപ്പണികൾ കൃത്യസമയത്ത് നടത്തുക
- ട്രാൻസ്ഫോർമറുകളിലെ ഊർജ്ജനഷ്ടം കുറയ്ക്കാൻ കഴിയുന്ന വിധത്തിൽ പുനഃക്രമീകരിക്കുക.
- വോൾട്ടേജ്ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയോ, നിലവിലുള്ളവയുടെ കപ്പാസിറ്റി കൂട്ടുകയോ ചെയ്യുക.
- പാചകവാതകത്തിന്റെ ദൗർലഭ്യം ശരിക്കും അനുഭവിക്കുന്ന ഈ ഗ്രാമത്തിൽ സഹകരണ അടിസ്ഥാനത്തിൽ ഒരു ഗ്യാസ് ഏജൻസിസ്ഥാപിച്ചാൽ പാചകവാതകം ലഭിക്കാനുള്ള ഇന്നത്തെ ബുദ്ധിമുട്ട് ഒരുപരിധിവരെ കുറഞ്ഞുകിട്ടുന്നതാണ്.

## ട്രാൻസ്ഫോർമറുകളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലം | കപ്പാസിറ്റി | നിലവിലുള്ള ആവശ്യം |
|---|---|---|---|
| 1 | കുമ്പഴ നമ്പർ 2 | 160 KVA | |
| 2 | വട്ടക്കുളഞ്ഞി | 250 KVA | |
| 3 | പ്രമാടം | 100 KVA | കപ്പാസിറ്റി വർദ്ധിപ്പിക്കണം |
| 4 | കല്ലറക്കടവ് | 150 KVA | |
| 5 | മല്ലശ്ശേരി | 250 KVA | |
| 6 | മുണ്ടയ്ക്കാമുരുപ്പ് | 100 KVA | കപ്പാസിറ്റി വർദ്ധിപ്പിക്കണം |
| 7 | തെങ്ങുംകാവ് | 160 KVA | |
| 8 | ളാക്കൂർ | 100 KVA | |
| 9 | കുളനടക്കുഴി | 100 KVA | |
| 10 | പള്ളിമുരുപ്പ് | 100 KVA | |
| 11 | കൊലപ്പാറ | 160 KVA | |
| 12 | വാഴമുട്ടം | 150 KVA | |
| 13 | വള്ളിക്കോട്-കോട്ടയം | 160 KVA | |
| 14 | ചേരിമുക്ക് | 100 KVA | |
| 15 | കാഞ്ഞിരപ്പാറ | 100 KVA | |
| 16 | തെങ്ങുംകാവ് | 150 KVA | |
| 17 | മൂർത്തിമുരുപ്പ് | 100 KVA | |

# വാർഡ്തല നിർദ്ദേശങ്ങൾ

## Ward 1

- പാചകവാതകം ലഭിക്കാനും ബുക്കുചെയ്യാനുമുള്ള ബുദ്ധിമുട്ട് ഒഴിവാക്കണം
- പഞ്ചായത്ത്തലത്തിൽ ഗ്യാസ് ഏജൻസി സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കണം.
- പൂങ്കാവ് ജംഗ്ഷനിൽ മെർക്കുറിലാംപ് സ്ഥാപിക്കണം
- വേലംകടവ്, അമ്പലം ജംഗ്ഷൻ തേവരുകടവ്, സ്കൂൾജംഗ്ഷൻ എന്നിവിടങ്ങളിൽ മെർക്കുറി ലാംപ് സ്ഥാപിക്കുക.
- കാട്ടൂർപടി-കുമ്മാളിൻപടി റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.

## Ward II

- സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളിൽ മിക്കതും കത്തുന്നില്ല. അതിന് പരിഹാരമുണ്ടാകണം, പറയ്ക്കാകുഴി പടിമുതൽ മങ്ങാട്ട് പടി വരെ 5 വഴിവിളക്കുകളും.
- പറയ്ക്കാകുഴിപടി-കല്ലറക്കടവ് റോഡിൽ, 10 വഴിവിളക്കുകളും സ്ഥാപിക്കണം.
- നേതാജി ഹൈസ്കൂൾ-അക്ലേത്ത് പടിറോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.
- തകടിയത്ത് പടിമുതൽ മരുപ്പേൽ ഭാഗത്തേക്ക് അഞ്ച് വഴിവിളക്കുകൾ സ്ഥാപിക്കണം.
- പുളിമൂട്ജംഗ്ഷൻ, തകിടയത്ത്ജംഗ്ഷൻ, വട്ടക്കുളഞ്ഞി ജംഗ്ഷൻ, എന്നിവിടങ്ങളിൽ മെർക്കുറി ലാംപ് സ്ഥാപിക്കണം.

## Ward III

- മുണ്ടായ്ക്കാമുരിപ്പ് ഹരിജൻ സെറ്റിൽമെന്റ് കോളനിയിൽ എല്ലാ വീടുകളും വൈദ്യുതീകരിക്കുക
- വട്ടക്കുളഞ്ഞി ചെമ്പിൽപ്പടി വലഞ്ചുഴി വഞ്ചിപ്പടിയിലേക്ക് വൈദ്യുതീകരിക്കണം നടത്തുക.
- വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുളിമുക്കിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
- പുലരിജംഗ്ഷൻ മുതൽ വട്ടക്കുളഞ്ഞിറോഡിൽ പുന്നമൂട്ടിൽപ്പടിവരെ തെരുവുവിളക്കുകൾ സ്ഥാപിക്കുക. റോയൽ ജംഗ്ഷനിൽ ട്യൂബ്ലൈറ്റുസ്ഥാപിക്കുക.
- ഈട്ടിമൂട്ടിൽപടി മാടപ്പള്ളികടവ് റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് തെരുവുവിളക്കുകൾ സ്ഥാപിക്കുക.
- വട്ടക്കുളഞ്ഞിമുതൽ മല്ലശ്ശേരിമുക്ക് വരെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
- സ്വാമിക്കടവ് റോഡ് വൈദ്യുതീകരിക്കുക.

## Ward IV

- 4-ാം വാർഡിലെ കത്താത്ത തെരുവുവിളക്കുകൾ കത്തിക്കുവാൻ അടിയന്തിര നടപടിയുണ്ടാകണം.
- ചാരുംകുഴികുരിശുമുതൽ തെങ്ങുംകാവ്, എസ്, എൻ, ഡി, പി, വരെ 15 വിളക്കുകൾ കത്തുന്നില്ല.
- ഇളകൊള്ളൂർ ബ്ലോക്കുപടിക്കൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുക.

## Ward V

- 5-ാം വാർഡിൽ സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത എല്ലാഭാഗത്തും ലൈറ്റുകൾ സ്ഥാപിക്കുക.
- മരങ്ങാട്ട് ജംഗ്ഷനിൽ നിന്നും പടിഞ്ഞാറോട്ട് 3ലൈൻ വലിച്ച് വോൾട്ടേജ്ക്ഷാമം പരിഹരിക്കണം.
- വൈദ്യുതി എത്താത്തിടത്ത് സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കുക.

## Ward VI

- 6-ാം വാർഡിൽ തുരുത്തിവിളഭാഗത്ത് പുതിയതായി വൈദ്യുതിലൈൻ വലിച്ച് വൈദ്യുതികിട്ടാത്ത വീടുകൾക്ക് കണക്ഷൻ കൊടുക്കുക.
- വട്ടപ്പാറ കോളനിയിൽ പട്ടികജാതിയിൽ വീടു വൈദ്യുതീകരിക്കാത്തവർക്ക് സൗജന്യമായി വീടുവൈദ്യുതീകരിച്ച് കൊടുക്കുക.
- വോൾട്ടേജ്ക്ഷാമം ഉള്ളയിടത്ത് ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
- സ്ട്രീറ്റ്ലൈറ്റ് ഇല്ലാത്തയിടത്ത് പുതിയത് സ്ഥാപിക്കുകയും, സ്ഥാപിച്ചിട്ടുള്ളത് കൃത്യമായി കത്തിക്കുവാനുള്ള ഏർപ്പാട് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും വേണം.
- ളാക്കൂർ ലക്ഷം വീടു കോളനിയിൽ വൈദ്യുതി എത്തിക്കുക
- ളാക്കൂർപ്പള്ളിപ്പടി, ഗവ. എൽ.പി. സ്കൂൾ ജംഗ്ഷൻ, പഞ്ചായത്ത് ഓഫീസ്പടി എന്നിവിടങ്ങളിൽ ട്യൂബ്ലൈറ്റുകൾ സ്ഥാപിക്കണം.

## Ward VII

- കോളനികളിലേക്കുള്ള റോഡുകളിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.
- ഏഴാം വാർഡിൽ വൈദ്യുതിബിൽ കളക്ഷൻ സെന്റർ സ്ഥാപിക്കണം.
- ഉയർന്ന പ്രദേശമായ തടിയുരുള പ്പാറയുടെ മുകളിൽ കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിക്കാനുള്ള സാദ്ധ്യത ആരായണം.

## Ward VIII

- നാൽക്കവലകളിലും,മുക്കവലകളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.
- നെടുംമ്പാറ കോളനിയിലും ചെമ്പിക്കുന്നു കോളനിയിലും വൈദ്യുതി എത്തിക്കണം.
- എട്ടാം വാർഡിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ ഒരു ട്രാൻസ്ഫോർമർ കൂടി സ്ഥാപിക്കണം.

## Ward IX

- ഒമ്പതാം വാർഡിൽ മാത്രമുള്ള പട്ടികവർഗ്ഗകോളനിയിൽ വൈദ്യുതി ഇല്ലാത്തവർക്ക് വൈദ്യുതി സൗജന്യമായി എത്തിച്ചുകൊടുക്കുക.
- മേശിരിമുരുപ്പ് കോളനിയിൽ വൈദ്യുതി എത്തിക്കുക
- സ്ട്രീറ്റ്ലൈറ്റുകൾ ഇല്ലാത്ത കോളനറോഡിൽ ലൈറ്റുകൾ സ്ഥാപിക്കുക.

## Ward X

- പനനിൽക്കും മുകൾ, മലയകം, ആശാരിമുരുപ്പ് എന്നിവിടങ്ങളിൽ പുതിയ ലൈൻ സ്ഥാപിക്കുക
- വകയാർ ജംഗ്ഷനിൽനിന്നും 500മീററർ വൈദ്യുതിലൈൻ നീട്ടുക.
- മുകളുവിള-പാറവിള പട്ടികജാതി കോളനിയിൽ വൈദ്യുതി എത്തിക്കുക
- വകയാർ പാലം ജംഗ്ഷൻ, പുത്തൂർമുരുപ്പ്, വത്തിക്കാൻ, കരിംകുടുക്ക എന്നിവിടങ്ങളിലെ വോൾട്ടേജ്ക്ഷാമം പരിഹരിക്കുക.

* വെഞ്ഞപ്പാറ - V - കോട്ടയം റോഡിൽ വൈദ്യുതീകരിക്കുക. വഴിവിളക്കുകൾ സ്ഥാപിക്കുക.

## Ward XI

- ഈ വാർഡിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ വെള്ളപ്പാറ വഞ്ചിപ്പടിഭാഗത്ത് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
- പടപ്പുപാറയിൽ കാറ്റിൽനിന്നും വൈദ്യുതി ഉദ്പാദിപ്പിക്കാൻ ഉള്ളസൗകര്യം പരിശോധിച്ച് നടപടി ഉണ്ടാകണം.

## Ward XII

- ഈ വാർഡിൽ പഞ്ചായത്തുവക പുത്തൻകോളനി, പൂവള്ളിമുരുപ്പുകോളനി, മലവേടർകോളനി, നെല്ലിക്കുഴി മുരുപ്പ് കോളനി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കുകയും പട്ടികജാതി പട്ടികവർഗത്തിൽപെട്ടവരുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുകയും വേണം.
- വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കൈതക്കര ഇന്ദിരാ ജംഗ്ഷനിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

# മാർക്കറ്റ്

പ്രമാടം പഞ്ചായത്തിൽ മൂന്നു ചന്തകളുണ്ട് ഓരോ ചന്തയും ആഴ്ചയിൽ രണ്ടു ദിവസം കൂടുന്നു. ചന്തകൾ പൂങ്കാവ്. വള്ളിക്കോട് കോട്ടയം, വകയാർ എന്നിവിടങ്ങളിലാണ്. ഈ ചന്തകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കണമെങ്കിൽ വിദൂര മാർക്കറ്റുകളെ ആശ്രയിക്കേണ്ടതാണ്.

### പൂങ്കാവ് ചന്ത

പ്രമാടം പഞ്ചായത്തിൽ ഏറ്റവും ജനനിബിഡമായ പൂങ്കാവിൽ സ്ഥിതിചെയ്യുന്നു. ചൊവ്വ, വെള്ളി ദിവസങ്ങളിൽ ചന്ത കൂടുന്നു പച്ചക്കറികൾ മത്സ്യം മാംസം എന്നിവ വിപണനം നടത്തുന്നു. സാധാരണ മാർക്കറ്റുകളേക്കാൾ ശുചിത്വം ഈ മാർക്കറ്റിൽ പാലിക്കുന്നു.

ഇവിടെ പച്ചക്കറികൾ, മത്സ്യം മുതലായവ വിൽക്കുന്നതിന് സ്റ്റാളുകൾ കെട്ടി വാടകയ്ക്കു നൽകാവുന്നതാണ്.

മാർക്കറ്റിനോടനുബന്ധിച്ച അറവുശാല നിർമ്മിക്കേണ്ടതാണ്.

നിലവിലുള്ള മാർക്കറ്റിംഗ് കോംപ്ലക്സ് പുതുക്കി പണിത് രണ്ടു നിലയാക്കി കുറേസ്റ്റാളുകൾക്കൂടി പണിയേണ്ടതാണ്.

### വള്ളിക്കോട് കോട്ടയം ചന്ത

വള്ളിക്കോട് കോട്ടയത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഈ ചന്തയിൽ ചൊവ്വ, വെള്ളി എന്നീ ദിവസങ്ങളിലാണ് കച്ചവടം നടക്കുന്നത്. മലഞ്ചരക്കുകൾ, പച്ചക്കറികൾ, കാർഷിക ഉൽപ്പന്നങ്ങൾ മത്സ്യം മാംസം എന്നിവയുടെ വിപണനം നടക്കുന്നു.

ഈ ചന്തയ്ക്ക് ചുറ്റുമതിൽ ക്കെട്ടി സംരക്ഷിക്കണം. മാർക്കറ്റിൽ ശുചീകരണ പ്രവർത്തനം നടത്തണം. സ്റ്റാളുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. മത്സ്യം പച്ചക്കറികൾ എന്നിവ വിൽക്കാൻ സ്റ്റാളുകൾ നിർമ്മിക്കണം.

### വകയാർ ചന്ത

പത്തനംതിട്ട പുനലൂർ റോഡിന്റെ (SH-8) ഒരുവശത്തായി സ്ഥിതിചെയ്യുന്ന ഈ ചന്ത പ്രമാടം പഞ്ചായത്തിൽ നിന്ന് ഒറ്റപ്പെട്ടുകിടക്കുന്നെങ്കിലും അല്പം കൂടി പരിഷ്ക്കരിച്ചാൽ പഞ്ചായത്തിന് കൂടുതൽ വരുമാനം ഉണ്ടാക്കാം. ഈ ചന്ത ബുധൻ, ശനി എന്നീ ദിവസങ്ങളിൽ കൂടുന്നു.

ഇവിടെ നിന്നും നാലു കിലോമീറ്റർ അകലെ സ്ഥിതചെയ്യുന്ന കോന്നി നാരായണപുരം മാർക്കറ്റിനെപ്പോലെ പ്രാധാന്യമുള്ളതാക്കി തീർക്കുവാൻ സാധിക്കും. ഇവിടുത്തെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും, ആടുമാടുകളെ കച്ചവടം ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുത്തും മറ്റും ഇവിടെ നിന്നും ലഭിക്കുന്ന വരുമാനവും ഉയർത്താവുന്നതാണ്.

ഈ മാർക്കറ്റിനോടനുബന്ധിച്ച് ഒരു ഷോപ്പിംഗ് കോംപ്ലക്സും അറവുശാലയും ഉണ്ടാക്കണം.

കച്ചവടക്കാരെ കൂടുതൽ ആകർഷിക്കാൻ ചന്തപ്പിരിവ് കുറേക്കാലത്തേക്കെങ്കിലും പരീക്ഷണാർത്ഥം നിർത്തലാക്കാവുന്നതാണ്.

കൂടാതെ ഈ പഞ്ചായത്തിന്റെ ഏഴാം വാർഡിൽ പബ്ലിക്ക് ലൈബ്രറിക്കു സമീപം ഒരു അന്തിചന്തയും കൂടാറുണ്ട്. എന്നാലിപ്പോൾ ഇതിന്റെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചനിലയിലാണ്. പച്ചക്കറികളും മത്സ്യവും ഇപ്പോഴും വിൽക്കുന്നു. പേരിനർത്ഥമാക്കുന്നതരത്തിൽ ഈ ചന്ത എല്ലാ ദിവസവും വൈകിട്ടാണ് പ്രവർത്തിക്കുന്നത്.

ഈ പഞ്ചായത്തിന്റെ 5,6,11, എന്നീ വാർഡുകൾ കേന്ദ്രീകരിച്ച വെള്ളപ്പാറ ഭാഗത്ത് ഒരു ചന്ത ഉണ്ടായിരുന്നെങ്കിൽ ഈ ഭാഗത്തെആളുകൾക്ക് അതൊരു അനുഗ്രഹമാകുമായിരുന്നു. പഞ്ചായത്തിന് ഒരു നല്ല വരുമാനവും.

## മാർക്കറ്റുകളെ സംബന്ധിച്ച വിവരങ്ങൾ

| ചന്തയുടെ പേര് | വരുമാനം | ശുചീകരണ പ്രവർത്തനങ്ങൾ | അറവുശാല | സ്റ്റാളുകൾ | ചന്തകൂടുന്ന ദിവസങ്ങൾ | പ്രാഥമിക സൗകര്യം |
|---|---|---|---|---|---|---|
| പൂങ്കാവ് ചന്ത | 27000-00 | തൃപ്തികരം | ഇല്ല | ഉണ്ട് | ചൊവ്വ, വെള്ളി | പരിമിതം |
| വള്ളിക്കോട് കോട്ടയം ചന്ത | 9030-00 | തൃപ്തികരമല്ല | ഇല്ല | ഇല്ല | ചൊവ്വ, വെള്ളി | ഇല്ല |
| വകയാർ ചന്ത | 5010-00 | തൃപ്തികരം | ഇല്ല | ഇല്ല | ബുധൻ, ശനി | ഇല്ല |
| ആകെ വരുമാനം | 41040-00 | | | | | |

# പാർപ്പിടം

ഏതാണ്ട 60 വർഷം മുമ്പുവരെ ഈ പഞ്ചായത്തിന്റെ ഇരുപത് ശതമാനത്തിൽ താഴെ മാത്രം വരുന്ന സമതലപ്രദേശങ്ങളിലെ (പ്രമാടം, വെട്ടൂർ, ഇളകൊള്ളൂർ മണ്ണുംഭാഗം, കോട്ടയം വകയാർ തുടങ്ങിയ ) വാസയോഗ്യമായ വലിയവീടുകളിൽ ജന്മിമാരും മറ്റും താമസിച്ചിരുന്നപ്പോൾ കർഷകത്തൊഴിലാളികളും ദുർബലവിഭാഗത്തിൽപെട്ടവരും കാട്ടുകമ്പുകളും കല്ല്, മണ്ണ്, മുള മുതലായവയും ഉപയോഗിച്ചുണ്ടാക്കിയിരുന്ന കുടിലുകളിലാണ് താമസിച്ചിരുന്നത്. ഈ വീടുകളിൽ ഭൂരിഭാഗവും ഓലമേഞ്ഞതും ബാക്കി പുല്ലോ വൈക്കോലോ മേഞ്ഞവയുമായിരുന്നു. വളരെക്കുറച്ചു വീടുകൾ മാത്രം ഓടുമേഞ്ഞവയായിരുന്നു. കോൺക്രീറ്റു വീടുകൾ വ്യാപകമായി നിർമ്മിക്കുവാൻ തുടങ്ങിയിട്ട് ഏതാണ്ട് ഇരുപത് വർഷമേ ആയിട്ടുള്ളൂ.

ഈ പഞ്ചായത്തിൽ വാസയോഗ്യമായ വീടില്ലാത്തവരായി 2100 കുടുംബങ്ങൾ ഉണ്ട്. ഇവയിൽ 610 പട്ടികജാതി കുടുംബങ്ങളും 20 പട്ടികവർഗ്ഗക്കാരും ഉൾപ്പെടുന്നു. ഇവരെല്ലാം തന്നെ സ്വന്തമായി വീടു നിർമ്മിക്കുവാൻ ശേഷിയില്ലാത്ത ദുർബലവിഭാഗത്തിൽപെട്ടവരാണ്.

സാമ്പത്തികമായി വളരെ ഉയർന്ന നിലവാരമുള്ളവർ ഇവിടെ ചുരുക്കമാണ്. ഇടത്തരക്കാർ നിർമ്മിക്കുന്ന വീടുകളിലും കോൺക്രീറ്റു ഭ്രമം പ്രതിഫലിച്ചുകാണാം. ഇവർ നിർമ്മിക്കുന്ന വീടുകളിൽ പലതും തങ്ങളുടെ സാമ്പത്തിക സ്ഥിതിയ്ക്കും ആവശ്യത്തിനും ഉപരിയാണ്.

ലക്ഷം വീടു കോളനികൾ പലതും വാസയോഗ്യമല്ലാതായിരിക്കുന്നു. നിർമ്മാണത്തിലെ പാകപ്പിഴമൂലവും അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യാതിരുന്നതുകൊണ്ടും ഈ വീടുകളിൽ പലതും വാസയോഗ്യമല്ലാതായിട്ടുണ്ട്. സർക്കാർ, മറ്റുസ്ഥാപനങ്ങൾ എന്നിവവഴി ദുർബല വിഭാഗങ്ങൾക്ക് നൽകിയിട്ടുള്ള വീടുകളിൽ ഒന്നും തന്നെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ലെന്ന് കാണാം. (പഠനസംഘം)

ചേരി പ്രദേശങ്ങളിലും പുറമ്പോക്കുകളിലും കുടിൽകെട്ടി താമസിക്കുന്നവരും ധാരാളമുണ്ട്. പലർക്കും പട്ടയമില്ലാത്തതിനാൽ വിവിധതരം ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു. കടത്തിണ്ണകളിലും മറ്റും പാർക്കുന്നവർ ഇല്ലെന്നുതന്നെ പറയാം. തമിഴ്നാട്ടിൽനിന്നും മറ്റും കുടിയേറിയവർ നിർമ്മാണപ്രവർത്തനങ്ങളിലും പാറമടകളിലും തൊഴിലിലേർപ്പെട്ടിട്ടുള്ളവരാണ്. താൽക്കാലികകുടിലുകൾ കെട്ടിതാമസിക്കുന്ന ഇവർ സ്ഥിരതാമസക്കാരല്ല.

ഓരോവർഷവും പുതിയ വീടുകളുടെ എണ്ണം കൂടിവരുന്നതായി കാണാം.

### പഞ്ചായത്തിലെ കെട്ടിടങ്ങൾ

| 1991-92 | 1992-93 | 1993-94 | 1994-95 | 1996-97 |
|---|---|---|---|---|
| 8394 | 8486 | 9025 | 9064 | 9170 |

കെട്ടിടനിർമ്മാണ രംഗത്ത് ആനാവശ്യചെലവുകൾക്കുള്ള പ്രവണത കൂടിവരുന്നു. സമ്പന്നരുടെയും ഇടത്തടക്കാരുടെയും ഇടയിൽ ഇത് പ്രകടമായി കാണാം. ദുർവ്യയം ഒഴിവാക്കിക്കൊണ്ട് ചെലവുകുറഞ്ഞ നിർമ്മാണ ശൈലിക്ക് പ്രചാരം ലഭിക്കുന്നില്ല എന്നു തന്നെ പറയാം.

നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ തടി, കല്ല്, മണൽ എന്നിവ ഈ പഞ്ചായത്തിൽ സുലഭമാണ്. അന്യസ്ഥലങ്ങളിലേക്കുപോലും ഈ സാധനങ്ങൾ ഇവിടെനിന്ന് കൊണ്ടുപോകുന്നു. ചെലവുകുറഞ്ഞ സിമിന്റ് ഇഷ്ടികകൾ, ഹോളോബ്രിക്സ് മുതലായവ ഇവിടെ നിർമ്മിക്കുന്നുണ്ട്. മതിലുകൾ ജൈവവേലികൾ എന്നിവ അധികം പ്രചാരത്തിലായിട്ടില്ല.

കേരള ഹൗസിംഗ് ബോർഡിന്റെ കോന്നിയിലുള്ള റീജണൽ ഓഫിസിന്റെ അധികാര പരിധിയിലാണ് ഈ പഞ്ചായത്ത് എന്നാൽ ഈ ബോർഡിന്റെ സേവനം വേണ്ടത്ര പഞ്ചായത്തിന് ലഭിക്കുന്നില്ല. 'നിർമിതി' കേന്ദ്രങ്ങൾ പോലെയുള്ള സംഘടനകളുടെ സേവനവും വേണ്ടത്ര ഈ പഞ്ചായത്തിന് ലഭിക്കുന്നില്ല.

കെട്ടിട നിർമ്മാണ രംഗത്ത് ആവശ്യമായ തൊഴിലാളികൾ ഇവിടെ വേണ്ടത്രയില്ല. വിദഗ്ദ്ധതൊഴിലാളികളിലധികവും അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽനിന്നും എത്തിയിട്ടുള്ള വരാണ്. ഇവരുടെ സേവനം ആദ്യ കാലങ്ങളിൽ തൃപ്തികരമായിരുന്നെങ്കിലും ഇന്ന് ആ സ്ഥിതി മാറിക്കൊണ്ടിരിക്കുന്നു. വിദഗ്ദ്ധ തൊഴിലാളികളുടെ ക്ഷാമം കൃത്രിമമായി സൃഷ്ടിച്ചുകൊണ്ട് ഇവർ ഇന്നാട്ടുകാരെ ചൂഷണം ചെയ്യുന്നു. 1985 ൽ വിദഗ്ദ്ധതൊഴിലാളിക്ക് 25 രൂപ യും സഹായിക്ക് 20 രൂപയുമായിരുന്നു കൂലി. എന്നാൽ ഇന്ന് അത് യഥാക്രമം. 150-100 ഉം ആയി ഉയർന്നിട്ടുണ്ട്. കോൺട്രാക്ട് സമ്പ്രദായം നിലവിലുണ്ടെങ്കിലും വ്യാപകമായിട്ടില്ല . ചൂഷണം കൂടുതൽ നടക്കുന്നതിനാൽ ഈ സമ്പ്രദായം പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. സ്ത്രീകൾ നിർമ്മാണ പ്രവർത്തനങ്ങളിൽ സഹായികളായി മാത്രം പണിയെടുക്കുന്നു. 1985 -ൽ ഇവരുടെ കൂലിനിരക്ക് 15 രൂപയായിരുന്നത് ഇന്ന് 90 രൂപയായി ഉയർന്നിട്ടുണ്ട്.

## പ്രശ്നങ്ങൾ, സാദ്ധ്യതകൾ

1. കെട്ടിടനിർമ്മാണ സാമഗ്രികൾ ചിലതിന്റെയും ഭൂമിയുടെയും ദൗർലഭ്യം , വിലക്കയറ്റം.
2. നിർമ്മാണത്തൊഴിലാളികളുടെ ദൗർലഭ്യം, അമിത മായ കൂലി.
3. വായ്പകൾ ലഭിക്കാനുള്ള ബുദ്ധിമുട്ട്.
4. ഭൂമിയില്ലാത്തവർ/പട്ടയം ലഭിക്കാത്തവർ.
5. നിർമിതി മോഡലിൽ ചിലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് വിദഗ്ദ്ധരുടെ അഭാവം.
6. ഹൗസിംഗ് സൊസൈറ്റി കളിലെ സാങ്കേതിക പ്രശ്നങ്ങൾ.
7. ഈ പഞ്ചായത്തിലെ I,II,III വാർഡുകളിൽ വെള്ളപ്പൊക്കം മൂലം ഓരോ വർഷവും വീടുകൾക്ക് നാശം സംഭവിക്കുന്നു.
8. ലക്ഷം വീടുകളിൽ പലതും വാസയോഗ്യമല്ല.
9. ഒരു ഹൗസിംഗ് സൊസൈറ്റി നിലവിലില്ല.

1. നിർമ്മാണ സാമഗ്രികൾ പ്രാദേശികമായി നിർമ്മിക്കുക, മിച്ച ഭൂമി ഭൂരഹിതർക്ക് പതിച്ച് നൽകുക എന്നിവയ്ക്ക് നടപടിയുണ്ടാകണം.
2. നിർമ്മാണ ത്തൊഴിലാളികൾക്ക് പരിശീലനം നൽകണം. ഇവരുടെ കൂലി നിരക്ക് ഏകീകരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും കാലാകാലങ്ങളിൽ പരിഷ്ക്കരിക്കുകയും വേണം.
3. വായ്പകൾ ലഭിക്കാനുള്ള നടപടി ക്രമങ്ങൾ ലളിതമാക്കണം.
4. വെള്ളപ്പൊക്കം മൂലം നാശനഷ്ടം സംഭവിക്കുന്ന ഭാഗത്ത് സംരക്ഷണ ഭിത്തി കെട്ടുന്നതിനുള്ള വിദഗ്ദ്ധ നിർദ്ദേശം തേടി പരിഹാരം കാണണം.
5. ലക്ഷം വീടുകൾ നന്നാക്കാൻ ഗ്രാന്റ്/ ലോൺ അനുവദിക്കുക.
6. പഞ്ചായത്തിൽ ആകെ 2100 വീടുകളുടെ കുറവുണ്ട്. സാമ്പത്തിക പരാധീനതയിലുള്ള ഇവർക്ക് വീടുകൾ വച്ച് നൽകേണ്ടതാണ്

[ വാർഡുതല നിർദ്ദേശങ്ങൾ പ്രത്യേകമായി ഇതിൽ ചേർത്തിട്ടില്ല. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ ഒന്നായി ത്തന്നെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.].

# കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലകളുള്ളത് | മേൽക്കൂരയുടെ സ്വഭാവം | | | മറ്റുള്ളവ | വിവധ നിർമ്മാണ പദ്ധതി കളിലൂടെ നിർമ്മിച്ചവ. |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | | |
| I | 896 | 31 | 208 | 602 | 28 | 25 | 02 |
| II | 713 | 24 | 171 | 440 | 71 | 05 | 02 |
| III | 967 | 12 | 193 | 616 | 126 | 16 | 04 |
| IV | 761 | 06 | 117 | 584 | 44 | 08 | 02 |
| V | 793 | 07 | 156 | 560 | 60 | 07 | 03 |
| VI | 877 | 06 | 148 | 627 | 75 | 19 | 02 |
| VII | 786 | 10 | 110 | 532 | 119 | 13 | 02 |
| VIII | 840 | 10 | 105 | 573 | 127 | 23 | 02 |
| IX | 631 | 02 | 50 | 435 | 98 | 44 | 02 |
| X | 673 | 16 | 73 | 478 | 71 | 33 | 02 |
| XI | 646 | 07 | 146 | 403 | 68 | 20 | 02 |
| XII | 611 | 13 | 89 | 405 | 56 | 46 | 02 |
| ആകെ | 9194 | 144 | 1566 | 6255 | 943 | 259 | 27 |



# കുടിവെള്ളവും പൊതുജനാരോഗ്യവും

# 5.III തൃതീയമേഖല

# പൊതുജനാരോഗ്യം

ആരോഗ്യവാന്മാരായ ജനങ്ങൾ ഒരു നാടിന്റെ സമ്പത്തും അഭിമാനവുമാണ്. കർമ്മ നിരതരും ഊർജ്ജ സ്വലരുമായ ജനതയെ വാർത്തെടുക്കാൻ കഴിയണമെങ്കിൽ അവർ ആരോഗ്യവാൻമ്മാരും ആരോഗ്യവതിക ളുമാകേണ്ടതാണ്. അങ്ങനെയുള്ളവരെ വളരെ വേഗം ആവേശഭരിതരാക്കുവാനും കർമ്മ മേഖലകളിലേക്ക് തിരിച്ചുവിടുവാനും അതുവഴി അവരുടെ സേവനം നാടിന് പ്രയോജനപ്പെടുത്തുവാനും ജനപ്രതിനിധി കൾക്ക് സാധിക്കും.

പാരമ്പര്യരോഗങ്ങൾ, പകർച്ചവ്യാധികൾ (ഒരു പ്രദേശത്തെമൊത്തത്തിൽ ബാധിക്കുന്നത് അപകട ങ്ങൾ എന്നിങ്ങനെ ചുരുക്കംചിലവ ഒഴിച്ചാൽ പലരോഗങ്ങളും ജനങ്ങളുടെ അശ്രദ്ധയും ശുചിത്വമില്ലായ്മ യും മൂലമുണ്ടാകുന്നതാണ്. കുട്ടികളെ സംബന്ധിച്ചിടത്തോളം അവരുടെ ആരോഗ്യം പൂർണ്ണമായും അവ രുടെ സംരക്ഷകരുടെ കൈകളിലാണ്.

1960 കൾ വരെ ഇവിടുത്തെ ജനങ്ങൾക്ക് പ്രധാനമായും നാട്ടുവൈദ്യന്മാരുടെ സേവനമാണ് ലഭിച്ചി രുന്നതും. ഏറ്റവും അടുത്തുണ്ടായിരുന്ന പ്രാഥമിക ആരോഗ്യകേന്ദ്രം കോന്നിയിലായിരുന്നു. നാട്ടുകാർ അതിനെ ധർമ്മാശുപത്രി എന്ന് വിളിച്ചിരുന്നു.

ഈ പഞ്ചായത്തിൽ VIII-ാം വാർഡിൽ ഒരു പബ്ലിക്ക് ഹെൽത്ത് സെന്റർ ഉണ്ടാകുന്നതുവരെ ജനങ്ങൾ കോന്നിയിലോ, പത്തനംതിട്ടയിലോ ഉള്ള ആശുപത്രികളെ ആശ്രയിക്കേണ്ടിവന്നിരുന്നു. ഒന്നോ, രണ്ടോ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷനന്മാർ ഉണ്ടായിരുന്നെങ്കിലും (RMP) അവരുടെ സേവനം നാമമാ ത്രമായിരുന്നു.

പകർച്ച വ്യാധികളും മറ്റും ഇന്നാട്ടിൽ വളരെ കുറവായിരുന്നു. 1995-96ൽ 46 ജലജന്യ രോഗങ്ങളും 107 വായു ജന്യ രോഗങ്ങളും മാത്രമാണ് റിപ്പോർട്ടുചെയ്തിട്ടുള്ളത്. ജനനമരണ നിരക്ക് വളരെ കുറവായ ഈ പഞ്ചായത്തിൽ മാതൃ ശിശുമരണം ഈ വർഷം റിപ്പോർട്ടുചെയ്തിട്ടേയില്ല. കുട്ടികളുടേയും മുലയൂട്ടുന്ന അമ്മമാരുടേയും ആരോഗ്യം തൃപ്തികരമാണ്.

### പ്രമാടം ഗ്രാമ പഞ്ചായത്ത് പകർച്ച വ്യാധി വിവരങ്ങൾ

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 212 | 109 | Nil | Nil |
| 1994-95 | 72 | 101 | - | - |
| 1995-96 | 46 | 107 | - | - |

## ജനന മരണ വിവരങ്ങൾ (PHC)

| വർഷം | ജനനം | ജനനനിരക്ക് | മരണം | മരണനിരക്ക് | ചാപിള്ളമരണം | മാതൃമരണം |
|---|---|---|---|---|---|---|
| 1993-94 | 182 | 5.7 | 83 | 2.6 | Nil | Nil |
| !994-95 | 156 | 4.8 | 85 | 2.6 | Nil | Nil |
| 1995-96 | 97 | 3.01 | 56 | 1.7 | Nil | Nil |

ഇവിടെ ജനിക്കുന്ന കുട്ടികൾക്കെല്ലാം തന്നെ പ്രതിരോധകുത്തിവെയ്പുകൾ, സമയാസമയങ്ങളിൽ നടത്താറുണ്ട്. ഇക്കാര്യത്തിൽ P.H.C. സ്റ്റാഫ്, മറ്റ് സന്നദ്ധസംഘടനകൾ എന്നിവരുടെ സേവനം സ്തുത്യർഹം തന്നെ.

ജനനനിരക്ക്, മരണനിരക്ക് ഇവ പട്ടികയിൽ ചേർത്തിട്ടുണ്ട്. ജനനനിരക്ക് കുറവായത് ഇവിടെ ദമ്പതികളില്ലാഞ്ഞല്ല മറിച്ച് കുടുംബാസൂത്രണത്തേക്കുറിച്ചുള്ള അവരുടെ അറിവാണിതിനുകാരണം.

## പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

| സ്ത്രീയുടെ പ്രായക്രമം | ദമ്പതിമാരുടെ എണ്ണം | ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണം. | അമ്മമാരുടെ എണ്ണം | കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ |
|---|---|---|---|---|
| 18-19 | 22 | 1കുട്ടി | 410 | 191 |
| 20-24 | 448 | | | |
| 25-29 | 1056 | 2 കുട്ടികൾ | 1995 | 1883 |
| 30-34 | 850 | | | |
| 35-39 | 411 | | | |
| 40-44 | 177 | 2ൽ കൂടുതൽ കുട്ടികൾ | 458 | 376 |

## അംഗവൈകല്യമുള്ളവർ, മന്ദബുദ്ധികൾ etc....

| അന്ധർ | ബധിരർ | മൂകർ | ബധിരമൂകർ | ചലനവൈകല്യങ്ങൾ | മന്ദബുദ്ധികൾ | ഹൃദ്രോഗം |
|---|---|---|---|---|---|---|
| 5 | 4 | 9 | 10 | 8 | 18 | 42 |

(7) ഇളകൊള്ളൂർ, മല്ലശ്ശേരി, ഐക്കാട്, വകയാർ, ളാക്കൂർ, കോട്ടയം.



ഗവൺമെന്റ് തലത്തിൽ ഒരു പബ്ലിക്ക് ഹെൽത്ത് സെന്ററും സബ് സെന്ററുകളും കഴിഞ്ഞാൽ സ്വകാര്യചികിത്സാ കേന്ദ്രങ്ങൾ പോലും വിരലിലെണ്ണാവുന്നവയേയുള്ള. അവിടേയും രോഗികളെ കിടത്തി ചികത്സിക്കാനുള്ള സൗകര്യങ്ങൾ പരിമിതമാണ്. വിദഗ്ധ ചികിത്സ ആവശ്യമായി വരുന്നവരെ പത്തനംതിട്ട ജില്ലാ ആശുപത്രിയിലോ, തിരുവല്ലയിലുള്ള സ്വകാര്യ ആശുപത്രിയിലേക്കോ കൊണ്ടുപോകേണ്ട സ്ഥിതിയാണിവിടെയുള്ളത്.

പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഏക ഡോക്ടറുടെ സേവനം ഏതാനും മണിക്കൂറുകൾ മാത്രമാണ് ഇവിടെ ലഭിക്കുന്നത്. രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഇവിടെയില്ല. ഇവിടെ പത്തുകിടക്കകളെങ്കിലുമുള്ള ഒരാശുപത്രിയായി ഉയർത്തുകയും ഒരു ഗൈനോക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുകയും ചെയ്യണം. ഇവിടുത്തെ ഫീൽഡ് വർക്കറന്മാർ സമീപത്തുള്ള അംഗൻവാടികൾ സന്ദർശിച്ച് അവർക്കാവശ്യമുള്ള വിവരങ്ങൾ ശേഖരിച്ചു മടങ്ങുന്നു. (പഠനസംഘത്തിന് പൊതുജനങ്ങളിൽ നിന്നും ലഭിച്ച വിവരങ്ങൾ)

സ്വകാര്യ മേഖലയിലെ ആശുപത്രികളിൽ ചിലപ്പോൾ ഒന്നോ രണ്ടോ ഡോക്ടർമാരുടെ സേവനം ലഭ്യമാണെങ്കിലും, മറ്റുള്ള ജീവനക്കാർ വേണ്ടത്ര യോഗ്യതയോ പ്രവൃത്തിപരിചയമോ ഇല്ലാത്തവരായിരിക്കും. വേണ്ടത്ര യോഗ്യതയും പ്രവർത്തചി പരിചയവും ഇല്ലാത്തവരുടെ അഭാവത്തിതല്ല ഇങ്ങനെ സംഭവിക്കുന്നത്. മറിച്ച് അവരുടെ സേവന, വേതന വ്യവസ്ഥകളുടെ അന്തരമാണിതിനു കാരണം.

അത്യാവശ്യസൗകര്യങ്ങൾ പോലും ഇവിടെ പരിമിതമാണ്. ഏറ്റവും ശുചിത്വം പാലിക്കേണ്ട ഈ സ്ഥാപനങ്ങളിൽ ഇതിനു വിപരീതമായാണ് പ്രവർത്തിക്കുന്നത്.

## നിർദ്ദേശങ്ങൾ

നമ്മുടെ പഞ്ചായത്തിലുള്ള സ്വകാര്യആശുപത്രികൾക്ക് കർശനമായും ലൈസൻസിംഗ് സംവിധാനം ഉണ്ടാകേണ്ടതാണ്. ഇന്നത്തെ നിയമങ്ങൾ അതിനനുവദിക്കുന്നില്ലെങ്കിൽ ആയതിലേക്ക് വേണ്ട നിയമനിർമ്മാണം നടത്താൻ പോലും മടികാണിക്കരുത്.

സ്വകാര്യാശുപത്രികളിൽ പരിസരശുചിത്വം, സാങ്കേതിക വൈദഗ്ദ്ധ്യം എന്നിവ ഉറപ്പുവരുത്തണം. കാലാകാലങ്ങളിൽ ഇവിടെ വിദഗ്ദ്ധ പരിശോധന (Inspection) നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സംവിധാനമുണ്ടായാൽ നന്ന്. എങ്കിൽ ഒരു രോഗവുമായി ആശുപത്രിയിലെത്തുന്ന രോഗി പലരോഗങ്ങളുമായി തിരികെ വരുന്ന സ്ഥിതിവിശേഷം ഒഴിവാക്കാം.

## പരിസരശുചിത്വം

വളരെയധികം സൂക്ഷ്മതയോടും ശുഷ്കാന്തിയോടും യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതാണിത്. പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലേയും ശുചീകരണപ്രവർത്തനങ്ങൾ തൃപ്തികരമല്ല. പ്രധാനറോഡുകൾക്കൊന്നിനും തന്നെ ഓടകളില്ല. മാർക്കറ്റുകളിൽ ചപ്പുചവറുകൾ ശേഖരിച്ച് കത്തിച്ചുകളയുന്നതിനോ കമ്പോസ്റ്റാക്കി മാറ്റുന്നതിനോ സംവിധാനമുണ്ടാകണം. മലിനജലം ഒഴുക്കികളയുന്നതിനുള്ള സംവിധാനമുണ്ടാകണം. റബ്ബർറോളറുകളിൽ നിന്നും ഒഴുകുന്ന മലിനജലവും പരിസരമലിനീകരണത്തിന് കാരണമാണ്.

പൊതുവായി പറഞ്ഞാൽ പരിസരജന്യരോഗങ്ങൾക്ക് പ്രധാനകാരണം കക്കൂസുകളുടെ അപര്യാപ്തതയാണ്. കക്കൂസുകൾ ഇല്ലാത്ത വീടുകൾക്ക് അവ സ്ഥാപിച്ചുകൊടുക്കുന്നതോടൊപ്പം പൊതുകക്കൂസുകൾ ശുചിയായും വൃത്തിയായും സംരക്ഷിക്കുന്നതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

## നിർദ്ദേശങ്ങൾ

- ഓടകൾ ഇല്ലാത്ത എല്ലാ റോഡിലും ഓടകൾ നിർമ്മിക്കേണ്ടതാണ്.
- ചപ്പുചവറുകൾ കത്തിച്ചു കളയുകയോ കമ്പോസ്റ്റാക്കി മാറ്റുകയോ ചെയ്യണം.
- അലഞ്ഞു നടക്കുന്ന നായ്ക്കളെ ഇല്ലാതാക്കണം. പ്രതിരോധ കുത്തിവയ്പുനടത്തി പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കുന്ന സംവിധാനം കുറ്റമറ്റതാക്കണം. ലൈസൻസ് ഫീസ് ഇന്നത്തേതിന്റെ പത്തോ, ഇരുപതോ ഇരട്ടിയാക്കി വർദ്ധിപ്പിക്കുകയും, നിയമങ്ങൾപാലിക്കാതെ വളർത്തുന്ന നായ്ക്കളുടെ ഉടമയിൽ നിന്നും ഭാരിച്ച പിഴ ഈടാക്കുകയും വേണം.
- റബ്ബർ റോളറുകൾ സ്ഥാപിക്കുന്നവർക്ക് ലൈസൻസ് ഏർപ്പെടുത്തുകയും മലിനജലം സേഫ്ടിടാങ്കിലേക്കോ, ബയോഗ്യാസ് പ്ലാന്റിലേക്കോ ഒഴുക്കുന്നു എന്നുറപ്പുവരുത്തുകയും വേണം.
- കക്കൂസുകൾ നിർബന്ധമായും സേഫ്ടിടാങ്കുകൾ ഉള്ളവയാകണം. ഇന്നത്തെ സാഹചര്യത്തിൽ ലക്ഷം വീടുകൾ, കോളനികൾ എന്നിവിടങ്ങളിൽ ഇതു സാദ്ധ്യമല്ലന്നുതോന്നാം. എന്നാൽ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ഒരു പൊതു സേഫ്ടിടാങ്ക് നിർമ്മിച്ച് പലകക്കൂസുകളെ ഇതുമായി ബന്ധിപ്പിക്കാവുന്നതാണ്. ആധുനിക നഗരങ്ങളിൽ (ചണ്ഡിഗഢ്) ഈ സംവിധാനം വിജയകരമായി പ്രവർത്തിക്കുന്നുണ്ട്.
- റബ്ബർ റോളറുകൾക്ക് സേഫ്ടി ടാങ്ക് നിർബന്ധമാക്കുക.
- ഈ പഞ്ചായത്തിൽ 50 സെന്റിൽ താഴെ ഭൂമിയുള്ളവരുടെ എണ്ണം 12576 ആണ്. ഈ ചെറുതുണ്ട് ഭൂമിയിൽ വീട്, തൊഴുത്ത്, കിണർ, കക്കൂസ്, ചുരുക്കം ചിലവിഭാഗങ്ങളൊഴിച്ചാൽ ശ്മശാനവും ഇതിൽതന്നെയാണ്. ഇതിനു പരിഹാരമായി ഒരു വൈദ്യുത ശ്മശാനം പഞ്ചായത്തടിസ്ഥാനത്തിൽ നിർമ്മിക്കേണ്ടതാണ്.
- വൈദ്യുതശ്മശാനം പ്രയോജനപ്പെടുത്തുവാൻ മതപരമായ വിലക്കുകൾ ഉള്ള ജനവിഭാഗത്തിനുള്ള സെമിത്തേരികൾ ജനങ്ങൾ തിങ്ങിപ്പാർക്കുന്നിടത്തുനിന്നും അകലെ സ്ഥാപിക്കുകയും അവ അത്യന്താധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കുറ്റമറ്റതാക്കുകയും ചെയ്യേണ്ടതാണ്.

## പാരമ്പര്യ ചികിത്സ.

അമൂല്യങ്ങളായ പച്ചമരുന്നുകളിൽ പലതും ഇന്ന് വംശനാശഭീഷണിയെ നേരിടുന്നു. പഞ്ചായത്തുതലത്തിൽ കനാൽ പുറമ്പോക്കുകളിലും മറ്റും ഇവ നട്ടുവളർത്തി സംരക്ഷിക്കാവുന്നതാണ്.

ഈ പഞ്ചായത്തിൽ ഒരു വിഷ ചികിത്സാ കേന്ദ്രവും, പല ആയുർവേദചികിത്സാ കേന്ദ്രങ്ങളുമുണ്ട്. വിഷചികത്സാ കേന്ദ്രത്തിലെ മരുന്നുകൾ ഏതാണ്ട് 13 വർഷം മുമ്പ് ഇന്നാട്ടിലെ ജനങ്ങളുടെ പ്രയത്നം കൊണ്ട് ഉണ്ടാക്കിയെടുത്തവയാണ്. ഈ മരുന്നുകൾ തീർന്നതായറിയാൻ സാധിച്ചു (പഠനസംഘം). വളരെയധികം കായികാദ്ധ്വാനവും വിലപിടിപ്പുള്ള മരുന്നുകളും വിദഗ്ധമേൽനോട്ടവും ഭാരിച്ച പണച്ചിലവുമുള്ള ഈ ജോലി ജനപങ്കാളിത്തതോടെ നടത്തേണ്ടതാണ്.

മദ്യത്തിനും മയക്കുമരുന്നുകൾക്കുമെതിരെയുള്ള ഇന്നത്തെ സമീപനം കുറ്റമറ്റതാക്കണം. കർശനങ്ങൾ ഏർപ്പെടുത്തുന്നതോടൊപ്പം ജനങ്ങളെ അതിന്റെ ഭവിഷത്തുകളെക്കുറിച്ച് കൂടുതൽ ബോധവാന്മാരാക്കേണ്ടതാണ്. ഇവയ്ക്കടിമയായവരെ ഒരു സർവ്വേയിൽകൂടി കണ്ടെത്തി ബോധവൽക്കരണമോ ചികിത്സയോ നടത്തി അവരുടെ കടമകളിലേക്ക് മടക്കികൊണ്ടുവരണം.

*മദ്യപന്മാരേ!! നിങ്ങൾ കാരണം എത്ര കുടുംബങ്ങളാണ് അനാഥമാകുന്നത്. മാത്രമോ മരണത്തെ നിങ്ങൾ മാടി വിളിക്കുകയുമാണ.*

## വാർഡ് തല നിർദ്ദേശങ്ങൾ

പൂങ്കാവ് S.N.D.P. മന്ദിരത്തിൽ പ്രവർത്തിക്കുന്ന പബ്ലിക് ഹെൽത്ത് സബ് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. പകർച്ചവ്യാധികൾ പരത്തുന്ന ജീവികളെ നശിപ്പിക്കാനുള്ള സംവിധാനമുണ്ടാകണം. പൂങ്കാവ് കേന്ദ്രീകരിച്ച് ഒരായുർവേദാശുപത്രി സ്ഥാപിക്കണം. രക്തദാനം നേത്രദാനം ഇവയെപ്പറ്റി ബോധവൽക്കരണം നടത്തണം ഇവിടെയുള്ള ബ്രോയിലർ ചിക്കൻ ഫാമുകൾ കുറെക്കൂടി ശുചിത്വം പാലിക്കാനുള്ള നടപടികളുണ്ടാകണം.

ഇളകൊള്ളൂർ കേന്ദ്രമാക്കി ഒരായുർവേദ ആശുപത്രി സ്ഥാപിക്കണം. സ്വകാര്യ വ്യക്തികൾ ആടുമാടുകളെ അറക്കുന്നത് കർശനമായി നിരോധിക്കണം.

ളാക്കൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സബ് സെന്റർ (സ്വന്തമായി കെട്ടിടമുള്ളത്) അപ്ഗ്രേഡു ചെയ്ത് ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കണം. ഇവിടെ നെല്ലിമുരുപ്പ് ഭാഗത്ത് അറവുശാല സ്ഥാപിച്ച് ഇപ്പോഴുണ്ടാകുന്ന പരിസരമലിനീകരണമൊഴിവാക്കാൻ സംവിധാനമുണ്ടാകണം. ഇവിടെയുണ്ടാക്കിയിരിക്കുന്ന (ളാക്കൂർ) കുടുംബക്കല്ലറ ആധുനിക സാങ്കേതികവിദ്യയുടെ അഭാവത്താൽ പരിസരമലിനീകരണമുണ്ടാക്കുന്നതാകയാൽ നീക്കം ചെയ്യേണ്ടതാണ്. ഹെൽത്ത് ഇൻസ്പെക്ടറന്മാർ വാർഡുകൾ സന്ദർശിച്ച് പ്രതിരോധകുത്തിവയ്പുകൾ നടത്തേണ്ടതാണ്.

വള്ളിക്കോടു കോട്ടയത്തുള്ള പബ്ലിക് ഹെൽത്ത് സെന്റർ പത്ത് കിടക്കകളെങ്കിലുമുള്ള ഒരാശുപത്രിയായി ഉയർത്തി സ്പെഷ്യലൈസ്ഡ് ഡോക്ടറന്മാരുടെ സേവനം ഉറപ്പുവരുത്തണം.

പത്ത്, പന്ത്രണ്ട് എന്നീ വാർഡുകൾക്ക് പ്രയോജനപ്പെടത്തക്കവണ്ണം ഈ വാർഡുകൾക്കുള്ളിൽ ഒരു പബ്ളിക് ഹെൽത്ത് സെന്റർ ആരംഭിക്കണം. പതിനൊന്നാം വാർഡിൽ ഒരു സബ്സെന്റർ ആരംഭിക്കണം. പതിനൊന്നാം വാർഡിൽ ഒരു അലോപ്പതി/ഹോമിയോ/ആയുർവേദ ആശുപത്രി സ്ഥാപിക്കണം.

പൊതുമുതൽ സംരക്ഷിക്കുവാനും പരിസരമലിനീകരണത്തേപ്പറ്റി ബോധവൽക്കരണം നടത്തുവാനും കുടിവെള്ളം ദുർവിനിയോഗം ചെയ്യുന്നത് തടയുന്നതിനും ശേഷിയുള്ള ജനകീയ സമിതികൾ രൂപീകരിക്കണം കക്കൂസുകൾ ഇല്ലാത്ത എല്ലാ വീടുകൾക്കും കക്കൂസുകൾ സമയബന്ധിതമായി നിർമ്മിക്കുന്നതിന് ധനസഹായം നൽകണം.

*"ആരോഗ്യവും ഒരു ധനമാണ്. ഈ ധനം ഭൂതത്താൻ നിധികാക്കുന്നതുപോലെ കാത്തു സൂക്ഷിക്കുക. മറ്റുള്ളവരെ ബോധവാന്മാരാക്കുക. നമ്മുടെ റവന്യൂവരുമാനത്തിന്റെ 17% ഇതിനായി ചിലവഴിക്കുന്നു. ദുർവ്യയം ചെയ്യുന്ന ഓരോ രൂപയും നാം നൽകിയതാണ്.*

# കുടിവെള്ളം

കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും ആരോഗ്യപുരോഗതിയുടെ മുഖ്യകാരണങ്ങളിൽ ഒന്നാണ്. ജലലഭ്യതയിൽ കേരളം മുൻനിരയിലാണെങ്കിലും ഈ ജലസമ്പത്ത് പരിപൂർണ്ണമായി നാം ചൂഷണം ചെയ്യുന്നില്ല. മൺസൂൺ കാലങ്ങളിൽ ലഭിക്കുന്ന ജലത്തിന്റെ 5%ത്തോളം പാഴായിപ്പോകുകയാണ്. ജലസമ്പന്നമായ നമ്മുടെ പഞ്ചായത്തിൽ വരൾച്ചയും കുടിവെള്ളക്ഷാമവും ഏതാണ്ട് 30% കൂടുതൽ ആൾക്കാരെ ബാധിക്കുന്നുണ്ട് (പഠനസംഘത്തിന്റെ സർവ്വേ). പൈപ്പുകൾ വഴിയുള്ള കുടിവെള്ള വിതരണം ഏതാണ്ട് എല്ലാ വാർഡിലുമുണ്ടെങ്കിലും തൃപ്തികരമല്ല. അതും ഏകദേശം 10%ത്തിൽ താഴെയുള്ള ജനങ്ങൾക്കു മാത്രമേ പ്രയോജനപ്പെടുന്നുള്ളു. (പഠനസംഘത്തിന്റെ സർവ്വേ).

കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടാറുള്ള മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ 2 K.M. വരെ ദൂരം താണ്ടിവെള്ളം ശേഖരിക്കുന്ന പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. സാധാരണയായി കുടിവെള്ളക്ഷാമം രൂക്ഷമാകുമ്പോൾ ടാങ്കർ ലോറികളിലും മറ്റുമായി ജലം എത്തിക്കാറുണ്ടെങ്കിലും ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതിയുടെ സവിശേഷതകൊണ്ട് ഈ സംവിധാനം പലപ്പോഴും പരാജയപ്പെടുകയാണ് പതിവ്. റോഡുകളുടെ അഭാവവും, ശോചനീയാവസ്ഥയും ഇതിനു കാരണമാവുന്നു.

ശുദ്ധജലത്തേപ്പോലെ അത്രയും പ്രാധാന്യമർഹിക്കുന്നതാണ് മലിനജലവും. വാട്ടർ ആന്റ് വെയ്സ്റ്റ് വാട്ടർ അതോറിറ്റി ഒന്നിച്ചുരൂപീകരിക്കാൻ കാരണം ഈ പ്രാധാന്യമാണ്. ശുദ്ധജലം ലഭ്യമാക്കുന്ന അതേ വേഗതയിൽ മലിനജലം ഒഴുക്കിക്കളയുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതുമാണ്. മലിനജലം ഒഴുക്കിക്കളയുന്നതിനുള്ള ഓടകളുടെ അഭാവം ഒരു പ്രധാനപ്രശ്നമാണ്.

മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യചുമതലയാണ്. കേന്ദ്രീകൃതമായ ശുദ്ധജലവിതരണ പദ്ധതികളിലൂടെ ആവശ്യമുള്ളിടത്തെല്ലാം പൈപ്പിലൂടെ കുടിവെള്ളം എത്തിക്കുന്ന രീതിയാണ് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നാം മുഖ്യമായി സ്വീകരിച്ചിരിക്കുന്നത്. എന്നാൽ ഇതിലൂടെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുകയില്ല. ഇതിനു പകരം നിലവിലുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ സന്തുലിതമായ പരിപാലനം, വികസനം ഉപയോഗം എന്നിവയിലൂടെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്ന പുതിയൊരു രീതിയായിരിക്കണം നാം ഇനി അവലംബിക്കേണ്ടത്.

കുടിവെള്ളത്തിനായി ഉയർന്ന പ്രദേശങ്ങളിൽകിണർ കുഴിക്കുമ്പോൾ പലതും കരിങ്കൽ പാറകളിൽ ചെന്നവസാനിക്കുന്നു. അവിടെ കൂടുതൽ കുഴിക്കുന്നതിനുള്ള സാമ്പത്തിക പരാധീനതയും കുഴിച്ചാലും ജലം കിട്ടുമോ എന്നുള്ള പരിജ്ഞാനക്കുറവും ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നുണ്ട്. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ പൈപ്പുവഴി വെള്ളമെത്തിക്കുകയല്ലാതെ മറ്റുമാർഗ്ഗങ്ങൾ ഒന്നുമില്ല.

പഞ്ചായത്തിൽ കുഴൽക്കിണറുകൾ ഉണ്ടാക്കിയിട്ടുണ്ട്. ഇവയിൽ പലതിലും പ്രതീക്ഷിച്ചത്ര ജലം ലഭിക്കുന്നില്ല. ജലക്ഷാമമുള്ള സ്ഥലങ്ങളിൽ കുഴിച്ച കുഴൽകിണറിൽ പലതിലും മണിക്കൂറിൽ 10ലിറ്റർ എന്ന നിരക്കിൽ മാത്രമേ ജലം ലഭിക്കാറുള്ളൂ. ഇതിൽ നിന്നും കിട്ടുന്ന ജലത്തിന് രുചിവ്യത്യാസമുണ്ട്. മിക്കതിലും തുരുമ്പിന്റെ ചുവയുണ്ട്. ഇവയിൽ പലതും ഇന്ന് ഉപയോഗയോഗ്യമല്ല.

## വാർഡുതല നിർദ്ദേശങ്ങൾ

ഒന്നാം വാർഡിൽ St. Mary's English Medium School നു സമീപമുള്ള പൈപ്പ്ലൈൻ 400 മീറ്റർ കൂടി നീട്ടി ചാമക്കാലാപ്പടി വരെ എത്തിക്കേണ്ടതാണ്. പൂങ്കാവിനു പടിഞ്ഞാറുവശം S.N.D.P. ജംഗ്ഷൻ-വാലുപറമ്പിൽപ്പടി-കുഴിപ്പറമ്പിൽ പടി മുകടിയിൽപടിവരെ പൈപ്പ്കണക്ഷൻ സ്ഥാപിക്കുക. ലക്ഷംവീട് കോളനിയിൽ നിന്നും ഭാരതമാതാ കോളനിയിലേക്ക് ഉദ്ദേശം 700 മീറ്റർ ദൂരം പൈപ്പ്ലൈൻ സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുക. ഈ വാർഡിൽ മൂന്നു കുളങ്ങളുണ്ട്, പൊട്ടൻകുളം, കുതിരവട്ടം കുളം, കന്യാകുളങ്ങരകുളം ഇവ അന്യാധീനപ്പെട്ട് പലതുടെയും കൈവശമാണ്. ഇവ വീണ്ടെടുത്ത് പുനരുദ്ധരിച്ചാൽ ഈ സ്ഥലങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

വാർഡ് രണ്ട്

1. മരുതത്ത് പടിമുതൽ കല്ലറക്കടവ് വരെയുള്ള ഭാഗം

2. വലഞ്ചുഴി മേമുറിയിൽ ഭാഗം, വള്ളക്കടവ് മുതൽ അമ്പലം വരെയുള്ള ഭാഗം

3. ചെറുകുന്നത്ത് പടിമുതൽ മൂതെങ്ങിൽ പടിവരെ

4. തുണ്ടിയത്ത് മേലേതിൽ പടിമുതൽ പ്രമാടം അമ്പലജംഗ്ഷൻവരെ

5. നേതാജി ഹൈസ്കൂൾ ജംഗ്ഷൻ മുതൽ മങ്ങാട്ടുപടിവരെ

6. മേലേകിഴക്കേതിൽ ഭാഗം

7. കുമ്മാളിൻപടി-കാട്ടൂർപടി റോഡിൽ 750m, എന്നീസ്ഥലങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കണം.

മൂന്ന്, നാല്, അഞ്ച് എന്നീ വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഇന്നുള്ള പൈപ്പ്ലൈൻ നീട്ടിയതുകൊണ്ടോ മറ്റോ ഉദ്ദേശിക്കുന്ന ഫലം ഉണ്ടാവില്ല. അതിനാൽ അച്ചൻകോവിലാറ്റിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരു തടയണയുണ്ടാക്കി അവിടെനിന്നും ജലം പമ്പുചെയ്ത് ഭൂതക്കുഴി മുരുപ്പിൽ എത്തിച്ച് 3,4,5 എന്നീ വാർഡുകളുടെ എല്ലാഭാഗത്തും ജലമെത്തിക്കാനുള്ള സാദ്ധ്യതയേപ്പറ്റിഒരു വിദഗ്ധ സംഘത്തെ നിയോഗിച്ച് പഠിക്കുകയും ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി Implement ചെയ്യുകയും വേണം.

ആറാം വാർഡിൽ ഒരു മാതൃശിശുസംരംക്ഷണ കേന്ദ്രമുള്ളതിനുസമീപം ഒരു പൈപ്പ്ലൈൻ ഉണ്ട്. അതിൽ നിന്നും ഈ സെന്ററിലേക്കു ശുദ്ധജലമെത്തിക്കാനുള്ള അടിയന്തിരനടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. മൂലപ്പറമ്പുമുരുപ്പ് ഹരിജൻ കോളനിയിലേക്കുവരുന്ന പൈപ്പ്ലൈൻ, ഞക്കുകാവ്, വട്ടപ്പാറ, കവുങ്ങിനാംകുഴി കോളനി എന്നീപ്രദേശങ്ങളിലേക്കു കൂടി നീട്ടികൊടുക്കുകയും ഇതിൽകൂടി ജലവിതരണം ഉറപ്പുവരുത്തുകയും ചെയ്യണം. (കമ്മീഷൻ ചെയ്തതിനുശേഷം ഇന്നുവരെ ഈ പൈപ്പ്ലൈനിൽകൂടി ജലവിതരണം നടന്നിട്ടില്ല) ഐരേത്തുവിളടാങ്കിന് സംഭരണശേഷി വർദ്ധിപ്പിക്കുക.

ഏഴാം വാർഡിൽ തലയറമുരുപ്പ്, ചൂതുപാറ, കല്ലേലിക്കുഴി, കാഞ്ഞിരപ്പാറ, മേശരിമുരുപ്പ്, എന്നിവടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കേണ്ടതാണ്. ചൂതുപാറയിൽ സ്ഥിതിചെയ്യുന്ന കുളത്തിനു ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്. ഈ കുളത്തിൽ നിന്നും കിട്ടുന്നവെള്ളം ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സഹായിച്ചേക്കും.

എട്ടാം വാർഡിൽ ചരക്കുഴിക്കൽ, താന്നിക്കുഴി, കുളിക്കുന്ന പാറ, നെടുംപാറകോളനി, ചെമ്പിക്കുന്നു കോളനി എന്നിവടങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഇവിടങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഒരു വിദഗ്ധമായ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. അതിനാൽ ഇതുകൂടി ഇനിയും നിർദ്ദേശിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആയത് യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തു തീർക്കുകയും വേണ്ടതാണ്.

ഒൻപത്, പത്ത്, പതിനൊന്ന്, പന്ത്രണ്ട് എന്നീ വാർഡുകളിലെ കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്.

പൈപ്പുജലം എല്ലാ വാർഡുകളുടെയും ചിലഭാഗങ്ങളിൽ മാത്രമേ ലഭിക്കുന്നുള്ളു. ദിവസവും ജലം ലഭിക്കാറുമില്ല. ഈ പഞ്ചായത്തിന്റെ IX, XI വാർഡിന്റെ അതിർത്തിയായ പടപ്പുപാറ എന്ന സ്ഥലത്ത് (സമുദ്രനിരപ്പിൽ നിന്നും 710 അടി ഉയരം) ഏതാണ്ട് 40ഓളം വീടുണ്ട്. ഏതാണ്ട് ആറുമാസം മാത്രമേ അവിടെ കുടിവെള്ളം കിട്ടാറുള്ളൂ. പിന്നീടുള്ള മൂന്നു മാസക്കാലം ഏതാണ്ട് 1 k.m. അകലെനിന്നുമാണ് ജലം ലഭിക്കുന്നത്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. അക്കാലങ്ങളിൽ പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന ജലം ഏതാണ്ട് 2 k.m. അകലെയുള്ള തട്ടക്കുന്ന് എന്ന ഭാഗത്തുള്ള ടാങ്കിൽ ശേഖരിക്കുകയും, അവിടെനിന്നും കാൽനടയായി കൊണ്ടുപോകുകയുമാണ്. (പഠനസംഘം നേരിൽ കണ്ടതാണ്) വാഹനസൗകര്യം ഇല്ലാത്ത സ്ഥലവുമാണ്.

പഞ്ചായത്തിൽ നടപ്പാക്കാൻ കഴിയുന്ന കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ.

1. *ബോധവൽക്കരണം (സന്നദ്ധസംഘടനകൾ വഴി)*
2. *ചെളിനീക്കം ചെയ്യൽ (ജനപങ്കാളിത്തത്തോടെ)*
3. *കിണറുകളുടെ വായ്ഭാഗം വലയിട്ടു മൂടൽ*
4. *ക്ലോറിനേഷൻ (ആരോഗ്യവകുപ്പുവഴി)*
5. *ഗുണനിലവാര പരിശോധന (പ്രാഥമികാരോഗ്യകേന്ദ്രം, റീജിയണൽ ലബോറട്ടറി)*
6. *അറ്റകുറ്റപ്പണികൾ നടത്തൽ*
7. *പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം*
8. *ജലസ്രോതസ്സുകളിൽ നിന്നും ചെറിയ ജലപദ്ധതികൾ ആരംഭിക്കൽ*

## സാദ്ധ്യതകൾ

പഞ്ചായത്തുതലത്തിൽ പഞ്ചായത്ത് അംഗങ്ങളും, സന്നദ്ധസംഘടനാ പ്രവർത്തകരും, ആരോഗ്യവകുപ്പ് ജീവനക്കാരും അടങ്ങുന്ന ജലസംരക്ഷണ സമിതിയും, വാർഡുതല ജലസംരക്ഷണ സമിതിയും ഉണ്ടാവണം.

## പൊതുനിർദ്ദേശങ്ങൾ

1. നിലവിലുള്ള കുഴൽകിണറുകൾ അറ്റുകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കണം.
2. പൊതുടാപ്പുകളെല്ലാം തന്നെ അറ്റകുറ്റപ്പണികൾ നടത്തി അതിൽ ജലപ്രവാഹം ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ഈ ജലത്തെ അണുവിമുക്തമാക്കുകയും വേണം.
3. കുടിവെള്ളത്തിനുവേണ്ടി കിണറുകളും കുളങ്ങളും കുഴിക്കുന്നതിന് വായ്പകൾ ലഭ്യമാക്കണം. വായ്പാ വ്യവസ്ഥകൾ ഉദാരവൽക്കരിക്കുകയും പലിശനിരക്ക് കുറയ്ക്കുകയും ചെയ്യേണ്ടതാണ്.
4. ശുദ്ധജല ദുരുപയോഗം കർശനമായി നിരോധിക്കേണ്ടതാണ്. ശുദ്ധജലം ദുർവിനിയോഗം ചെയ്യുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും പിഴ ഈടാക്കുകയും വേണം.
5. പഞ്ചായത്തിൽ നിലവിലുള്ള പ്രമാടം വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തനം വിലയിരുത്തി പദ്ധതിയുടെ ശേഷിപൂർണ്ണമായി വിനിയോഗിക്കുന്നതിന് കഴിഞ്ഞിട്ടില്ല. നിലവിലുള്ള ടാങ്കിന്റെയും മോട്ടോറിന്റെ (പമ്പിന്റെ) യും ശേഷി വർദ്ധിപ്പിക്കണം

ഫെബ്രുവരി മുതൽ മെയ് വരെയുള്ള കാലങ്ങളിൽ രണ്ടുകിലോമീറ്റർ ദൂരം വരെ കാൽനടയായി സഞ്ചരിച്ച് കുടിവെള്ളം ശേഖരിക്കേണ്ട ഗതികേടിലാണ്, ഈ വാർഡുകളിലെ ഭൂരിപക്ഷം പ്രദേശങ്ങളിലേയും ജനങ്ങൾ. ഈ ദുഃസ്ഥിതിമാറ്റി 200 മീറ്ററിനുള്ളിലെങ്കിലും കുടിവെള്ളം ലഭ്യമാക്കിയാൽ ഇവിടങ്ങളിലെ ജനങ്ങൾ ധന്യരായി.

സമുദ്രനിരപ്പിൽ നിന്ന് 710 അടി ഉയരമുള്ള ഈ പഞ്ചായത്തിലെ ജനവാസമുള്ള പ്രദേശങ്ങളിൽ വച്ച് ഏറ്റവും ഉയർന്നതുമായ സ്ഥലമാണ്. 9, 11 വാർഡുകളുടെ അതിർത്തിപ്രദേശമായ പടപ്പുപാറ വർഷത്തിൽ 6മാസം മാത്രം ജലലഭ്യതയുള്ള ഈ പ്രദേശത്ത് ഒരു വലിയ ജലസംഭരണി നിർമ്മിക്കേണ്ടതാണ്. ഈ സംഭരണിയിലേക്കുള്ള ജലം ഐരെത്തുവിള ടാങ്കിൽ നിന്നും Sublift ചെയ്യേണ്ടതാണ്. ഐരേത്തുവിള ടാങ്കിൽ നിന്നും പടപ്പുപാറയിലേക്ക് 11/2 കിലോ മീറ്റർ ഏരിയൽ ഡിസ്റ്റൻസ് ഉണ്ട്. ദൂരവും Pressure Variation ഉം മറ്റു സാങ്കേതിക തടസ്സങ്ങളുമെല്ലാം കണക്കിലെടുത്ത് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ ഈ പ്രദേശങ്ങളിലെല്ലാം ശുദ്ധജലം എത്തിക്കേണ്ടതാണ്. ഈ ആവശ്യത്തിലേക്കായി ഐരേത്തുവിള ടാങ്കിന്റെ Storage capacity വർദ്ധിപ്പിക്കുന്ന കാര്യവും കണക്കിലെടുക്കേണ്ടതാണ്. പടപ്പുപാറടാങ്കിൽ നിന്നും ഒരു രണ്ടാം ഘട്ട ടാങ്ക് 10,12 വാർഡുകളിൽ കേന്ദ്രീകരിച്ച് നിർമ്മിക്കുകയും അതിലേക്ക് Gravity feed system വഴി ജലം എത്തിച്ച് വിതരണം ചെയ്യുകയും ചെയ്യാവുന്നതാണ്. 7, 8, 9, 11 വാർഡുകളിലെ ജലദൗർലഭ്യം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ ഈ പടപ്പുപാറ ടാങ്കിൽനിന്നും ജലവിതരണം നടത്താവുന്നതാണ്. ഈ പദ്ധതി ആധുനിക സാങ്കേതികവിദ്യകളും മറ്റും ഉപയോഗിച്ചു നടപ്പാക്കേണ്ടത് ഈ പഞ്ചായത്തിന്റെ പ്രാഥമികമായ അത്യാവശ്യമാണ്.

*!!! ശുദ്ധജലം ദൈവാനുഗ്രഹമായി ലഭിച്ച ഒരു മുതലാണ്.*
*അത് ദുർവിനിയോഗം ചെയ്യരുത്.*
*ഒരമൂല്യ നിധിയാണത് സ്വാർത്ഥ ചിന്തകൾ ഒഴിവാക്കുക. !!!*

(1) 9-ാം വാർഡിൽ SNDP ജംഗ്ഷൻ ഇരുപ്പുവാം line കമ്മീഷൻ ചെയ്യണം.

(2) 10-ാം വാർഡിൽ വകയാർ-ഇലയകം-ചെപ്പ് കുടിവെള്ള പദ്ധതി തീർക്കണം.

(3) നെല്ലിക്കുഴി മുരുപ്പ് കൊരുമ്പയിൽ കുളം നിർമ്മിക്കണം.



# വിദ്യാഭ്യാസം

# വിദ്യാഭ്യാസം

പ്രമാടം പഞ്ചായത്തിലെ വികസന രേഖ തയ്യാറാക്കുന്നതിനുള്ള പ്രഥമ ഘട്ട പരിപാടികൾ വാർഡ് തലത്തിൽ സംഘടിപ്പിച്ചപ്പോൾ ഈ ഗ്രാമത്തിലെ ജനങ്ങൾ ഏറ്റവും കൂടുതൽ ഊന്നൽ കൊടുത്ത ഒരു വിഷയമാണ് വിദ്യാഭ്യാസം. സാക്ഷരതയിൽ ഇൻഡ്യയിലെ ഏറ്റവും മുന്നിൽ നിൽക്കുന്ന കേരളത്തിലെ ഏറ്റവും കൂടുതൽ സാക്ഷരരുള്ള ജില്ലയാണ് പത്തനംതിട്ട. വിദ്യാഭ്യാസത്തിന് ഈ നാട്ടുകാർ നൽകുന്ന വില എന്താണെന്ന് അതിൽ നിന്നും മനസ്സിലാക്കാം.

ജനസംഖ്യ ശതമാനത്തിൽ 11-ാം സ്ഥാനത്തുനിൽക്കുന്ന നമ്മൾ സാക്ഷരതയുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്നു. (94.86 %) എന്നാൽ സ്റ്റേറ്റ് ആവറേജ് 89.81 ആണ്. ഏറ്റവും പിന്നിൽ നിൽക്കുന്ന ജില്ല പാലക്കാട് 81.27 % ആണ്. തിരുവനന്തപുരത്ത് 89.22 % ആണ് സാക്ഷരതാ പ്രവർത്തം, വയോജന വിദ്യാഭ്യാസം തുടർന്നുള്ള ബോധവൽക്കരണം മുതലായവ നടത്തുവാൻ ഇന്നാട്ടിലെ ചെറുപ്പക്കാർ വഹിച്ച പങ്ക് സ്മരണീയമാണ്.

പ്രമാടം പഞ്ചായത്തിനെ തൊട്ടടുത്ത വികസിത പ്രദേശവുമായി അകറ്റിനിർത്തിയത് അച്ചൻകോവിലാറാണ്. പല പ്രദേശങ്ങളിൽ നിന്നും തൊഴിൽ തേടിയും മറ്റ് പല രീതിയിലും കുടിയേറിവർ സ്വന്തം നിലനിൽപ്പിനു വേണ്ടി ഒത്തു ചേർന്നവർ കൃഷിപ്പണി കൊണ്ട് മാത്രം ജീവിതം നയിച്ചവർ. ഈ മനുഷ്യർക്ക് തങ്ങളെക്കുറിച്ച് ഉത്കണ്ഠയില്ലായിരുന്നുവെങ്കിലും തങ്ങളുടെ മക്കളുടെ ഭാവിയെക്കുറിച്ച് അവർ ചിന്തിച്ചിരുന്നു.

കേരളത്തിൽ ആദ്യമായി അച്ചടിച്ച 'ജ്ഞാനോദയം മാസികയുടെ ഉടമസ്ഥരായ C.S.I. സമുദായക്കാരാണ്. 100 കൊല്ലം പഴക്കമുള്ള മല്ലശ്ശേരി C.M.S. എൽ.പി. സ്ക്കൂൾ പ്രമാടം പഞ്ചായത്തിൽ പണികഴിപ്പിച്ച് വിദ്യാഭ്യാസ സ്ഥാപനത്തിന് തുടക്കംകുറിച്ചത്.

അതിനുശേഷം ആരംഭിച്ചത് വള്ളിക്കോട് കോട്ടയം പ്രദേശത്ത് തുടങ്ങിയ പ്രൈമറി സ്ക്കൂൾ ആണ്. നെടിയമണ്ണിൽ വീട്ടിൽ ഇന്നു ജീവിച്ചിരിക്കുന്നവരുടെ പിതാമഹന്റെ പുരയിടത്തിൽ അദ്ദേഹം നൽകിയ സ്ഥലത്ത് ശ്രമദാനം നടത്തിയാണ് സ്ക്കൂൾ നിർമ്മിച്ചത്. C.P. യുടെ കാലത്ത് ഈ സ്ക്കൂൾ ഗവൺമെന്റിന് നൽകിയത് വെറും ഒരു രൂപാ പ്രതിഫലം വാങ്ങിക്കൊണ്ടാണ്. ഈ സ്ക്കൂൾ ഇന്നും ചരിത്രത്തിന്റെ മൂക സാക്ഷിയായി വള്ളിക്കോട് കോട്ടയം NSS ഹൈസ്ക്കൂളിന് സമീപമായി പ്രവർത്തിക്കുന്നു. ഈ സ്ക്കൂളിന് സ്ഥലവും മറ്റുംതന്ന് സഹായിച്ച നെടിയമണ്ണിൽ കുടുംബത്തിലെ ഒരംഗമായിരുന്ന ശ്രീ എൻ. ജെ. ശാമുവേലിനെ പള്ളുക്കുടം അച്ചായൻ എന്നാണ് ആളുകൾ വിളിച്ചിരുന്നത് എന്ന് ജീവിച്ചിരിക്കുന്ന മുത്തഛ്ചന്മാർ ഞങ്ങളോട് (പഠനസംഘത്തോട്) പറഞ്ഞു. ആ മഹാ മനുഷ്യന്റെ പിൻഗാമികൾ ഇന്ന് എൻ.ജെ.എസ് എന്ന വ്യവസായ സ്ഥാപനത്തിന്റെ ഉടമകളും പഞ്ചായത്തിലെ വ്യവസായ പ്രമുഖരുമാണ്.

ഇപ്പോൾ ഈ പഞ്ചായത്തിൽ അഞ്ച് ഗവ: സ്കൂളുകൾ ഉണ്ട് തുണ്ടിൽ കേശവൻ വൈദ്യന്റെ നേതൃത്വത്തിൽ പൊതു ജന സഹകരണത്തോടെ പണി കഴിപ്പിച്ച് സർക്കാരിന് നൽകിയ പ്രമാടം ലോവർ പ്രൈമറി ആണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ഗവൺമെന്റ് സ്കൂൾ.

1087- ൽ പ്രമാടത്ത് കെ. സുബ്രമണ്യൻ ഭട്ടതിരിപ്പാടിന്റെ ഉടമസ്ഥതയിൽ പൂങ്കാവിലും, ളാക്കൂരിലും, ഓരോ കൊല്ലം വീതം പ്രവർത്തിച്ച ഗ്രാന്റ് സ്കൂൾ 1089 ൽ തെങ്ങും കാവിൽ സ്ഥാപിച്ചു. ഇതിന് പുതിയ കെട്ടിടം ആവശ്യമായി വന്നപ്പോൾ ഇഞ്ചപ്പാറയിൽ വെളുമ്പൻ മാധവന്റെ ഉടമസ്ഥതയിൽ പണികഴിപ്പിക്കുകയും തുടർന്ന് അദ്ദേഹം അതിന്റെ മാനേജരാകുകയും ചെയ്തു.

പിന്നീട് ളാക്കൂരിൽ സെന്റ് മേരീസ് എൽ.പി. സ്ക്കൂൾ എന്നു രേഖയിൽ കാണുന്ന സ്ഥാപനം ഉണ്ടായി. തിരുവിതാംകൂർ മഹാരാജാവ് ശ്രീ ചിത്തിരതിരുന്നാൾ കുന്നത്തൂർ പത്തനംതിട്ട താലൂക്കുകളിൽ സമഗ്രവിദ്യാഭ്യാസ പരിപാടി നടത്തിയിരുന്നു. 1122 ൽ അന്നത്തെ മാനേജർക്ക് ഒരു ചക്രം പ്രതിഫലം നൽകി ഏറ്റെടുത്തു. അങ്ങനെ അത് ഒരു സർക്കാർ സ്ഥാപനം ആയി. ഈ സമയത്തുതന്നെയാണ് ഇളകൊള്ളൂർ St: George H.S ആരംഭിച്ചത്.

ഈ കാലഘട്ടത്തിൽ നിലത്തെഴുത്താശാന്മാരുടെ സുവർണ്ണ കാലമായിരുന്നു. അക്ഷരങ്ങൾക്കും കണക്കുകൾക്കും പുറമെ പുരാണ ഗ്രന്ഥങ്ങളും ഇവർ പഠിപ്പിച്ചിരുന്നു. ഇന്നു നാം പഠിക്കുന്ന ഭിന്നസംഖ്യകൾ വരെഅവർ പഠിപ്പിച്ചിരുന്നു. ഉദാ: $^1/_2$ അര, $^1/_4$ കാൽ, $^1/_8$ അരയ്ക്കാൽ, $^1/_{16}$ അരേ അരയ്ക്കാൽ, $^1/_{32}$ മഹാണി, $^1/_{64}$ മുണ്ടാണി തുടങ്ങി.......... (ഇതിനപ്പുറം പോകാൻ പഠന സംഘത്തിന് വുദ്ധിമുട്ടായി.) $^1/_{128}$ മഹാണി മുണ്ടാണി, $^1/_{256}$ മുണ്ടാണി-മുണ്ടാണി, മുതലായവ.

ശ്രീ ചിത്തിര തിരുനാളിന്റെ ദിവാൻ സഭയിൽ അംഗമായിരുന്ന കുന്നത്തൂർ MLA P.C. ആദിച്ചൻ നടത്തിയിരുന്ന ഹരിജനോദ്ധാരണ പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് കർഷക തൊഴിലാളി ആയ കല്ലിരിക്കുന്നതിൽ ചന്ദ്രൻ അയ്യപ്പൻ സംഭാവന ചെയ്ത സ്ഥലത്ത് മുണ്ടയ്ക്കൽ മുരുപ്പ് വെൽഫെയർ സ്കൂൾ ആരംഭിച്ചത്. 1957 ലെ മുണ്ടശ്ശേരി മാസ്റ്ററുടെ വിദ്യാഭ്യാസബിൽ പാസ്സായതോടുകൂടി ഈ സ്ഥാപനം. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ആയി തീർന്നു.

മലകളും താഴ്വരകളും നിറഞ്ഞ പ്രമാടം പഞ്ചായത്തിലെ റോഡുകൾ യാത്രയ്ക്ക് ഉതകുന്നവ ആയിരുന്നില്ല. കിലോമീറ്ററുകൾ കാൽ നടയായി യാത്രചെയ്താണ് കുട്ടികൾ സ്ക്കൂളിൽ പഠിച്ചിരുന്നത്. എന്നാൽ ഇന്ന് സ്ഥിതിഗതികൾ പാടേ മാറി. L.P. സ്ക്കുളിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് ഏറ്റവും കൂടുതൽ നടക്കേണ്ടിവരുന്നത് ഒന്നു-ഒന്നര കിലോമീറ്റർ ദൂരമാണ്. ഈ പഞ്ചായത്തിലെ എല്ലാ ഭാഗത്തും പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഇന്നുണ്ട്.

നിലത്തെഴുത്ത് ആശാന്മാർ ക്രമേണ പിന്മാറിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ അംഗന വാടികളുടെ, രംഗ പ്രവേശനം ശ്രദ്ധേയമാണ്. ഏതാണ്ട് മൂന്നൂറ് വീട്ടുകൾക്കിടയിൽ ഒരു അംഗൻ വാടി ഇന്നുണ്ട്. നിലത്തെഴുത്താശാന്മാരുടെ ക്രൂരമായ മുഖം കാണാതെ ചിരിച്ചും കളിച്ചും ഉണ്ടും ഉറങ്ങിയും അവരറിയാതെ തന്നെ കുട്ടികൾ പഠിക്കുന്നു. മാത്രമല്ല പോഷകാഹാരവും, സൗജന്യമെഡിക്കൽ പരിശോധയും അവർക്ക് ലഭിക്കുന്നു.

ഇപ്പറഞ്ഞതെല്ലാം നമ്മുടെ വിദ്യഭ്യാസ സൗകര്യത്തിന്റെ ഒരു മുഖം മാത്രം. പ്രൈമറി സ്ക്കുൾ വിദ്യാഭ്യാസത്തിനു ശേഷം ഇന്നാട്ടിലെ നല്ലോരു വിഭാഗം കുട്ടികൾക്ക് വിദ്യാഭ്യാസത്തിനായി അയൽ ഗ്രാമങ്ങളിലേക്കോ , തൊട്ടടുത്ത പത്തനംതിട്ടയിലേക്കോ വിദൂര ജില്ലകളിലേക്കോ പോകണ്ടിയിരുന്നു.

ആദ്യ കാലങ്ങളിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് പ്രമാടം വേലൻ കടവ് കടന്ന് കാതോലിക്കേറ്റ് ഹൈസ്ക്കൂളിലേക്കോ, ചുട്ടിപ്പാറ ഹൈസ്ക്കൂളിലേക്കോ പോകണ്ടിയിരുന്നു. താരതമ്യേന വിദ്യഭ്യാസ പരമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് നമ്മുടേത്. ഇവിടെയുള്ള വിദ്യാർത്ഥികളിൽ പകുതിയോളം പേർ കോന്നി, പത്തനംതിട്ട, കൂടൽ, കുമ്പഴ എന്നിവിടങ്ങളിലെ ഹൈസ്ക്കൂളിൽ പഠിക്കുന്നു. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ കൂടി വരുന്ന ഈ കാലഘട്ടത്തിൽ (Unaided) സാധാരണക്കാർ പോലും തങ്ങളുടെ കുഞ്ഞുങ്ങളെ ഇംഗ്ലീഷ് മീഡിയം സ്ക്കൂളിലയച്ച് പഠിപ്പിക്കുവാൻ ഉത്സാഹം കാണിക്കുന്നു.

ഉപരി പഠനത്തിനോ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനോ ഉതകുന്ന വിദ്യഭ്യാസ സ്ഥാപനം ഇല്ലെന്നു തന്നെ പറയാം N.S.S മാനേജമെന്റിന്റെ വെട്ടൂർ I.T.C. മാത്രമാണ് ഈ രംഗത്ത് പ്രവർത്തിക്കുന്ന ഏക സ്ഥാപനം.

നമ്മുടെ പഞ്ചായത്തിൽ ആനന്ദ് ഇന്റെർ നാഷണൽ ഡ്രൈവിംങ് സ്ക്കൂൾ, എന്നപേരിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നു. വനിതകൾക്കും, SC/ST വിഭാഗത്തിനു് പരിശീലനം ലഭിക്കുന്നു എന്നത് ഈ വിഭാഗങ്ങൾക്ക് തൊഴിൽ പഠിക്കാൻ അവസരം ഒരുക്കുന്നു.

ഗവ: അംഗീകൃതമായ ഈ സ്ഥാപനത്തിൽ ചേർന്നു പഠിക്കുന്ന SC/ST വിദ്യാർത്ഥിക്കൾക്ക് ഫീസ് ആനുകൂല്യം ലഭിക്കുന്നു.

## പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| | | |
|---|---|---|
| 1. | ബാലവാടികൾ | 2 |
| 2. | അംഗന വാടികൾ | 36 |
| 3. | പ്രീ പ്രൈമറി സ്ക്കൂൾ | 1 |
| 4. | സ്വകാര്യ നേഴ്സറി സ്ക്കൂൾ | 2 |
| 5. | നിലത്തെഴുത്ത് കളരികൾ | 8 |
| 6. | എൽ.പി. സ്ക്കൂളുകൾ | 9 |
| 7. | യു.പി സ്ക്കൂൾ | 2 |
| 8. | യു.പി.എച്ച്.എസ് | 3 |
| 9. | I.T.C | 1 |
| 10. | പാരലൽ കോളേജുകൾ | 5 |
| 11. | ടൈപ്പ് റൈറ്റിഗ് സ്ഥാപനങ്ങൾ | 6 |

## പ്രൈമറി സ്ക്കൂളുകൾ

| | | |
|---|---|---|
| 1. | ഗവ: എൽ.പി സ്ക്കൂൾ | പ്രമാടം |
| 2. | വെൽഫെയർ എൽ.പി.സ്ക്കുൾ | മല്ലശ്ശേരി |
| 3. | ഗവ: എൽ. പി. സ്ക്കുൾ | വി. കോട്ടയം |
| 4. | എസ്.എൻ.വി.എൽ.പി.എസ് | വകയാർ |
| 5. | ഗവ: എൽ.പി.സ്ക്കുൾ | ളാക്കൂർ |
| 6. | ഗവ: എൽ.പി.സ്ക്കൂൾ | തെങ്ങുംകാവ് |
| 7. | കെ.വി.എൽ.പി.സ്ക്കൂൾ | വെള്ളപ്പാറ |
| 8. | സി.എം.എസ്.എൽ.പി.സ്ക്കുൾ | പൂങ്കാവ് |
| 9. | സെന്റ്മേരീസ് റസിഡൻഷ്യൽ ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ | മല്ലശ്ശേരി |
| 10. | പ്രഗതി ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ | പ്രമാടം. |

## അപ്പർ പ്രൈമറി സ്ക്കൂളുകൾ

| | | |
|---|---|---|
| 1. | കെ. എം. യു. പി. സ്കൂൾ | മല്ലശ്ശേരി |
| 2. | എൻ.എസ്.ഡി.പി. സ്ക്കുൾ | വി. കോട്ടയം |

## ഹൈസ്ക്കൂളുകൾ

| | | |
|---|---|---|
| 1. | എൻ.എസ്.എസ്. ഹൈസ്ക്കൂൾ | വി. കോട്ടയം |
| 2. | നേതാജി ഹൈസ്ക്കൂൾ | പ്രമാടം |
| 3. | സെന്റ് ജോർജ്ജ് ഹൈസ്ക്കൂൾ | കിഴവുള്ളൂർ |
| 4. | സെന്റ് മേരീസ് റെഡിസൻഷ്യൽ ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ | മല്ലശ്ശേരി |

| ക്ലാസ്സ് | ആൺകുട്ടികൾ | പെൺകുട്ടികൾ | SC / ST | | ആകെ |
|---|---|---|---|---|---|
| | | | ആൺകുട്ടികൾ | പെൺകുട്ടികൾ | |
| I | 240 | 222 | 31 | 33 | 462 |
| II | 242 | 356 | 46 | 34 | 598 |
| III | 528 | 281 | 37 | 35 | 539 |
| IV | 238 | 229 | 38 | 27 | 467 |
| V | 278 | 253 | 51 | 47 | 531 |
| VI | 245 | 214 | 52 | 49 | 459 |
| VII | 235 | 226 | 37 | 36 | 461 |
| VIII | 389 | 270 | 50 | 38 | 659 |
| IX | 331 | 292 | 40 | 45 | 623 |
| X | 215 | 264 | 25 | 42 | 479 |
| ITC | 171 | 6 | 5 | 3 | 185 |

## തോറ്റു പഠിക്കുന്നവർ

| ആൺകുട്ടികൾ | പെൺകുട്ടികൾ | SC/ST | | ആകെ |
|---|---|---|---|---|
| | | ആൺകുട്ടികൾ | പെൺകുട്ടികൾ | |
| 172 | 86 | 85 | 52 | 395 |

## പഠനം നിർത്തിയവർ

| ആൺകുട്ടികൾ | പെൺകുട്ടികൾ | SC/ST | | ആകെ |
|---|---|---|---|---|
| | | ആൺകുട്ടികൾ | പെൺകുട്ടികൾ | |
| 31 | 15 | 11 | 18 | 75 |

## അദ്ധ്യാപകരെ . സംബന്ധിച്ച വിവരങ്ങൾ

| | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| H.S. (4) | 30 | 77 | 107 |
| U.P.S. (2) | 4 | 15 | 19 |
| L.P.S (8) | 3 | 46 | 49 |
| Pre -Primary | - | 1 | 1 |
| G. Total | 37 | 159 | 276 |

വിദ്യാഭ്യാസ ആവശ്യത്തിനായി ഈ പഞ്ചായത്തിൽ നിന്നും 34305 രൂപ ചിലവാക്കുന്നു. ഇത് മൊത്തം ചിലവിന്റെ 3.2% ആണ്.

### വിദ്യാലയങ്ങളുടെ ഉടമസ്ഥത:

പഞ്ചായത്തിൽ ആകെയുള്ള ഒൻപത് എൻ.പി. സ്ക്കൂളുകളിൽ അഞ്ചെണ്ണം സർക്കാർ സ്ക്കൂളുകളാണ്. എസ്.എൻ.വി.എൽ.പി സ്ക്കൂൾ സി.എംഎസ്.എൽ.പി സ്ക്കൂൾ ഇവ കോർപറേറ്റ് മാനേജ്മെന്റ് സ്ക്കൂളുകളാണ്.

മറ്റ് രണ്ട് സ്ക്കൂളുകൾ സ്വകാര്യ വ്യക്തികളുടെ സ്ക്കൂളുകളാണ്.

രണ്ട് യു.പി. സ്ക്കൂളുകളിൽ ഒന്ന് S.N.D.P. യുടെ സ്ക്കൂളും ഒന്ന് സ്വകാര്യ വ്യക്തിയുടേതുമാണ്.

നാല് ഹൈസ്ക്കൂളുകളിൽ ഒരെണ്ണം Unaided private School ആണ്. രണ്ടു സ്ക്കൂളുകൾ Corporate Management വകയും ഒരു സ്ക്കൂൾ സ്വകാര്യ വ്യക്തയുടേതുമാണ്.

Nursery School കൾ രണ്ടും സ്വകാര്യ സ്ക്കൂളുകളാണ്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം N.S.S. Corporate Management ന്റെ ഉടമസ്ഥതയിലുള്ളതാണ്.

Pre-primary അടക്കം ഉള്ള ഈ വിദ്യാലയങ്ങളിൽ ആകെ 276 അധ്യാപകർ ജോലി ചെയ്യുന്നു. ഇതിൽ 37 പേർ പുരുഷന്മാർ 159 പേർ സ്ത്രീകളുമാണ്.

### അടിസ്ഥാന സൗകര്യങ്ങൾ :

ഇന്ന് ലഭ്യമായ കണക്കുകളനുസരിച്ച് സ്ക്കൂളുകളിൽ അധ്യാപകരുടെ ഒഴുവുകൾ നിലവിലില്ല. സ്ക്കൂളുകൾക്ക് പരിമിതികൾ ഏറെയാണ്. പല സ്ക്കൂളുകൾക്കും കളിസ്ഥലമില്ല. ഉള്ളതിൽ പലതും

ഉപയോഗശൂന്യമായി കിടക്കുകയാണ്. അറ്റകുറ്റ പണികൾ ചെയ്യുക, ഫർണീച്ചർ നിർമ്മിക്കുക, കുടി വെള്ളം ലഭ്യമാക്കുക, ചുറ്റുമതിൽ കെട്ടുക, എന്നിവ പല സ്കൂളുകൾക്കും ആവശ്യമാണ്. മൂത്രപ്പുരയും കക്കൂസും പല സ്കൂളുകൾക്കും വേണ്ടതായിച്ചുണ്ട്. ലൈബ്രറിയും, ലബോറട്ടറിയും പല സ്കൂളുകളിലും കാര്യക്ഷമമല്ല. ദൃശ്യ, ശ്രവണ ഉപകരണങ്ങൾ എല്ലാ സ്കൂളുകൾക്കും ആവശ്യമാണ്. മാതൃസംഘം മിക്ക സ്കൂളുകളിലും പ്രവർത്തിക്കുന്നില്ല. P.T.A. കൂടുതൽ സജീവമാകേണ്ടിയിരുക്കുന്നു. പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടിയിരുക്കുന്നു. കലാ കായിക മത്സരങ്ങളിൽ നാമമാത്രമായി കുട്ടികൾ അവാർഡുകൾ വാങ്ങുന്നു.

## വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനുള്ള ചില നിർദ്ദേശങ്ങൾ :

1 പ്രൈമറിതലത്തിൽ മലയാളം പഠിപ്പിക്കുന്നതിന് മുൻതൂക്കം കൊടുക്കണം.

2. P.T.A സജീവമാക്കുകയും പഠനനിലവാരം ഉയർത്തുകയും വേണം.

3. ലൈബ്രറികളുടെ നിലവാരം മെച്ചപ്പെടുത്തി വായനാശീലം വളർത്തണം.

4. ലാബോറട്ടറികളിൽ ഇന്നത്തെ ശോച്യാവസ്ഥ മാറ്റി ആധുനീകരിക്കണം.

5. കായിക പരിശീലനം നിർബന്ധമാക്കണം.

6. ഹൈസ്ക്കൂൾ തലത്തിൽ തൊഴിലധിഷ്ഠിത വിദ്യഭ്യാസം ഒന്നോ രണ്ടോ ട്രേഡുകൾ വീതമെങ്കിലുംപഠിപ്പിക്കാനുള്ള സൗകര്യം ഉണ്ടാക്കണം.

7. സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത എല്ലാ അംഗന വാടികൾക്കും പുറം പോക്കു സ്ഥലം കണ്ടെത്തണം.

8. നിലത്തെഴുത്താശാന്മാർക്ക് ഗ്രാന്റും, പെൻഷനും നൽകണം.

9. സ്ക്കൂൾ മുറ്റത്ത് തേക്ക് മുതലായ മരങ്ങൾ വച്ചു പിടിപ്പിക്കണം. സ്ക്കൂളുകളുടെ ഭാവികാല സാമ്പത്തികാവശ്യങ്ങൾക്ക് ഈ വൃക്ഷങ്ങൾ ഉപകരിക്കണം എന്നുള്ള ഉദ്ദേശത്തിലായിരിക്കണം മരങ്ങൾ വചചുപിടിപ്പിക്കേണ്ടത്. ഈ വൃക്ഷങ്ങൾ സ്ക്കൂളിന്റെ ആവശ്യങ്ങൾക്കു വേണ്ടി വെട്ടി യെടുക്കുവാനുള്ള നിയമനിർമ്മാണം ഉണ്ടാവുകയും വേണം.

10. ഉച്ച നീചത്വ ചിന്ത കുട്ടികളിൽ ഉണ്ടാവാതിരിക്കുവാൻ വേണ്ടി യൂണിഫോം നിർബന്ധമാക്കണം.

11. എൽ. പി. സ്ക്കൂളുകൾക്ക് seat-cum-dusk ഉണ്ടാക്കുകയും K.E.R അനുസരിച്ച് സ്ഥലസൗകര്യം ഉണ്ടാക്കുകയും വേണം.

12. സ്ക്കൂളുകശിൽ First aid kit കൾ നിർബന്ധമാക്കുകയും ഇതുപയോഗിക്കുവാനുള്ള പരിശീലനം അധ്യാപകർക്കു നൽകുകയും ചെയ്യണം.

13. ഉച്ചഭക്ഷണ സൗകര്യങ്ങൾ (ഉച്ചകഞ്ഞിവിതരണം) എല്ലാസ്ക്കൂളുകളിലും ഉണ്ടെങ്കിലും കാര്യക്ഷമമായി നടക്കുന്നില്ല. ചില സ്ക്കൂളുകളിൽ അവ നടക്കുന്നതേയില്ല . ഉച്ചകഞ്ഞി വിതരണം നടത്താതത സ്ക്കൂളുകൾ കണ്ടെത്തി നടപടി കൈക്കൊള്ളണം.

14. English Medium School കളിൽ വിദ്യാർത്ഥികളെ interview നടത്തി പ്രവേശിപ്പിക്കുമ്പോൾ interview board ൽ പഞ്ചായത്തു മെമ്പർമാർക്കു കൂടി പ്രാതിനിധ്യംനൽകുക.

15. ഡോക്ടർമാർ മാസത്തിലൊരിക്കലെങ്കിലും അഗംന വാടികൾ സന്ദർശിക്കേണ്ടതാണ്.

## വാർഡുതല നിർദ്ദേശങ്ങൾ

**Ward I**

1. ഗവൺമെന്റ് അധീനതയിൽ ഒരു തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനം ഉണ്ടാവണം.

2. ഈ വാർഡിലെ C.M.S.L.P. School ന് പ്രാഥമിക സൗകര്യങ്ങളൊന്നുമില്ല. ഈ സൗകര്യങ്ങളുണ്ടാക്കേണ്ടത് അത്യാവശ്യമാണ്.

**Ward II**

1. രണ്ടാം വാർഡിലുള്ള ഗവൺമെന്റ് എൽ.പി. സ്ക്കൂളിന് ചോർച്ചയുണ്ട്. ചോർച്ച തടയാൻ അടിയന്തിര നടപടികൾ കൈക്കൊള്ളണം.

**Ward III**

1. Government Welfare L.P. സ്ക്കൂളിലേക്ക് കയറിപ്പോകുന്ന പടികൾക്ക് കൈവരി നിർമ്മിക്കണം. ഉച്ചകഞ്ഞി പാചകം ചെയ്യുവാൻ പാചകപ്പുരയുണ്ടാക്കണം. ഈ സ്ക്കൂളിലേക്ക് കുടിവെള്ള സൗകര്യം ലഭ്യമാക്കണം. സ്കൂളിൽ Toilet സൗകര്യം ഉണ്ടാക്കണം.

**Ward IV**

1. നിലവിലുള്ള Govt: L.P. School, U.P. grade ചെയ്യണം. U.P grade ചെയ്യുവാനുള്ള ആവശ്യസാധനങ്ങളിവിടെയുണ്ട്. ഈ സ്ക്കൂൾ പഞ്ചായത്തിന് ഒരു മുതൽക്കൂട്ടായിരിക്കും.

**Ward V**

H.S. നൊടു ചേർന്നുള്ള ഗ്രൗണ്ടിൽ ഒരു ഓപ്പൺ എയർ സ്റ്റേഡിയം നിർമ്മിക്കേണ്ടതാണ്. കുടിവെള്ള ക്ഷാമം പരിഹരിക്കണം.

**Ward VI**

1. ആകെയുള്ള ഒരു Govt. L.P.School inspection കഴിഞ്ഞപ്പോൾ unfit ആണ് എന്നു Certify ചെയ്തിരിക്കുന്നു. എങ്കിലും കുട്ടികളെ പഠിപ്പിക്കുന്നതിവിടെവച്ചാണ്. കെട്ടിടം പുതുക്കി പണിയുവാനുള്ള നടപടി യുദ്ധകാലാടിസ്ഥാനത്തിൽ കൈ കൊള്ളണം.

**Ward VII** *നിലവിലുള്ള കെട്ടിടം unifit- കെട്ടിടം നിർമ്മിക്കണം.*

1 ഈ വാർഡിലെ Gov L.P. School (V-Kottayam)ലേക്കാവശ്യമായ ബഞ്ച്, ഡസ്ക്ക് മുതലായവയില്ല. ആവശ്യത്തിനുള്ള കളിസ്ഥലമില്ല. പൈപ്പ് അല്ലങ്കിൽ കിണർ സംവിധാനമുണ്ടാവണം. ചുറ്റുമതിൽ കെട്ടണം N.S.S.H.S ൽ ആവശ്യത്തിനുള്ള സ്ഥലം ഉണ്ട്. Develop ചെയ്യേണ്ടതാണ്. (കായിക കലാവളർച്ചക്ക്).

**Ward VIII**

1 ഇവിടെയുള്ള U.P സ്ക്കുളിൽ P.T.A കൃത്യമായി കൂടുന്നില്ല. ഉച്ചകഞ്ഞി വിതരണം ഇല്ല. കലാകായിക പ്രവർത്തനങ്ങൾക്കു പ്രോത്സാഹനമില്ല. ലൈബ്രറി സൗകര്യം ഇല്ല. വേണ്ട നടപടി സ്വീകരിക്കണം.

(2) Govt L P School - അറ്റകുറ്റപ്പണി നടത്തണം

**Ward IX**

1. ഇളപ്പു പാറ കേന്ദ്രീകരിച്ച് ഒരു L.P.സ്ക്കൂൾ ഉണ്ടാവണം മേശരി മുരുപ്പ് കേന്ദ്രമാക്കി ഒരു അംഗനവാടിയും ഉണ്ടാവണം.

**Ward X**

1. 10-ാം വാർഡ് കേന്ദ്രമാക്കി ഒരു sports school സ്ഥാപിക്കണം.
2. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു പരിശീലന കളരി ഇവിടെ സ്ഥാപിക്കണം.
3. ഒരു Govt: High School വകയാർ കേന്ദ്രമായുണ്ടാകണം.
4. ഒരു Govt: I.T.I. ഇവിടെ സ്ഥാപിക്കണം.

**Ward XI**

1. L.P. സ്ക്കൂൾ മാത്രമേയുള്ളൂ ഇവിടെ ഒരു U.P. സ്ക്കൂൾ സ്ഥാപിച്ചു കിട്ടണം.
2. പുലിയള്ളുങ്കൽ ഭാഗത്ത് ഒരു അംഗൻ വാടി സ്ഥാപിക്കണം.

**Ward XII**

1. 12-ാം വാർഡിൽ കനാലിനാടടുത്തു സ്ഥിതിചെയ്യുന്ന അംഗൻ വാടിക്ക് (NO. 119) ചുറ്റുമതിൽ വേണം.

2. ഇതിനോട് ചേർന്ന് കിടക്കുന്ന സ്ഥലം വീണ്ടെടുത്ത് Childrens Park ഉണ്ടാക്കണം.

## പൊതു നിർദ്ദേശങ്ങൾ

1. അംഗൻ വാടി , നഴ്സറി മുതൽ പത്താം തരംവരെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തണം.

2. Pre- School തലത്തിലുള്ള (ഒന്നാം തരത്തിന് മുൻപ്) എല്ലാ അദ്ധ്യാപകർക്കും ആയ മാർക്കും പരിശീലനം നിർബന്ധമാക്കുക.

3. Pre-School വിദ്യാഭ്യാസത്തിന്റെ സിലബെസ് ഏകീകരിക്കണം.

4. പ്രൈമറി വിദ്യാഭ്യാസ മാധ്യമം മാതൃഭാഷ തന്നെയാവണം.

5. പഠനനിലവാരം ഉയർത്തുന്നതിനുവേണ്ടി അദ്ധ്യാപകർക്ക് മതിയായ പരിശീലനം നൽകണം.

6. Unaided English Medium School കൾ Primary തലത്തിൽ നിരോധിക്കണം.



# സംസ്കാരം

# സാംസ്കാരികരംഗം

നാടിന്റെ നാനാ ഭാഗങ്ങളിൽ നിന്നും, കൊളോണിയൽ ഭരണത്തിൽ നിന്നും മോചിതമാകുന്നതിനു മുമ്പുതന്നെ കുടിയേറിപ്പാർത്ത ജനങ്ങളാണ് ഈ പഞ്ചായത്തിന്റെ നല്ലൊരുഭാഗവും.

ഇന്നത്തെപ്പോലെ വിദ്യാഭ്യാസവും അതുവഴി സംസ്കാരവും ലഭിച്ചവരായിരുന്നില്ല. അന്നിവിടെ കുടിയേറിപ്പാർത്തവർ. പക്ഷെ മറ്റേതൊരു ജീവിയേയും പോലെ ആദ്യത്തെകാഴ്ചയിൽ തന്നെ പരസ്പരം പടവെട്ടാൻ നിൽക്കാതെ അവർ ഒരുമിച്ച് പ്രകൃതിയോട് പടവെട്ടി.

അന്നന്നത്തെ അഷ്ടിക്കുവേണ്ടി തന്റെ കൃഷിഭൂമിയോടു മല്ലിടേണ്ടിവന്ന അവർ പരസ്പരം അറിഞ്ഞും, വിശ്വസിച്ചും കാപട്യങ്ങളില്ലാതെ അവരുടെ പിൻതലമുറയെ വളർത്തിക്കൊണ്ടുവന്നു. അച്ഛനുമമ്മയും പാടത്തു പണിയെടുത്തപ്പോൾ കുഞ്ഞുങ്ങൾ മാവിൻചുവട്ടിൽ കഞ്ഞിയും കറിയും വച്ചു കളിച്ചും, അണ്ണാറക്കണ്ണനെ വിളിച്ചു പാട്ടുപാടിയും വളർന്നുവന്ന ആ സംസ്കാരം ആപാവങ്ങളുടെ വിയർപ്പിന്റെ ഗന്ധമേറ്റുവളർന്ന് ഒരു മഹാ സംസ്കാരമായി മാറി.

നമ്മുടെ പ്രിയപ്പെട്ട കേരളക്കരയിലെ ജനങ്ങൾക്കു സംഭാവനനൽകാൻ ഈ ഗ്രാമത്തിന്റെ പക്കലുള്ളത് വിദ്യാഭ്യാസമോ അതിൽ നിന്നുരുത്തിരിഞ്ഞുവന്ന സംസ്കാരത്തിന്റെ ഏടുകളോ അല്ല, പുരാതന ഗ്രാമീണസംസ്കാരമാണ്. ഇന്നാട്ടിലെ ഒരമ്മ സ്വന്തം കുഞ്ഞിന് അമ്മിഞ്ഞപ്പാൽ നൽകുന്നതിനോടൊപ്പംഅതിന്റെ ഒരു വിഹിതം അയൽക്കാരിയുടെ കുഞ്ഞു വിശന്നുകരഞ്ഞാൽ അതിനും നൽകിയിരുന്നു. ഈ സംസ്കാരം ഇവിടുത്തെ പഴമക്കാർക്കെല്ലാം പറയാനുള്ള അനുഭവമാണ്. ഇതുകേട്ടു കോരിത്തരിക്കാത്തവർ ഉണ്ടാവില്ല.

ജോലിത്തിരക്കിനിടയിലും ഒരല്പം സമയം തന്റെ സമൂഹത്തിൽതന്നെ താഴേക്കിടയിലുള്ളവരെ സഹായിക്കുവാനവർ കണ്ടെത്തിയിരുന്നു. കിണർ കുഴിക്കുക, പുരമേയുക, പുരപണിയിൽ സഹായിക്കുക, ആപത്തിൽ ഒത്തുകൂടുക, പ്രകൃതിക്ഷോഭത്തിൽപ്പെട്ടവരെ സഹായിക്കുക എന്നിവയെല്ലാം പരപ്രേരണ കൂടാതെ വോളണ്ടറി (Voluntary) യായി നടത്തിയിരുന്ന ഈ ഗ്രാമത്തിലെ ജനങ്ങളുടെ നിശ്വാസംപോലും സംസ്കാര സമ്പന്നമായിരുന്നു.

സാംസ്കാരിക നിലയങ്ങളിലൊത്തു കൂടിയെങ്കിലേ സംസ്കാരം വളരൂ എന്നില്ല. നിറനിലാവിൽ പാറപ്പുറങ്ങളിലും, മാവിന്റെയും പ്ലാവിന്റെയും ചുവടുകളിലും ഒത്തുകൂടി സംസ്കാരത്തിന്റെ പാഠങ്ങൾ പഠിക്കാവുന്നതാണ്. സാംസ്കാരിക നിലയങ്ങൾ വേണ്ട എന്നല്ല ഉദ്ദേശിക്കുന്നത്. ആ സാംസ്കാരികനിലയങ്ങളിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്നത് ആദരണീയമായ ഒരു സംസ്കാരം ആയിരിക്കണം എന്നു മാത്രം.

നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി പ്രധാനറോഡുകൾ കടന്നുപോകുന്ന പഞ്ചായത്ത് അതിർത്തി

കളിൽ സ്വാഗതബോർഡുകൾ സ്ഥാപിക്കേണ്ടതാണ്. "നിങ്ങൾ ഇപ്പോൾ പ്രമാടം പഞ്ചായത്തതിർത്തിക്കുള്ളിലാണ്" എന്നറിയിക്കുന്ന ബോർഡുകൾ. പുറംനാട്ടിൽ നിന്നുള്ളവരെ സ്വാഗതം ചെയ്യുന്നത് നമ്മുടെ സംസ്കാരത്തിനു ചേർന്ന നടപടിയാണ്. എന്നാൽ പഞ്ചായത്തതിർത്തിക്കുള്ളിൽവച്ച് അവരുടെ കീശ കാലിയാക്കി വിടുന്ന പ്രവണത നമ്മുടെ സംസ്കാരത്തിനു ചേർന്നതല്ലതാനും.

എന്താണ് സംസ്കാരം? നിർച്ചിക്കാൻ ബുദ്ധിമുട്ടുള്ളതും സാധാരണ നിർവചനങ്ങൾ അപര്യാപ്തവുമായ ഒന്നാണ് സംസ്കാരം. സംസ്കാരം പരിഷ്കാരത്തിന്റെ ഭാഗമായും, മറിച്ചു പരിഷ്കാരം സംസ്കാരത്തിന്റെയും, വിദ്യാഭ്യാസത്തിന്റെയും, നഗരവത്ക്കരണത്തിന്റെയും ഒക്കെഭാഗമായി സാധാരണ വിവക്ഷിക്കാറുണ്ട്. എന്നാൽ യഥാർത്ഥത്തിൽ സംസ്കാരം ഇതൊന്നുമല്ലെന്നു തോന്നുന്നു.

ഒരു പഞ്ചായത്തിന്റെയോ, സമൂഹത്തിന്റെയോ സംസ്കാരം വിലയിരുത്തുമ്പോൾ വിദ്യാഭ്യാസ നിലവാരം, സാമൂഹ്യ പ്രതിബദ്ധത, പരസ്പര സഹകരണം, സദാചാരം, ധാർമ്മിക മൂല്യങ്ങൾ ഇവ ഏതളവുവരെ സമൂഹത്തിൽ നിലനിൽക്കുന്നു എന്നും മറ്റനേകം കാര്യങ്ങളും കണക്കിലെടുക്കണം. ഇതിൽ ഏറ്റവും പ്രധാനമായത് സദാചാരബോധം, ധാർമ്മികമൂല്യങ്ങളിലുള്ള വിശ്വാസം, സമൂഹത്തോടുള്ള പ്രതിബദ്ധത ഇവയാണ്.

ജില്ലാ ആസ്ഥാനമായ പത്തനംതിട്ടയുടെയും താരതമ്യേന വികസിതമേഖലയായ കോന്നിയുടെയും പ്രാന്ത പ്രദേശമായ പ്രമാടം പഞ്ചായത്ത്, പ്രത്യേകിച്ചും മലയോരപ്രദേശങ്ങൾ തികച്ചും അപരിഷ്കൃതവും, അവികസിതവുമായ നാടായിരുന്നു.

നമ്മുടെ നാടിന്റെ സംസ്കാരം കേരളക്കരയിലെ മറ്റു മലയോരഗ്രാമങ്ങളുടെ സംസ്കാരത്തിനും മേലെയാണ്. നമ്മുടെ പഞ്ചായത്തിന്റെ 20%ത്തോളം വരുന്ന സമതലപ്രദേശങ്ങളിൽ മാത്രമാണ് 60-70 വർഷം മുമ്പുവരെ ജനവാസം ഉണ്ടായിരുന്നത്. അക്കാലത്തും വൻകിട ജന്മിമാർ അധികം ഉണ്ടായിരുന്നില്ല. ചെറുകിട കർഷകരും കർഷകത്തൊഴിലാളികളുമായിരുന്നു ജനങ്ങളിൽ ഭൂരിഭാഗവും. വളരെനല്ലരീതിയിലുള്ള ജന്മികുടിയാൻ ബന്ധങ്ങളായിരുന്നു അന്നുണ്ടായിരുന്നത്. അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും ധാരാളമുണ്ടായിരുന്നു, എങ്കിലും സവർണമേധാവിത്തം ഉണ്ടായിരുന്ന മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഈ നാട്ടിലെ ഇടത്തരക്കാരായ കൃഷിക്കാർ അടിയാന്മാരോട് കൂടുതൽ കാരുണ്യപൂർവ്വം പെരുമാറിയിരുന്നു.

ഈ പഞ്ചായത്തിന്റെ 80% പ്രദേശങ്ങളിലും കഴിഞ്ഞ 70 വർഷത്തിനിപ്പുറം ജനവാസം ഉണ്ടായതാണ്. നാനാജാതി മതസ്തരായ ജനങ്ങൾ ഇടകലർന്നു താമസിക്കുന്ന പ്രദേശമാണിത്. ഇതുകൊണ്ടുള്ള പ്രധാനഗുണം ജാതി; മത; വർഗ്ഗസ്പർദ്ധയോ, വിവേചനമോ തുലോം കുറവാണ് എന്നുള്ളതാണ്. ജനങ്ങൾ ഭൂരിഭാഗവും ഹിന്ദു, ക്രിസ്ത്യൻ, മുസ്ലിംമതവിശ്വാസികളാണ്. മുസ്ലിംങ്ങൾ താരതമ്യേന കുറവാണ്.

നാടിന്റേയും നാട്ടാരുടെയും പൊതു നന്മയ്ക്കുവേണ്ടി പ്രവർത്തിച്ചിരുന്ന, ധർമ്മനിഷ്ഠതയിൽ ഔന്നത്യം പുലർത്തിയിരുന്ന ധാരാളം കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു.

രാജ്യത്തിന്റെ ഭരണകാര്യങ്ങളിലും സ്വാതന്ത്ര്യത്തിലും തല്പരരായ അനേകം വ്യക്തികൾ ഇവിടെയുണ്ടായിരുന്നു. കുണ്ടറവിളംബരത്തിനുശേഷം ബ്രിട്ടീഷുകാർക്ക് പിടികൊടുക്കാതെ സഞ്ചരിച്ചിരുന്ന വേലുത്തമ്പിദളവയ്ക്ക് ആതിഥ്യമരുളിയ ഒരു ഭവനം (നേന്ത്രപ്പിള്ളിൽ) ഈ പഞ്ചായത്തിലുള്ളതായി രേഖയുണ്ട്. അനേകം സ്വാതന്ത്ര്യ സമരസേനാനികളും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ചിലർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്.

വിദ്യാഭ്യാസപുരോഗതിയുടെ കാര്യം പറയുമ്പോൾ ഈ പഞ്ചായത്തിലെ ഇപ്പോഴത്തെ 11-ാം വാർഡിൽ താമസിച്ചിരുന്ന ശ്രീമാൻ കല്ലറ കൃഷ്ണൻനായരെ സ്മരിക്കാതെവയ്യ. അദ്ദേഹം സ്ഥാപിച്ച ഒരു പ്രൈമറി

സ്കൂൾമാത്രമാണിവിടെയുള്ളത്. (K.V.L.P.S വെള്ളപ്പാറ) ഹൈസ്കൂൾ കോന്നി പഞ്ചായത്തിലാണെങ്കിലും ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് തലമുറകളായി വിദ്യാഭ്യാസം നൽകുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നു. (K.K.N.M.H.S. KONNY) വ്യാവസായികപുരോഗതി, സാംസ്കാരിക പുരോഗതി മുതലായ കാര്യങ്ങളിലും വളരെയധികം ശ്രദ്ധാലുവായിരുന്നു ശ്രീമാൻ കൃഷ്ണൻനായർ.

എല്ലാ മതവിഭാഗക്കാരും ഈശ്വരവിശ്വാസികളാണ്. ക്രിസ്തീയദേവലയങ്ങളിൽ പോകുന്ന അന്യമതസ്ഥരെയും, പതിവായി ഹൈന്ദവദേവാലയങ്ങളിൽ നേർച്ചയിടുന്ന ക്രിസ്ത്യാനികളെയും ഒക്കെകാണുവാൻ ഇവിടെ ബുദ്ധിമുട്ടില്ല. (ദേവാലയങ്ങളുടെ പട്ടിക അന്യത്ര) ദേവാലയങ്ങൾ കൂടാതെ എല്ലാ സമുദായങ്ങളുടെയും സംഘടനകൾ ഭംഗിയായി പ്രവർത്തിക്കുന്നു. ഈ പ്രവർത്തനങ്ങളിലെല്ലാം പരിപൂർണ്ണമായ ഐക്യം നിലനിൽക്കുന്നു. ഏറ്റവും പുരാതനമായ വലഞ്ചുഴി ദേവീക്ഷേത്രത്തിനോടനുബന്ധിച്ച് പ്രാചീന നാടൻ കലകൾ പടയണി, കോലം, പാക്കനാർകളി - ഇന്നും നിലനിൽക്കുന്നു. ഈ പഞ്ചായത്തിൽ മികച്ച കലാകാരന്മാരും നടന്മാരും ഉണ്ടായിരുന്നു. ഇപ്പോഴും കവികളും കലാകാരന്മാരും ധാരാളം ജീവിച്ചിരിക്കുന്നു.

രാജ്യത്തെ മൊത്തമായി കണക്കിലെടുത്താൽ സദാചാരബോധത്തിനും ധാർമ്മികതയ്ക്കും മൂല്യശോഷണം സംഭവിച്ചുകൊണ്ടിരിക്കുകയാണല്ലോ. നൂറു ശതമാനം സാക്ഷരതയുള്ള കേരളത്തിൽ സ്ത്രീ പീഡനങ്ങളും, ആക്രമണങ്ങളും, കുടുംബത്തോടെയുള്ള ആത്മഹത്യകളും ചെറുപ്പക്കാർക്കിടയിലെ കുറ്റവാസനകളുമാണല്ലോ പ്രധാനവാർത്തകൾ. രാജ്യത്തെ ശരാശരി സാംസ്കാരിക നിലവാരത്തേക്കാൾ മെച്ചപ്പെട്ട സംസ്കാരമാണ് പ്രമാടം പഞ്ചായത്തിലേത് എങ്കിലും അതു തൃപ്തികരമാണെന്നോ അതിന്റെ സാംസ്കാരിക വളർച്ച മുകളിലേക്കാണന്നോ പറയാൻ ബുദ്ധിമുട്ടാണ്. സാംസ്കാരികാധഃപ്പതനത്തിനുള്ള ചിലകാരണങ്ങളെപ്പറ്റി ചിന്തിക്കുന്നത് ഈ അവസരത്തിൽ ഉചിതമാണെന്നു കരുതുന്നു.

## വിദ്യാഭ്യാസ രീതിയിൽ വന്നമാറ്റം

അടിസ്ഥാനപരമായി വിദ്യാഭ്യാസരീതിയിൽ വലിയ മാറ്റം വന്നില്ലെങ്കിൽ പോലും വിദ്യാഭ്യാസത്തോടു, ഗുരുക്കന്മാരോടും, രക്ഷകർത്താക്കളോടും, വിദ്യാർത്ഥികൾക്കുള്ള മനോഭാവത്തിൽ വളരെയധികം മാറ്റം വന്നിട്ടുണ്ട്. പഴയകാലത്ത് ശാസ്ത്രവിഷയങ്ങളും, ഭാഷയും പഠിപ്പിക്കുന്നതിനോടൊപ്പം ധാർമ്മികബോധവും, രാജ്യസ്നേഹവും, സദാചാരനിഷ്ഠയും വളർത്താൻ അദ്ധ്യാപകർ ശ്രദ്ധിച്ചിരുന്നു. ഇന്നത്തെ രക്ഷിതാക്കൾക്കും കുട്ടികൾക്കും കൂടുതൽ മാർക്കുവാങ്ങി ഉന്നത വിജയം നേടണമെന്നുമാത്രമാണാഗ്രഹം. അതിനുള്ള കഠിന പരിശ്രമത്തിനിടയിൽ മറ്റെല്ലാക്കാര്യങ്ങളും അവർ മറന്നു പോവുകയാണ്. മാതൃഭാഷയോടുള്ള പ്രതിപത്തി കുറഞ്ഞുവരുന്നു ഇന്ന്. ഉന്നത സാമ്പത്തിക സൗകര്യമുള്ള കുട്ടികളെ ഉയർന്ന ഫീസ് നൽകി ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പഠിപ്പിക്കുന്നു. വിദ്യാർത്ഥികളിൽ ധാർമ്മിക ബോധം നശിക്കുന്നതിന് ഒരു പ്രധാനകാരണം വിദ്യാലയങ്ങളിലെ രാഷ്ട്രീയ അതിപ്രസരമാണ്.

## വായനാശീലത്തിൽ വന്ന മാറ്റം

പഴയകാലത്ത് വിദ്യാർത്ഥികളുടെയും, മറ്റ് അക്ഷരജ്ഞാനമുള്ളവരുടേയും പ്രധാന ഹോബിയായിരുന്നു. വായനയും സാഹിത്യചർച്ചകളും. നല്ല നിലവാരമുള്ള . സാഹിത്യ കൃതികളായിരുന്നു അന്നുണ്ടായിരുന്നതിലധികവും. ഇന്നും നിലവാരമുള്ള സാഹിത്യ സൃഷ്ടികൾഉണ്ടെങ്കിലും അവയൊന്നും ആർക്കുംവേണ്ട. പകരം പൈങ്കിളി സാഹിത്യങ്ങളോടാണ് പ്രിയം. ഏതു കൃതി വായിച്ചാലും അതിലെ ദോഷവശങ്ങളാണിന്ന് ആളുകൾ അനുകരിക്കുന്നത്. പരീക്ഷയ്ക്കു പാസാവാനുള്ള പുസ്തകങ്ങൾ മാത്രം ശ്രദ്ധവയ്ക്കുന്നവരാണിന്നു കുട്ടികൾ. ഈ രീതി മാറിയില്ലെങ്കിൽ സാംസ്കാരിക അധഃപതനം ആയിരിക്കും ഉണ്ടാവുക. നല്ല നിലവാരമുള്ള നാടകങ്ങളും, നോവലുകളും, ലേഖനങ്ങളും, ദിനപത്രങ്ങളും വായിക്കുന്ന ശീലം കുട്ടികൾക്കും മുതിർന്നവർക്കും ഉണ്ടാവേണ്ടിയിരിക്കുന്നു. ഇതിനായി വായനശാലകളുടെ സേവനം പ്രയോജനപ്പെടുത്തണം.

ദൂർദർശനിലെ വിജ്ഞാനപ്രദമായ പരിപാടികൾ കാണുവാനും, അവ ഉൾക്കൊള്ളാനും കുട്ടികളെ പ്രേരിപ്പിക്കണം. കൊലപാതകങ്ങളും, അനാശാസ്യ നടപടികളും പഠിപ്പിക്കുന്ന സമയംകൊല്ലി സീരിയലുകൾ കാണുവാനാണ് ഇന്ന് കുട്ടികൾക്ക് കൂടുതൽ വാസന.

### മദ്യപാനാസക്തി

ഇന്നത്തെ ചെറുപ്പക്കാരിൽ മദ്യപാനാസക്തി വർദ്ധിച്ചുവരുന്നതായി പഠനം തെളിയിച്ചിട്ടുണ്ട്. അമിത മദ്യപാനവും, മയക്കുമരുന്നിന്റെ ഉപയോഗവും ആണ് രാജ്യ വ്യാപകമായി ചെറുപ്പക്കാരെ കുറ്റവാളികളും കൊലപാതകികളും ആക്കി മാറ്റുന്നത്. നിയമപരമായി പലതും നിരോധിച്ചിട്ടുണ്ടെങ്കിലും ഏതു സമയത്തും, എവിടെയും ഇതെല്ലാം ലഭിക്കുന്നുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം.

നമ്മുടെ പഞ്ചായത്തിൽ ഏതാനും കള്ളുഷാപ്പുകളൊഴിച്ച് മറ്റു ഷാപ്പുകളൊന്നും പ്രവർത്തിക്കുന്നില്ല. എങ്കിലും മദ്യത്തിന് മിക്ക ഗ്രാമങ്ങളിലും ക്ഷാമമില്ല. ഏതാനും പ്രദേശത്ത് കള്ളവാറ്റുനടക്കുന്നതായും അറിയുന്നു. ധാർമ്മികവും സാംസ്ക്കാരികവുമായ അധഃപതനത്തിന് ഒരു പ്രധാന കാരണമാണ് മദ്യം. മദ്യത്തിനടിമകളായിട്ടുള്ളവരുടെ ദുഷ്കൃത്യങ്ങൾ ഈ ഗ്രാമത്തിൽ നടക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ കലാ കായിക ക്ലബുകൾ ധാരാളം റജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ പലതിന്റേയും പ്രവർത്തനം തൃപ്തികരമല്ല കലാകായിക രംഗത്തുള്ള പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് കർമ്മപരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

## ആവശ്യങ്ങളും നിർദ്ദേശങ്ങളും

### 1. വിദ്യാഭ്യാസ പ്രാഥമികഘട്ടം മാതൃഭാഷയിലാക്കണം.

എളുപ്പം ജോലി നേടാനുള്ള സാങ്കേതിക വിദ്യ മാത്രം അഭ്യസിച്ചാൽ മതിയെന്ന് വിദ്യാർത്ഥികളും രക്ഷിതാക്കളും ആഗ്രഹിക്കുന്നു. ഗവൺമെന്റിന്റെ ചിന്തയും ആ വഴിക്കു തന്നെയാണ് ധാർമ്മിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകാത്ത വിദ്യാഭ്യാസം ഗുണം ചെയ്യുമോ എന്ന് നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നു. ധാർമ്മിക ബോധം ഇല്ലാത്ത ഭരണകർത്താക്കളും, സാങ്കേതിക വിദഗ്ദരും, ഉദ്യോഗസ്ഥരും ഉണ്ടായതല്ലേ ഈ നാടിന്റെ ശാപമായ അഴിമതിക്കു കാരണം. സദാചാര ബോധത്തിനും, ധർമ്മ നിഷ്ഠക്കും വിദ്യാഭ്യാസത്തിൽ മതിയായ സ്ഥാനം നൽകണം.

### 2. സാമൂഹ്യ ബോധവൽക്കരണം. - വായനശാലകൾ

ഈ പഞ്ചായത്തിൽ വായനശാലകൾ ധാരാളമുണ്ടെങ്കിലും വായനാശീലമുള്ളവർ അധികമില്ല. വിദ്യാർത്ഥികളിൽ വായനാശീലം വളർത്താൻ ബോധവൽക്കരണം നടത്തിയേമതിയാവൂ. വായനാശാലകളുടെ നടത്തിപ്പിന് മതിയായ ഗ്രാന്റ് നൽകണം.

3. പഞ്ചായത്തിന്റെ സാംസ്ക്കാരിക നിലയവും വായനാശാലകളും കാര്യക്ഷമമായി പ്രവർത്തിപ്പിക്കണം.

4. കള്ളവാറ്റും മദ്യപാനവും കർശനമായി നിരോധിക്കണം.

5. നാടൻകലകൾ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കണം. അവശ കലാകാരന്മാർക്ക് ഗ്രാന്റ് നൽകണം.

6. കലാ കായിക സാഹിത്യ മത്സരങ്ങൾ വർഷത്തിലൊരിക്കലെങ്കിലും നടത്തണം. ഇതിൽ കുട്ടികൾക്കും മുതിർന്നവർക്കും പങ്കെടുക്കുവാനുള്ള അവസരം ഉണ്ടാവണം.

7. അംഗന വാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

8. കെട്ടിട നികുതിയിൽനിന്നും വായനാശാലകളെ ഒഴിവാക്കണം.

9. ക്ലബുകളുടെ പ്രവർത്തനം നിരീക്ഷിക്കുകയും ഉദ്ദേശശുദ്ധിയോടെ നന്നായി പ്രവർത്തിക്കുന്ന ക്ലബുകൾക്ക് ധനസഹായം നൽകുകയും ചെയ്യണം.

10. സ്ക്കൂളുകൾ, വായനശാലകൾ, കലാസാഹിത്യ സംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽ രാഷ്ട്രീയം കടന്നു വരാതെ സൂക്ഷിക്കണം.

11. വെള്ളപ്പാറ, പൂങ്കാവ്, വി. കോട്ടയം, തുടങ്ങിയ സ്ഥലങ്ങളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുക. ഇളകൊള്ളൂരിൽ പഞ്ചായത്ത് വാങ്ങിയ സ്ഥലത്ത് സ്റ്റേഡിയം നിർമ്മിക്കണം.

12. സൗകര്യങ്ങൾ കുറവായ നാട്ടിൻപുറം ഉപേക്ഷിച്ച് പട്ടണങ്ങളിൽ ചേക്കേറുന്നവരുടെ എണ്ണം കൂടി വരുകയാണ്. ഗ്രാമങ്ങളിലേക്ക് ഗതാഗത സൗകര്യം വർദ്ധിപ്പിച്ചാൽ ഒരു പരിധിവരെ ഈ പ്രവണത തടയാൻ കഴിഞ്ഞേക്കും.

13. വെള്ളപ്പാറ പൗരസമിതിക്ക് ഗ്രാന്റ് അനുവദിക്കുക.

14. കേരളോത്സവം, ഭാരതോത്സവം മുതലായവ നടക്കുമ്പോൾ വാർഡുതലത്തിൽ നിന്നുള്ളവരുടെ പ്രാതിനിധ്യം കൂടി ഉറപ്പുവരുത്തുക.

*ഒരു നല്ല സംസ്ക്കാര നിലവാരം പുലർത്തുന്ന പൗരൻ നല്ലതേ പറയൂ!*
*നല്ലതേ പ്രവർത്തിക്കൂ!!*
*അവന്റെ ചലനങ്ങൾ പോലും സംസ്ക്കാര സമ്പന്നമായിരിക്കും !!!*

# ദേവാലയങ്ങളുടെ ലിസ്റ്റ്

1. പ്രമാടം മഹാദേവർ ക്ഷേത്രം.
2. ശ്രീനാരായണ ഗുരു മന്ദിരം, പ്രമാടം.
3. സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച്, മല്ലശ്ശേരി.
4. സെന്റ് മേരീസ് കാതോലിക് ചർച്ച്, മല്ലശ്ശേരി.
5. ബേത്ലഹേം മാർത്തോമ്മപ്പള്ളി, പൂങ്കാവ്.
6. സി. എസ്. ഐ. ചർച്ച്, പൂങ്കാവ്.
7. ബൈബിൾ ക്രിസ്ത്യൻ ചർച്ച്, പൂങ്കാവ്.
8. ബ്രദറൻ മിഷൻചർച്ച്, പൂങ്കാവ്.
9. കാതോലിക് ചർച്ച്, വട്ടകുളഞ്ഞി.
10. വലഞ്ചുഴി ദേവീക്ഷേത്രം.
11. കുളപ്പാറ മലദേവർ കോട്ട.
12. പുലിപ്പാറ കോട്ട മലക്ഷേത്രം.
13. കീച്ചേരിയിൽ ഭഗവതിക്ഷേത്രം.
14. ആയില്ല്യം കാവ്ക്ഷേത്രം.
15. സെന്റെ മേരീസ് ഓർത്തഡോക്സ് ചർച്ച്, വെട്ടൂർ
16. മഹാവിഷ്ണു ക്ഷേത്രം വെട്ടൂർ.
17. ശ്രീനാരായണ ഗുരു മന്ദിരം, തെങ്ങും കാവ്.
18. പേഴും പാറ കൊട്ടമല.
19. നെല്ലിടാം പാറ കോട്ടമല.
20. പെരുമ്പക്കാവ് ശ്രീ ഭദ്രകാളി ക്ഷേത്രം.
21. ശ്രീ മഹാദേവർ ക്ഷേത്രം, ഇളകൊളളൂർ.
22. സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ്ചർച്ച്, ~~ഇളകൊള്ളൂർ~~. കിഴവള്ളൂർ
23. സെന്റ് ജോർഇജ് ഓർത്തഡോക്സ് ചർച്ച്, വട്ടക്കാവ്.
24. സെന്റ് മേരീസ് കതോലിക് ചർച്ച്, ഞക്കുകാവ്.
25. മാർത്തോമ്മ ചർച്ച്, ഞക്കുകാവ്.
26. ളാക്കൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം.
27. ളാക്കൂർ സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച്.
28. ശ്രീനാരായണ ഗുരു മന്ദിരം, കൊലപ്പാറ.

29. കോട്ടയം മാളികപ്പുറത്ത് ദേവീ ക്ഷേത്രം.
30. കോട്ടയം സെന്റ് മേരീസ് സിറിയൻ യാക്കോബായ ചർച്ച്.
31. കോട്ടയം സെന്റ് തോമസ് കത്തോലിക് ചർച്ച്.
32. തലയറ പെണ്ണുകെട്ടു പാറമല.
33. പെന്തകോസ്ത് പള്ളി കോട്ടയം.
34. കാത്തോലിക്കാ പള്ളി, ഇളപ്പുപാറ.
35. ചാവരുകാവ് ക്ഷേത്രം കോട്ടയം.
36. ഓർത്തഡോക്സ് ചർച്ച് കോട്ടയം.
37. കോട്ടയം ശ്രീ നാരായണ ഗുരു മന്ദിരം.
38. നെടുമ്പാറ മലദേവർ കോട്ട.
39. ശാബദ് മിഷൻ ചർച്ച്.
40. ഇളപ്പുപാറ ഗണപതി ക്ഷേത്രം.
41. കൊമ്പൻ പാറ കോട്ടമല.
42. ഇളപ്പുപാറ കൃസ്ത്യൻ പള്ളി.
43. മുറിഞ്ഞകൽ മുസ്ലിം ജമാഅത്ത്.
44. വകയാർ, മദ്രസ.
45. കരിംകുടുക്ക, മദ്രസ.
46. ഓർത്തഡോക്സ് പള്ളി കൊല്ലൻപടി.
47. മുകളുവിള സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം.
48. ആശാരി മുരുപ്പ് (കരിം കുടുക്ക) മലദൈവം.
49. വകയാർ ക്ഷേത്രം.
50. കൊച്ചുമല ഭഗവതി ക്ഷേത്രം.
51. സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് ചർച്ച് ഞക്കുകാവ്.
52. സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച്, വകയാർ.
53. സെന്റ് മേരീസ് സിറിയൻ യാക്കോബായ ചർച്ച്, വകയാർ.
54. ഇൻഡ്യൻ പെന്തിക്കൊസ്തു മിഷൻ ചർച്ച്, വകയാർ
55. പൂവള്ളി മുരുപ്പ് ദേവീക്ഷേത്രം
56. വലിയകൊമ്പൻ പാറ ചെറിയമല.
57. St. പീറ്റേഴ്സ് കത്തോലിക്കാ പള്ളി കിഴവള്ളൂർ

# വാർഡുതല നിർദ്ദേശങ്ങൾ

## *Ward I*

1. ഇവിടെ ഇന്നും നിലനില്ക്കുന്ന പുരാതനകലാരൂപങ്ങളായ പാക്കനാർ കളി, മുടിയാട്ടം, അമ്മൻകുടം, ചെണ്ടമേളം ഇവയ്ക്ക് പ്രോത്സാഹനം നൽകേണ്ടതാണ്.
2. വായനശാലയിൽ പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റ് പഞ്ചായത്തിൽ നിന്ന് അനുവദിക്കുക.
3. പഞ്ചായത്തുതലത്തിൽ നടത്തുന്ന കേരളോത്സവം പോലെയുള്ള പരിപാടികളിൽ വാർഡുതല ജനപങ്കാളിത്തം ഉറപ്പു വരുത്തുക.
4. രണ്ടു വാർഡുകൾക്ക് ഒരു കളിസ്ഥലം വീതം നിർമ്മിക്കുക.
5. ഒന്നാം വാർഡിന്റെ ഹൃദയഭാഗത്ത് പുറമ്പോക്ക് ഭൂമി കണ്ടെടുത്ത് ഒരു ആഡിറ്റോറിയം പണിയുക.
6. കായിക കലാ കാരന്മാരെ ആദരിക്കുകയും ആർട്സ് ആൻഡ് സ്പോട്സ് ക്ലബുകൾക്ക് ധനസഹായം നൽകുകുയും ചെയ്യുക.
7. വായനശാലകൾക്ക് കരം ഈടാക്കുന്ന നടപടി ഉപേക്ഷിക്കുക.
8. പ്രമാടം മൃഗാശുപത്രിക്കു സമീപം 6,7, സെന്റ് വിസ്താരമുണ്ടായിരുന്ന ഒരു കുളം ഉണ്ടായിരുന്നു. അന്യാധീനപ്പെട്ടു പോയ ഈ കുളം വീണ്ടെടുത്ത് ഉപയോഗയോഗ്യമാക്കണം.

## *Ward II*

1. ഈ വാർഡിൽ ഒരു സാംസ്ക്കാരിക നിലയം ഇല്ല.
2. പൊതു കളിസ്ഥലം ഉണ്ടാക്കുക.
3. വട്ടകുളഞ്ഞി കേന്ദ്രമായി പ്രവർത്തിച്ചിരുന്ന മത മൈത്രീ ക്ലബും അതിനോടനുബന്ധിച്ചുള്ള ലൈബ്രറിയും പുനരുദ്ധരിക്കുക.
4. ഇന്ന് നിലവിലുള്ള ക്ലബുകൾക്ക് ആസ്ഥാനമുണ്ടാക്കുക.
5. പഞ്ചായത്തുവക സഞ്ചരിക്കുന്ന ലൈബ്രറി പുനസ്ഥാപിക്കുക.
6. ഇലക്ട്രോണിക് മാദ്ധ്യമങ്ങളിൽ നമ്മുടെ സാംസ്ക്കാരിക പൈതൃകത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള പരിപാടികൾ ഉൾപ്പെടുത്തുക.
7. ഈ വാർഡിൽ വലഞ്ചുഴിയിൽ നടക്കുന്ന മീനഭരണി പടയണി (കോലംതുള്ളൽ). പുനരുദ്ധരിക്കുക.
8. പ്രചീന നാടൻകലകൾ പുനരുദ്ധരിക്കുക.
9. ഇവിടെപ്രവർത്തിക്കുന്ന കോൽകളി സംഘം, ഭജന സംഘം, എന്നിവയ്ക്ക് ഗ്രാന്റ് അനുവദിക്കുക.

## *Ward III.*

1. ഈ വാർഡിൽ നിലവിലുള്ള കലാകായിക ക്ലബുകൾക്ക് ധനസഹായം നൽകുക.
2. പ്രാചീനകലകൾ പുനരുദ്ധരിക്കുന്നതിന് വേണ്ട സഹായം നൽകുക.
3. മദ്യപാനം മദ്യവിൽപ്പന എന്നിവ നിർത്തലാക്കണം.

## *Ward IV.*

1. കലാ സാംസ്ക്കാരിക സംഘടനകൾക്ക് പഞ്ചായത്തുതല ഗ്രാന്റ് അനുവദിക്കേണ്ടതാണ്.

2. ഇവിടെ അഞ്ചാം വാർഡിൽ ചേർത്ത് ഒരു ഓപ്പൺ എയർ തിയേറ്റർ സ്ഥാപിക്കണം.
3. ഉപയോഗപ്രദമല്ലാത്ത പഞ്ചായത്ത് സ്റ്റേഡിയത്തിനുള്ള സ്ഥലം മാറ്റി അനുയോജ്യമായ സ്ഥലം കണ്ടെത്തി സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക.
4. ഒരു പൊതു റ്റി.വി. സെന്റർ സ്ഥാപിക്കുക.
5. മദ്യപാനത്തിനെതിരെ ബോധവൽക്കരണം നടത്തുക.
6. തെങ്ങും കാവ് ജംഗ്ഷനിൽ നിന്നും നൂറ് മീറ്റർ അകലെയായി തെങ്ങും കാവ് ഞക്കുകാവ് റോഡിനരികിലായി ഏകദേശം പതിനഞ്ചു സെന്റ് പാറക്കുളം ഉണ്ട്. ഈ കുളം നികത്തി എടുത്താൽ അംഗൻവാടി, ഡിസ്പെൻസറി, ലൈബ്രറി, പോസ്റ്റോഫീസ് എന്നിവയ്ക്ക് ഈ സ്ഥലം ധാരാളം മതിയാകും.

## *Ward V.*

1. പുസ്തക വിതരണത്തിന് ഒരു മൊബൈൽ യൂണിറ്റ് സ്ഥാപിക്കണം.
2. മിനിസ്റ്റേഡിയത്തിന് കണ്ടെത്തിയ സ്ഥലത്ത് ഉടൻ സ്റ്റേഡിയം നിർമ്മിക്കണം>
3. സംസ്ക്കാരികനിലയത്തിൽ റ്റി.വി സ്ഥാപിക്കണം.
4. പതിനായിരത്തിൽ കൂടുതൽ ജനങ്ങൾ പങ്കെടുക്കുന്ന സ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുക.
5. ഗ്രാമോത്സവത്തിന്റെ മുന്നോടിയായി ഓണക്കാലത്ത് വാർഡുതല മത്സരങ്ങൾ സംഘടിപ്പിക്കുക.
6. സർപ്പവിഷ ബാധ മുതലായ ആകസ്മികമായി ഉണ്ടാകുന്ന ചെലവുകൾക്ക് ധനസഹായം അനുവദിക്കുക.
7. വായനശാലകൾക്ക് കൂടുതൽ പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ അനുവദിക്കുക.

## *Ward VI*

1. ഈ വാർഡിൽ പ്രവർത്തിക്കുന്ന വായനശാലയ്ക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പഞ്ചായത്ത് ധനസഹായം പുനസ്ഥാപിക്കുക.
2. ഇവിടെ ഒരു ഓപ്പൺ എയർ തിയേറ്ററു: കളിസ്ഥലവും സ്ഥാപിക്കുക.
3. ആർട്സ് ആൻഡ് സ്പോട്സ് ക്ലബുകൾക്ക് സ്പോട്സ് ഉപകരണങ്ങൾക്കുപകരം സഹായ ധനം അനുവദിക്കുക.
4. പഞ്ചായത്തിൽ മുൻപ് പ്രവർത്തിച്ചിരുന്ന റേഡിയോ ഇപ്പോൾ പ്രവർത്തിപ്പിക്കുന്നില്ല.
5. സ്ത്രീകളിൽ വായനാശീലം വർദ്ധിപ്പിക്കുവാൻ ഗ്രാമീണ പുസ്തക വിതരണ പദ്ധതി പുനസ്ഥാപിക്കുക.
6. നാടൻകലകളെ പ്രോത്സാഹിപ്പിക്കുക.
7. ഇപ്പോൾ പഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്നിടത്ത് ഒരു ബഹുനില കെട്ടിടം നിർമ്മിച്ച് അതിൽ ഒരു സാംസ്ക്കാരിക നിലയവും ഷോപ്പിംഗ് കോംപ്ലക്സും സ്ഥാപിക്കുക.

## *Ward VII.*

1. ഈ വാർഡിലുള്ള എ ഗ്രേഡ് ഗ്രന്ഥശാലയ്ക്ക് പഞ്ചായത്തിൽനിന്നും ലഭിച്ചിരുന്ന ഗ്രാന്റ് പുനഃസ്ഥാപിക്കുക. കലാകായിക പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുക.
2. പഞ്ചായത്തുതലത്തിൽ മത്സരങ്ങൾ നടത്തി പ്രോത്സാഹനം നൽകുക.
3. പുസ്തകങ്ങൾ മെയിന്റനൻസ്, നടത്തുന്നതിന് പ്രത്യേകം ധനസഹായം അനുവദിക്കുക.

4. കലാകാരന്മാർക്ക് ധനസഹായം നൽകണം.
5. ഒരു ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങുന്നതിന് ഫണ്ട് അനുവദിക്കുക.

## *Ward VIII & IX*

1. ഇവിടം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വായനശാലയ്ക്ക് ഗ്രാന്റ് അനുവദിക്കണം.
2. റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങാൻ ഫണ്ട് അനുവദിക്കുക. ലൈബ്രറിയേയന് അലവൻസ് ലഭ്യമാക്കുക. ഈ വാർഡുകൾ കേന്ദ്രീകരിച്ച് സാംസ്ക്കാരിക നിലയം ആവശ്യമാണ്. ധനസഹായം ലഭ്യമാക്കിയാൽ ഒരു കോൺഫറൻസ് ഹാൾ കൂടി നിർമ്മിക്കാവുന്നതാണ്.
3. വി.കോട്ടയം ചന്തയിലുള്ള സ്റ്റേജിന്റെ അറ്റകുറ്റ പണികൾ തീർത്ത് ഒരു മുറി, മേൽപ്പുര എന്നിവ കൂടി നിർമ്മിച്ച് ടോയ്ലറ്റ് സംവിധാനവും ഏർപ്പെടുത്തണം. അവശ കലാകാരന്മാർക്ക് സാമ്പത്തിക സഹായം നൽകുക.

## *Ward X*

1. വകയാർ കൊല്ലൻപടി, മുകൾവിള ഹരിജൻ കോളനിയിൽ സാംസ്ക്കാരിക നിലയം സ്ഥാപിക്കുക സാംസ്ക്കാരിക ബോധവൽക്കരണം ആവശ്യമാണ്.
2. ഇവിടെ ഒരു പബ്ലിക്ക് സ്റ്റേഡിയം നിർമ്മിക്കണം, ഒരു റ്റി.വി സെറ്റ് സ്ഥാപിക്കുക. ഇവിടെ ഒരു വോളിബോൾ ടീം ഉണ്ട് പ്രോത്സാഹനം നൽകണം.
3. വകയാർ പബ്ലിക് ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങാൻ ഗ്രാന്റ് അനുവദിക്കണം.

## *Ward XI*

1. ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കണം.
2. സാംസ്ക്കാരിക സംഘടനകൾക്ക് (പൗരസമിതി) ധനസഹായം നൽകുക.
3. കായിക താരങ്ങൾക്ക് പരിശീലനം നൽകാൻ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കോച്ചിനെ നിയമിക്കണം.
4. ഒരുപൊതു കളിസ്ഥലം ആവശ്യമാണ്.
5. അംഗനവാടികളുടെ സമഗ്രവികസന പ്രവർത്തനം കുറ്റമറ്റതാക്കണം.

## *Ward XII*

1. ഈ വാർഡിൽ നിലവിലുള്ള ചെണ്ടമേളം കോൽകളി എന്നിവ പ്രോത്സാഹിപ്പിക്കണം.
2. സാംസ്ക്കാരിക നിലയവും പൊതുകളിസ്ഥലവും ആവശ്യമാണ്.



# പട്ടികജാതി പട്ടികവർഗ്ഗം

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 12.4% പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളാണ്. 23 അംഗീകൃത കോളനികൾ ഈ പഞ്ചായത്തിലുണ്ട്. വിദ്യാഭ്യാസ സാമൂഹ്യമേഖലകളിൽ പലനേട്ടങ്ങളും ഈ കോളനി നിവാസികൾക്ക് (ഈ വിഭാഗത്തിൽപെട്ടവർക്ക്) ഉണ്ടായിട്ടുണ്ട്. എന്നാൽ സാമ്പത്തികരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പലപദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ല. അഥവാ അറിഞ്ഞാൽ തന്നെ അവയുടെ പല നിബന്ധനകളും സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നില്ല. എന്നാൽ കൂടുതൽ പ്രയോജനം ഇതിൽ നിന്നും ലഭിക്കുന്നത് കോളനി നിവാസികൾക്കാണ്. കൂടുതൽ ബോധവൽക്കരണം കോളനിനിവാസികൾക്ക് ലഭിക്കുന്നതിനാലായിരിക്കാം ഇത്. (കോളനിയുടെ സ്ഥിതിവിവര കണക്ക് പട്ടികയിൽ ചേർത്തിട്ടുണ്ട്).

ഒന്നാം പഞ്ചവത്സരപദ്ധതി നിലവിൽ വന്നതുമുതൽ നാളിതുവരെയും പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പദ്ധതികളിൽ സംവരണം ഏർപ്പെടുത്തിയും കുടികിടപ്പവകാശവും, മിച്ചഭൂമിയുടെ ലഭ്യതയ്ക്കും നിയമസാധുത്വം നൽകി ഉറപ്പുവരുത്തിയും മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വത്തിൽ നിന്നു ഒരു പരിധിവരെ മോചനം നേടാൻ ഭരണാധികാരികൾ സഹായിച്ചിട്ടുണ്ട്.

പ്രായമായവരിൽ നിരക്ഷരരുണ്ടെങ്കിലും പുതിയതലമുറയിൽപ്പെട്ടവർ വിദ്യാഭ്യാസത്തിൽ താല്പര്യം കാണിക്കുന്നുണ്ട്. എന്നാൽ പലരും SSLCയ്ക്കു മുമ്പുതന്നെ പഠനം നിർത്തി മറ്റ് പല തുറകളിലേയ്ക്കും തിരിയുന്നതായി കാണാം. ഇവരിൽ കുടുംബ ബാദ്ധ്യത ഏറ്റെടുക്കാൻ വേണ്ടി പഠനം നിർത്തിയ ചുരുക്കം ചിലരുമുണ്ട്. രക്ഷിതാക്കൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല എന്ന വസ്തുത പഠനസംഘത്തിന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇത് സംബന്ധിച്ച ചാർട്ടുകൾ പ്രത്യേകമായി ചേർത്തിട്ടുണ്ട്.

വിദ്യാസമ്പന്നരായ (ആളുകൾ ഒത്തുചേർന്ന്) ആളുകളെ ഉൾപ്പെടുത്തി മാതാപിതാക്കളെയും കുട്ടികളേയും ഒരുപോലെ ബോധവൽക്കരിക്കുകയും കുട്ടികളെ സ്കൂളിൽ അയയ്ക്കാൻ നിർബന്ധിക്കുകയും ചെയ്യേണ്ടതാണ്. പ്രീ മെട്രിക് ഹോസ്റ്റലുകളിൽ കൂടുതൽ കുട്ടികളെ ചേർത്ത് ഇവരുടെ സ്വഭാവരൂപീകരണം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

സാധാരണയായി SSLC ക്ലാസ്സിൽ തോറ്റുക്കഴിഞ്ഞാൽ ഈ കുട്ടികൾ പഠിത്തം തുടരാറില്ല.

ുകഴിഞ്ഞാലും ഒരു വർഷം കൂടി (ചില നിബന്ധനകൾക്ക് വിധേയമായി) അതേ സ്കൂളിൽ ചേർന്ന് ുവാനുള്ള സംവിധാനം ഉള്ളത് ആരും തന്നെ ഉപയോഗപ്പെടുത്തുന്നില്ല. തോറ്റ കുട്ടികൾക്ക് പാരലൽ ജുകളിൽ ചേർന്നു പഠിക്കുന്നതിനും സഹായം ലഭിക്കുന്നുണ്ട്.

SSLCയ്ക്ക് ഉപരിയായി വിദ്യാഭ്യാസമുള്ളവർ പൊതുവെ കുറവാണ്. ഈ അവസ്ഥമാറ്റി ഇവരെ ംതികമായി തുടർസംവിധാനത്തോടുകൂടി പഠിപ്പിക്കുവാനുള്ള സംവിധാനമുണ്ടാക്കണം. സൗകര്യമേർ ത്തണം.

## ാഴിൽ

മുൻകാലങ്ങളിൽ ഇവർ പരമ്പാരഗത കർഷകത്തൊഴിലാളികളായിരുന്നു. കാർഷികമേഖലകളിൽ വന്ന ച്ച ഇവരിൽ പലരേയും തൊഴിൽ രഹിതരാക്കി. അങ്ങനെ ഇവരിൽ പലരും നിർമ്മാണരംഗത്തേക്ക് യറിക്കഴിഞ്ഞു. ഏറ്റവും കൂടുതൽ വേതനം ലഭിക്കുന്ന മേഖലയായതിനാൽ ഇവർ അതിൽതന്നെ ുന്നു. അങ്ങനെ പുതിയ തലമുറ മുഴുവൻ തന്നെ കാർഷികരംഗത്തുനിന്നും മാറിക്കഴിഞ്ഞു. ലോഡിംഗ് ലോഡിംഗ് ര്ഗത്തേക്ക് വളരെയധികം ചെറുപ്പക്കാർ കുടിയേറി. നിർമ്മാണ രംഗത്ത് സ്ത്രീകൾക്ക് 90 പുരുഷന്മാർക്ക് 100-125 രൂപയുമാണ് വേതനം. ലോഡിംഗ് അൺലോഡിംഗ് രംഗം കുറെക്കൂടി മുമ്പിലാണ് നത്തിന്റെ കാര്യത്തിൽ. ഇന്ന് നടീൽ, കൊയ്ത്ത് എന്നീ അത്യാവശ്യ ജോലികൾക്കുപോലും ആളെ റില്ലാതെ വരുന്നു. ഈ പ്രവണത തടയേണ്ടത് ആത്യാവശ്യമാണ്.

## ്പ്പിടം

പാർപ്പിടസൗകര്യം ഇല്ലായ്മ (പാർപ്പിടപ്രശ്നം) ഒരു പരിധിവരെ മാത്രമേ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുള്ളു. നിനിവാസികളിൽ പലർക്കും വീടുകൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനുകാരണം കോളനികൾ ീകരിച്ചാണ് ഗവ. പദ്ധതികൾ മിക്കവാറും നടപ്പാക്കുന്നത് എന്നുള്ളതാണ്,. അതിനാൽ ഒറ്റപ്പെട്ട ൾക്ക് പലപ്പോഴും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുവാൻ താമസം നേരിടുന്നു. പല ഏജൻസികളും ുന്ന വായ്പാപദ്ധതികൾ ഉപയോഗിച്ച് വീടുവച്ച് കടക്കെണിയിലകപ്പെട്ടവരും ഇക്കൂട്ടത്തിലുണ്ട്. ഈ യത്തിൽ പലകോളനികളിലും പട്ടിക ജാതി പട്ടികവർഗ്ഗക്കാർ പാർക്കുന്ന മറ്റു സ്ഥലങ്ങളിലും അവർക്ക് ച്ചു നൽകുവാൻ JRY, അൺ ടൈഡ്ഫണ്ട് എന്നിവയിൽ നിന്ന് വകയിരുത്താമെങ്കിലും ഈ ബങ്ങൾക്ക് പട്ടയമില്ലാത്തിനാൽ പ്രസ്തുത ആനുകൂല്യം നിഷേധിക്കപ്പെടുന്നു., ഇപ്പോൾ റീ സർവേ ം പട്ടയമുള്ള എല്ലാ ഭൂമിയും അളന്ന് തിട്ടപ്പെടുത്തി കഴിഞ്ഞിട്ടുള്ളതിനാൽ ഈ ഭൂമി (ഇവർ ിക്കുന്ന സ്ഥലങ്ങൾ) പുറമ്പോക്കായി തള്ളപ്പെട്ടു കാണുമല്ലോ. പുറമ്പോക്കു ഭൂമിയിൽ താമസിക്കുന്ന ്നരായ പട്ടികജാതിക്കാർക്ക് പട്ടയം ലഭിക്കുവാൻ വേണ്ട നിയമനിർമ്മാണം എത്രയും വേഗം ത്തണ്ടതാണ്. പാവങ്ങൾ വളരെ നിർബന്ധിച്ചതിനു ശേഷമാണ് ഈ സത്യാവസ്ഥ പഠനസംഘത്തെ ിച്ചത്.

കോളനികളിൽ പലതിനും കക്കൂസുകൾ ഇല്ല. പലവീടുകൾക്കുവേണ്ടി കക്കൂസുകൾ നിർമ്മിക്കുമ്പോൾ, പൊതു സേഫ്റ്റി ടാങ്ക്, പലകക്കൂസുകൾക്ക്" എന്ന രീതിയിൽ നിർമ്മിക്കാവുന്നതും അങ്ങനെ ീകരണം തടയാവുന്നതുമാണ്. ഇതുവഴി കിണറുകളിലെ ജലം മലിനമാകുന്നതും തടയാവുന്നതാണ്. ംപാലെ ചില വിഭാഗത്തിൽപെട്ടവർ ഒഴിച്ച് മറ്റെല്ലാവരും ശേഷക്രിയകൾ നടത്തുന്നത് സ്വന്തം പറമ്പിൽ യാണ്. ഇത് പരിസരമലിനീകരണത്തിനും മറ്റും കാരണമാകുന്നുണ്ട് ഈ സാഹചര്യത്തിലാണ് പൊതു ്നത്തിന്റെ പ്രസക്തി കൂടുന്നത്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വൈദ്യുത ശ്മശാനമാണ് ിക്കേണ്ടത്. ഇത് പഞ്ചായത്തിന് ഒരു വരുമാന മാർഗ്ഗവുമായിരിക്കും.

# പ്രശ്നങ്ങൾ.

1. വിദ്യാഭ്യാസതലത്തിലെ പിന്നോക്കാവസ്ഥ

   SSLC വരെ മാത്രം വിദ്യാഭ്യാസം നടത്തുന്നതിനുള്ള പ്രവണത കൂടുകയാണ്. ഉന്നത വിദ്യാഭ്യാസം നടത്തുവാൻ വിമുഖത കാട്ടുന്നു.

2. കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു. കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണവും, തൊഴിൽ സാധ്യതയും കുറഞ്ഞുവരുന്നു.

3. സാമൂഹ്യ ഉച്ചനിചത്വം കുറഞ്ഞതോതിലാണെങ്കിലും ഇപ്പോഴും നിലനിൽക്കുന്നു,

4. സ്വന്തമായി വീടില്ലാത്തവർ ഇന്നും നമ്മുടെ പഞ്ചായത്തിൽ ധാരാളം ഉണ്ട്.

5. സ്വന്തമായി സ്ഥലമില്ലാത്തവർ ഈ പഞ്ചായത്തിലുണ്ട്.

6. ഭൂമി സ്വന്തമായിട്ടുള്ള മിക്ക ആളുകൾക്കും പട്ടയം ലഭിച്ചിട്ടില്ല ആയതിനാൽ ഗവൺമെന്റ് (മറ്റ് ഏജൻസികൾ), സംഘടനകൾ എന്നിവയിൽ നിന്നു വീടുവയ്ക്കുവാനുള്ള ആനുകൂല്യങ്ങൾ കിട്ടാതെവരുന്നു.

7. വീടുവയ്ക്കുവാൻ അനുവദിച്ചുനൽകുന്ന ധനസഹായം വളരെ കുറവായതിനാൽ നിർമ്മാണം പൂർത്തിയാക്കുവാൻ പലർക്കും സാധിക്കാതെ വരുന്നു.

8. സ്വയം തൊഴിൽ പദ്ധതിക്ക് ബാങ്ക് വായ്പ പലർക്കും സമയത്തിന് (യഥാസമയം) ലഭിക്കാതെ വരുന്നു.

9. ലഭിക്കുന്ന ധനസഹായം മിക്ക ആളുകളും ദുർവിനിയോഗം ചെയ്യുന്നു.

10. കോളനികളിൽ വേണ്ടത്ര കുടിവെള്ളം ലഭ്യമല്ല. വൈദ്യുതി എത്തിയിട്ടില്ല.

11. പല കോളനികളിലും അടിസ്ഥാന സൗകര്യങ്ങൾ (കക്കൂസ്, കിണർ, കുളിമുറി, റോഡ് എന്നിവ) ഇല്ല.

12. ഒരു പൊതു ശ്മശാനത്തിന്റെ അഭാവം വളരെയധികം പരിസരമലിനീകരണം ഉണ്ടാക്കുന്നു.

13. ആരോഗ്യസംരക്ഷണ സംവിധാനം കുറവാണ് (പര്യാപ്തമല്ല).

14. നിർദ്ധനകുടുംബത്തിലെ അംഗങ്ങളുടെ ചികിത്സ, പെൺകുട്ടികളുടെ വിവാഹം എന്നിവയ്ക്ക് ധനസഹായം ലഭിക്കുന്നില്ല.

15. IRDP യും ഇതരപദ്ധതികളും പ്രകാരം ലഭിക്കുന്ന സാമ്പത്തികസഹായം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

16. ഗവൺമെന്റിൽ നിന്ന് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമ പദ്ധതികളെക്കുറിച്ച് അധികം പേരും ബോധവാന്മാരല്ല. (പലർക്കും വേണ്ടത്ര അറിവില്ല).

17. പലപ്പോഴും വായ്പ തിരിച്ചടയ്ക്കുവാൻ ശുഷ്ക്കാന്തി കാണിക്കാത്തതുമൂലം കടക്കെണിയിൽപെട്ടു പോകുന്നു.

## സാദ്ധ്യതകൾ നിർദ്ദേശങ്ങൾ.

1. കുട്ടികളെ സ്ക്കൂളിൽ അയ്യക്കുന്ന കാര്യത്തിൽ പല മാതാപിതാക്കളും ഉത്സാഹം കാട്ടുന്നില്ല. മിക്കപ്പോഴും കുട്ടികളുടെ ഉത്സാഹക്കുറവു കൊണ്ടല്ല അവരുടെ വിദ്യാഭ്യാസം മുടങ്ങുന്നത്. വളരെ ശക്തമായ ബോധവൽക്കരണം ഈ വിഷയത്തിൽ ആവശ്യമാണ്. ഇന്നു ലഭിക്കുന്ന ആനുകൂല്യം വർദ്ധിപ്പിക്കുകയോ, പ്രീ മെട്രിക് ഹോസ്റ്റൽ സംവിധാനം വ്യാപിപ്പിക്കുകയോ ചെയ്യേണ്ടതാണ്.

2. ഇന്നുള്ള കൃഷി ഭൂമിയിൽ കൂടുതൽ ഉല്പാദന ക്ഷമതയുള്ള കൃഷി പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും . വേതന വ്യവസ്ഥ ഏകീകരിക്കുകയും ചെയ്യേണ്ടതാണ്.

3. ഇന്നത്തെ രീതിയിലുള്ള കോളനി സംവിധാനം നിലനിൽക്കുന്നിടത്തോളം കാലം ഒരു തരം അപകർഷതാബോധം നിലനിൽക്കാം. കോളനികളിലാകുമ്പോൾ, ഏതു കാര്യത്തിനും എണ്ണത്തിൽ കൂടുതൽ ഉള്ളതിനാൽ സമൂഹത്തിൽ മറ്റാളുകളിൽ നിന്നും ഒറ്റപ്പെട്ടുപോകുന്നു. എന്നാൽ ഒറ്റപ്പെട്ട കൂടുംബങ്ങളായി മറ്റ് ജനങ്ങളുടെ ഇടയിൽ താമസിക്കുന്നവർ കുറേക്കൂടി ഉയർന്ന നിലവാരം പുലർത്തുന്നു.

4. പട്ടയം ലഭിച്ചിട്ടില്ലാത്ത വസ്തു ഉടമകൾക്ക് അത് ലഭ്യമാക്കുവാനുള്ള ഇന്നത്തെ നിയമ വ്യവസ്ഥകളിൽ അയവുവരുത്തി പട്ടയം ലഭ്യമാക്കണം. പട്ടയം ലഭിക്കുന്നതിനുള്ള നടപടി ക്രമത്തേക്കുറിച്ച് ഇവരെ ബോധവാൻമാരാക്കണം.

5. വീടുവയ്ക്കാൻ സ്ഥല സൗകര്യമില്ലാത്തവർക്ക് അതിനുള്ള സൗകര്യം ഉണ്ടാക്കികൊടുക്കണം. കിട്ടുന്ന സ്ഥലവും വീടും കൈമാറ്റം ചെയ്ത് വീണ്ടും ഭൂരഹിതരായി മാറുന്ന പ്രവണത ഇല്ലാതാക്കേണ്ടതാണ്.

6. വീടുവയ്ക്കുന്നതിനുള്ള സഹായം 'നിർമ്മിതി' മുതലായ സംഘടനകളിൽകൂടി നൽകി വീട് പൂർത്തിയാക്കുന്നതായിരിക്കും ഉത്തമം. ധനസഹായപരിധി ഉയർത്തുകയും വേണം.

7. ബാങ്ക് വായ്പ ലഭിക്കുവാനുള്ള ഉപാധികൾ ലഘൂകരിക്കേണ്ടതും പലിശ നിരക്ക് കുറയ്ക്കേണ്ടതുമാണ്.

8. ലഭിക്കുന്ന ആനുകൂല്യങ്ങൾ ദുർവിനിയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

9. വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിയിട്ടില്ലത്ത കോളനികളിൽ പ്രത്യേക സ്കീമുകൾ തയ്യാറാക്കി ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം നടപ്പിലാക്കുക.

10. പട്ടികജാതി പട്ടികവർഗക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ അനർഹരായവരുടെ കയ്യിലെത്തുന്നത്

കർശനമായി തടയണം.

11. അടിസ്ഥാനസൗകര്യങ്ങളെക്കുറിച്ച് ഒരു സർവ്വേ നടത്തിയിട്ടുള്ളതനുസരിച്ച് അവ ലഭിച്ചിട്ടില്ലാത്ത യിടങ്ങളിൽ എത്രയും വേഗം അവ ലഭ്യമാക്കുക.

12. അത്യാധുനീകമായ ഒരു വൈദ്യുതശ്മശാനം ഈ പഞ്ചായത്തിൽ ആവശ്യമാണ്.

13. ഹെൽത്ത് വിസിറ്ററന്മാരുടെ സേവനം മെച്ചപ്പെടുത്തുക. സബ്സെന്ററുകളുടെ ഇന്നത്തെ സ്ഥിതിക്ക് മാറ്റം വരുത്തുക.

14. നിർദ്ധന കുടുംബങ്ങൾക്ക് ധനസഹായം, (വൈദ്യസഹായം, പെൺകുട്ടികളുടെ വിവാഹം മുതലായവ) ലഭ്യമാക്കുക.

15. IRDP മുതലായ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുക

16. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവ ഏതു രീതിയിൽ നടപ്പിലാക്കണമെന്നും അവർക്ക് ബോധവൽക്കരണം നടത്തുക.

17. വായ്പകൾ തിരിച്ചടയ്ക്കുവാനുള്ള വ്യവസ്ഥകൾ ഉദാരമാക്കുക. ഇവരിൽ സമ്പാദ്യശീലം വളർത്തുക. RD പദ്ധതികൾ അവരുടെ ഭവനങ്ങളിൽ നിന്നു സ്വീകരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

18. വിധവാ പെൻഷൻ ലഭിക്കാത്തവർക്ക് അവ ലഭ്യമാക്കുക.

## വാർഡ്തല നിർദ്ദേശങ്ങൾ

*വാർഡ് 1*

1. കാട്ടാത്തിപ്പാറ ഹരിജൻ കോളനിയിലേക്കുള്ള റോഡിന്റെ കയറ്റം കുറച്ച് വീതികൂട്ടി സഞ്ചാരയോഗ്യമാക്കണം.
2. കുടിവെള്ളക്ഷാമം പരിഹരിക്കണം.
3. കോളനിയിൽ T.V. സെറ്റ് സ്ഥാപിക്കണം.
4. പട്ടയം ഇല്ലാത്തവർക്ക് പട്ടയം നൽകണം.
5. ലക്ഷംവീട് കോളനിയിലെ വീടുകൾ നന്നാക്കുന്നതിന് ധനസഹായം (ലോൺ) ആവശ്യമാണ്.
6. പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കണം.
7. പൊതുശ്മശാനം നിർമ്മിക്കുക.

. മാതൃ-ശിശു-സംരക്ഷണ കേന്ദ്രം സ്ഥാപിക്കണം. (ലക്ഷംവീട് കോളനി ഒന്നാം വാർഡ്)

. കോളനിയിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക.

*വാർഡ് II*

. ഈ വാർഡിൽ ഒരു കോളനി കൂടി രജിസ്റ്റർ ചെയ്യാവുന്നതാണ്.

. കോളനിയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കണം.

. വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകൾ വൈദ്യുതീകരിക്കണം.

. തൊഴിലില്ലായ്മ പരിഹരിക്കണം

. സഹകരണസംഘങ്ങളിൽ നിന്നു അനുവദിക്കുന്ന വായ്പകൾക്ക് 50% സബ്സിഡി അനുവദിക്കണം.

. ആഗ്രോ സർവ്വീസ് സെന്റർ ആവശ്യമുണ്ട്.

. വായ്പകൾ സ്വന്തം ജാമ്യത്തിൽ അനുവദിക്കണം

. ചുട്ടിപ്പാറയ്ക്കൽ കോളനിയിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കണം.

. കുടിവെള്ളക്ഷാമം പരിഹരിക്കുക

*വാർഡ് III*

D.W.C.R.A.ൽ മുണ്ടയ്ക്കാമുരുപ്പു കോളനിയിൽ ഒരു യൂണിറ്റ് സ്ഥാപിക്കണം.

. മുണ്ടയ്ക്കാമുരുപ്പ് ഹരിജൻ കോളനി വൈദ്യുതീകരിക്കുക.

. മാതൃ-ശിശു-സംരക്ഷണ കേന്ദ്രം ആവശ്യമാണ്

. കുടിവെള്ളക്ഷാമം പരിഹരിക്കുക

. വീടില്ലാത്തവർക്ക് വീടുവ്യക്കുവാനുള്ള ധനസഹായം നൽകണം.

. പഠനോപകരണങ്ങൾ കുട്ടികൾക്ക് സൗജന്യമായി നൽകണം

. കൃഷിഭവനിൽ നിന്ന് വിത്ത് വളം മറ്റ് ആനുകൂല്യങ്ങൾ എന്നിവ ആളുകൾക്ക് സൗജന്യമായി ലഭ്യമാക്കണം.

. ഈറ്റത്തൊഴിലാളികൾക്ക് ഈറ്റ സൗജന്യനിരക്കിൽ വിതരണം ചെയ്യണം.

. തയ്യൽ, സോപ്പ് നിർമ്മാണം ഇവയ്ക്ക് സൗജന്യമായി പരിശീലനം നൽകണം

). വലഞ്ചുഴി കോളനിയിലെ വീടുകളിൽ കക്കൂസുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

. വാർഡിലെ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ വീടുകളും വൈദ്യുതീകരിക്കണം.

*വാർഡ് IV*

1. കോളനിനിവാസികൾക്ക് 10 വീടുകൾ കൂടി നിർമ്മിച്ചു നൽകണം( വീടില്ലാത്ത 10 കുടുംബങ്ങൾ നിലവിലുണ്ട്).

2. ഈ വാർഡിലെ 60 വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കേണ്ടതാണ്.

3. ഇലകൊള്ളൂർ മഹാദേവർക്ഷേത്രത്തിൽ നിന്ന് കുന്നുംപുറത്ത് കോളനിവരെ 1.35 കി.മീ. റോഡ് സഞ്ചാരയോഗ്യമാക്കണം.

4. റൈസ് മില്ലിന് വൈദ്യുതി എത്തിക്കുകയും നെല്ലുകുത്തുന്നതിനുള്ള സൗകര്യവും ഉണ്ടാക്കിക്കൊടുക്കുകയും വേണം.

*വാർഡ് V*

1. വീടുകളുടെ അറ്റകുറ്റപ്പണി നടത്തുക.

2. ഈ കോളനിയിലെ സാനിട്ടറി സൗകര്യം മെച്ചപ്പെടുത്തുക.

3. മരങ്ങാട്ടു കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്യുക.

4. ലക്ഷം വീടു കോളനികൾ പുനരുദ്ധരിക്കുകയും കോളനിക്ക് ചുറ്റുമതിൽ നിർമ്മിക്കുകയും ചെയ്യുക.

5. ഈ കോളനികളിലെ അർഹരായവർക്കു് പെൻഷൻ അനുവദിക്കുക.

*വാർഡ് VI*

1. ജോളി ജംഗ്ഷനിൽ നിന്നു മൂലപ്പറമ്പ്, മുണ്ടയ്ക്കാ മുരുപ്പ് കോളനികളെ ബന്ധിപ്പിക്കുന്ന റോഡിന്റെ മെറ്റലിംഗും ടാറിംഗും നടത്തണം. കലുങ്കുകൾ കെട്ടണം. മൂലപ്പറമ്പ് കോളനി ഭാഗത്ത് ചപ്പാത്തു കെട്ടി വെള്ളം കിഴക്കേ തോട്ടിലേക്ക് ഒഴുക്കണം. കവുങ്ങിനാംകുഴി ഭാഗത്തെ കോളനി വൈദ്യുതീകരിക്കണം. ടി കോളനിയിലെ റോഡ് ഗതാഗത യോഗ്യമാക്കണം. കോളനിയിൽ ഒരു പോസ്റ്റ് ബോക്സ് സ്ഥാപിക്കണം

2. പത്തനംതിട്ട, പൂങ്കാവ്-മുണ്ടയ്ക്കാ മുരുപ്പുവഴി പുനലൂരിന് ബസ്സ് സർവ്വീസ് ഉണ്ടാകുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

3. പള്ളിപ്പടി-പുത്തേത്ത് പടി റോഡ് ടാർ ചെയ്യണം.

4. ഈ കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് ഉടനെ സ്ഥാപിക്കണം

5. മുമ്പ് ഉണ്ടായിരുന്ന അന്തിച്ചന്തപുനഃസ്ഥാപിക്കണം.

6. പഞ്ചായത്ത് ആഫീസ് കേന്ദ്രീകരിച്ച് ഒരു ടെലിഫോൺ ബൂത്ത് സ്ഥാപിക്കണം.

*വാർഡ് VII*

1. കോളനി സമ്പ്രദായം ഘട്ടം ഘട്ടമായി നിർത്തലാക്കി മറ്റുള്ളവർ താമസിക്കുന്ന പ്രദേശത്ത് താമസിക്കാൻ കോളനി നിവാസികൾക്ക് അവസരം ഉണ്ടാക്കണം.

2. കോളനി നിവാസികളിൽ 85 പേർക്ക് വീടുകൾ ലഭ്യമാക്കണം.
3. റോഡുകൾ ടാർ ചെയ്യുകയും കുടിവെള്ളക്ഷാമം പരിഹരിക്കുകയും ചെയ്യണം.
4. വിദ്യാഭ്യാസാനുകൂല്യം വർദ്ധിപ്പിച്ച് അത് യഥാസമയങ്ങളിൽ ലഭ്യമാക്കണം.
5. കോളനികൾ I.H.D.P. ആക്കി ഉയർത്തണം.

*വാർഡ് VIII*

1. ഇവിടെയുള്ള രണ്ടുകോളനികളിലായി 100ൽ പരം ആളുകൾക്ക് വീടില്ല.
2. ഈ കോളനികളിൽ വീടു വയ്ക്കുവാൻ ധനസഹായം ആവശ്യമാണ്
3. ഈ കോളനിയിലെ റോഡ് മെറ്റലിംഗും ടാറിംഗും നടത്തണം.
4. കോളനികളിലെ പ്രാഥമികസൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
5. കോളനികളെ I.H.D.P. കോളനികളാക്കി ഉയർത്തണം.
6. വീടു വയ്ക്കുവാൻ ഇപ്പോൾ അനുവദിക്കുന്ന ഗ്രാന്റ് തുക വർദ്ധിപ്പിക്കണം.

*വാർഡ് IX*

1. ഈ വാർഡിൽ ഒരു പട്ടികവർഗ്ഗ കോളനിയുണ്ട്. അവിടേക്കുള്ള റോഡ് മെറ്റലിംഗും ടാറിംഗും ചെയ്യണം.
2. കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കണം
3. കോളനിയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
4. പട്ടയം ലഭിക്കാത്തവർക്ക് പട്ടയം ലഭ്യമാക്കണം.
5. മേശരി മുരുപ്പ് ഭാഗത്തുള്ള ശുദ്ധജലസ്രോതസ്സ് ശരിയായി കെട്ടി പൈപ്പ് ലൈൻ സ്ഥാപിക്കണം.

*വാർഡ് X*

1. മുകൾവിള കോളനിയിലെ വൈദ്യുതിക്ഷാമം പരിഹരിക്കണം.
2. ഈ കോളനിയിലെ കേടായ പൈപ്പ്ലൈൻ മാറ്റി ശുദ്ധജലവിതരണം കാര്യക്ഷമമാക്കണം
3. കോളനികളിൽ 5 വീടുകളും 10 കക്കൂസുകളും നിർമ്മിച്ചുകൊടുക്കണം.

*വാർഡ് XI*

1. ഈ വാർഡിലെ കോളനികളിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക
2. വട്ടപ്പാറ, വെള്ളപ്പാറ എന്നീ ഹരിജൻ സെറ്റിൽമെന്റ് കോളനികളിലേക്കുള്ള റോഡുകൾ സഞ്ചാരയോഗ്യമാക്കുക.

3. വീടുകൾവെയ്ക്കാനുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.

4. കോളനികൾ I.H.D.P. കോളനികളാക്കി ഉയർത്തുക

5 വട്ടപ്പാറ കോളനിയികൂടി കടന്നുപോകുന്ന ഞക്കുകാവ്-വിലങ്ങുപാറ 1കി.മീ. റോഡും കവിങ്ങിനാംകുഴി - കൊച്ചുമലപ്പടി 800 മീറ്റർ റോഡും വെള്ളപ്പാറ കോളനിയിൽ കൂടി കടന്നു പോകുന്ന വെള്ളപ്പാറ-പുതാലിൽ പടി റോഡും, ടാറിംഗ് ഉൾപ്പെടെയുള്ള പണികൾ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

6. മാരാക്കുഴി-വെള്ളപ്പാറ എന്നീ സ്ഥലങ്ങളിൽ കുഴൽകിണർ കുഴിച്ച് ശുദ്ധജലക്ഷാമം പരിഹരിക്കുക.

*വാർഡ് XII*

1. ഈ വാർഡിലെ മൂന്ന് കോളനികളിലായി 75 വീടുകളും 200 കക്കൂസുകളും കൂടി അടിയന്തിരമായി അനുവദിക്കണം.

2. പൂവള്ളി മുരുപ്പിലേക്കുള്ള ലിങ്ക് റോഡ് സഞ്ചാരയോഗ്യമാക്കണം.

3. കോളനികളിലേക്ക് വൈദ്യുതി ലൈനുകൾ വലിപ്പിച്ച് വൈദ്യുതിക്ഷാമം പരിഹരിക്കണം

4. ഈ വാർഡിൽ തീരാരോഗമുള്ളപട്ടികജാതിക്കാർക്ക് ധനസഹായം നൽകണം.

5. അർഹരായ പട്ടികജാതി കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നൽകേണ്ടതാണ്

6. ഈ വാർഡിൽ സെറ്റിൽമെന്റ് കോളനികളിൽ T.V. സ്ഥാപിക്കുകയും, കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കുകയും ചെയ്യണം

7. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നടത്തുന്ന പഠനക്ലാസ്സുകൾ, പരിശീലനപരിപാടികൾ എന്നിവയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തണം.



# വനിത

# വനിത

വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജ്ജീവമായി മുന്നേറുന്നുണ്ടെങ്കിലും വികസന പ്രക്രിയകളിൽ വനിതകൾ അവഗണിക്കപ്പെടുകയോ, അഥവാ തങ്ങളുടെ പ്രവർത്തന മേഖലകളായ അടുക്കളകളിലേക്ക് ഉൾവലിയുകയോ, ചെയ്യുന്നു. ഒൻപതാം പദ്ധതിയിലെങ്കിലും ഈ പോരായ്മ പരിഹരിച്ച് വനിതകളുടെ പദവിയെപ്പററി വിശദമായി വിലയിരുത്തി, വികസന പ്രവർത്തനങ്ങളിൽ ഇവരെ പങ്കാളികളാക്കുകയും ഇവരുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യണം. ഈ നൂറ്റാണ്ടിന്റെ ആദ്യ കാലങ്ങളിൽ വരെ ശൈശവ വിവാഹം നിലനിന്നിരുന്നു. ഏകദേശം പത്തു വയസ്സിനുള്ളിൽ തന്നെ പെൺകുട്ടികൾ വീട്ടു തടങ്കലിലാകുകയായിരുന്നു. പതിവ്. സമ്പൂർണ്ണ സാക്ഷരത നാംഅവകകാശപ്പെടുന്നുണ്ടെങ്കിലും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും കൂടുതൽ അടിമയാകുകയും ഇരയാകുകയും ചെയ്യുന്നത് വനിതകളാണ്. സ്ത്രീധനത്തിന്റെ പേരിലുള്ള പീഡനങ്ങൾ സാധാരണമാണ്. വിദ്യാഭ്യാസമേഖലയിലൊഴിച്ച് മറ്റെല്ലാ മേഖലകളിലും വനിതകൾക്ക് ജോലി സാധ്യത കുറവാണ്. സ്വകാര്യ മേഖലകളിൽ ലഭിക്കുന്ന മിതമായ വേതനം ലഭിക്കായ്ക, തൊഴിൽ സമയത്തിന്റെ ക്ലിപ്തത ഇല്ലായ്മ, അനാവശ്യ പീഡനങ്ങൾ മുതലായവയ്ക്ക് സ്ത്രീകൾ ഇരയാവുന്നുണ്ട്.
തൊഴിലിന് മതിയായ

ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 32171 ആണ് അതിൽ വനിതകൾ 17645 ആണ്. അതായത് ആകെ ജനസംഖ്യയുടെ 54.8% വനിതകളാണ്. ഇന്നത്തെ നിലയിൽ ഒരു സാധാരണ കുടുംബത്തിലെ ജോലികൾ ചെയ്തു തീർക്കാൻ വീട്ടമ്മയ്ക്ക് നാലു മണിക്കൂർ മതിയാകും. 1600-ഓളം സ്ത്രീകൾ മാത്രമേ എന്തെങ്കിലും തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളൂ. ബാക്കിയുള്ള വനിതകൾ തങ്ങളുടെ 14000x 4 =56000 മണിക്കൂർ മനുഷ്യ പ്രയത്നം പാഴാക്കി കളയുകയാണ്. ഇതിന്റെ പകുതി സമയം വ്യക്തി പരമായ ആവശ്യങ്ങൾക്ക് മാറ്റി വെച്ചാൽ പോലും 28000 മനുഷ്യ പ്രയത്ന മണിക്കൂർ ബാക്കിയാണ്. ഇന്നത്തെ സേവന വേതന നിരക്കനുസരിച്ച് ഇതിനെ വികസന പാതയിലേക്കു കൊണ്ടുവന്നാൽ 28000x8 = 2,24000/- രൂപ, ഓരോദിവസവും ലഭിക്കും. വാർഷിക കണക്കാക്കുമ്പോൾ 300 പ്രവർത്തി ദിവസങ്ങൾ കണക്കിലെടുത്താൽ പോലും 67200000/- രൂപ, അതായത് നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് മതിയായ തുക!

വനിതകളെ എല്ലാ നിലയിലും ശക്തിപ്പെടുത്താതെ (ബോധവൽക്കരണം മുതലായവ കൊണ്ട്) അവർക്കെതിരായിട്ടുള്ള സാമൂഹിക പ്രതിശക്തികളെ തടയനാവില്ല. വിദ്യാഭ്യാസ മേഖലയിലും സ്ക്കൂൾ തലത്തിലും ഉന്നത വിദ്യാഭ്യാസരംഗത്തും ആൺ പെൺ തുല്യതയാണുള്ളത്. എന്നാൽ സാങ്കേതിക വിദ്യാഭ്യാസരംഗത്ത് വനിതകൾക്ക് നാമമാത്രമായ പ്രാതിനിധ്യമേയുള്ളൂ. ഉന്നതവിദ്യാഭ്യാസ രംഗത്ത് വനിത്കൾക്ക് പ്രാതിനിധ്യം കൂടുതലുണ്ടെങ്കിലും ഉയർന്ന തസ്തികകളിൽ ഇവരുടെ പങ്കാളിത്തം വളരെ കുറവാണ്.

പൊതുവേ ആരോഗ്യരംഗത്ത് സ്ത്രീകളുടെ അവസ്ഥ മെച്ചമല്ല (പിന്നോക്കമാണ്) . ആരോഗ്യ പ്രശ്നങ്ങൾക്കു പ്രത്യേക പ്രാധാന്യം നൽകുകയും അവയെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണന നൽകുകയും വേണം. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഇവർക്ക് മതിയായ പരിഗണനയും ചികിത്സാ സൗകര്യവും സ്ത്രീരോഗ വിദഗ്ദരുടെ സേവനവും ലഭ്യമാക്കേണ്ടതാണ്. പരിസരശുചിത്വത്തിലും ആരോഗ്യ

പ്രവർത്തനങ്ങളിലും വനിതകൾക്ക് ബോധവൽക്കരണം നടത്തേണ്ടതാണ്.

ഉദ്യാഗസ്ഥരായ ചുരുക്കം വനിതകൾ ഒഴിച്ചാൽ ബാക്കിയുള്ളവർ നാമമാത്രമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. അടുക്കള, ഒരു പശു ഒരു ആട്, ഒക്കെയാണ് ഇവരുടെ ലോ... ചുരുക്കം ചിലർ നിർമ്മാണ പ്രവർത്തനങ്ങളിലും കാർഷീക മേഖലയിലും പാറമടകളിലും മറ്റും ജോലി ചെയ്യുന്നു. മെച്ചപ്പെട്ട വേതനം ലഭ്യമാണെങ്കിലും സേവന വ്യവസ്ഥകൾ കാഠിന്യ മേറിയതാണ്. മതിയായ ഇൻഷ്വറൻസ് കവറേജ് ഇവർക്കു ലഭിക്കുന്നില്ല.

ചെറുകിട വ്യവസായ മേഖല പുരുഷന്മാർ കൈയ്യടക്കിയിരിക്കുകയാണ്. വനിതകളുടെ ആത്മ വിശ്വാ സമില്ലായ്മ, ജോലികൾ ഏറ്റെടുക്കുവാനുള്ള വിമുഖത, ജോലി സ്ത്രീകളെ ഏൽപ്പിക്കുവാനുള്ള പുരുഷ ന്മാരുടെ വിശ്വാസമില്ലായ്മ മുതലായവയാണ് ഇതിനു കാരണം. തൊഴിൽ നിയമങ്ങളിൽ വനിതകൾക്ക് പരിജ്ഞാനം കുറവാണ്. വ്യവസായ സംരഭങ്ങളിൽ ഏർപ്പെടുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുകയും ഇവർക്കാവശ്യമായ മൂലധനം,- സാങ്കേതികവിജ്ഞാനം അസംസ്കൃത സാധനങ്ങൾ മുതലായ വ ലഭ്യമാക്കുകയും ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ നേടാവുന്ന മൽസരം ഒഴിവാക്കുവാൻ സർക്കാർ മുൻകൈ യെടുത്ത് വിപണി കണ്ടെത്തുകയും ചെയ്യേണ്ടതാണ്.

കുടുംബനാഥകളായ വനിതകൾക്ക് അവരവരവുടെ സാഹചര്യങ്ങൾ മനസ്സിലാക്കി സംവരണം നൽകേ ണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വനിതകൾക്ക് സംവരണം ഏർപ്പെടുത്തുകയും അതവർക്കുതന്നെ ലഭിക്കുന്നു എന്നുറപ്പു വരുത്തുകയും ചെയ്യണം.

2. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് പഞ്ചായത്തു തലത്തിൽ ലൈസൻസ് ഏർപ്പെ ടുത്തുകയും, വനിത തൊഴിലാളികൾക്ക് പ്രകത്യേക ഇൻഷ്വറൻസ് കവറേജ് നൽകുകയും വേണം.

3. കാർഷീക രംഗത്ത് വനിതകൾക്ക് കൂടുതൽ പ്രാധിനിധ്യം നൽകി അടുക്കളത്തോട്ടം,കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയ പുഷ്പകൃഷികൾ മുതലായവ നടത്തുന്നതിനാവസ്യമായ പരിജ്ഞാനം സൗജന്യമായി നൽകുകയും, കൃഷി വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുകയും ചെയ്യണം.

4. പട്ടികജാതി പട്ടിക വർഗ്ഗ വനിതകൾക്ക് ഈ രംഗങ്ങളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തുകയും. അവരുടെ ബോധവൽക്കരണത്തിനുവേണ്ടി എല്ലാതുറകളിലുമുള്ളവരുടെ സഹായം ലഭ്യമാക്കുകയും ഇവരിൽ സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിന് വേണ്ടതു ചെയ്യുകയും വേണം.

5. എല്ലാ വീടുകളിലും വനിതകളുടെ പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കുകയും, അവിടെ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ വിറ്റഴിക്കുന്നതിനുവേണ്ടി വനിതാ പച്ചക്കറി സഹകരണ സ്ഥാപനങ്ങൾ (മിൽമാ മോഡൽ) സ്ഥാപിക്കുകയും ചെയ്യുക.

6. നിരാലംബരും വിധവകളുമായ വനിതകൾക്ക് കന്നുക്കുട്ടികളേയും, കറവപ്പശുക്കളേയും വാങ്ങി വളർത്തു ന്നതിന് ധനസഹായം നൽകുകയും D.W.C.R.A. പദ്ധതി പ്രകാരം സഹകരകണ പ്രോജക്ടുകൾ

തയ്യാറാക്കി ആനുകൂല്യങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്.

ഈ പഞ്ചായത്തിൽ 36 അങ്കണവാടികളും 2 ബാലവാടികളും ഉണ്ട്. ഇതിൽക്കൂടി 76വനിതകൾക്ക് തൊഴിൽ ലഭിച്ചിച്ചുണ്ട്. ഗർഭിണികളുടേയും മുലയൂട്ടുന്ന അമ്മമാരുടേയും കണക്കുകളും ജനന മരണ നിരക്കുകളും മറ്റും ശേഖരിച്ചു വെയ്ക്കുന്നത് അങ്കണവാടികളാണ്.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായുള്ള ബോധം വനിതകളിൽ ഉണ്ടാവണം. അതിനായി വനിതകളെ ബോധവൽക്കരിക്കേണ്ടത് അത്യാവശ്യമാണ്.

സ്വകാര്യ സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്ന വനിതകളുടെ എണ്ണം താരതമ്യേന കൂടുതലാണ്. ഉദ: S.T.D ബൂതതുകൾ, സ്വകാര്യ ബാങ്കിംഗ് സ്ഥാപനങ്ങൾ, ടെക്സ്റ്റയിൽ ഷോപ്പുകൾ, പ്രൈവറ്റ് ആശുപത്രികൾ, മെഡിക്കൽ ഷോപ്പുകൾ മുതലായവ.

ഇവരുടെ വേതനം തുലോം കുറവാണ്. കുറേക്കൂടി ഉയർന്ന മേഖലകളായ പാരലൽ കോളേജുകൾ, പ്രൈവറ്റ് സ്ക്കൂളുകൾ എന്നിവിടങ്ങളിലെ സ്ഥിതിയും ഇതൊക്കെത്തന്നെയാണ്. ഇവിടെ ചൂഷണം ചെയ്യപ്പെടുന്നത് ഇടത്തരക്കാരായ വനിതകളാണ്. ജോലിസ്ഥിരത ഇല്ലായ്മയും, സമയപരിധി ഇല്ലായ്മയും, അവഹേളനവും, പീഡനവും സ്വകാര്യ മേഖലയിൽ കൂടുതലാണ്. ഇതിനൊരു പരിഹാരം ഉണ്ടാകേണ്ടതാണ്.

അഭ്യസ്തവിദ്യരായ വനിതകളുടെ നേതൃത്വത്തിൽ ട്യൂഷൻ സെന്ററുകൾ തുടങ്ങാവുന്നതും ഇവരുടെ ഉത്തിരവാദിത്വത്തിൽ വനിതകൾക്ക് ബോധവൽക്കരണം നടത്തേണ്ടതും ഫീസ് നൽകുന്ന കുട്ടികൾക്കൊപ്പം നിർ ദ്ധനരായ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാവുന്നതുമാണ്. വിധവാ പെൻഷനും വാർദ്ധക്യകാല പെൻഷനും അർഹരായവർക്കുതന്നെ കിട്ടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇന്നത്തെ രീതിയിൽ പതിനെട്ടു വയസ്സ് തികഞ്ഞ ആൺകുട്ടികൾക്കുള്ളവർക്കിത് കിട്ടുന്നില്ല. ആൺകുട്ടികളുണ്ടെങ്കിലും 21 വയസ്സായി ഇതിന്റെ പ്രായപരിധി വയ്ക്കേണ്ടതാണ്.

മുഴുവൻ കുടുംബങ്ങളിലേയും വനിതകളെ ദേശിയ സമ്പാദ്യ പദ്ധതിയിൽ അംഗങ്ങളാക്കുക. പരമ്പരാഗത തൊഴിലിൽ സാങ്കേതികമായി നവീകരണമുണ്ടാകുമ്പോൾ വനിതകൾക്ക് പ്രാതിനിധ്യം ഉറപ്പാക്കണം (ഈറ്റ, മൺപാത്രങ്ങൾ, കരകൗശല വസ്തുകൾ മുതലായവയിൽ ).

ഈ പഞ്ചായത്തിൽ വാർദ്ധക്യകാല, വിധവാ പെൻഷൻ വാങ്ങുന്ന 50ൽ പ്പരം വനിതകളുണ്ട്. കാർഷകത്തൊഴിലാളി പെൻഷൻ വാങ്ങുന്ന സ്ത്രീകളും അത്രത്തോളം തന്നെയുണ്ട്. ഈ പഞ്ചായത്തിൽ ആറുവയസ്സുവരെ പ്രായമുള്ള പെൺകുട്ടികൾ 1058 പേരുണ്ട്. നമുക്ക് ലഭ്യമായ കണക്കുകളനുസരിച്ച് ഗുരുതരമായ പോഷണക്കുറവുള്ള കുട്ടികൾ 26 പേരുണ്ട് ഇവർകക് മതിയായ പോഷകാഹാരങ്ങളും പോഷകമൂല്യം ഉള്ള മരുന്നുകളും എത്തിക്കാനുള്ള സൗകര്യം പഞ്ചായത്തുതലത്തിൽ ഉണ്ടാകേണ്ടതാണ്.

## വനിതകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളും, സാദ്ധ്യതകളും

⌘ വദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കാൻ വനതകളെ സംഘടിപ്പിച്ച് സഹകരണാടിസ്ഥാനത്തിലും മറ്റും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വേണ്ട മാർഗ്ഗരേഖകളുണ്ടാക്കുക.

⌘ വനിത വ്യവസായ ശാലകളുടെ കുറവു നികത്തി വേണ്ടത്ര തൊഴിൽ പരിശീലനവും മറ്റും നൽകേണ്ട താണ്.

⌘ വ്യാജമദ്യം, മയക്കുമരുന്ന് മുതലായ ലഹരി വസ്തുക്കളുടെ ഉല്പാദനവും വിപണനും, ഉപയോഗവും മൂലം ദുരിതമനുഭവിക്കുന്നത് സമൂഹത്തിലെ വനിതകളാണ്. അതിനാൽ മദ്യത്തിനും മയക്കുമരുന്നിനും എതിരെ സാമൂഹിക ബോധവൽക്കരണം ഊർജ്ജിതപ്പെടുത്തുകയും ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ഘട്ടം ഘട്ടമായി നിർത്തലാക്കുകയും ചെയ്യേണ്ടതാണ്.

⌘ സ്ത്രീധനസമ്പ്രദായം, സ്ത്രീ പീഡനം, ചൂഷണം ഇവ ഇന്നും ഒരു പരിധിവരെ നിലനിൽക്കുന്നു. പരിപൂർണ്ണ ബോധവൽക്കരണവും നാട്ടിലെ അഭ്യസ്തവിദ്യരായ ജനങ്ങളുടേയും, സാമൂഹിക പ്രവർത്തകരുടേയും ഉത്സാഹവും കൊണ്ടുമാത്രമേ ഇതിനൊരു പരിഹാരം കാണാനാവുകയുള്ളൂ.

⌘ വനിതകളെ ഉപഭോഗവസ്തുക്കളായി ചിത്രീക്കരിക്കുന്ന പരസ്യങ്ങൾ നിർമ്മിക്കുന്നതും പ്രദർശിപ്പിക്കുന്നതും കുറ്റകരമായി പ്രഖ്യാപിക്കുകയും, ഇതിനെതിരെ ശിക്ഷണ നടപടികളും മറ്റും നടപ്പാക്കാൻ വേണ്ട നിലവിലുള്ള നിയമങ്ങൾ ഊർജ്ജിതമായി നടപ്പാക്കുകയും വേണം.

⌘ വനിതാ ഹോസ്റ്റൽ, വൃദ്ധമന്ദിരം എന്നിവ ആവശ്യമാണ്.

⌘ വ്യാവസായിക അടിസ്ഥാനത്തിൽ അച്ചാറുകൾ ഉപ്പേരികൾ(Chips) മുതലായവ ഈ പ്രദേശത്ത് സുലഭവും, പ്രയോജനമില്ലാതെ പോകുന്നതുമായ അസംസ്കൃതസാധനങ്ങളുപയോഗിച്ച് ഉണ്ടാക്കാവുന്നതാണ്. ഉദാഹരണം ചക്ക, മാങ്ങ, വാഴ, വാഴപ്പിണ്ടി മുതലായവ.

## <u>തുടങ്ങേണ്ട വനിതാ വ്യവസായ യൂണിറ്റുകൾ</u>

### *1. കുടിൽ വ്യവസായം*

- ഈറ്റ ഉൽപ്പന്നങ്ങളുടെ യൂണിറ്റ്
- റെഡിമെയ്ഡ് യൂണിറ്റ്
- തേനീച്ച വളർത്തൽ യൂണിറ്റ്
- അച്ചാർ, കറി പൗഡർ യൂണിറ്റ്

### *2. ചെറുകിട വ്യവസായങ്ങൾ.*

- ക്ഷീരോല്പാദന യൂണിറ്റ്
- വിന്നാഗിരി ഉല്പാദന യൂണിറ്റ്

- കുട നിർമ്മാണ യൂണിറ്റ്
- റബ്ബർ പന്ത്, ചെരുപ്പ്, ബലൂൺ, ബട്ടൺ, റബ്ബർ ബാന്റ്, വളനിർമ്മാണം, എന്നിവയുടെ യൂണിറ്റുകൾ
- കൂൺകൃഷി യൂണിറ്റുകൾ
- അലങ്കാര സസ്യങ്ങൾ
- അക്വേറിയം യൂണിറ്റ്

സമൂഹത്തിൽ വനിതകൾക്ക് വളരെ ഉർന്ന സ്ഥാനം നൽകുന്ന ഈ ഗ്രമത്തിൽ അനുകൂല സാഹചര്യങ്ങൾ ഉൾക്കൊണ്ട് രാഷ്ട്രീയ സാമൂഹിക സാംസ്ക്കാരിക സംഘടനകളുടെ പ്രവർത്തനങ്ങളിൽ കുറേക്കൂടി പങ്കാളിത്തം ഉറപ്പാക്കി സ്വയം ബോധവതികൾ ആകേണ്ടതാണ്.

ഇന്ന് ആധുനീക രീതിയിലലുള്ള പാചക സംവിധാനങ്ങളും മറ്റും നിലവിലുള്ളതിനാൽ ഉദ്യോഗസ്ഥ കളായ വനിതകളൊഴിച്ച് . മറ്റുള്ളവർ ഒരു ദിവസത്തിൽ രണ്ടു മണിക്കൂർ പ്രയത്നിച്ചാൽ നമ്മുടെ കൊച്ചു ഗ്രാമവും മറ്റൊരു കനാൻ ദേശമാക്കി മാറ്റാൻ അവർക്കുകഴിയും.

" So talk less and Work more "



# സാമൂഹ്യക്ഷേമം

# സാമൂഹ്യ ക്ഷേമം

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങളെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സംഘടിതവും അസംഘടിതവുമായ തൊഴിലാളികൾ എന്നിവരുടെ ക്ഷേമത്തിനായുള്ള പദ്ധതികളും ഇന്ന് നിലവിലുണ്ട്.

പ്രമാടം ഗ്രാമപഞ്ചായത്തിൽ ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർ 2879 ആണ്. ഇതിൽ പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരുടെ എണ്ണം 463 ഉം വിവിധ ഏജൻസികൾ വഴി സാമ്പത്തികസഹായം ലഭിച്ചവരുടെ എണ്ണം 341 ഉം മാത്രമാണ്. പലവിധത്തിലുള്ള ആനുകൂല്യങ്ങൾ ലഭിച്ചവർ 936 പേർ. ഇതുവരെ ആനുകൂല്യങ്ങൾ ലഭിക്കാത്തവർ 1943 പേർ. വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കിയതുമൂലം ദാരിദ്രരേഖയ്ക്ക് മുകളിലെത്തിയതായി റിപ്പോർട്ടുചെയ്തിട്ടുള്ളത് 23 പേർ മാത്രം. ട്രൈസം പദ്ധതിയിലൂടെ വിവിധ വിഷയങ്ങളിലായി തൊഴിൽപരിശീലനം ലഭിച്ചിട്ടുള്ളവരുടെ എണ്ണം ഇരുപത്തിഒൻപതാണ്. ഇവ രിൽ അഞ്ചുപേർ മാത്രം ഈ പദ്ധതിയുടെ പശ്ചാത്തലത്തിൽ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. പതിനെട്ടുപേർ മറ്റുതൊഴിലുകളിലേർപ്പെട്ടിട്ടുണ്ട്. ആറുപേർ ഇന്നും തൊഴിൽരഹിതരാണ്.

സ്വയംതൊഴിലിലേർപ്പെടാൻ അതിനു വേണ്ട പശ്ചാത്തലം ഒരുക്കികൊടുക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക്സാധിച്ചിട്ടില്ല. ഇവർക്കാവശ്യമായ ലോൺ ലഭിക്കാൻ പ്രയാസമാണ്. ഇവർക്കുവേണ്ടി തൊഴിൽ സൃഷ്ടിക്കുവാൻ ഗവ. മെന്റോ മറ്റ് ഏജൻസികളോ താല്പര്യം കാണിക്കുന്നില്ല. സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പാക്കിവരുന്ന വിവിധ സ്ക്കീമുകളുടെ സഹായം ലഭിച്ചവരുടെ ലിസ്റ്റ് ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇവിടെ സാമൂഹ്യക്ഷേമ വകുപ്പുകളുമായി ബന്ധപ്പെട്ട മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.

നിലവിലുള്ള പല പദ്ധതികളേക്കുറിച്ചും ജനങ്ങൾ ബോധവാന്മാരല്ല.

സ്വയം തൊഴിൽ സംരംഭങ്ങൾ I R D P സ്കീം മുതലായവയിലും ഉല്പാദന. വ്യവസായിക രംഗങ്ങളിലും ബാങ്കുകളുടെ സഹകരണം തൃപ്തികരമല്ല.

| വർഷം | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | അവശകലാ പെൻഷൻ | | ക്ഷയം പെൻഷൻ | കുഷ്ഠം പെൻഷൻ | ക്യാൻസർ പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലാ വേതനം |
|---|---|---|---|---|---|---|---|---|---|---|---|
| 1990-91 | Nil | 11 | 13 | 04 | Nil | Nil | 1 | - | - | 96 | |
| 1991-92 | - | 04 | 04 | 05 | - | - | | | 01 | | |
| 1992-93 | - | 05 | 03 | 02 | - | - | | | | 03 | |
| 1993-94 | - | 03 | - | - | - | - | | | | 22 | |
| 1994-95 | - | 05 | 05 | 02 | | - | | | | 28 | 96 |
| 1995-96 | - | 17 | 13 | - | - | - | 4 | | 02 | - | 177 |

## പരിഹാരങ്ങൾ, നിർദ്ദേശങ്ങൾ

- മാറിവരുന്ന പഞ്ചായത്ത്രാജ് സംവിധാനത്തിൽ സാമൂഹ്യക്ഷേമത്തിന് മുൻതൂക്കം നൽകേണ്ടതാണ്.
- IRDP സ്കീം നടപ്പിലാക്കുമ്പോൾ അർഹതയുള്ളവർക്ക് ലഭ്യമാക്കാൻ ശ്രദ്ധിക്കണം. ഒരേ ആനുകൂല്യം പലതവണ ഒരേ വ്യക്തിക്ക് ലഭിക്കാതിരിക്കാൻ ശ്രദ്ധിക്കണം.
- സ്ത്രീകൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾക്കും ബാങ്കിംഗ് സംവിധാനം മെച്ചപ്പെടുത്തുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വേണം.
- ക്ഷേമപ്രവർത്തനങ്ങൾ നടത്തുമ്പോൾ അതിന്റെ ഗുണ ഭോക്താക്കളെ വാർഡ്, പഞ്ചായത്തടിസ്ഥാനത്തിൽ തിരഞ്ഞെടുക്കണം.
- സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളത്തം ഉറപ്പു വരുത്തണം.
- സ്ത്രീകൾക്കെതിരേയുള്ള ആക്രമണം, അതായത് സ്ത്രീധനപീഠനം, , അശ്ലീലവും സ്ത്രീവിരുദ്ധാവിഷ്കാരവും കർശനമായി തടയണം.
- മദ്യപാനത്തിനും മയക്കുമരുന്നിനും എതിരേ ബോധവൽക്കരണം ആവശ്യമാണ്.
- സാമുഹ്യ ക്ഷേമപ്രവർത്തനങ്ങളിൽ ചെറുപ്പക്കാരുടെ പങ്കാളിത്തം വളരെ കുറവാണ്. ശരിയായ് ബോധവൽക്കരണത്തിലൂടെ ഇവരുടെ അലസ മനോഭാവം മാറ്റിയെടുത്ത് കർമ്മനിരതരാക്കിയാൽ സാമൂഹ്യ ക്ഷേമം ഇവരുടെ കൈകളിൽ കൂടി ഭദ്രമാക്കാൻ സാധിക്കും.
- ജനങ്ങളുടെ പുരോഗതിക്കും ക്ഷേമപ്രവർത്തനത്തിനുമായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പല പദ്ധതികളുടേയും പോരായ്മ അവയൊന്നും പലപ്പോഴും യഥാർഥ ഗുണഭോക്താവിനു ലഭിക്കുന്നില്ല എന്നതാണ്. പുതിയ ഒരു രാമ രാജ്യം കെട്ടിപടുക്കുവാൻ സാധിച്ചില്ലങ്കിലും രാഷ്ട്ര പിതാവിന്റെ സ്വപ്നങ്ങളെങ്കിലും സാക്ഷാൽകരിക്കാൻ നമുക്ക് സാധിച്ചെങ്കിൽ എന്നാശിക്കുകയാണ്.!!!

### അങ്കണവാടികൾ

സാമൂഹ്യക്ഷേമ രംഗത്ത് അടിസ്ഥാനപരവും സ്തുത്യർഹവുമായ സേവനം കാഴ്ച വയ്ക്കുന്ന സ്ഥാപനങ്ങളാണ് അങ്കണവാടികൾ. ഈ വാക്കിനർത്ഥം മുറ്റത്തെ പൂന്തോട്ടം എന്നാണ്. അംഗൻവാടികൾ എന്ന പ്രയോഗം തെറ്റാണന്നാണ് അറിയുന്നത്. അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികളുടെ മാനസികവും ആരോഗ്യപരവുമായ വളർച്ചയ്ക്കുതകുന്ന പ്രവത്തനങ്ങളാണ് അങ്കണവാടികളുടെ പരമവും പ്രധാനവുമായ ലക്ഷ്യം. കുട്ടികളെ പ്രകൃതിയുമായും സമുഹവുമായും ഇണങ്ങിചേരാൻ സഹായിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായമാണിവിടെയുള്ളത്. പോഷകാഹാര വിതരണവും അങ്കണവാടികൾ നടത്തുന്നു. പ്രതിരോധ കുത്തിവയ്പ്പുകൾ യഥാസമയങ്ങളിൽ നടത്തുവാൻ വേണ്ട സഹായവും ഉപദേശവും അങ്കണവാടികൾ നൽകുന്നു. സാമുഹ്യ ക്ഷേമ സർവ്വേകൾ പലതും അങ്കണവാടികളിലെ ജോലിക്കാരാണു നടത്താറുള്ളത്. എന്തുകൊണ്ടും പരിഗണനയർഹിക്കുന്ന ഒരു സ്ഥാപനമാണ് ഇത്. എന്നാൽ ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അതിപ്രസരം (LKG, UKG സംസ്ക്കാരം) അങ്കണവാടികൾക്കു ഭീഷണിയാവുകയാണ്.

നമ്മുടെ പഞ്ചായത്തിൽ 12 വാർഡുകളിലായി 36 അങ്കണവാടികളും 3 ബാലവാടികളും സ്ഥിതിചെയ്യുന്നു. ആയിരം ജനങ്ങൾക്ക് ഒരങ്കണവാടി എന്ന സംയോജിത ശിശുവികസന പദ്ധതിയുടെ (I..C.D.S.)ലക്ഷ്യം ഇവിടെ സാക്ഷാല്കരിക്കപ്പെട്ടിരിക്കുകയാണ്. ആധുനിക വിദ്യഭ്യാസ സമ്പ്രദായങ്ങളുടെ നുഴഞ്ഞുകയറ്റം ഇവിടെയും ദൃശ്യമാണ്.

അങ്കണവാടികളിലെ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം, അപര്യാപ്തത ജീവനക്കാരിലും കുട്ടികളിലും രക്ഷിതാക്കളിലും ബുദ്ധിമുട്ടും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. അങ്കണവാടികളുടെ പ്രവർത്തനത്തെ ഇതു ദോഷകരമായി ബാധിക്കുന്നു. സ്വന്തമായി സ്ഥലം, കെട്ടിടം, കളിപ്പാട്ടങ്ങൾ മുതലായവ ഭൂരിപക്ഷം അങ്കണവാടികൾക്കും ഇല്ല.

ഒരു നല്ല തലമുറയെ വാർത്തെടുക്കുവാൻ വിശ്രമമില്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടി ജീവനക്കാരുടെ സ്ഥിതിദയനീയമാണ്. തുച്ഛമായ വരുമാനമേ അവർക്കുള്ളു. ലഭിക്കുന്ന ഗ്രാന്റിലും വലിയതുക വാടകയായും വിറകിന്റെ വിലയായും മുടക്കേണ്ടിവരുന്നുണ്ട്. വാടകയുടെയും വിറകിന്റെയും ഒക്കെ അലവൻസ് തുശ്ചമായതേ കിട്ടാറുള്ളു എന്നുള്ളതാണ് സത്യം. എല്ലാ രീതിയിലുള്ള അപര്യാപ്തതകളും സഹിച്ചുകൊണ്ടു പ്രവർത്തിക്കുന്ന അങ്കണവാടികൾ സൂഹത്തിനൊരു മുതൽക്കൂട്ടാണെന്നു തന്നെ പറയാം.

വർക്കർ ഹെൽപ്പർ എന്ന രണ്ടു തസ്തികകളാണ് അങ്കണവാടിയിലുള്ളത്. 10 മുതൽ 3-30 വരെയുള്ള പ്രവർത്തന സമയം കഴിഞ്ഞാൽ ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടെ പല ക്ഷേമപ്രവർത്തനങ്ങളും ഇവർ നടത്തുന്നു. ഇവരുടെ പദവി പ്രൈമറി തല സ്ക്കൂളദ്ധ്യാപകർക്ക് തുല്യമാക്കേണ്ടതാണ്.

നിലവിലുള്ള അങ്കണവാടികളുടെ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു.

| No | സെന്റർ നമ്പർ | വാർഡ് | അങ്കണവാടി സ്ഥിതിചെയ്യുന്ന സ്ഥലം | കെട്ടിടം |
|---|---|---|---|---|
| 1 | 90 | I | പൂങ്കാവ്(ജംഗ്ഷൻ) | വാടകയ്ക്ക് |
| 2 | 91 | I | പൊക്കിട്ടാറപ്പടി | വാടകയ്ക്ക് |
| 3 | 92 | I | പ്രമാടം | വാടകയ്ക്ക് |
| 4 | 93 | II | പ്രമാടം | വാടകയ്ക്ക് |
| 5 | 94 | II | വട്ടക്കുളഞ്ഞി | വാടകയ്ക്ക് |
| 6 | 95 | II | പ്രമാടം | വാടകയ്ക്ക് |
| 7 | 96 | III | പാലമറൂർ അമ്പലജംഗ്ഷൻ | വാടകയ്ക്ക് |
| 8 | 97 | III | മല്ലശ്ശേരി മുക്ക് | വാടകയ്ക്ക് |
| 9 | 98 | III | മുണ്ടയ്ക്കാ മുരുപ്പ് | വാടകയ്ക്ക് |
| 10 | 99 | III | വലഞ്ചുഴി | വാടകയ്ക്ക് |
| 11 | 100 | IV | തെങ്ങുംക്കാവ് | വാടകയ്ക്ക് |
| 12 | 101 | IV | ഇളകൊള്ളൂർ | വാടകയ്ക്ക് |
| 13 | 102 | IV | ഇളകൊള്ളൂർ | വാടകയ്ക്ക് |
| 14 | 103 | V | ഇളകൊള്ളൂർ | വാടകയ്ക്ക് |

| | | | | |
|---|---|---|---|---|
| 15 | 104 | V | ഇളകൊള്ളൂർ | വാടകയ്ക്ക് |
| 16 | 105 | V | ഇളകൊള്ളൂർ(വട്ടക്കാവ്) | വാടകയ്ക്ക് |
| 17 | 106 | VI | ളാക്കൂർ | വാടകയ്ക്ക് |
| 18 | 107 | VI | ളാക്കൂർ(പഞ്ചായത്താഫീസ്പടി) | വാടകയ്ക്ക് |
| 19 | 108 | VI | ളാക്കൂർ | വാടകയ്ക്ക് |
| 20 | 109 | VII | വി. കോട്ടയം (തലയറ) | വാടകയ്ക്ക് |
| 21 | 110 | VII | വി. കോട്ടയം | വാടകയ്ക്ക് |
| 22 | 111 | VII | വി. കോട്ടയം (അന്തിച്ചന്ത) | സ്വന്തം (ബാലവാടി) |
| 23 | 112 | VIII | വി. കോട്ടയം | വാടകയ്ക്ക് |
| 24 | 113 | VIII | വി. കോട്ടയം | വാടകയ്ക്ക് |
| 25 | 114 | VIII | വി. കോട്ടയം | വാടകയ്ക്ക് |
| 26 | 115 | VIII | വി. കോട്ടയം | വാടകയ്ക്ക് (ബാലവാടി) |
| 27 | 116 | IX | വി. കോട്ടയം(ഇളപ്പുപാറ) | സ്വന്തം |
| 28 | 117 | XII | കുളത്തങ്കൽ | വാടകയ്ക്ക് |
| 29 | 118 | X | വകയാർ (കൊല്ലംപടി) | വാടകയ്ക്ക് |
| 30 | 119 | XII | വകയാർ (കൈതക്കര) | സ്വന്തം |
| 31 | 120 | X | വകയാർ (കരിംകുടുക്ക) | വാടകയ്ക്ക് |
| 32 | 121 | XI | വട്ടക്കാവ് | വാടകയ്ക്ക് |
| 33 | 122 | XI | വെള്ളപ്പാറ (പുത്തൻകുരിശ്) | വാടകയ്ക്ക് |
| 34 | 123 | XI | വെള്ളപ്പാറ (വഞ്ചിപ്പടി) | വാടകയ്ക്ക് |
| 35 | 171 | III | പള്ളിമുക്ക് | വാടകയ്ക്ക് |
| 36 | 172 | VII | വി. കോട്ടയം | വാടകയ്ക്ക് |
| 37 | 173 | X | വകയാർ | വാടകയ്ക്ക് |
| 38 | 174 | XII | കുളത്തിങ്കൽ | വാടകയ്ക്ക് |

# പൊതുവിതരണം

## റേഷൻകടകൾ

അടുത്തകാലം വരെ ന്യായവില റിട്ടെയിൽഷോപ്പ് (ARD) എന്നറിയപ്പെട്ടിരുന്ന ഈ സ്ഥാപനങ്ങൾ ഇപ്പോൾ പൊതുവിതരണകേന്ദ്രം എന്നറിയപ്പെടുന്നു. ഇവകളിൽകൂടി അരി, ഗോതമ്പ്, പഞ്ചസാര, പാമോലിൻ, മൈദ, റവ മുതലായവ ന്യായവിലയ്ക്ക് സർക്കാരുടമസ്ഥതയിൽ ലഭിക്കുന്നു. പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളിൽ കൂടി പലവ്യഞ്ജനങ്ങൾ നൽകാനുള്ള സംവിധാനവുമുണ്ട്.

പ്രമാടം പഞ്ചായത്തിൽപെട്ട എല്ലാ വാർഡുകളിലും ഇന്ന് റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ പതിനേഴ് റേഷൻകടകൾ പ്രവർത്തിക്കുന്നു. റേഷൻഉടമകൾക്കും ഗുണഭോക്താക്കൾക്കും റേഷൻകടകളേപ്പറ്റി പരാതികളേറെയാണ്.

റേഷൻകാർഡ് ഒരാധികാരികരേഖയാണ്. എന്നാൽ പലർക്കും റേഷൻകാർഡുകൾ ലഭിച്ചിട്ടില്ല. റേഷൻ കാർഡ് ലഭിക്കുന്നതിലെ സാങ്കേതികതടസ്സങ്ങളും കാലതാമസവും ഒഴിവാക്കാൻകഴിയണം.

## പ്രശ്നങ്ങൾ, സാദ്ധ്യതകൾ

- ♣ റേഷൻകടകളിൽ കൂടിലഭിക്കുന്ന ധാന്യങ്ങളുടെ ഗുണനിലവാരം മോശമാണ്.
- ♣ മണ്ണെണ്ണയും പഞ്ചസാരയും ആവശ്യത്തിനു ലഭിക്കുന്നില്ല.
- ♣ തെരഞ്ഞെടുക്കപ്പെട്ട കടകളിൽകൂടി പലവ്യഞ്ജനങ്ങൾ ഉണ്ടെങ്കിലും ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നില്ല.
- ♣ വിശേഷാവസരങ്ങളിൽ അനുവദിക്കുന്ന പ്രത്യേകറേഷൻ സാധനങ്ങൾ അനധികൃതമായി വിൽക്കപ്പെടുന്നു.
- ♣ റേഷൻകട ഉടമകൾക്കു ലഭിക്കുന്ന ആനുകൂല്യം വളരെ തുച്ഛമാണ് (വെറും 2%)
- ♣ റേഷൻ സാധനങ്ങൾ കൊണ്ടുവരുന്നതിനുള്ള വാഹനകൂലി, ലോഡ്-അൺലോഡിംഗ് ചാർജ്, സ്റ്റേഷനറി ചാർജ്, കെട്ടിട വാടക, സെയിൽസ്മാൻ അലവൻസ് ഇവയൊന്നും കിട്ടുന്നില്ല.
- ♣ സോൾവൻസി നൽകിയിട്ടുണ്ടെങ്കിൽപോലും സാധനങ്ങൾക്ക് മുൻകൂർ പണം അടയ്ക്കേണ്ടിവരുന്നു. അധിക റേഷൻ എടുക്കേണ്ടിവരുമ്പോൾ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നു.
- ☞ റേഷൻ കടകളിൽ കൂടി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉയർത്തണം.
- ☞ ലോഡ്ഷെഡിംഗ് അവസരത്തിൽ മണ്ണെണ്ണയുടെ അളവ് കൂട്ടികൊടുക്കുക.
- ☞ തെരഞ്ഞെടുക്കപ്പെട്ട കടകളിൽ കൂടി പല വ്യഞ്ജനങ്ങൾ ലഭിക്കാത്തത് ഡിപ്പോയിൽ നിന്നും എല്ലാ സാധനങ്ങളും യഥാസമയം ലഭിക്കാത്തതും മറ്റു സാങ്കേതിക ബുദ്ധിമുട്ടുകളുമാണ്. അതുമാറ്റിയെടുത്ത്

പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

- ക്രിസ്തുമസ്, ഓണം, റംസാൻ മുതലായ വിശേഷ അവസരങ്ങളിൽ ലഭിക്കുന്ന അധികറേഷൻ ആ അവസരങ്ങളിൽ തന്നെ പൊതുജനങ്ങൾക്ക് ലഭിക്കത്തക്കവണ്ണം വിതരണം ചെയ്യണം.

- റേഷൻകടകളിലെ സാധനങ്ങൾ അനധികൃതമായി വിറ്റഴിക്കുന്നതിന് എതിരേ നടപടിസ്വീകരിച്ച് അങ്ങനെ ചെയ്യുന്ന കടയുടമകളുടെ ലൈസൻസ് പിൻവലിച്ച് അവക്കുതക്കതായ ശിക്ഷനൽകുകയും വേണം.

- റേഷൻ കടയുടമകൾക്ക് ലഭിക്കുന്ന ആനുകൂല്യം 2% ത്തിൽ നിന്നും 10% മാക്കി ഉയർത്തിയാൽ അവരുടെ അനധികൃതമായ വിൽപ്പനയും മറ്റു പ്രവണതകളും കുറെയൊക്കെമാറ്റുവാൻ സാധിക്കും.

- സോൾവൻസിറേറ്റ് ഉയർത്തുകയും, സാധനങ്ങൾ കടമായി കട ഉടമകൾക്ക് കൊടുത്ത് അതിന്റെ വില്പനയുടെ അടിസ്ഥാനത്തിൽ പണം തിരിച്ചടക്കുകയും ചെയ്യുന്ന സമ്പ്രദായം നടപ്പിലാക്കുക (മാവേലിസ്റ്റോർ മോഡൽ).



# സഹകരണം

# സഹകരണം.

ഒരു സാമൂഹ്യ ജീവയായ മനുഷ്യന് സഹകരണം എന്ന വാക്ക് പുത്തരിയല്ല. ശിലായുഗങ്ങളിൽ പോലും മനുഷ്യരിൽ സഹകരണ മനോഭാവം വേണ്ടത്ര ഉണ്ടായിരുന്നു. ഈ പരസ്പര സഹകരണ മന്ത്രം മറ്റു ജീവികളിലും കാണാൻ സാധിക്കും.

പരസ്പര സഹായത്തിൽ കൂടി സ്വാശ്രയത്വം കണ്ടെത്താമെന്ന് മനുഷ്യൻ ആദ്യകാലങ്ങളിൽ തന്നെ മനസ്സിലാക്കിയിരുന്നു. ഇന്നാട്ടിലെ ജീവിച്ചിരിക്കുന്ന മുൻ തലമുറക്കാരിൽ നിന്ന് ഈ വിഷയത്തിൽ പല കാര്യങ്ങളും മനസ്സിലാക്കാൻ സാധിച്ചു. (പഠനസംഘം).

ചേനയും ചീനിയും കൊടുത്ത് നെല്ലുവാങ്ങുകയും തേങ്ങയും മാങ്ങയും കൊടുത്ത് മീൻ വാങ്ങുകയും ചെയ്തിരുന്നത് പരസ്പര സഹകരണത്തിനുദാഹരണമാണ്. അയൽക്കൂട്ടങ്ങൾ പണ്ടുതന്നെ നിലനിന്നിരുന്നു. അതിന്റെ തലവൻ അന്നാട്ടിലെ ജ്ഞാന-വയോവൃദ്ധനായിരുന്നു ഇന്നത്തെ രീതിയിലുള്ള രജിസ്ട്രേഷനും റെക്കാർഡുകളുമില്ലാതെ പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ കടമിടപാടുകൾ നടത്തിയിരുന്നു. വിവാഹം, മരണം, പ്രകൃതി ക്ഷോഭങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾ അക്കാലത്ത് ഈ രീതിയിലാണ് കൈകാര്യം ചെയ്തുവന്നത്. കിണർ കുഴിക്കുക, പുരമേയുക, കൃഷിപ്പണികൾ ചെയ്യുക ഇവയൊക്കയും പരസ്പരം സഹകരണത്തോടെ നടത്തിപ്പോന്നു.

ഈ ചെറിയ പരസ്പരസഹകരണ പദ്ധതിയിൽ നിന്നും പ്രചോദനമുൾക്കൊണ്ട് ചിട്ടയും കെട്ടുറപ്പുമുള്ള സഹകരണ പ്രസ്ഥാനങ്ങൾ രൂപം കൊണ്ടു. ഹുണ്ടിക വ്യാപാരികളുടെ ചൂഷണത്തിൽ നിന്ന് സാധാരണക്കാരനു മോചനം നേടാൻ ഈ പ്രസ്ഥാനങ്ങൾ വളരെ ഉപകരിച്ചു.

1850-കളിലാണ് സഹകരണ പ്രസ്ഥാനം അതിന്റെ ശരിയായ രൂപഭാവങ്ങളോടെ ലോകത്ത് നിലവിൽ വന്നത് . ഈ പഞ്ചായത്തിൽ ഒരു സഹകരണ പ്രസ്ഥാനം ആദ്യമായി രൂപം കൊണ്ടത് 1922-ലാണ്. "പരസ്പര സഹായ സഹകരണ സംഘം" എന്ന പേരിൽ ഇളകൊള്ളൂർ കേന്ദ്രമാക്കി പുത്തിനേത്ത് നാരായണപിള്ളയുടെ നേതൃത്വത്തിൽ രൂപമെടുത്ത ഈ സ്ഥാപനം ക്രമേണ അന്നാട്ടുകാരുടെ ചൂരും ചൂടും കൊണ്ട് വളർന്ന് വികസിച്ച് Q 459-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കായി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. 1923-ൽ പ്രമാടത്തും 1925-ൽ വകയാറ്റും 1926-ൽ വള്ളിക്കോട് കോട്ടയത്തും ആരംഭിച്ച പരസ്പര സഹായസഹകരണ സംഘങ്ങൾ എല്ലാം തന്നെ ഇന്ന് സർവ്വീസ് സഹകരണ ബാങ്കുകളായി ഉയർന്നിട്ടുണ്ട്.

1976-ൽ ആരംഭിച്ച വള്ളിക്കോട് - കോട്ടയം പട്ടിക ജാതി സർവ്വീസ് സഹകരണ സംഘവും (Q 498) അഞ്ച് ക്ഷീരോല്പാദക സഹകരണ സംഘങ്ങളും നിലവിലുണ്ട്. ഇവയിൽ രണ്ട് ക്ഷീരോല്പാദക സംഘങ്ങൾ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്.

സഹകരണ പ്രസ്ഥാനങ്ങൾക്ക് ഈ നാടിന്റെ വികസന പ്രക്രിയയിൽ അപ്രധാനമല്ലാത്ത ഒരു പങ്കാണ് വഹിക്കാനുള്ളത്.

സഹകരണ ബാങ്കുകളെ കൂടാതെ. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ഇന്ത്യൻ ഓവർസീസ് ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ ഓരോ ബ്രഞ്ചും പ്രവർത്തിക്കുന്നു. ഡിപ്പോസിറ്റുകൾ നിർലോപം സ്വീകരിക്കുമെങ്കിലും വായ്പകൾ നൽകുവാൻ ഈ ബാങ്കുകൾ മടിക്കുന്നു. അതിനാൽ സാധാരണക്കാർ എന്നും കാർഷിക കാർഷികേതര വായ്പകൾക്ക് സഹകരണ ബാങ്കുകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ ഇന്നാട്ടിലെ എല്ലാജനങ്ങളുടേയും ആവശ്യത്തിനനുസരിച്ച് വായ്പകൾ നൽകാൻ ഈ സഹകരണ ബാങ്കുകൾക്ക് സാധിക്കുന്നില്ല.

## സഹകരണ ബാങ്കുകളുടെ പ്രവർത്തനം

സഹകരണ ബാങ്കുകൾ വായ്പകൾ നൽകുക, വളം, തുണി ഇവ വിപണനം ചെയ്യുക റേഷൻ കടകൾ. ചിട്ടികൾ, കൺസ്യൂമർ സ്റ്റോറുകൾ നടത്തുക തുടങ്ങി പല ക്ഷേമ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. കൃത്യസമയത്ത് വായ്പകൾ തിരിച്ചടക്കാത്തതും ജില്ലാ ബാങ്കിന്റെ ചിറ്റമ്മനയവും മറ്റ് സാങ്കേതിക തകരാറുകളും കാരണം ചില ബാങ്കുകൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

### ഇളകൊള്ളൂർ സർവ്വീസ് സഹകരണ ബാങ്ക്. (Q 459)

കൊല്ലവർഷം 30-11-1098 (1922) സ്ഥാപിതമായ ഈ സംഘത്തിൽ 3791 അംഗങ്ങളുണ്ട്. പ്രമാടം പഞ്ചായത്തിന്റെ 3,4,5,11 എന്നീ വാർഡുകളാണ് പ്രവർത്തനമേഖല. എല്ലാത്തരം വായ്പകളും ഇവിടെ നിന്നും ലഭിക്കുന്നു. വളരെ നല്ല നിലയിൽ വളംവില്പനശാലയും ഇതോടൊപ്പം പ്രവർത്തിക്കുന്നു. (വിശദാംശങ്ങൾ പട്ടികയിൽ)

### പ്രമാടം സർവ്വീസ് സഹകരണ ബാങ്ക്. (Q 534)

22-3-1099 (1923) ൽ പ്രവർത്തനമാരംഭിച്ചു. ഇന്ന് ആകെ അംഗങ്ങൾ. 4362. അംഗീകൃത ഓഹരി വില 5രൂപ ഇവിടെ നിന്ന് ഹ്രസ്വകാല, ദീർഘകാല, കാർഷിക, കാർഷികേതര വായ്പകൾ നൽകുന്നുണ്ട്. വസ്ത്രവ്യാപാരം, വളം വില്പന, മാവേലി സ്റ്റോർ വഴി പലവ്യഞ്ജന വ്യാപാരം എന്നിവയും നടത്തിവരുന്നു.

### വകയാർ സർവ്വീസ് സഹകരണ ബാങ്ക്. (Q 847)

1924-25ൽ സ്ഥാപിതമായ ഈ ബാങ്ക് വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. ഈ ബാങ്കിൽ 6659 അംഗങ്ങളുണ്ട്. വളരെ ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ ബാങ്കിൽ നിന്ന് എല്ലാത്തരം വായ്പകളും ലഭിക്കുന്നു. ചിട്ടികൾ നടത്തുകയും കർഷകർക്കാവശ്യമായ എല്ലാത്തരം കീടനാശിനികളും വളങ്ങളും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. രണ്ട് റേഷൻ കടകളും ഒരു തുണിവ്യാപാരസ്ഥാപനവും ഈ ബാങ്കിന്റെ കീഴിലുണ്ട്.

## ജനതാ സർവ്വീസ് സഹകരണബാങ്ക് Q. 1042

1926-ൽ പ്രവർത്തനമാരംഭിച്ച ഈ സഹകരണസ്ഥാപനം ഇന്ന് ഒരു സഹകരണബാങ്കായി ഉയർന്നിട്ടുണ്ട്. സാമാന്യം നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഈ ബാങ്കിന് എല്ലാത്തരം വായ്പകളും നൽകാൻ സാധിക്കുന്നു. ചിട്ടികൾ നടത്തുകയും, റെക്കറിംഗ് ഡിപ്പോസിറ്റുകൾ, സ്ഥിരനിക്ഷേപങ്ങൾ എന്നിവ സ്തുത്യർഹമാം വണ്ണം കൈകാര്യം ചെയ്യുകയും ചെയ്യുന്നു.

## വള്ളിക്കോട് പട്ടികജാതി സർവ്വീസ് സഹകരണസംഘം Q 438

ഈ സഹകരണസംഘം 1967-ൽ സ്ഥാപിതമായി. പ്രവർത്തനപരിധി പ്രമാടം, വള്ളിക്കോട് പഞ്ചായത്തുകൾ. 1312 അംഗങ്ങളുള്ള ഈ സംഘത്തിന്റെ ഓഹരിവില 10രൂപയാണ്. ഈ സഹകരണസംഘത്തിന്റെ വകയായി ഒരു ഹയറിംഗ് സെന്ററും കൺസ്യൂമർ സ്റ്റോറും പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നുവെങ്കിലും ഈ സഹകരണസംഘത്തിന് സമീപഭാവിയിൽ ഒരു പുതുജീവൻ നൽകാൻ ഇതിന്റെ സാരഥികൾക്ക് സാധിക്കുമാറാകട്ടെ എന്നാശിക്കുന്നു.

## വള്ളിക്കോട് - കോട്ടയം ക്ഷീരോല്പാദകസംഘം.

പ്രമാടം പഞ്ചായത്തിന്റെ 7,8,9 വാർഡുകൾ കേന്ദ്രീകരിച്ച് നടത്തുന്ന ഈസംഘം സാമാന്യം നല്ലരീതിയിൽ തന്നെ പ്രവർത്തിക്കുന്നു. പ്രതിദിനം 245 ലിറ്റർ പാൽ സംഭരിക്കുന്ന ഈ സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമാണ്.

## പ്രമാടം ക്ഷീരോത്പാദകസഹകരണസംഘം

ഈ സഹകരണസംഘം പ്രവർത്തനമാരംഭിച്ചത് 1991ൽ ആണ്. ഇവിടുത്തെ ഉപയോഗം കഴിഞ്ഞുള പാൽ സംഭരിച്ച് ഡയറിയിലേക്കയ്ക്കുന്നു. സ്വന്തമായി കെട്ടിടവും സ്ഥലവുമില്ലാത്ത ഈ സംഘം ലാഭത്തിൽ പ്രവർത്തിക്കുന്നു. ഈ സംഘം വഴി കാലിത്തീറ്റ, പുൽവിത്ത്, കാത്സ്യപ്പൊടി എന്നിവ സബ്സിഡി നിരക്കിൽ ലഭിക്കുന്നുണ്ട്.

## വകയാർ ക്ഷീരോല്പാദക സഹകരണസംഘം PT-72 (APCOS)

വളരെ നല്ലനിലയിൽ പ്രവർത്തനമാരംഭിച്ച ഈ സഹകരണസംഘം 1993-94ൽ ഏതാണ്ട് 9000ലിറ്റർ പാൽ സംഭരിച്ച് പഞ്ചായത്തിനുള്ളിലും പുറത്തും വിതരണം നടത്തുകയുണ്ടായി. ഇപ്പോൾ ഈ സംഘത്തിന്റെ പ്രവർത്തനം വളരെ മന്ദീഭവിച്ച രീതിയിലാണ്.

ഇളകൊള്ളൂരിലും, ചേരിമുക്കിലും പ്രവർത്തിക്കുന്ന മറ്റ് രണ്ട് ക്ഷീരോത്പാദക സഹകരണസംഘങ്ങൾ ഇപ്പോൾ അഡ്മിനിസ്ട്രേറ്റർ ഭരണത്തിൻ കീഴിലാണ്.

## സഹകരണസംഘങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ

| Reg. No. | പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗത്വം | ഓഹരിമൂലധനം + സർക്കാർ | വാർഷീക ടേൺ ഓവർ |
|---|---|---|---|---|---|---|
| 459 | ഇളകൊള്ളൂർ സർവ്വീസ് സഹകരണബാങ്ക് | 1922 | 3,4,5 11 | 3791 | 642950 + 1,00,000 | 6610690 |
| 534 | പ്രമാടം സർവ്വീസ് സഹകരണബാങ്ക് | 1923 | 1,2,3 6 | 4362 | 436053 + 1,00,000 | 4121491 |
| 847 | വകയാർ സർവ്വീസ് സഹകരണബാങ്ക് | 1925 | 10,12,9 K.P. 4 | 6659 | 20,00,000 + 1651570 | 2,61,62,886 |
| 1042 | ജനതാ സർവ്വീസ് സഹകരണബാങ്ക് | 1926 | 6,7,8,9 11 | 4354 | 12,38,505 + 1,00,000 | 1282427 |
| 438 | വള്ളിക്കോട് സർവ്വീസ് സഹകരണസംഘം | 1976 | പ്രമാടം വള്ളിക്കോട് പഞ്ചായത്തുകൾ | 1312 | 56120 + 43000 | 63787 |

*ഈ ക്രഡിറ്റ് സഹകരണ സംഘങ്ങൾ പല പ്രശ്നങ്ങളേയും അഭിമുഖീകരിക്കുന്നുണ്ട്.*

അംഗങ്ങൾക്ക് ആവശ്യമായ വായ്പ കൃത്യ സമയത്ത് നൽകാൻ സാധിക്കുന്നില്ല, സ്വന്തം ഫണ്ടിൽ പണമില്ലാത്തതാണ് പ്രധാന കാരണം. ഫണ്ട് ലഭിക്കുന്നതിന് ഈ സംഘങ്ങൾ ജില്ലാ ബാങ്കിനെ ആശ്രയിക്കേണ്ടിവരുന്നു. ഈ രണ്ടു സ്ഥാപനങ്ങളുടെയും നടപടിക്രമങ്ങൾ, രാഷ്ട്രീയസ്വരച്ചേർച്ചയില്ലായ്മ എന്നിവകാരണം വായ്പലഭിക്കുവാൻ കാലതാമസമുണ്ടാകുന്നു. നിക്ഷേപങ്ങൾ നൽകാൻ പലരും മടിക്കുന്നു. ബാങ്കുകൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ഇതിനൊരു കാരണമാണ്. ഷെഡ്യൂൾഡ് ബാങ്കുകളെക്കാൾ ഉയർന്ന പലിശ നൽകിയിട്ടും വേണ്ടത്ര നിക്ഷേപസാമഹരണം നടത്തുവാൻ സാധിക്കുന്നില്ല.

അംഗങ്ങൾക്ക് നൽകിയ വായ്പ യഥാസമയം തിരിച്ചടയ്ക്കുന്നില്ല. കടം വാങ്ങുന്ന അംഗവും നൽകുന്ന സ്ഥാപനവും (കടമിടപാട്) സംബന്ധിച്ചും, വായ്പാപദ്ധതി സംബന്ധിച്ചും ഒരു പുതിയ നിലപാട് സ്വീകരിക്കേണ്ടതാണ്.

പല സഹകരണസംഘങ്ങളും വിത്ത്, വളം, കാർഷികോപകരണങ്ങൾ, തുണിത്തരങ്ങൾ മറ്റത്യാവശ്യ സാധനങ്ങൾ എന്നിവ വിതരണം നടത്തുന്നുണ്ടെങ്കിലും അംഗങ്ങളുടെ ആവശ്യങ്ങൾ ഒരു പരിധിവരെ മാത്രമേ നിറവേറ്റാൻ കഴിയുന്നുള്ളു.

സഹകരണമേഖലയെക്കുറിച്ച് ജനമദ്ധ്യത്തിൽ ഇന്നുള്ള മോശമായ ധാരണ മാറ്റിയെടുക്കേണ്ടിയിരിക്കുന്നു.

ജീവനക്കാരും ബോർഡുമെമ്പർമാരും സ്വജനപക്ഷം കാട്ടുന്നു എന്ന പരാതിയും ഈ മേഖലയ്ക്ക് ദോഷം ചെയ്യുന്നുണ്ട്.

പൊതുവെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പുതുമേഖലകൾ വെട്ടിപ്പിടക്കാനുള്ള ധൈര്യക്കുറവ്, ബോർഡുമെമ്പർമാരുടെ അലസതാഭാവം, പുതിയസാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നവീകരണത്തിന്റെ അഭാവം ഇതൊക്കെ സഹകരണസംഘങ്ങളുടെ ഇന്നത്തെ തൃപ്തികരമല്ലാത്ത അവസ്ഥയ്ക്കു ഒരു പക്ഷേ കാരണമായിരിക്കാം. സ്വകാര്യമേഖലയിൽ നടത്തപ്പെടുന്ന സ്ഥാപനങ്ങളെല്ലാം തന്നെ ലാഭത്തിൽ പ്രവർത്തിക്കുമ്പോൾ സഹകരണമേഖല-ബാങ്കിംഗ് ഒഴിച്ച്-നഷ്ടത്തിൽ കലാശിക്കുന്നു. സഹകരണമേഖലയിലെ സഹകരണമില്ലായ്മയും ശ്രദ്ധേയമാണ്.

## സഹകരണസംഘങ്ങൾ നൽകിയ വായ്പ സംബന്ധിച്ച്

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | നൽകിയ വായ്പ | കാലാവധി കഴിഞ്ഞ് കിട്ടാനുള്ളത് |
|---|---|---|---|
| 1. | പ്രമാടം സർവ്വീസ് സഹകരണബാങ്ക് | 4221491.00 | 1893360.00 |
| 2. | വകയാർ സർവ്വീസ് സഹകരണബാങ്ക് | 26162886.00 | 5975487.00 |
| 3. | ജനതാ സർവ്വീസ് സഹകരണബാങ്ക് | 24986336.00 | 2790333.00 |
| 4. | ഇളകൊള്ളൂർ സർവ്വീസ് സഹകരണബാങ്ക് | 7940715.00 | 1180913.00 |
| 5. | വി. കോട്ടയം പട്ടികജാതി സഹ.സംഘം | 63787.00 | 58429.00 |

### കൺസ്യൂമർ മേഖല

പ്രമാടം പഞ്ചായത്തിൽ നിലവിലുള്ള സഹകരണബാങ്കുകളിൽ ഈ സംവിധാനം നാമമാത്രമാണ്. ഇടത്തട്ടുകാരുടെ ചൂഷണം ഏറ്റവും കൂടുതൽ ഈ മേഖലയിലാണ്. ഇവിടെ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വിൽക്കുന്നതിനും ആവശ്യമുള്ള സാധനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം സഹകരണമേഖലയിൽകൂടി ഉണ്ടാകേണ്ടതാണ്.

### വികസനസാദ്ധ്യതകൾ നിർദ്ദേശങ്ങൾ

അംഗങ്ങൾക്ക് വായ്പ നൽകുന്നതിന് ആവശ്യമായ ഫണ്ട് കണ്ടെത്തേണ്ടതാണ്. ആകർഷകങ്ങളായ മാർഗങ്ങൾ സ്വീകരിച്ച് ഫണ്ട് സമാഹരിക്കണം.

ആവശ്യങ്ങൾ മുൻകൂർ കണ്ട് കൃത്യമായ പ്ലാനിംഗ് നടത്തണം, ബഡ്ജറ്റ് തയ്യാറാക്കണം. ഒരു വായ്പയുടെ അപേക്ഷയിന്മേൽ പത്തുദിവസത്തിനുള്ളിലെങ്കിലും തീരുമാനമുണ്ടാകേണ്ടതാണ്.

വായ്പാവ്യവസ്ഥകൾ ലഘൂകരിക്കണം.

വായ്പകൾ കൃത്യസമയത്ത് തിരിച്ചടയ്ക്കുന്നില്ല. ഇത് പലപ്പോഴും ബാങ്കിന്റെ പ്ലാനിംഗിനെ ബാധിക്കുന്നു. ലഭിക്കുന്ന വായ്പകൾ വകമാറ്റി ഉപയോഗിക്കുന്നതും പല പ്രശ്നങ്ങൾക്കും കാരണമാകുന്നു. തവണവ്യവസ്ഥകൾ ലഘൂകരിക്കുകയും ഉല്പന്നങ്ങൾ സംഘങ്ങൾ വഴി വിപണനം നടത്തുവാനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്താൽ ഇടപാടുകാരുമായി ഒരു സുദൃഢബന്ധം സ്ഥാപിക്കാൻ കഴിയും. വായ്പകൾ തിരിച്ചടയ്ക്കുന്ന ഇടപാടുകാരന് അടുത്ത വായ്പ കാലതാമസം വരുത്താതെ നൽകേണ്ടതാണ്.

സഹകരണസംഘങ്ങൾ വാർഡുതലത്തിൽ ശാഖകൾ സ്ഥാപിച്ച് പ്രവർത്തനം നടത്തുകയും അവശ്യസാധനങ്ങൾ സൂപ്പർമാർക്കറ്റ് രീതിയിൽ ലഭ്യമാക്കുകയും ഉല്പന്നങ്ങൾ വാങ്ങുവാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്താൽ സഹകരണ മേഖല അഭിവൃദ്ധി പ്രാപിക്കുന്നതാണ്.

ബോർഡംഗങ്ങളെ തെരഞ്ഞെടുക്കുന്ന ഇന്നത്തേ രീതി നിർത്തലാക്കേണ്ടതാണ്. രാഷ്ട്രീയകക്ഷികൾ തങ്ങളുടെ ശക്തി തെളിയിക്കാനുള്ള ഒരു വേദിയായി മാറ്റാതെ എല്ലാത്തുറകളിലുമുള്ള വിദഗ്ധരുടെ സേവനം ബോർഡിൽ ഉറപ്പുവരുത്തുക. സ്വജനപക്ഷവാതം ഒഴിവാക്കുക.

നഷ്ടം സംഭവിക്കാത്ത പലസംരംഭങ്ങളും ഈ ബാങ്കുകൾക്ക് തുടങ്ങാവുന്നതാണ്. ഉദാ. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള സാധനസാമഗ്രികൾ ഉണ്ടാക്കുകയും വാങ്ങി വിൽക്കുകയുംചെയ്യാം. ഗ്യാസ് ഏജൻസികൾ മുതലായവ തൊഴിലസരങ്ങൾ സൃഷ്ടിക്കുന്നതു കൂടാതെ ഗുണഭോക്താക്കൾക്ക് കൂടുതൽ പ്രയോജനകരമാവുകയും ചെയ്യും.

നബാർഡ് സഹകരണബാങ്കുകൾ മുഖേന കാർഷീക കാർഷീകേതരമേഖലകളിൽ നൽകിവന്ന പലിശ സബ്സിഡികളിൽ പലതും റദ്ദാക്കുകയും പലിശനിരക്ക് വർദ്ധിപ്പിക്കുകയും ചെയ്തതിനാൽ ഷെഡ്യൂൾഡ് ബാങ്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ വായ്പയുടെ പലിശനിരക്ക് കൂടുതലാണ്. ഈ വ്യത്യാസം ഒഴിവാക്കുന്നതിന് നബാർഡിന്റെ നിർത്തലാക്കിയ പലിശ സബ്സിഡിയും പലിശനിരക്കും പുനഃസ്ഥാപിക്കേണ്ടതാണ്.

## വാർഡുതല നിർദ്ദേശങ്ങൾ

ഈ പഞ്ചായത്തിൽ സഹകരണമേഖലയിൽ ഒരു ഗ്യാസ് ഏജൻസി അനുവദിച്ചുകിട്ടാൻ നടപടി സ്വീകരിക്കണം.

പ്രമാടം സഹകരണബാങ്കിന്റെ കുടിശ്ശിക പിരിക്കുന്നതിന് ഒരു ജനകീയ കമ്മറ്റി രൂപീകരിക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ 5-ാം വാർഡിലെ ചിലഭാഗങ്ങൾ 6-ാം വാർഡ് 11-ാം വാർഡ് എന്നിവ ഉൾപ്പെടുത്തി ഒരു വനിതാ സഹകരണസംഘം രൂപീകരിക്കേണ്ടതാണ്.



# വനം

# വനം

സമഗ്ര വികസന രേഖയിലെ അവസാനത്തെ ഇനമാണെങ്കിലും മറ്റേതൊരു വിഷയത്തോളം പ്രാധാന്യമർഹിക്കുന്ന ഒന്നാണ് വനവും വനസമ്പത്തും.

നാംഇത്രയും അധികം ചൂഷണം ചെയ്തിട്ടുള്ള മറ്റൊരു സമ്പത്തും ഭുമിയിൽ ഇല്ല. ആദി മനുഷ്യരുടെ വിഹാരരംഗമായയിരുന്നു വനം. വനത്തെ ആശ്രയിച്ചിട്ടാണ് അവർ ജീവിച്ചതുതന്നെ. കാടിന്റെ കാടത്തത്തിനോടിണങ്ങി ആധുനീക മനുഷ്യന്റെ കാപട്യത്തിനിരയാകാത്ത മല വർഗ്ഗക്കാർ ഇന്നും ആമസോൺ വനങ്ങളിൽ താമസിക്കുന്നതായ് പറയപ്പെടുന്നു.

വനങ്ങൾ രാഷ്ട്രത്തിന്റെ (ദേശീയ) സമ്പത്താണ്. അവയുടെ ജീവനും ചൈതന്യവും അതിൽ വസിക്കുന്ന വന്യജീവികളാണ്. പ്രകൃതി സൗന്ദര്യത്തിന്റെ കലവറകളാണ് അവ. നമ്മുടെ സംസ്ക്കാരത്തിന്റെ ഉറവിടവും വനങ്ങൾ തന്നെ. പ്രകൃതിയുടെ നിസർഗ്ഗ സൗന്ദര്യവും അതി ഭീകരതയും ഒന്നിച്ചുസമ്മേളിക്കുന്ന വനങ്ങളോട് ഭാരത സംസ്ക്കാരം തന്നെ കടപ്പെട്ടിരിക്കുന്നു. ഭാരത വർഷത്തിന്റെ അഭിമാന സ്തംഭങ്ങളായ ഋഷി വര്യന്മാർ താമസിച്ചിരുന്നതും വേദ ഉപനിഷത്തുകളും വിവിധ ശാസ്ത്രങ്ങളും ഉത്ഭവിച്ചതും വനങ്ങളിലാണ്.

വൃക്ഷങ്ങളും വള്ളിപടർപ്പുകളും കുറ്റിച്ചെടികളും മറ്റും തഴച്ചു വളരുന്ന പ്രകൃതിയുടെ അനർഘമായ സമ്പത്ത് സംഭരിച്ചിട്ടുള്ള വനത്തിന്റെ പ്രയോജനം വനവാസികർക്കൊപ്പം പ്രത്യക്ഷമായും പരോക്ഷമായും നാടിനും നാട്ടാർക്കും ലഭിക്കുന്നു. വിലപിടിപ്പുള്ള തടികൾ, തേൻ, മെഴുക്, ആനകൊമ്പ്, കസ്തൂരി സുഗന്ധദ്രവ്യങ്ങൾ, പച്ചമരുന്നുകൾ, എണ്ണ വിത്തുകൾ തുടങ്ങി വനത്തിന്റെ വരദാനങ്ങൾക്കു കണക്കില്ല.

പ്രത്യക്ഷമായി ലഭിക്കുന്നതിന്റെ എത്രയോ മടങ്ങാണ് പരോക്ഷമായി നമുക്ക് വനങ്ങളിൽ നിന്നും ലഭിക്കുന്നത്. വനങ്ങൾ ഉഷ്ണത്തിന്റേയും ശൈത്യത്തിന്റേയും കാഠിന്യം കുറയ്ക്കുന്നു. അങ്ങനെ ശീതോഷ്ണ സ്ഥിതി നിയന്ത്രിക്കുന്നു. ധാരാളം മഴ ലഭിക്കുവാൻ മരങ്ങൾ കാരണമാകുന്നു. മഴക്കെടുതികളിൽ നിന്ന് മണ്ണിനേയും മണ്ണിന്റെ മക്കളേയും സംരക്ഷിക്കുന്നു. അങ്ങനെ കാലാവസ്ഥയ്ക്കു കടിഞ്ഞാണിടുന്ന മഹത് യജ്ഞത്തിൽ വനങ്ങൾ നിർണ്ണായകമായ പങ്കുവഹിക്കുന്നു.

വനങ്ങൾ അനധികൃതമായി വെട്ടിനശിപ്പിക്കുന്നതിന്റെ ദുരന്ത ഫലങ്ങൾ തലമുറകളോളം നിലനിൽക്കും. ഇന്ന് വനങ്ങൾ നാടും നഗരവുമായി മാറികൊണ്ടിരിക്കുകയാണ്. ഇതിനാൽ ഔഷധങ്ങൾ, മൃഗാദി ജീവികൾ മുതലായവ വംശനാശ ഭീക്ഷണി നേരിടുകയാണ്. പ്രത്യക്ഷമായോ പരോക്ഷമായോ ലഭിക്കാവുന്ന പ്രയോജനങ്ങൾക്കു വേണ്ടി കൃത്രിമമായ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന സ്ഥലങ്ങളും വനങ്ങൾ തന്നെയാണ്.

വനനശീകരണത്തെ കുറിച്ചും വനസംരക്ഷണത്തെപ്പറ്റിയും എത്ര പറഞ്ഞാലും അത് അധികമാവുകയില്ല. വനം ഒരു ധനമാണ് എന്നത് ശരിയായ ബോധവൽക്കരണത്തിലൂടെ ഇന്നത്തെ ചെറു തലമുറകൂടിയും മനസ്സിലാക്കി അവരിലൂടെ വനസംരക്ഷണത്തിന്റെ ചുമതല നാം ഏറ്റെടുത്തെ മതിയാകു.

വനങ്ങളോടും വന്യ ജീവികളോടുമുള്ള ക്രൂരത ചരിത്രാതീത കാലംമുതൽ തുടങ്ങിയതാണ്. ഇതിഹാസങ്ങലിൽ പ്പോലുംവനങ്ങളേയും വന്യ ജീവികളോയും നശിപ്പിക്കുന്നതായി കണാം. ( രാമായണം ദശരഥൻ നായാട്ട് ഭാരതം ശ്രീകൃഷ്ണൻ- അർജ്ജുനൻ- ഖാണ്ഡവദഹനം).

വനങ്ങളോടു കാണിച്ച അനീതിക്കു പരിഹാരമായി ലോകത്തിലാദ്യമായി കേരള ക്കരയിലെ മലബാർ ദേശത്ത് തേക്കിൻതോട്ടം നട്ടുപിടിപ്പിക്കുവാൻ 1840 ൽ അവിടുത്തെ കളക്ടറായിരുന്ന 'കൊണോലി' തുടങ്ങി. ഇതു ലോകത്തിനു തന്നെ മാതൃകയായിരുന്നു. എന്നാൽ ശാസ്ത്രീയമായ രീതിയിൽ വനസംരക്ഷണം ആരംഭിച്ചത് 'സർടിയാഡ്രിച്ച് ബ്രാണ്ടിസ് ( ജർമ്മനി ) ആയിരുന്നു.

പ്രമാടം പഞ്ചായത്തിൽ വനത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നതായി ഒന്നുംതന്നെ ഇല്ല. വളരെ അടുത്ത കാലം വരെ ഈനാടും വനപ്രദേശമായിരുന്നു എന്നും അവ വെട്ടിതെളിച്ച് കുടിയേറിപ്പാർത്തതാണന്നും ഇന്നാട്ടിലെ പ്രായമുള്ള ആളുകൾ ഓർമ്മിക്കുന്നു. അക്കാലത്ത് മഴ വളരെയധികം ഈപ്രദേശങ്ങളിൽ കിട്ടിയിരുന്നു. അക്കാലങ്ങളിൽ ഓരോവീട്ടിലും "വറ" ചട്ടികൾ സൂക്ഷിച്ചിരുന്നു. നെല്ല് പുഴുങ്ങി ഉണങ്ങുന്നതിനുള്ള സൗകര്യം മഴ മൂലം കിട്ടാതെയിരുന്നതിനാൽ ഈ ചട്ടികളിലാണ് നെല്ല് വറുത്തെടുത്തത്.

കൃഷിഭൂമിയുടെ ഉയർന്നതും പാറക്കെട്ടുകൾ അധികമുള്ളതുമായ ഭാഗത്ത് മുള, ഈറ്റ, തേക്ക്, കടമരം, ആഞ്ഞിലി, മരുത് എന്നിവ നട്ടുപിടിപ്പിച്ചിരുന്നു. ഇവ നിത്യഹരിതമായി നാടിന്റെ കാലാവസ്ഥയിൽ ഗണ്യമായ പങ്ക് വഹിച്ചിരുന്നു. എന്നാൽ ഇന്ന് ഇവ മലദൈവങ്ങളുടെയും സർപ്പക്കാവുകലുടെയും ആസ്ഥാനത്തേക്ക് ചുരുങ്ങിയിട്ടുണ്ട്.

കൊടുമൺ കുട്ടിവനത്തിന്റെ ഒരു ഭാഗം ഈ പഞ്ചായത്തിൽ ഉൾപ്പെട്ടതായിരുന്നു. പ്ലാൻന്റേഷൻ കോപ്പറേഷൻ ഏറ്റെടുത്ത് റബ്ബർ പ്ലാൻറുചെയ്തപ്പേൾ ഈ വനവും നശിച്ചു. ജനസംഖ്യാ വർദ്ധനവു കാരണം കൂടുതൽ ഭക്ഷ്യസാധനങ്ങളുല്പാദിപ്പിക്കേണ്ടി വന്നതും തടികൾക്ക് ആകർഷകമായ വില ലഭിക്കാനിടയായതും വനങ്ങൾ നശിക്കുന്നതിന് കാരണമായി.

പ്രത്യക്ഷത്തിൽ ജനങ്ങൾക്ക് ഉപകാരിയായ് ഭവിക്കുന്നെങ്കിലും റബ്ബർബോർഡ് വന നശീകരണത്തിന് വളരെയധികം കൂട്ടുനിൽക്കുന്നു. സമ്പന്നമായ റബ്ബർകൃഷിയിലേക്ക് ജനങ്ങൾതിരിഞ്ഞതോടെ റബ്ബർകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ബോധതവൽക്കരണം നടത്തുവാനും സ്ഥാപിതമായ റബ്ബർബോഡിന്റെ നയം വന നശീകരണത്തെ കൂടുതൽ പ്രേത്സാഹിപ്പിച്ചു.

ഉൽപ്പാദനക്ഷമത കൂട്ടുവാൻ വേണ്ടിയാണ് വരങ്ങൾ വെട്ടിനശിപ്പിച്ചത്. ശാസ്ത്രീയ മായി ഒരു സമീപനം ഇതിൽ ഉണ്ടായില്ല എന്നതാണ് സത്യം.

## നിർദ്ദേശങ്ങൾ.

1. റബ്ബർബോർഡിന്റെ നിബന്ധനകൾ ലഘൂകരിക്കുക.

2. ഒരു ഹെക്ടറിൽ 20 വൃക്ഷം എന്ന നിബന്ധന എടുത്തുകളയുക.

3. കൃഷിഭൂമിയുടെ ഒരു ഭാഗം വന വൽക്കരണത്തിനായി മാറ്റിവയ്ക്കുക.

4. പഞ്ചായത്തടിസ്ഥാനത്തിൽ തേക്ക്, ചന്ദനം, അകിൽ തുടങ്ങിയ വൃക്ഷങ്ങളുടെ തൈകൾ വിതരണം ചെയ്യുക.

5. രാജ ഭരണകാലത്ത് ഉണ്ടായിരുന്നതുപോലെ പ്രധാന വഴിയോരങ്ങളിൽ വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുക.

6. പ്രത്യേക ഇനത്തിൽപ്പെട്ട മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് ഗ്രാന്റ് അനുവദിക്കുകയും അവ വെട്ടിമാറ്റുന്നതിന് ഭാഗിക നിരോധനം ഏർപ്പെടുത്തുകയും വേണം.

വനം നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമാണ്. ഇന്ന് നിലവിലുള്ള സർപ്പക്കാവുകളിലും മല ദൈവങ്ങളുടെ ആസ്ഥാനത്തും മരങ്ങൾ വച്ചുപിടിപ്പിച്ച് നാടിന്റെ സമ്പത്ത് കാത്തുരക്ഷിക്കുക.

*"മരം ഒരു വരം എന്നതാകട്ടെ നമ്മുടെ മുദ്രാവാക്യം".*



# വിഭവസമാഹരണം

# വിഭവ സമാഹരണം

ഒരു പഞ്ചായത്തിന്റെ വികസനപ്രവർത്തനത്തിനുവേണ്ടി നിശ്ചയിക്കുന്ന തുക പ്രസ്തുത പഞ്ചായത്തിന്റെ വരവിനനുപാതമായിട്ടാണ്. ഓരോ പഞ്ചായത്തിനും അതിന്റെ തനതു വരുമാനം, കെട്ടിടനികുതി, തൊഴിൽ നികുതി, ജെ.ആർ.വൈ. ഗ്രാന്റുകൾ, സംഭാവനകൾ മുതലായവയിൽ നിന്നു ലഭിക്കുന്ന തുകയും ഇതരഫണ്ടുകളുമാണ്. കൂടാതെ പ്രകൃതി വിഭവങ്ങൾ, മനുഷ്യശേഷി (Man.power) കൃഷി, വ്യവസായം മുതലയാവയിൽ നിന്ന് ലഭിക്കുന്ന വരുമാനങ്ങളുമാണ്.

നമ്മുടെ പഞ്ചായത്തിലെ മൊത്തം ഭൂമിയിൽ 7.5% മാത്രമേ വയലുകളുള്ളു. തരിശും പുറമ്പോക്കും മറ്റുമായി 23%ത്തോളമുണ്ട്. ഈ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 32171 ആണ്. ഇതിൽ 17645 സ്ത്രീകളും ബാക്കി പുരുഷന്മാരുമാണ്. പ്രായം ചെന്നവർ, കുട്ടികൾ, അംഗവൈകല്യമുള്ളവർ തുടങ്ങി അദ്ധ്വാനശേഷി വേണ്ടവണ്ണമില്ലാത്തവർ ഒരു ഇരുപതു ശതമാനം വരെയുണ്ടെന്ന് കണക്കാക്കിയാൽ പോലും ബാക്കി 25736 ആളുകൾ ഈ പഞ്ചായത്തിലുണ്ട്. ഇത്രയും പേരുടെ ഒരു മണിക്കൂർ സേവനം ഈ പഞ്ചായത്തിൽ ലഭിച്ചിരുന്നെങ്കിൽ എന്നാശിച്ചുപോകുകയാണ്. അതിനാൽ ഇവരുടെ അരമണിക്കൂർ സമയമൊന്ന് വിലയിരുത്തി നോക്കാം. 25736 ആളുകൾ അരമണിക്കൂർ ജോലി ചെയ്താൽ - ആ സേവനം പഞ്ചായത്തിന് വിട്ടുതന്നാൽ-ലഭിക്കുന്നത് 3,75,74560 രൂപാ. ഇത് ഒരു ചെറിയ തുകയല്ല. വിഭവസമാഹരത്തിന് നാം മറ്റാരേയും ആശ്രയിക്കുകയും വേണ്ടാ. ഇത്രയും സന്മനോഭാവം നമുക്കില്ലാത്തതിനാൽ വിഭവസമാഹരണത്തിനായി മറ്റു മാർഗ്ഗങ്ങൾ ആലോചിക്കേണ്ടിയിരിക്കുന്നു.

പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 1995-96 വർഷത്തെ വരവും പദ്ധതിയേതര ചെലവും ചുവടെ പട്ടികയിൽ ചേർക്കുന്നു.

ജനകീയാസൂത്രണ പരിപാടിയനുസരിച്ച് ജനങ്ങളുടെ പൊതുസ്വഭാവമുള്ള ആവശ്യങ്ങൾപോലും നടപ്പിലാക്കാൻ വേണ്ടിവരുന്ന തുക ഇതിന്റെ സൂത്രധാരകർക്ക് ഊഹിക്കാൻപോലും കഴിയാത്തത്ര ഭീമമാണ്. ഇവിടെയാണ് വിഭവസമാഹരണത്തിന്റെ പ്രസക്തി. ഒരു വ്യവസായി തന്റെ ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ തന്റെ വരുമാനത്തിന്റെ നല്ലൊരു ശതമാനം പരസ്യങ്ങൾ മുതലായവയ്ക്കു വേണ്ടി ചിലവാക്കുന്നു. അങ്ങനെയുള്ള പരസ്യങ്ങൾക്ക് നികുതി ഈടാക്കാവുന്നതാണ്. ഒരു ചെറിയതുക നികുതിയടയ്ക്കാതിരിക്കാൻ അതിൽ കൂടുതൽ തുക ചിലവഴിയ്ക്കുന്ന പ്രവണത നിലവിവുണ്ട്. നികുതി എന്നു കേൾക്കുമ്പോൾ തന്നെ ഒരു ഭയമാണ്. ഈ സ്ഥിതിക്ക് ഒരു മാറ്റം വരേണ്ടിയിരിക്കുന്നു. നികുതിദായകർക്ക് ഒരു ഉന്നതസ്ഥാനം (Social status) നൽകാവുന്നതാണ്. പല വികസിത രാജ്യങ്ങളിലും ഇത് നിലവിലുള്ളതുമാണ്. ഇത് പരീക്ഷണാർത്ഥമെങ്കിലും നടപ്പാക്കാവുന്നതാണ്. നികുതിനിയമങ്ങൾ കുറേക്കൂടി ലഘൂകരിക്കേണ്ടതാണ്. നികുതി ഈടാക്കുന്നതിന്റെ നൂലാമാലകൾ ലഘൂകരിച്ച് അവ പഞ്ചായത്തു തലത്തിലേക്ക് ലിമിറ്റു ചെയ്യാവുന്നതാണ്. നാം സമ്പാദിക്കുന്നതിന്റെ ഒരംശം നമ്മുടെ ജീവിത സുരക്ഷിതത്വം ഉറപ്പാക്കുന്ന ഗവൺമെന്റിന്റേതാണെന്ന ബോധം ഓരോ പൗരനും ഉണ്ടാകണം. ഈ കടമ നിർവ്വഹിക്കേണ്ടത് ജനനേതാക്കളാണ്. ഇത് അവരുടെ കർത്തവ്യമാണ്. നമ്മുടെ കടമകൾ പൂർത്തീകരിച്ച് ഒരു നല്ലനാളയെ

സ്വാഗതം ചെയ്യാൻ കർമ്മനിരതരായ ഈ ജനതയെ നമുക്ക് സജ്ജമാക്കാം.

ലേല ഇനത്തിൽ കഴിഞ്ഞവർഷം നാലുലക്ഷത്തിൽപരം രൂപാ വരുമാനമുണ്ടായി. ഈ നില തുടർന്നാൽ ഒരു പത്തു ശതമാനം കൂടി വരുമാനം പ്രതീക്ഷിക്കാവുന്നതാണ്. ലേലത്തോടൊപ്പം സീൽ ചെയ്ത ടെണ്ടറുകളും ക്ഷണിക്കാവുന്നതാണ്. കോൺട്രാക്ടറമാർ ഒത്തുകളി നടത്തുന്നു എന്നു കണ്ടാൽ ലേലം മാറ്റിവയ്ക്കേണ്ടതാണ്.

1991-92 ൽ 8394 കെട്ടിടങ്ങൾ ഉണ്ടായിരുന്ന ഈ പഞ്ചായത്തിൽ ഇന്ന് 9170 കെട്ടിടങ്ങളുണ്ട്. ശരാശരി 100 രൂപാ വച്ച് ലഭിച്ചാൽപോലും 9ലക്ഷം രൂപാ ലഭിക്കും. ഇന്ന് ഒരാളിന്റെ ജോലിക്കൂലി 100 രൂപയാണെന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതാണ്. ഗ്രാമത്തിന്റെ വികസനപ്രവർത്തനങ്ങളിൽ എല്ലാവരുംപങ്കുചേരേണ്ടതാണ്.

ലൈസൻസ് ഫീസ് ഇനത്തിൽ നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്നത് വെറും 4741 രൂപ മാത്രമാണ്. ഈ തുക ഇവിടുത്തെ വ്യവസായ ശാലകൾ, വ്യാപാരശാലകൾ, ഹോട്ടലുകൾ തുടങ്ങി 262 സ്ഥാപനങ്ങളിലെ വരവാണ്. അതായത് ശരാശരി 18 രൂപാ പത്തുപൈസ മാത്രം. തൊട്ടടുത്ത മുൻസിപ്പാലിറ്റിയിലേതിനേക്കാൾ വിലകൾതമ്മിൽ വലിയ വ്യത്യാസമില്ലാതാനും. വ്യാപാരസ്ഥാപനങ്ങളിലെ വില മുൻസിപ്പാലിറ്റിയിലേതിനേക്കാൾ കൂടുതലാണ്. ഈ സ്ഥാപനങ്ങളിൽ നിന്നും ഈടക്കുന്ന നികുതി നൂറു രൂപ ആക്കിയാൽപോലും 262x100 = 26200-4741=21459 രൂപയുടെ വ്യത്യാസമുണ്ടാകും. എതാണ്ട് അഞ്ചുകോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ പ്രതീക്ഷിക്കുന്ന ഈ പഞ്ചായത്തിലെ ജനങ്ങൾ ഈ ചെറിയ വ്യതിയാനത്തോട് സഹകരിക്കും എന്ന് പ്രതീക്ഷിക്കാം.

അച്ചൻ കോവിലാറ് ഈ പഞ്ചായത്തതിർത്തിയിൽ കൂടി 12 കിലോമീറ്റർ ദൂരം ഒഴുകുന്നുണ്ടെന്ന് മുൻപ് സൂചിപ്പിച്ചിരുന്നു. ഈ ആറ് കടക്കുവാൻ ഒരു പാലവും നാല് കടത്തും മാത്രമാണിന്നുള്ളത്.

P.W.D Ferry

1. വേലൻ കടവ്
2. കല്ലറ ക്കടവ്
3. വലഞ്ചുഴി ക്കടവ്
4. മാളിയേക്കൽ കടവ്.

ഓരോ കിലോമീറ്റർ ദൂരത്തിനുള്ളിലും ഒരു കടത്ത് വീതം അനുവദിച്ച് അവിടെ കടത്തുവാനുള്ള അവകാശം ലേലം ചെയ്ത് നൽകേണ്ടതാണ്.

പഞ്ചായത്തിലെ സ്ഥിതി വിവരക്കണക്കനുസരിച്ച് വരുമാനത്തിന്റെ 5.72% അതായത് 73941 രൂപ തെരുവുവിളക്കുകൾക്കു വേണ്ടി ചെലവാക്കുന്നു.. ഇതിൽ പത്തു ശതമാനം വിളക്കുകൾ പോലും കത്തുന്നില്ല മുഴുവൻ തെരുവു വിളക്കുകളും കത്തുന്നു എന്നുറപ്പുവരുത്താതെ പുതിയതായി ഒരു തെരുവുവിളക്കിനു പോലും അപേക്ഷനൽകരുത്. ഇതിനേക്കാൾ ചെലവുകുറഞ്ഞതും ഒരിക്കൽമാത്രം ചെലവുവേണ്ടിവരുന്നതുമായ സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കാവുന്നതുമാണ്.

പഞ്ചായത്തിലെ വരുമാനത്തിന്റെ സിംഹഭാഗവും അപഹരിക്കുന്നത് പൊതുമരാമത്താണ്. മൊത്തം ചിലവിന്റെ 43.76 ശതമാനം ഇന്നത്തെ സംവിധാനത്തിൽ മരാമത്ത് പണികളുടെ ഭൂരിഭാഗവും കോൺട്രാക്ട

റമാരിൽകൂടിയാണ് നടത്തപ്പെടുന്നത്. അതിനു പകരം പ്രസ്തുതജോലികൾ വാർഡു തിരിച്ച് പഞ്ചായത്ത് മെമ്പറന്മാരുടെ മേൽനോട്ടത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കിയാൽ അവ പരിപൂർണ്ണ വിജയമായിരിക്കും. പരീക്ഷണാർത്ഥമെങ്കിലും ഇത് നടത്തിനോക്കാവുന്നതാണ്.

പലതരത്തിലുള്ള വ്യവസായങ്ങൾ നടത്താൻ പറ്റിയ സ്ഥലമാണിവിടം, ഇവിടുത്തെ ബാങ്കുകളിൽ നിക്ഷേപിക്കുന്ന പണത്തിന്റെ 15% ത്തിൽ താഴെയാണിവിടെ വിനിയോഗിക്കുന്നത്. ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാൻ തയ്യാറുള്ള തൊഴിൽരഹിതരും സാങ്കേതിക വിദഗ്ദ്ധരുമായവരെ അവരുടെ അഭിരുചിക്കനുസരിച്ച തൊഴിൽമേഖലയിലേക്ക് ആകർഷിച്ച് വ്യക്തികളുടെയും പഞ്ചായത്തിന്റെയും വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

ഈ പഞ്ചായത്ത് അതിർത്തിയിലുള്ള പാറകൾ സ്വകാര്യമേഖലയിലുള്ളതും അല്ലാത്തതും സർക്കാർ ഏറ്റെടുത്ത് പഞ്ചായത്തിനു നൽകണം. ഇപ്പോൾ സ്വകാര്യവ്യക്തികൾ റവന്യൂ വകുപ്പിൽ നിന്ന് നിസ്സാരമായ തുകയ്ക്ക് പാസ് എടുത്ത് പാറ പൊട്ടിച്ച് വിൽക്കുന്നു. ഇതിന്റെ ലാഭം അവർ ചൂഷണം ചെയ്യുന്നു. ഇതുമലം ദേശീയ നഷ്ടം സംഭവിക്കുന്നു.

ഒരു ഹെക്ടറിൽ കൂടുതൽ സ്ഥലത്ത് സ്ഥിരവരുമാന സ്വഭാവമുള്ള കൃഷികൾ നടത്തുന്ന കർഷകരിൽ നിന്ന് അവരുടെ വരുമാനത്തിന് അനുപാതമായി ഒരു നിശ്ചിതഫീസ് ഈടാക്കാവുന്നതാണ്.

ഒരു ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റി രൂപീകരിച്ചാൽ അതിൽ നിന്ന് നിശ്ചിതവരുമാനം പഞ്ചായത്തിന് ലഭിക്കും.

പഞ്ചായത്തിന്റെ കടബാദ്ധ്യതകൾ നാമമാത്രമാണ്. 15650. രൂപ ദാരിദ്ര്യരേഖയ്ക്ക് താഴെനിൽക്കുന്ന ഒരു സാധാരണ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇത് തീരെ ചെറുതാണെന്ന് പറയാൻ വയ്യ.

പഞ്ചായത്തിന് ഇതുവരെ ഉണ്ടായിരുന്ന അവകാശങ്ങൾ പരിമിതമായിരുന്നു. സംസ്ഥാന ഫിനാൻസ് കമ്മീഷന്റെയും 'സെൻ'കമ്മീഷന്റെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ സ്ഥിതിക്ക് സാരമായ മാറ്റം വന്നേക്കാം. പഞ്ചായത്തുകളുടെ ധനകാര്യ അവകാശങ്ങളിലും ചട്ടങ്ങളിലും ഭരണസമിതികളുടെ അഭിപ്രായങ്ങളും രേഖപ്പെടുത്തണം.

കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമല്ലെങ്കിലും ഇവിടെനിന്നു ഗൾഫ് നാടുകളിൽ സേവനം അനുഷ്ഠിക്കുന്നവർ ധാരാളമുണ്ടെന്നു പറയാം. അവിടെനിന്നും മടങ്ങിവന്ന് സ്വസ്ഥജീവിതം നയിക്കുന്നവരും ധാരാളം. ഇപ്പോൾ വിദേശത്തുള്ളവരിൽ നിന്ന് നാട്ടിലേക്കൊഴുകുന്ന പണത്തിന്റെ ഒരു നല്ല പങ്ക് ധൂർത്തടിച്ച് ജീവിക്കുന്ന വിഭാഗത്തെയും ഇവിടെ കാണാം. തിരികെവന്നവർ തങ്ങളുടെ സമ്പത്ത് സുരക്ഷിതമായി നിക്ഷേപിച്ച് അതിൽ നിന്ന് ലഭിക്കുന്ന ആകർഷകമായ പലിശകൊണ്ട് സുഖജീവിതം നയിക്കുന്നു. ക്രിയാത്മകമായ ദിശയിലേക്ക് തങ്ങളുടെ മുതൽ തിരിച്ചുവിടാൻ ഇവർ വിമുഖതകാട്ടുന്നു.

വീട് മനുഷ്യന്റെ ജീവിതത്തിന് ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നാണ്. അതൊരാഡംബരമാക്കുന്നവരിൽ നിന്ന് ന്യായമായും കൂടുതൽ കരം ഈടാക്കാവുന്നതാണ്. ഏഴു ലക്ഷം രൂപയിൽ കൂടുതൽ വിലമതിക്കാവുന്ന വീടുകൾക്ക് ഇരട്ടി കരം ഈടാക്കാവുന്നതാണ്.

നഴ്സറി ഉടമകൾക്ക് ലൈസൻസിംഗ് സംവിധാനം ഏർപ്പെടുത്തുകയും അവരിൽനിന്നും കരം ഈടാക്കുകയും ചെയ്യാവുന്നതാണ്.

ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ പ്രാഥമിക പരിപാടികൾ നടക്കുമ്പോൾ ഈ പഞ്ചായത്തിലെ പതിനൊന്നാം വാർഡിൽപെട്ട അംഗങ്ങൾ മാതൃകാപരമായ ഒരു സംഗതി അവതരിപ്പിക്കുകയുണ്ടായി. ആ വാർഡിൽ നടത്തുന്ന ഏതുവികസന പ്രവർത്തനത്തിനും ആവശ്യമായ മനുഷ്യ പ്രയത്നത്തിന്റെ പത്തു ശതമാനം അവിടുത്തെ ജനങ്ങൾ ശ്രമദാനമായി നൽകാമെന്ന്. മറ്റുവാർഡുകൾ കൂടി ഈ മാതൃക സ്വീകരിച്ചിരുന്നെങ്കിൽ എന്നാശിച്ചുപോകുന്നു.

# പ്രശ്നങ്ങൾ, സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ.

പഞ്ചായത്തിന്റെ വരുമാന സാദ്ധ്യതകൾ ഉയർത്തി-ആവശ്യമെന്നു കണ്ടാൽ നിയമനിർമ്മാണം നടത്തി-ആ സാധ്യതകൾ പൂർണ്ണമായി ഉപയോഗിക്കണം.

ഭരണച്ചെലവ് വരുമാനത്തിന്റെ 47ശതമാനമാണ്. ഇത് വളരെ ഉയർന്ന ഒരു സംഖ്യയാണ്. പഞ്ചായത്ത് കമ്മറ്റിയംഗങ്ങൾക്ക് നടപ്പാക്കാവുന്ന കർശനനിയമങ്ങൾ വഴി ഇതിന് പരിഹാരം കാണേണ്ടതാണ്. കോൺട്രാക്ടറമാരും ഇടത്തട്ടുകാരും വികസനപാതയ്ക്കൊരു മുതൽക്കൂട്ടല്ല. പദ്ധതികൾ ജനപങ്കാളിത്തത്തോടെ ജനപ്രതിനിധികൾ നടപ്പാക്കണം.

ധനകാര്യസ്ഥാപനങ്ങൾ നിക്ഷേപങ്ങൾ രണ്ടും കയ്യും നീട്ടി സ്വീകരിക്കുമ്പോൾ വായ്പന ൽകുന്നതിൽ ചിറ്റമ്മനയം സ്വീകരിക്കന്നു. റിക്ഷേപത്തിന്റെ നിശ്ചിതശതമാനം ഇവിടെത്തന്നെ വായ്പയായും മറ്റും നൽകാനുള്ള സംവിധാനമുണ്ടാകണം.

പ്രാദേശികാവശ്യങ്ങൾക്കനുസരിച്ച് സ്കീമുകൾ തയ്യാറാക്കപ്പെട്ടിട്ടില്ല. ഒൻപതാം പദ്ധതിയോടുകൂടി ഈ രീതിക്ക് മാറ്റം വരും എന്നാശിക്കാം.

ലഭിക്കുന്ന വായ്പകൾ പ്രത്യുൽപാദനപരവും ക്രിയാത്മകവുമായ പദ്ധതികൾക്കുപയോഗിക്കുന്നില്ല. അവ ലക്ഷ്യം വിട്ടുപയോഗിക്കുന്നതിനാൽ പല വിഷമപ്രശ്നങ്ങൾ നേരിടേണ്ടിവരുന്നു.

പൊതുഫണ്ടുകൾ ദുർവിനിയോഗം ചെയ്യുന്നു. ഈ രീതിക്ക് മാറ്റം വരേണ്ടതാണ്.

സന്നദ്ധപ്രവർത്തനങ്ങളിൽ ചെറുപ്പക്കാർ സഹകരിക്കുന്നില്ല. കൂടുതൽ ബോധവൽക്കരണം നടത്തി ഇവരെക്കൂടി ഊർജ്ജസ്വലരാക്കേണ്ടതാണ്. ഭരണാധികാരികൾ തങ്ങൾക്കുവേണ്ടി ഒന്നും ചെയ്യുന്നില്ല എന്ന അവരുടെ മനോഭാവത്തിന് മാറ്റം വരേണ്ടതാണ്.

പണച്ചോർച്ച കൂടുതൽ സംഭവിക്കുന്നത് സ്വകാര്യപണമിടപാടുകാരിൽ കൂടിയാണ്. ഇവരുടെ നടപടിക്രമങ്ങൾ ലളിതമായതിനാൽ സാധാരണക്കാർ ഇവരുടെ ചൂഷണത്തിനിരയാകുന്നു. ബാങ്ക് നടപടികൾ കുറെക്കൂടി ലഘൂകരിച്ചാൽ ഇതിന് വ്യത്യാസമുണ്ടാകും.

പ്ലാനിംഗ് ആഫീസിൽനിന്നു ലഭിച്ച വിവരമനുസരിച്ച് ഇവിടെ തൊഴിലില്ലാത്തവർ 20215 ആണ്. അഭ്യസ്ഥവിദ്യരും സാങ്കേതികവിദഗ്ദ്ധരുമുൾപ്പെടുന്ന ഈ തൊഴിൽ രഹിതർക്ക് അർഹമായ തൊഴിൽ ലഭ്യമാക്കാൻ നടപടികൾ ഉണ്ടായാൽ അത് വ്യക്തിയുടെയും പഞ്ചായത്തിന്റേയും വരുമാനം വർദ്ധിപ്പിക്കും. ജനങ്ങളിൽ സമ്പാദ്യശീലം വളരെക്കുറവാണ്. ആഡംബരഭ്രമവും ഉയർന്ന ജീവിത നിലവാരവും മറ്റു പല പ്രവണതകളും ഇതിന് കാരണമാണ്. 'ഇന്ദിരാ വികാസ് പത്ര' വഴി സമാഹരിക്കപ്പെടുന്ന തുകയുടെ 15-20 ശതമാനം വരെ അതതു പ്രദേശങ്ങളിലെ വികസനത്തിനായുപയോഗിക്കുവാൻ ലഭിക്കുമെന്നറിയുന്നു. പഞ്ചായത്ത് ഈ രീതിയിൽ നിക്ഷേപങ്ങളുടെ തോത് ഉയർത്താൻ ശ്രമിക്കേണ്ടതാണ്.

ചെറുതും വലുതുമായി 51 പാറമടകൾ ഈ പഞ്ചായത്തിലുണ്ട്. പാറയുമായി ബന്ധപ്പെട്ട 500 തൊഴിലാളികളെങ്കിലും ഈ പാറമടയിൽ തൊഴിൽ ചെയ്യുന്നു. ഇത്രയും പാറമടകളിൽ നിന്ന് 250 മുതൽ 500 വരെ ലോഡ് പാറയും മറ്റും അന്യഭാഗങ്ങളിലേക്ക് കൊണ്ടുപോകുന്നു. ഇതുകാരണം റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നുണ്ട്. ഈ പാറകൾ കൊണ്ടുപോകുന്ന വണ്ടികൾക്ക് ടോൾ ഏർപ്പെടുത്തി വിഭവസമാഹരണം വർദ്ധിപ്പിക്കാവുന്നതാണ്.

പഞ്ചായത്തിലെ മണൽവാരൽ മാർക്കറ്റ് എന്നിവ ലേലം ചെയ്തു നൽകുമ്പോൾ മുഴുവൻ തുകയും ഒന്നിച്ചടയ്ക്കണമെന്ന് നിർബന്ധമുള്ളതിനാൽ വളരെ കുറച്ചുപേർമാത്രം ലേലത്തിൽ പങ്കുകൊള്ളുന്നു. ലേലതുക കുറയുന്നു. സോൾവൻസി സമ്പ്രദായം പരീക്ഷണാർത്ഥമെങ്കിലും നടപ്പാക്കാവുന്നതാണ്.

പാറമടയെ സംബന്ധിക്കുന്ന വിവരം/വരുമാനം.

| വഴി/പാറ ഉടമകൾ | ശരാശരി ലോഡ് | തൊഴിലാളികൾ | വിദഗ്ദ്ധർ | കോൺട്രാക്ടർമാർ | ആകെ |
|---|---|---|---|---|---|
| 50 | 250/day | 300 | 100 | 51 | |
| ഇവരിൽ നിന്ന് ലഭിക്കാവുന്ന വാർഷികവരുമാനം | | | | | |
| 50 x 500<br>25000/- | 250 x 5x300<br>375000/- | 300 x 10<br>3000/- | 100x 100<br>10000/- | 50x500<br>25000/- | 438000/- |

ഏതാണ്ട് 438000 രൂപ ഈയിനത്തിൽ മാത്രം ലഭിക്കാവുന്നതാണ്. ഉചിതമെന്നു തോന്നിയാൽ ഈ അവകാശം ലേലം ചെയ്തുപോലും നൽകാവുന്നതാണ്.

DWCRA യൂണിറ്റുകൾ സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്ക് കൂടുതൽ ധനസഹായം ബാങ്കുകളിൽ നിന്നും ലഭ്യമാക്കണം. വായ്പ നൽകുന്നതോടൊപ്പം സാങ്കേതികമായി ഉപദേശം നൽകാനും മാനേജുമെന്റിനെ സഹായിക്കാനും സംവിധാനം ഏർപ്പെടുത്തണം.

സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ വേണ്ടബോധവൽക്കരണം നടത്തേണ്ടതാണ്.

കച്ചവടസ്ഥാപനങ്ങളുടെയും മറ്റും വിറ്റുവരവ് നേരിട്ട് അസ്സസ്സ് ചെയ്ത് നികുതി ചുമത്തേണ്ടതാണ്. (അസ്സസ് മെന്റ് ഊർജ്ജിതമാക്കണം).

## വാർഡ് തല നിർദ്ദേശങ്ങൾ

ആഡംബരമായി പണിതിട്ടുള്ള വീടുകൾക്ക് അധികം നികുതി ഈടാക്കുക. വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഫീസ് 25രൂപയായി വർദ്ധിപ്പിക്കുക.

ഇളകൊള്ളൂർ ഭാഗത്ത് ഒരു സിനിമാശാല നിർമ്മിച്ചാൽ അത് പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗം കൂടിയായിരിക്കും.

വകയാർ ചന്തയിൽ സ്റ്റാളുകൾ ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ നിർമ്മിച്ച് ധനാഗമമാർഗ്ഗം വർദ്ധിപ്പിക്കണം, പ്ലാന്റേഷൻ ടാക്സ് ഏർപ്പെടുത്തേണ്ടതാണ്.

അഞ്ച്, ആറ്, പതിനൊന്ന് എന്നീ വാർഡുകൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ വെള്ളപ്പാറ ഭാഗത്ത് ഒരു ചന്തയുണ്ടെങ്കിൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കും.

ഈ പഞ്ചായത്തിൽ നിന്ന് ആയിരത്തിലധികം പേർ ഗൾഫ് മേഖലകളിൽ ജോലി ചെയ്യുന്നുണ്ട്. ഇവരിൽ നിന്നുള്ള സംഭാവനകളും മുതൽമുടക്കുകളും വ്യവസായ മേഖലയിൽ സ്വരൂപിച്ച് പുതിയ സംരംഭങ്ങളുണ്ടാക്കിയും ഇവിടെ ലഭ്യമായ മനുഷ്യാദ്ധ്വാനവും സാങ്കേതിക വിദ്യയും ഉപയോഗിച്ച് കാർഷിക വ്യവസായിക ഉല്പന്നങ്ങൾ വർദ്ധിപ്പിച്ച് വിഭവസമാഹരണം മെച്ചപ്പെടുത്തേണ്ടതാണ്. നാടിന്റെ വികസന പ്രവർത്തനങ്ങൾ ഗവൺമെന്റിന്റേയും ജനങ്ങളുടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെ ക്രോഡീകരിച്ച് ഒരു നല്ല നാളേയ്ക്കു വേണ്ടി പ്രവർത്തിക്കാമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.

" ഐകമത്യം മഹാബലം"

# പ്രമാടം പഞ്ചായത്ത്

## 1995- 1996 വർഷം

# വരവിനങ്ങൾ

| നമ്പർ | ഇനം | തുക |
|---|---|---|
| 1. | കെട്ടിട നികുതി | 347940.00 |
| 2. | സർവ്വീസ് ചാർജ്ജ് | 65398. 60 |
| 3. | തൊഴിൽ നികുതി | 18635.50 |
| 4. | ചന്തപിരിവ് | 18755.00 |
| 5. | ലൈസൻസ്ഫീസ് | 4906.00 |
| 6. | വസ്തു കൈമാറ്റ നികുതി | 236047.00 |
| 7. | സർക്കാർ ഗ്രാന്റുകളും മറ്റും | |
| | ഒഴികെയുള്ള മറ്റു വരവുകൾ | 1291739.85 |
| 8. | ഡിപ്പോസിറ്റ് | 60553.00 |
| | ആകെ | 2043974.95 |

### മറ്റുവകുപ്പുകളിൽ നിന്നും അനുവദിച്ച തുക

| | |
|---|---|
| (a) പദ്ധതി വിഹിതം | 3,53,940.00 |
| (b) പദ്ധതിയേതരം | 1,33,540.00 |
| ഗ്രാന്റ് (സർക്കാർ) | 10,43,006.00 |
| ആകെ | 15,30,486.00 |
| മൊത്തം | 35,74,460.95 |

### ചിലവിനങ്ങൾ

| നമ്പർ | ഇനം | തുക |
|---|---|---|
| 1. | ഭരണം | 4,73,793.00 |
| 2. | പൊതുമരാമത്ത് | 4,68,659.00 |
| 3. | വിദ്യാഭ്യാസം | 34,305.00 |
| 4. | ജലവിതരണം, ഓടകൾ | |
| | പൊതുജനാരോഗ്യം | 8,531.00 |
| 5. | തെരുവു വിളക്കുകൾ | 73,941.00 |
| 6. | മറ്റിനം | 11,600.00 |
| | ആകെ | 10,70,829.00 |

# പുനരർപ്പണ ദിനം.

കേരളപ്പിറവി ദിനമായ നവംബർ ഒന്ന് പുനരർപ്പണ ദിനമായി കേരളത്തിലുടനീളം ആചരിച്ചു. പ്രമാടം പഞ്ചായത്തിൽ മാരാക്കുഴി എന്ന സ്ഥലത്ത് ആമ്പിശ്ശേരി പടി മുതൽ ചിറത്തട്ടു വരെ ഏകദേശം ഒരു കിലോമീറ്റർ ദൂരത്തിൽ പുതിയൊരു റോഡു വെട്ടിക്കൊണ്ടാണ് പുനരർപ്പണദിനമാരംഭിച്ചത്. ഏതാണ്ട് 650 ൽ പരം പ്രവർത്തി ദിനങ്ങൾ ഇതിനായി ചിലവഴിച്ചു. പാലമറൂർ വലഞ്ചുഴി റോഡും സഞ്ചാരയോഗ്യമാക്കി നെടുമ്പാറ കോളനി, വികോട്ടയംആശുപത്രി പടി റോഡും സഞ്ചാരയോഗ്യമാക്കി. പൂർണ്ണ മായും ജനപങ്കാളിത്തത്തോടെയാണ് ഈ സംരഭം തുടങ്ങിയതും അവസാനിപ്പിച്ചതും. ഇടത്തട്ടുകാരെ തീർത്തും ഒഴിവാക്കി കൊണ്ട് ജനകീയ പങ്കാളിത്തത്തോടെ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്നതിന്റെ ഒരു തെളിവാണിത്.

ശാസ്ത്രസാങ്കേതിക, വിജ്ഞാനരംഗങ്ങളിൽ ജനകീയ പങ്കാളിത്തത്തോടെ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുവാൻ ശ്രമിക്കേണ്ടതാണ്. ഇതിൽ ഉദ്യോഗസ്ഥന്മാരുടെ സഹകരണം കൂടി ലഭ്യമാക്കാൻ ശ്രമിക്കണം.

കേരളപ്പിറവിദിനത്തിൽ തുടക്കം കുറിച്ച വികസന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ഇതോടൊപ്പം ചേർക്കുന്നു.

## പ്രമാടം ഗ്രാമപഞ്ചായത്ത്

കേരളപ്പിറവി ദിനത്തിൽ തുടക്കം കുറിച്ച വികസന പ്രവർത്തനങ്ങളുടെ റിപ്പോർട്ട്.

### വാർഡ് I

* പൂങ്കാവ് കൊട്ടയ്ക്കാടടേത്ത് പടി റോഡ് സഞ്ചാര്യയോഗ്യമാക്കി.
* കോടൻ പുരയിടത്തിൽ പടി-മണലാടി തെക്കേക്കരപടി റോഡിന്റെ അറ്റകുറ്റ പണികൾ തീർത്ത് സഞ്ചാര യോഗ്യമാക്കി.

### വാർഡ് II

* നേതാജി ഹൈസ്ക്കൂൾ പടി മങ്ങാട്ടുപടി റോഡ് നാട്ടുകാരുടെ സഹായത്തോടെ ഗതാഗതയോഗ്യമാക്കി.
* വട്ടകുളഞ്ഞി-തെങ്ങുകാവ് റോഡിന്റെ അറ്റകുറ്റ പണികൾ നടത്തി.

### വാർഡ് III

* പാലമറ്റൂർ-വലഞ്ചുഴി റോഡ് സഞ്ചാരയോഗ്യമാക്കി.
* ആലക്കോട്ടു പടി-വട്ടക്കുളഞ്ഞി റോഡിന്റെ ഉദ്ധാരണ പണികൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കി.

### വാർഡ് IV

* ഇളകൊള്ളൂർ അമ്പലം ജംഗ്ഷൻ - പന്നിക്കണ്ടം റോഡിന്റെ അറ്റകുറ്റ പണികൾ ജന പങ്കാളിത്തത്തോടെ നടത്തുകയുണ്ടായി.

* കല്ലൂർ പടി-പൂവണ്ണ് നില്ക്കുന്നതിൽ പടി റോഡ് സഞ്ചാരയോഗ്യമാക്കി.

## വാർഡ് V

* മേലൂട്ടു പടി- ചിറ്റൂർ മുക്കു റോഡിന്റെ ഉദ്ധാരണ പണികൾക്ക് തുടക്കം കുറിച്ചു.
* മരങ്ങാട്ടു-മറ്റപ്പളളി ഹരിജൻ കോളനി റോഡിന്റെ ഉദ്ധാരണ പണികൾക്ക് തുടക്കം കുറിച്ചു.

## വാർഡ് VI

* കൊട്ടി പ്പിള്ളേത്തുപടി-വിലങ്ങുപാറ റോഡിന്റെ വീതി കൂട്ടി മെയിന്റനൻസ് ചെയ്യുന്നതിന്റെ പണി ആരംഭിച്ചു.

## വാർഡ് VII

* കോട്ടയം-തലയിറ ഹരിജൻ കോളനി റോഡിന്റെ മെയിന്റനൻസ് പണി ആരംഭിച്ചു.

## വാർഡ് VIII

* കുഴിക്കാലാ ജംഗ്ഷനിൽ നിന്നും നെടുംമ്പാറ കോളനി-ചാക്കാല പടിയിൽ കൂടി വി.കോട്ടയം ഗവഃ ആശുപത്രി പടിയിലേക്കുളള റോഡിന്റെ പണി കുറെ ഭാഗം ചെയ്തു.

## വാർഡ് IX

* ഇളപ്പുപാറ-ചെമ്പിക്കുന്നു (via) തട്ടക്കുന്ന് റോഡിന്റെ ഉദ്ധാരണ വേലകൾ നടന്നു.

## വാർഡ് X

* വകയാർ കൊല്ലൻ പടി- പനനിൽക്കും മുകൾ റോഡിന്റെ ഉദ്ധാരണ വേലകൾ നടന്നു.
* പുത്തൂർ മുരുപ്പ്-ആശാരി മുരുപ്പ് റോഡ് സഞ്ചാരയോഗ്യമാക്കി.

## വാർഡ് XI

* മാരാക്കുഴി എന്ന സ്ഥലത്ത് ആമ്പശ്ശേരി പടി മുതൽ ചിറത്തട്ടു വരെ ഏകദേശം ഒരു കിലോമീറ്റർ ദൂരത്തിൽ ഒരു പുതിയ റോഡു നിർമ്മിച്ചു.

## വാർഡ് XII

* കൈതക്കര-പൂവളളി മുരുപ്പ് കോളനി കൈതക്കര മല്വേടൻ കോളനി റോഡിന്റെ അറ്റകുറ്റ പണികൾ തീർത്തു.

* എല്ലാ വാർഡുകളിലും റോഡുകളുടെ വികസന പ്രവർത്തനങ്ങളും ഉദ്ധാരണ പണികളും നടത്തിയിട്ടുണ്ട്. സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതനുസരിച്ച് ഈ റോഡുകളുടെ പണി പൂർത്തിയാക്കാൻ കഴിയും.

# ആസൂത്രണ പ്രവർത്തനം...... മുന്നോട്ട്

| | | |
|---|---|---|
| 1. | ജനകീയ ആസൂത്രണ പരിപാടികൾ പഞ്ചായത്തു കമ്മറ്റി തീരുമാനിച്ചു | 1996 ഒക്ടോബർ 1 |
| 2. | ഗ്രാമസഭകളുടെ തീയതി പഞ്ചായത്തു കമ്മറ്റി തീരുമാനിച്ചു | 1-10-1996 |
| 3. | ഒന്നാംഘട്ട പരിശീലനക്യാമ്പ് നടത്തി | 6-10-1996 |
| 4. | ജില്ലാതല പരിശീലനം | 27-9-96 മുതൽ 29-9-96വരെ [കോന്നി] |
| 5. | ഗ്രാമസഭകൾ നടന്ന തീയതികൾ | 9-10-96, 10-10-96, 11-10-96, 12-10-96, 13-10-96 |
| 6. | വിദഗ്ധസമിതി രൂപീകരിച്ചു | 16-10-96 |
| 7. | പുനരർപ്പണദിനാചരണം | 1-11-96<br>പന്ത്രണ്ടു വാർഡുകളിലെയും ചിലറോഡുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുകയും സഞ്ചാരയോഗ്യമാക്കുകയും ചെയ്തു. |
| 8. | രണ്ടാംഘട്ടം തുടക്കം | വിവരശേഖരണം, പഠനപര്യടനം എന്നിവയ്ക്ക് പരിശീലനക്ലാസ് (4-11-96) |
| 9. | ദ്വിതീയവിവരശേഖരണം ആരംഭിച്ചു | 25-11-96 |
| 10. | ജനാധികാരകലാ ജാഥയ്ക്ക് സ്വീകരണം | 31-10-96, 2.30ന് |
| 11. | പഠനപര്യടനം രണ്ടു ബാച്ചുകൾ | 11-11-96, കയ്യാർ ജംഗ്ഷനിൽ നിന്നും ആരംഭിച്ചു |
| 12. | ജില്ലാതല പരിശീലനം രണ്ടാം ഘട്ടം | 12-11-96 |
| 13. | സർക്കാർ ഉദ്യോഗസ്ഥന്മാരുടെ യോഗം | 17-11-96 |
| 14. | വികസനറിപ്പോർട്ട് തയ്യാറാക്കൽ | 1996 നവംബർ 21, 22, 23, 24 |
| 15. | വികസനസെമിനാർ പ്ലാൻ ചെയ്തു | 24-1-1997 |
| 16. | പഞ്ചായത്തു വികസനസെമിനാർ | 3-2-1997 |



# ഉപസംഹാരം

# ഉപസംഹാരം

ആസൂത്രണം വിജയകരമാക്കാൻ സൂത്രധാരന്റെ കഴിവും മാർവാടിയുടെ കീശയുടെ ഘനവും മാത്രം മതിയാവുകയില്ല. ഇതിലെ നടീനടന്മാർക്കെല്ലാം " *As you like it*" എന്ന കഥയിലെപ്പോലെ തുല്യപ്രാധാന്യമാണുള്ളത്. വികസനം അർത്ഥവത്താക്കുന്നത് വികസനോപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്.

നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ പഞ്ചായത്തിലെ ജനങ്ങളുടെ അദ്ധ്വാനം സംഭാവനയായി സ്വീകരിച്ച് ചിലവുകൾ കുറച്ച് മിച്ചം പിടിച്ച് മറ്റു മേഖലകളിലേക്കും ഉപയോഗിക്കാവുന്നതാണ്. കാർഷിക വ്യവസായിക രംഗങ്ങൾ കൂടുതൽ പുഷ്ടിപ്പെടുത്തി സമഗ്രമായ ഒരു സേവന മേഖല വികസിപ്പിച്ചെടുക്കുന്ന രീതിയാണ് നമുക്കാവശ്യം.

ജനകീയവും കാര്യക്ഷമവുമായ ഉപാധികൾക്ക് മുൻതൂക്കം നൽകി മുൻഗണനാ ക്രമത്തിൽ പ്രത്യുൽപാദനപരമായ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുവാനുള്ള ക്രിയാത്മകമായ പ്രതിബദ്ധത പഞ്ചായത്തുകൾക്കുണ്ടാവുകയാണ് പ്രാഥമികമായിവേണ്ടത്.

ഫണ്ടില്ലാതെ ഒരു വികസനവും നടക്കുകയില്ല. പദ്ധതികൾ നടപ്പിലാക്കണമെങ്കിൽ ഫണ്ട് ഉണ്ടായേ മതിയാകൂ. ഇതിനായി പുത്തൻ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് കഴിയണം. സർക്കാരേതര ഏജൻസികളെ കണ്ടെത്തി പറ്റിയ പദ്ധതികൾ ആസൂത്രണം ചെയ്തു സമർപ്പിച്ച് ഫണ്ട് സ്വരൂപിക്കാവുന്നതാണ്. പ്രശ്നങ്ങൾ വസ്തുനിഷ്ഠമായി പഠിച്ച് വിശകലനം ചെയ്തു വർഗ്ഗീയ, രാഷ്ട്രീയ പരിഗണനകൾ ഒഴിവാക്കി പദ്ധതികൾ നടപ്പിലാക്കിയാൽ തർക്കങ്ങൾ ഒഴിവാക്കുവാനും അതുവഴി ഐക്യം നിലനിർത്തുവാനും സാധിക്കും.

അങ്ങനെ വികസനോപാധികൾ നാം എത്രമാത്രം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുവോ അത്രമാത്രം ആസൂത്രണവും ഫലപ്രദമാകും. സങ്കുചിതമായ വിഭാഗിക ചിന്തകൾക്കോ അതനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കോ അവസരം ഉണ്ടാക്കുവാൻ ഇടവരുത്തരുത്.

ജനകീയ ആസൂത്രണം മോഹന വാഗ്ദാനങ്ങളായി മാറി ജനങ്ങളുടെ പ്രതീക്ഷകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദോപാധിയായി കാണാതിരിക്കുക. മറിച്ച് ജനോപകാര പ്രദങ്ങളായ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാനുള്ള പ്രസ്ഥാനമായി കണ്ടെത്തീരൂ. അങ്ങനെ ഒരു നല്ല നാളയെ കെട്ടിപടുക്കുവാനുള്ള ഈ പദ്ധതിയിൽ അതിന്റെ ആവേശം പൂർണ്ണമായും ഉൾക്കൊണ്ട് പ്രമാടം ഗ്രാമ പഞ്ചായത്തിലെ ജനങ്ങളും ഒന്നിച്ച് ചേരുന്നു.

*ഈ സമഗ്ര വികസനരേഖ തയ്യാറാക്കുന്നതിൽ ഞങ്ങളോട് സഹകരിച്ചവരോട് വാക്കുകൾക്ക് അതീതമായ നന്ദിയുണ്ട്. എഡിറ്റോറിയൽ ബോർഡ് അംഗങ്ങളോട് കൃതാർത്ഥതയുണ്ട്. ചർച്ചകൾ ധന്യമാക്കിയവർ പഠന പര്യടന പരിപാടിയിൽ പങ്കെടുത്തവർ ഗ്രാമസഭകളിലും മറ്റു യോഗങ്ങളിലും പങ്കെടുത്തവർ എന്നു തുടങ്ങി ഈ മഹായജ്ഞത്തിൽ പ്രത്യക്ഷമായും പരോക്ഷമായും സഹായസഹകരണങ്ങൾ നൽകിയ ഏവരോടുമുള്ള നന്ദിയും സ്നേഹാദരങ്ങളും പഞ്ചായത്ത് ഭരണസമതിക്കുവേണ്ടി ഹൃദയംഗമായി രേഖപ്പെടുത്തുന്നു.*

*പ്രത്യാശകളോടെ ഈ സമഗ്രവികസന രേഖ പ്രമാടം ഗ്രാമപഞ്ചായത്ത് വികസന സെമിനാറിനു മുൻപാകെ സമർപ്പിക്കുന്നു. വിശദമായ പഠനത്തിനും വിശകലനത്തിനും ചർച്ചക്കും സംപൂർണ്ണതയ്ക്കും വേണ്ടി*

Mary John P.V

*സ്നേഹത്തോടെ*

*മേരി ജോൺ*
*പ്രസിഡന്റ്.*

# വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

1. ശശികുമാർ ജി.} സംസ്ഥാന/ ജില്ലാ റിസോഴ്സ് പേഴ്സൺസ്
2. പ്രൊഫ. വിത്സൻ പി. കോശി
3. പ്രൊഫ. വറുഗീസ് പടിയറ

---

1. യശോധരൻകെ.കെ.
2. സുകുമാരൻ വി.എസ്.
3. കരുണാകരപിള്ള എൻ.കെ.
4. ശിവരാമൻ നായർ
5. ബീനാ രാധാകൃഷ്ണൻ
6. രാജൻ സി.കെ.
7. പ്രഭ കെ.ആർ.
8. ജയചന്ദ്രൻ ഇ.കെ.
9. ജോർസൺ സഖറിയ
10. അൻസാരി ബാപ്പു (മുൻ പഞ്ചായത്ത് സെക്രട്ടറി)
11. ഗോപിനാഥൻ നായർ (പഞ്ചായത്ത് ഇൻസ്പെക്ടർ)

---

| <u>പ്രമാടം ഗ്രാമപഞ്ചായത്ത്</u> | - | <u>സ്റ്റാഫ് (ആഫീസ്)</u> |
|---|---|---|
| 1. കെ.പി. ശാന്തകുമാരിയമ്മ | - | സെക്രട്ടറി |
| 2. എൽ. ശിവരാമനാചാരി | - | ഹെഡ് ക്ലാർക്ക് |
| 3. T. ദാസ് | - | Staff |
| 4. L. കമലാക്ഷിയമ്മ | - | " |
| 5. P.G. ശമുവേൽ | - | " |
| 6. മിനി മറിയം ജോർജ്ജ് | - | " |
| 7. പി.എസ്. കൃഷ്ണൻ | - | " |
| 8. രാമസുന്ദരം | - | " |
| 9. ലീലാമ്മ | - | " |



എപ്പോഴാണ് ഭാരതം പൂർണ്ണ സ്വാതന്ത്ര്യം നേടുക?

"സ്വന്തം പരിശ്രമം കൊണ്ട് തങ്ങളുടെ ജീവിത നിലവാരത്തിന് മാറ്റം വരുത്താമെന്ന് എപ്പോൾ തോന്നുന്നുവോ അപ്പോൾ മാത്രം."

- മഹാത്മാഗാന്ധി

Printed at **VIDYA OFFSET PRINTERS** Pathanamthitta ✆ 323661, 323587.